Date of publication:
9ഡിസംബർ 2013 / വോള്യം 6 / ലക്കം 6 / വില 15 ₹

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത



## റെയ്ൻഡിയറിന്റെ നാട്

ചന്ദ്രമതി

## സ്ത്രീയാത്രകളുടെ പിന്നാമ്പുറങ്ങളിൽ

ബബിതാ മെറീനാ ജസ്റ്റിൻ

പ്രിയ വായനക്കാർക്ക് സംഘടിതയുടെ
ക്രിസ്തുമസ്-നവവത്സരാശംസകൾ!




# സംഘടിത

ഡിസംബർ 2013-വാല്യം 6-ലക്കം 6

## ഉള്ളടക്കം





റെയ്ൻഡിയറിന്റെ നാട് -ചന്ദ്രമതി



12. യാത്ര എഴുത്തിന്റെ വഴികൾ -കെ.എ.ബീന

15. പത്രപ്രവർത്തക യാത്രാപഥങ്ങൾ – വിനീത ഗോപി

18. സ്ത്രീകൾ എഴുതിയ യാത്രാവിവരണങ്ങൾ – ഗീതാഞ്ജലി കൃഷ്ണൻ

27. സ്ത്രീസഞ്ചാരങ്ങൾ ഇതിഹാസങ്ങളിൽ –ഡോ.മിനിനായർ

30. യാത്രയുടെ തത്ത്വശാസ്ത്രം – മീരാ അശോക്

33. ഞാൻ കണ്ട റഷ്യ– ലിജി ഷംനാദ്

40. നരേന്ദ്രമോഡി : ഒരു സ്ത്രീ പക്ഷ വായന – പാർവ്വതി ദേവി

44. ഇരുപതുവർഷങ്ങൾ പിന്നിട്ട അന്വേഷി - കെ.അജിത

45. സിനിമക്കകത്തും പുറത്തും – ഗീത

48. കേരളസ്ത്രീവേദി – ജ്യോതിനാരായണൻ

53. മോചനം (കഥ)– ജുമൈല ഷാഫി

55. ചൊവ്വയിലേക്കൊരു മംഗളയാനം – സീമ ശ്രീലയം

59. ദേശീയ ശില്പശാല CEHAT – സ്മിത






സ്ത്രീയാത്രകളുടെ പിന്നാമ്പുറങ്ങളിൽ
– ബബിതാ മെറീനാ ജസ്റ്റിൻ


### കവിതകൾ


42. പ്രഷർകുക്കർ –ഇന്ദു ജോൺ .പി

43. ഉടലനക്കം – സുധർമ്മ. സി.കെ






പന്തിരിക്കര സംഭവിച്ചതും
സംഭവിച്ചു കൊണ്ടിരിക്കുന്നതും –പ്രമീള



| | |
|---|---|
| എഡിറ്റർ | : സാറാജോസഫ് |
| മാനേജിംഗ് എഡിറ്റർ | : കെ.അജിത |
| ഗസ്റ്റ് എഡിറ്റർ | : കെ.എ.ബീന |
| എക്സി.എഡിറ്റർ | : രാജലക്ഷ്മി.കെ.എം. |
| പത്രാധിപ സമിതി | : ഡോ. ജാൻസി ജോസ്, ദീദി, സി.എസ്.മീനാക്ഷി, ഗിരിജ.പി.പാതേക്കര, ജ്യോതി നാരായണൻ, ഡോ.കെ.എം.ഷീബ, ഡോ.മിനി പ്രസാദ്, ഡോ.പി. ഗീത, ഡോ.ഖദീജ മുംതാസ്, സുനീത. ടി.വി., കെ.കെ.സാവിത്രി, കെ.കെ.പ്രീത |
| സർക്കുലേഷൻ മാനേജർ | : ചാരുലത എ.എസ്. |
| ഉപദേശകസമിതി | : സുഗതകുമാരി, പ്രൊഫ.എം. ലീലാവതി, ഡോ.ശാരദാമണി, ഡോ.മല്ലികാസാരാഭായ്, ഡോ. ബീനാപോൾ |
| ലേഔട്ട് & കവർ | : സുവിജ |
| പ്രിന്റിംഗ് | : എ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934 |

**സംഘടിത മാസിക**



അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com
www.anweshi.org ✦ www.sanghaditha.com





സാറാജോസഫ്

## എഡിറ്റോറിയൽ

**പൂവാറിലെ** ഒരു റിസോർട്ടിൽ വെച്ച് ഒരു ഐ.ടി ജീവനക്കാരിയെ മാനഭംഗപ്പെടുത്തിയ വാർത്തയുടെ പശ്ചാത്തലത്തിലാണ് സംഘടിതയുടെ യാത്രപ്പതിപ്പിനുവേണ്ടി ഞാൻ ഈ കുറിപ്പ് എഴുതേണ്ടി വരുന്നത്. ബാംഗ്ലൂരിലെ ഐ.ടി. കമ്പനിയിൽ നിന്ന് മുപ്പത്തൊന്നംഗസംഘമാണ് പൂവാറിലെ റിസോർട്ടിൽ എത്തിയത്. ആക്രമിക്കപ്പെട്ട ഐ.ടി.ജീവനക്കാരി ഒരു മുറിയിൽ ഒറ്റക്കായിരുന്നു. യുവതി പുറത്തുപോയ സമയത്ത് റിസോർട്ടിലെ കരാർ ജീവനക്കാരായ രണ്ടുപേർ ഡ്യൂപ്ലിക്കേറ്റ് താക്കോലുപയോഗിച്ച് മുറി തുറന്ന് പിൻവാതിലിന്റെ സ്ക്രൂകൾ അഴിച്ചുവെച്ചു. പിന്നീട് പുലർച്ചെ രണ്ടുമണിക്കു ശേഷം പിൻവാതിലിലൂടെ അകത്തു കടന്ന് പ്രതികൾ അവരെ മാനഭംഗപ്പെടുത്തി. സ്ത്രീകൾക്ക് സുരക്ഷിതമായി യാത്ര ചെയ്യാനോ ഹോട്ടലുകളിലോ റിസോർട്ടുകളിലോ ആപത്ശങ്കയില്ലാതെ രാത്രി കഴിച്ചുകൂട്ടാനോ കഴിയില്ലെന്ന് ഏറ്റവും ഒടുവിലത്തെ ഈ വാർത്ത ഒരിക്കൽ കൂടി അടിവരയിട്ട് പറയുന്നു. മുപ്പത്തൊന്നംഗസംഘത്തോടൊപ്പം യാത്ര ചെയ്തിട്ടും ആക്രമിക്കപ്പെടുന്നുവെങ്കിൽ ഒറ്റക്ക് യാത്ര ചെയ്യേണ്ടി വരുന്ന ഒരു സ്ത്രീക്ക് എന്തു സുരക്ഷിതത്വമാണ് നമ്മുടെ സമൂഹത്തിൽ ഉള്ളത്? എല്ലാ പൊതു ഇടങ്ങളും സ്ത്രീകൾക്ക് അന്യവും ആപത്കരവും ആയിക്കഴിഞ്ഞിരിക്കുന്നു.

തൊഴിൽപരമായും മറ്റും സ്ത്രീകൾ വളരെയേറെ യാത്ര ചെയ്യുകയും രാത്രികാലങ്ങളിൽ വീടിനുപുറത്ത് തങ്ങേണ്ടി വരികയും ചെയ്യുന്നത് സാധാരണമായിരിക്കുന്ന ഒരു സാഹചര്യമാണ് ഇന്നുള്ളത്. സ്ത്രീയുടെ സംരക്ഷണം ഉറപ്പാക്കാനുള്ള എന്ത് സംവിധാനമാണ് നമ്മുടെ സർക്കാരുകൾ സ്വീകരിച്ചിട്ടുള്ളത്? സ്ത്രീകൾ ഒറ്റക്ക് യാത്ര ചെയ്യരുത് എന്ന് വിലക്കിക്കൊണ്ട് പലപ്പോഴും പൊതുസമൂഹം ഈ പ്രശ്നത്തെ നിസ്സാരവത്കരിക്കുകയാണ് പതിവ്. അതേസമയം യാത്രകൾ അനിവാര്യമായ സാഹചര്യമാണ് പുതുതലമുറജോലികൾ സ്ത്രീകൾക്ക് നൽകിയിരിക്കുന്നത്. പ്രത്യേകിച്ചും ഐ.ടി മേഖല പോലെ ഉള്ളവ. അറിയാത്ത നാടുകൾ, വേഷങ്ങൾ, ഭാഷകൾ, സംസ്ക്കാരങ്ങൾ, അനുഭവങ്ങൾ ഇവ തേടിയുള്ള യാത്രകൾ നമ്മെ നവീകരിക്കുന്നു. മനസ്സിന്റെ ആഴം വർദ്ധിപ്പിക്കുന്നു കാഴ്ചപ്പാടുകളുടെ ചക്രവാളങ്ങളെ വികസിപ്പിക്കുന്നു. ഒരു യാത്രക്ക് മുമ്പുള്ള ആളും യാത്ര കഴിഞ്ഞെത്തിയ ആളും വളരെ വ്യത്യസ്തമായ മാനസികാവസ്ഥകളിലാണ് ഉള്ളത്. അത്തരം ഉദാത്തമായ യാത്രകൾ പക്ഷേ, സ്ത്രീകൾക്ക് എത്രത്തോളം പ്രാപ്യമാണ്? പഠിക്കുന്ന കാലത്തെ ടൂറുകൾ, ഭർത്താവിനോടും കുടുംബത്തോടൊപ്പവുമുള്ള യാത്രകൾ എന്നിങ്ങനെ എല്ലായ്പ്പോഴും അസ്വതന്ത്രമാണ് സ്ത്രീകൾക്ക് കിട്ടുന്ന പരിമിതമായ യാത്രാനുഭവങ്ങൾ. ഒരു സ്ത്രീ ഒറ്റക്കോ അല്ലെങ്കിൽ രണ്ടോ മൂന്നോ സ്ത്രീകൾ ഒന്നിച്ചോ പോലും സഞ്ചാരികളാവുക എന്നത് അതിവിരളമാണ്. സ്ത്രീകളുടെ യാത്രയെ എല്ലായ്പ്പോഴും തടയുന്നത് കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങളാണ്. പണ്ടുമുതൽക്കെ ആണുങ്ങളെ മാത്രമേ സമൂഹം സഞ്ചാരികളായി കരുതിയിട്ടുള്ളൂ. സ്ത്രീയുടെ ലോകം വീടും പരിസരവുമാണ്. 'കോരപ്പുഴ പാലം കടന്നാൽ കോലം കെട്ടു' എന്ന ചൊല്ല് സ്ത്രീസഞ്ചാരത്തെ തടയാൻ ഉള്ളതാണ്. ഏകാന്തയാത്രകൾ നൽകുന്ന ആത്മീയഔന്നത്യങ്ങൾ പ്രാപിക്കാൻ സ്ത്രീകൾക്ക് അവകാശമില്ലാത്ത വിധം അലിഖിതമായ വിലക്കുകൾ സമൂഹം നിലനിർത്തിയിട്ടുണ്ട്. സ്ത്രീയുടെ സുരക്ഷിതത്വത്തിന്റെ പ്രശ്നം മാത്രമല്ല അതിലുള്ളത്. നമ്മുടെ ലൈംഗിക സദാചാരക്രമത്തിൽ വരച്ചവരക്കപ്പുറത്തേക്കുള്ള ഓരോ കാലടിവെപ്പും സ്ത്രീക്ക് നിഷിദ്ധമാണ്. ലക്ഷ്മണരേഖ കവച്ചു കടന്നാൽ ആപത്ത് എന്ന മുന്നറിയിപ്പ് കേട്ടുകൊണ്ട്വളരുന്ന ഒരു പെൺകുട്ടി സ്വതന്ത്രമായി യാത്ര ചെയ്യാനുള്ള സ്വന്തം അവകാശത്തെക്കുറിച്ചു പോലും അബോധവതിയാണ്.



കെ.എ. ബീന

# സ്ത്രീ യാത്ര ചെയ്യുമ്പോൾ

**"ഒരു** സ്ത്രീയെന്ന നിലയിൽ എനിക്ക് രാജ്യങ്ങളില്ല, ഒരു സ്ത്രീയെന്ന നിലയിൽ എനിക്ക് രാജ്യങ്ങൾ വേണ്ട. ഒരു സ്ത്രീയെന്ന നിലയിൽ എന്റെ രാജ്യം ഈ ലോകം മുഴുവനുമാണ്." ("As a woman, I have no country. As a woman I want no country. As a woman my country is the whole world") വിർജീനിയ വൂൾഫ് "ത്രീ ഗിനിയാസ്" (Three Guineas)ൽ സ്ത്രീയുടെ രാജ്യസങ്കൽപ്പം പറഞ്ഞുവെച്ചത് ഇങ്ങനെയായിരുന്നു.

യാത്ര ചലനവുമായി ബന്ധപ്പെട്ടതാണ്, ചരിത്രപരമായിത്തന്നെ ഏതുതരത്തിലുള്ള ചലനവും സ്ത്രീക്ക് യോജിച്ചതല്ല എന്ന് തീരുമാനിക്കപ്പെട്ടിരുന്നതിനാൽ സ്ത്രീയാത്രകൾക്ക് എക്കാലത്തും പരിമിതികൾ നേരിടേണ്ടിവന്നിരുന്നു. "പുരുഷൻ വേട്ടക്കാരനും, യാത്രികനും, കീഴടക്കാനുള്ളവനുമായിരിക്കുമ്പോൾ സ്ത്രീ ഒരു സ്ഥലത്തു തന്നെ ജീവിക്കേണ്ടവളും കാത്തിരിക്കേണ്ടവളും വിശ്വസ്തയുമൊക്കെയായിരിക്കണമെന്നും അസാന്നിദ്ധ്യത്തിന്റെ ചർച്ചകൾ ചരിത്രപരമായിത്തന്നെ സ്ത്രീയെ ചുറ്റിപ്പറ്റിയാണ് നിലനിൽക്കുന്നതെന്നും റൊളാങ് ബാർത്ത് (A Lovers discourses; Fragments) ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

സ്ത്രീയുടെ സ്ഥിരാസ്ഥിരതകൾ കുടുംബ-സാമൂഹ്യ-രാഷ്ട്രീയ സ്ഥാപനങ്ങളുടെ അവിഭാജ്യ ഘടകമായി നിലനിൽക്കുന്നു എന്നത് യാത്രയുടെ പെരുവഴികൾ സ്ത്രീകൾക്ക് അപ്രാപ്യമാക്കുന്നതിന് കാരണമായി. മനുഷ്യകുലത്തിൽ പിറന്നിട്ടും സ്ത്രീക്ക് ജീവിതത്തിന്റെ പച്ചപ്പുകൾ നിഷേധിക്കപ്പെടുന്നതും ഈ സ്ഥാപനങ്ങളുടെ നിലനിൽപ്പിന് ഭംഗം വരുത്താതിരിക്കാനാണ്. പുരാണങ്ങളും ചരിത്രങ്ങളും പറഞ്ഞ സ്ത്രീ യാത്രകളൊക്കെ അനുയാത്രകളായിരുന്നു. ഭർത്തൃഗൃഹത്തിലേക്ക്, ഭർത്താവിന്റെ ജീവനുവേണ്ടി, ഭർത്താവിനൊപ്പം കാട്ടിലേക്ക്, നാട്ടിലേക്ക്, സ്ത്രീ യാത്രചെയ്യുന്നത് അവൾക്ക് വേണ്ടിയേ ആവരുതെന്ന് എന്നും തീരുമാനിക്കപ്പെട്ടിരുന്നു. യാത്രയുടെ ചരിത്രവഴികളിൽ സ്ത്രീ കടന്നെത്തിയത് പയ്യെപ്പയ്യെയാണ്. ആഗോളവൽക്കരണത്തിന്റേയും സാങ്കേതികവിദ്യയുടേയും അതിപ്രസരത്തിലൂടെ കടന്നുപോകുന്ന ഇക്കാലത്ത് യാത്രാപഥങ്ങളിൽ സ്ത്രീയുടെ സാന്നിദ്ധ്യം മറ്റേതുകാലത്തേക്കാളും ദൃശ്യവും അനിവാര്യവുമാണ്. സ്ത്രീയാത്രയെക്കുറിച്ചുള്ള ചർച്ചകളുടേയും ചിന്തകളുടേയും പ്രസക്തിയും അതുകൊണ്ട് തന്നെ പ്രാധാന്യമർഹിക്കുന്നു. ഭരണഘടന വാഗ്ദാനം ചെയ്യുന്ന സഞ്ചാരസ്വാതന്ത്ര്യം നഗ്നമായി ലംഘിക്കപ്പെടുന്നത് ജനസംഖ്യയുടെ പാതിയോളം പേർക്കാണ്. സുരക്ഷിതത്വത്തിന്റെ പേരിൽ സ്വാതന്ത്ര്യം ബലികഴിക്കേണ്ടി വന്ന തലമുറകൾക്ക് നാവില്ലായിരുന്നു. ഇന്ന് സ്ത്രീക്ക് വേണ്ടി ഉയരുന്ന നാവ്, സ്ത്രീയുടേത് മാത്രമല്ല, സമാനമനസ്ക്കരായ സ്ത്രീ പുരുഷന്മാരുടേതാണ്. യാത്രാപഥങ്ങൾ സ്ത്രീയുടേതു കൂടിയാണെന്ന തിരിച്ചറിവിന്റെ പശ്ചാത്തലമിതാണ്.

സ്ത്രീയാത്രയുടെ വഴികളിലേക്ക് ചെല്ലുമ്പോൾ പുരാണവും ചരിത്രവും പറഞ്ഞുവെച്ചത് എന്തെന്ന് തേടേണ്ടത് അത്യാവശ്യമാണ്. സുരക്ഷിതത്വത്തെക്കുറിച്ചുള്ള ചിന്തകളും മാറ്റി നിർത്താനാവാത്തതാണ്. ഇന്ത്യയെ കണ്ടെത്താനും കീഴടക്കാനും വന്ന പുരുഷന്മാർ, അവരെ അനുഗമിച്ച പെണ്ണുങ്ങൾ - അവർ എന്താണ് ചിന്തിച്ചത്, ഇവിടെ നിന്ന് അറിഞ്ഞത് എന്ന അന്വേഷണം എത്തിച്ചേരുന്നത് ഇന്ത്യൻ സ്ത്രീയുടെ പലകാലങ്ങളിലെ ജീവിതാവസ്ഥകളിലേക്ക് കൂടിയാണ്. ഇന്ന് സ്ത്രീ യാത്രകൾക്ക് ലക്ഷ്യങ്ങൾ പലതുണ്ട്, എഴുത്തുകാരികൾ, പത്രപ്രവർത്തകർ, രാഷ്ട്രീയനേതാക്കൾ, ഉദ്യോഗസ്ഥർ, സ്ത്രീ യാത്രകൾക്ക് വൈവിധ്യമേറിക്കൊണ്ടിരിക്കുന്നു. യാത്രാവിവരണങ്ങൾ എഴുതുവാൻ വേണ്ടി യാത്ര ചെയ്യുന്ന സ്ത്രീകളും ഇന്ന് നമുക്കിടയിലുണ്ട്. അത് കൊണ്ട് തന്നെയാണ് സ്ത്രീകൾ എഴുതിയ യാത്രാവിവരണങ്ങൾക്ക് പ്രാധാന്യമേറുന്നത്. ചിത്രങ്ങളിലൂടെ യാത്രാനുഭവങ്ങളെ ആവിഷ്ക്കരിക്കാനുള്ള ശ്രമങ്ങളും ഇന്ന് നടക്കുന്നു. ഈ ലക്കത്തിൽ ഇതെല്ലാം ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. സ്ത്രീ യാത്രയുടെ വിവിധ ഭാവങ്ങളിലൂടെ നാം സഞ്ചരിച്ചെത്തേണ്ടത് ആഴമുള്ള ചിന്തകളിലേക്കാണ്. ജീവിതയാത്രയുടെ പെരുവഴിയിൽ യാത്ര നമുക്ക് നൽകുന്നത് എന്തൊക്കെയാണ്, അകത്തും പുറത്തും ശക്തിയുള്ളവരാകാൻ യാത്രകളിലൂടെ അല്ലാതെ നമുക്ക് കഴിയുമോ? സുരക്ഷിതത്വമെന്ന കരുതൽ വാക്കിലൂടെ യാത്ര സ്ത്രീകൾക്ക് നിഷേധിക്കപ്പെടുന്നത് സമൂഹത്തിന്റെ ആരോഗ്യത്തിനെ എങ്ങനെ ബാധിക്കുന്നു? ഏതു ചർച്ചയും ചോദ്യങ്ങൾ ഉയർത്തണം, ഈ ചർച്ചയും അതിന് പ്രാപ്തമാകും എന്ന് പ്രതീക്ഷിക്കുന്നു.



# റെയ്ൻഡിയറിന്റെ നാട്



**ചന്ദ്രമതി**

**കുട്ടിക്കാലത്തു** തന്നെ മനസ്സിൽ കയറിക്കൂടിയ കഥാപാത്രമാണ് റെയ്ൻഡിയർ. ഒരു റഷ്യൻ നാടോടിക്കഥ മനസ്സിലവശേഷിപ്പിച്ചുപോയ സ്വപ്നം. പാവപ്പെട്ട ഒരു പെൺകുട്ടിയെ സാർ ചക്രവർത്തിയുടെ അത്യാഗ്രഹത്തിൽ നിന്നു രക്ഷിക്കാനായി വിണ്ണിൽ നിന്നു വരുന്നു റെയ്ൻഡിയർ. അവളുടെ വീട്ടുമുറ്റത്തെ മഞ്ഞിൻകട്ടകളിൽ അവൻ കുളമ്പിടിച്ചോടുമ്പോൾ മഞ്ഞ് സ്വർണ്ണമായും രത്നക്കല്ലുകളായും മാറുന്നു. മഞ്ഞുമലകളിലെ ആ അത്ഭുതകലമാനെ ഒരു ഹീറോയായി ഏറെക്കാലം ഞാൻ മനസ്സിൽ കൊണ്ടു നടന്നിരുന്നു. ഇന്ത്യൻ എഴുത്തുകാരുടെ പത്തംഗടീമിൽ ഒരാളായി സ്വീഡൻ സന്ദർശിക്കുവാനുള്ള ക്ഷണം കേന്ദ്രസാഹിത്യ അക്കാദമിയിൽ നിന്നു ലഭിച്ചപ്പോൾ ഞാൻ ആദ്യം ഓർത്തത് റെയ്ൻഡിയറിനെയായിരുന്നു. ഒരു പക്ഷേ കാണാൻ കഴിഞ്ഞേക്കും.

ടീമിലെ എല്ലാ അംഗങ്ങളേയും ഒരുമിച്ചുകാണുന്നത് ഡൽഹി എയർപോർട്ടിൽവെച്ചാണ്. രമാകാന്ത് രഥ് (ഒറിയ), തേജി ഗ്രോവർ (പഞ്ചാബ്), പ്രബോധ് പരീഖ്, കാഞ്ചി പട്ടേൽ (ഗുജറാത്ത്), അബ്ദുൾ റഷീദ്, പ്രതിഭാ നന്ദകുമാർ, പ്രസന്ന (കർണ്ണാടക), സച്ചിദാനന്ദൻ, ബാലചന്ദ്രൻ ചുള്ളിക്കാട്, ഞാൻ (മലയാളം).



സ്വീഡനിൽ വിമാനമിറങ്ങുമ്പോൾ രാത്തണുപ്പ് ശക്തമായിരുന്നു. ഇംഗ്ലണ്ടിലും കാനഡയിലും ശൈത്യകാലത്ത് ജീവിച്ചിട്ടുള്ളതുകൊണ്ട് എനിക്ക് അതു പ്രശ്നമായില്ല. ആവശ്യത്തിന് കമ്പിളി കരുതാത്ത ഒന്നു രണ്ടുപേർ വല്ലാതെ അസ്വസ്ഥരാകുന്നതുകണ്ടു. ഗ്രാമീണനായ കാഞ്ചിപട്ടേലിന്റെ ആദ്യ വിദേശയാത്രയായിരുന്നു അത്. ബാലചന്ദ്രൻചുള്ളിക്കാട് അദ്ദേഹത്തെ വെറുതെ കളിയാക്കിക്കൊണ്ടിരുന്നു. കാളവണ്ടിയിലാണ് എയർപോർട്ടിൽ വന്നത്, ഗ്രാമം മുഴുവൻ കൂടെ വന്നിരുന്നു, കാഞ്ചി വിമാനത്തിൽ കയറിയപ്പോൾ അവർ നെഞ്ചത്തടിച്ചുനിലവിളിച്ചു, ഇങ്ങനെ പോയി ബാലചന്ദ്രന്റെ കഥകൾ.

റൈറ്റേഴ്സ് യൂണിയനിൽ നിന്ന് ടൊമാസ് ലോഫ്സ്ട്രോം, സാക്ക്, ഹെർമൻ തുടങ്ങിയവരുൾപ്പെട്ട ആതിഥേയസംഘം ഞങ്ങളെ സ്വീകരിച്ച് പ്രശസ്തനാടകകൃത്ത് ഓഗസ്റ്റ് സ്ട്രിൻഡ്ബേർഗിന്റെ പേരിലുള്ള ഹോട്ടലിലെത്തിച്ചു. സ്വീഡൻ എന്നാൽ സ്ട്രിൻഡ്ബേർഗും ബെർഗ്മാനും നോബേൽ സമ്മാനവുമാണല്ലോ!

ആ രാത്രി ഞങ്ങളെ ആതിഥേയസംഘം അത്താഴത്തിനു കൊണ്ടുപോയത് അടുത്തുതന്നെയുള്ള റിഡ്ബേർഗ് റസ്റ്റോറന്റിലായിരുന്നു. പിന്നീട് പല രാത്രികളിലും അവിടെയായിരുന്നു അത്താഴം. റിഡ്ബേർഗ് റസ്റ്റോറന്റ് സ്വീഡനിലെ ബുദ്ധിജീവികളുടെ ഒത്തുചേരൽ സ്ഥലമാണ്. ചുവരിൽ മുഴുവൻ എഴുത്തുകാരുടെ ചിത്രങ്ങൾ. വലിയ ഷെൽഫുകളിൽ പ്രമുഖ എഴുത്തുകാരുടെ പുസ്തകങ്ങൾ. സ്റ്റോക്ക്ഹോമിലെ പല കലാകാരന്മാരേയും എഴുത്തുകാരേയും സിനിമാപ്രേമികളേയും ഞങ്ങൾ അവിടെ വെച്ച് പരിചയപ്പെടുകയുണ്ടായി. അത്താഴം കഴിഞ്ഞ് ഹോട്ടലിലേക്കു മടങ്ങുമ്പോൾ ടീമിലെ കവികൾ പലരും അവരവരുടെ ഭാഷയിൽ ഉറക്കെ കവിതകൾ ചൊല്ലി. പൂവിതളുകൾ പോലെ പെയ്യുന്ന മഞ്ഞിൽ കവിതയും കേട്ടുകൊണ്ടുള്ള രാത്രി സഞ്ചാരങ്ങൾ ഒരു പ്രത്യേക അനുഭവമായിരുന്നു.



*ഞാൻ ശരിക്കും ആസ്വദിച്ചത് സ്ട്രിൻഡ് ബേർഗിന്റെ 'പിതാവ്' എന്ന നാടകാവതരണമായിരുന്നു. ആ നാടകം കണ്ട് ഹോട്ടലിൽ മടങ്ങിയെത്തിയയുടനെ ബാലചന്ദ്രൻ അതിനെക്കുറിച്ച് മനോഹരമായൊരു കവിതയെഴുതി.*

ആ രാത്രി ജനലിനരികിൽ കുറിപ്പുകളെഴുതി ഇരിക്കുമ്പോൾ ഞാനോർത്തു. ജീവിതത്തിലെ 15 ദിവസങ്ങൾ ഇനിയിവിടെ. ഒരു മാസമാണ് ടീമിന്റെ യാത്ര. പക്ഷേ 15 ദിവസം കഴിഞ്ഞ് എനിക്ക് തിരികെയെത്തണം. ഈ യാത്രക്കു തൊട്ടുമുമ്പ് ശാസ്ത്രി ഇന്തോ-കനേഡിയൻ ഫെല്ലോഷിപ്പിൽ കാനഡ-അമേരിക്ക പര്യടനങ്ങൾക്കായി ഞാൻ നീണ്ട അവധിയെടുത്തിരുന്നു. ഉടനെ തന്നെ ഒരു മാസം വീണ്ടും അവധി തരാൻ കോളേജ് അധികൃതർ വിസമ്മതിച്ചതുകൊണ്ടാണ് എനിക്ക് സ്വീഡൻയാത്ര വെട്ടിക്കുറക്കേണ്ടി വന്നത്. ഔദ്യോഗികച്ചുമതലകൾ കാരണം സച്ചിദാനന്ദനും രമാകാന്ത്രഥും രണ്ടാഴ്ച കഴിഞ്ഞ് തിരികെ പോരുമെന്നറിഞ്ഞപ്പോൾ ആശ്വാസമായി. മടക്കയാത്രയിൽ ഞാൻ തനിച്ചാവില്ലല്ലോ.

സമയമില്ലാത്തത്ര തിരക്കിൽ ദിവസങ്ങൾ ഒഴുകാൻ തുടങ്ങി. റൈറ്റേഴ്സ് യൂണിയൻ ഓരോ ദിവസത്തെ പരിപാടിയും ആസൂത്രണം ചെയ്തിരുന്നു. വിശ്രമം എന്നൊന്ന് ഇല്ലാത്തത്രയും തിരക്ക്. ട്രേഡ് യൂണിയൻ ആസ്ഥാനങ്ങൾ, വിദ്യാലയങ്ങൾ, പത്രമോഫീസുകൾ, മ്യൂസിയങ്ങൾ, പാർലമെന്റ്, സ്വീഡിഷ് അക്കാദമി... ഇതിനിടയിൽ സെമിനാറുകൾ, ചർച്ചകൾ...! വിരസമായ രാഷ്ട്രീയ/സൈദ്ധാന്തിക ചർച്ചകൾ നീണ്ടുപോകുമ്പോൾ ഞാൻ വല്ലാതെ ബോറടിച്ചു. പക്ഷേ സച്ചിദാനന്ദനും പ്രബോധും പ്രസന്നയുമൊക്കെ ബുദ്ധിജീവികളോടുള്ള ഘോരസംവാദങ്ങൾ നല്ലവണ്ണം ആസ്വദിക്കുന്നുണ്ടായിരുന്നു. ഞാൻ ശരിക്കും ആസ്വദിച്ചത് സ്ട്രിൻഡ് ബേർഗിന്റെ 'പിതാവ്' എന്ന നാടകാവതരണമായിരുന്നു. ആ നാടകം കണ്ട് ഹോട്ടലിൽ മടങ്ങിയെത്തിയയുടനെ ബാലചന്ദ്രൻ അതിനെക്കുറിച്ച് മനോഹരമായൊരു കവിതയെഴുതി.

സ്വീഡിഷ് അക്കാദമി സന്ദർശിച്ചത് ഒരു നല്ല ഓർമ്മയായുണ്ട്. ഇറ്റാലിയൻ നാടകകൃത്തും നടനുമായ ദാരിയോ ഫോയ്ക്ക് ആ വർഷത്തെ നോബേൽ സമ്മാനം പ്രഖ്യാപിക്കുമ്പോൾ ഞങ്ങൾ സ്റ്റോക്ഹോമിൽ ഉണ്ടായിരുന്നു. നാടകപ്ര

വർത്തകനായ പ്രസന്നക്കായിരുന്നു ഞങ്ങളുടെ കൂട്ടത്തിൽ ഏറ്റവും സന്തോഷം. നാടകത്തിൽ ഡോക്ടറേറ്റ് എടുത്ത എനിക്കും നാടകത്തിനു കിട്ടിയ ബഹുമതിയിൽ സന്തോഷം തോന്നി. രാഷ്ട്രീയ അഴിമതികൾക്കെതിരെയുള്ള ശക്തമായ പ്രതികരണമാണ് ഫോയുടെ Accidental Death of an Anarchist എന്ന നാടകം. അതും 20 സ്ത്രീകളുടെ ഏകഭാഷണങ്ങളടങ്ങിയ A woman Alone എന്ന നാടകവും മാത്രമേ ഞാൻ വായിച്ചിരുന്നുള്ളൂ. ആദ്യത്തേത് വ്യത്യസ്തമായ രണ്ട് കഥാന്ത്യങ്ങൾ പരീക്ഷിക്കുന്ന ആക്ഷേപഹാസ്യനാടകമാണ്. 'പടിഞ്ഞാറൻ ജനാധിപത്യത്തിന്റെ വളം അപവാദപ്രചരണങ്ങളാണ്' എന്ന ഫോ സൂക്തം കൂട്ടുകാരുമായി പങ്കിട്ടുകൊണ്ടാണ് ഞാൻ സ്വീഡിഷ് അക്കാഡമിയിലേക്ക് കയറിയത്. ചെയർമാനും ബോർഡ് അംഗങ്ങളും ചേർന്ന് ഞങ്ങളെ സ്വീകരിച്ചു. നോബേൽ സമ്മാനം നിശ്ചയിക്കാൻ കമ്മിറ്റി കൂടുന്ന മുറിയും പടുകൂറ്റൻ ലൈബ്രറിയുമൊക്കെ ഞങ്ങൾ സന്ദർശിച്ചു.

അരുന്ധതി റോയ്ക്ക് ബുക്കർ സമ്മാനം പ്രഖ്യാപിച്ചു എന്ന വാർത്ത ഒരുച്ചനേരത്ത് ഓടിവന്ന് ഞങ്ങളെ അറിയിച്ചത് ആന്നാലീനാ എന്ന ആതിഥേയയായിരുന്നു. ചിലർ സന്തോഷം പ്രകടിപ്പിച്ചുവെങ്കിലും ചില ടീമംഗങ്ങൾ നിശ്ശബ്ദരായി.

പാർലമെന്റ് സന്ദർശനം ഹൃദ്യമാകാൻ കാരണം ബ്രിജിറ്റാദാൽ എന്ന സ്പീക്കറുടെ ആകർഷണീയമായ വ്യക്തിത്വമാണ്. "ഞങ്ങളുടെ സ്പീക്കർക്ക് നിങ്ങളുടെ പ്രസിഡണ്ടിനോളം അധികാരമുണ്ട്" എന്ന് സാക് പറഞ്ഞിരുന്നു. ഗ്യാലറിയിരുന്ന് ഞങ്ങൾ അല്പനേരം പാർലമെന്റ് നടപടികൾ കണ്ടു. പിന്നീടാണ് തന്റെ ചേംബറിൽ വെച്ച് സ്പീക്കർ ഞങ്ങളോട് കുറേയധികം നേരം സംസാരിച്ചത്. രാഷ്ട്രീയത്തെക്കുറിച്ചും സമ്പദ്ഘടനയെക്കുറിച്ചുമൊക്കെയായിരുന്നു പുരുഷന്മാരുടെ ചോദ്യങ്ങൾ. സ്വീഡനിലെ സ്ത്രീകളുടെ അവസ്ഥയെക്കുറിച്ചു ഞാൻ ചോദിച്ചതിന് അവർ ദീർഘമായ മറുപടി തന്നു. സ്വീഡനിൽ എല്ലാ രംഗങ്ങളിലും സ്ത്രീമുന്നേറ്റവും പങ്കാളിത്തവും ഉണ്ടെന്നവർ പറഞ്ഞു. വീട്ടുജോലി കൂടെ ചെയ്യേണ്ടി വരുന്ന സ്ത്രീകൾക്ക് ഓഫീസുകളിലെ ജോലിസമയം കുറച്ചിട്ടുണ്ട് എന്നവർ അറിയിച്ചപ്പോൾ തേജിയും പ്രതിഭയും ഞാനും കയ്യടിച്ചു. തിരിച്ചു ചെന്നാലുടനെ ഇത് ഇന്ത്യാഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തണമെന്ന് തേജി ഗ്രോവർ തമാശ പറഞ്ഞു.

തലച്ചോറിനെ മാത്രം കേന്ദ്രീകരിച്ചാണ് റൈറ്റേഴ്സ് യൂണിയൻ പ്രോഗ്രാം ചിട്ടപ്പെടുത്തിയിരിക്കുന്നതെന്നും അത് ഹൃദയത്തെ അവഗണിക്കുന്നതിനു തുല്യമാണെന്നും പ്രതിഭാനന്ദകുമാർ പറഞ്ഞു. ഞങ്ങൾ അത്താഴത്തിനുശേഷം ഹാളിൽ ഇരിക്കുകയായിരുന്നു. എന്നാൽ നമുക്ക് ആർക്കിപ്പെലാഗോ കാണാൻ പോകാം എന്ന് സച്ചിദാനന്ദൻ നിർദ്ദേശിച്ചു. തങ്ങളുടെ ചരിത്രത്തിനും രാഷ്ട്രീയത്തിനും സ്വീഡൻകാർ നൽകുന്ന അമിതപ്രാധാന്യം ഇഷ്ടപ്പെടുന്നവർ ടീമിലുണ്ടായിരുന്നുവെന്നത് വേറെ കാര്യം. പക്ഷേ എനിക്ക് സർഗസംവാദങ്ങളായിരുന്നു കൂടുതൽ ഇഷ്ടം. പലരും ഞങ്ങളെ കോക്ടെയ്ൽ പാർട്ടികൾക്ക് വീടുകളിലേക്കു ക്ഷണിക്കുകയും സായാഹ്നങ്ങൾ സംഗീതസാന്ദ്രങ്ങളാക്കുകയും ചെയ്തിട്ടുണ്ട്. അതിനിടയിൽ മൈക്കൽ എന്ന മൈക്കിനോട് ഞാനെന്റെ റെയ്ൻഡിയർ സ്വപ്നം പങ്കുവെച്ചു. നല്ല സുഹൃത്തായി മാറിയ മൈക്ക് എന്റെ ഷോപ്പിംഗിന്റെ സാരഥ്യം സ്വയമേറ്റെടുത്തയാളായിരുന്നു. കാഴ്ചബംഗ്ലാവിൽ റെയ്ൻഡിയറുകളുണ്ടെന്നും ചിലപ്പോൾ മാത്രമേ അല്ലാതെ പുറത്തുകാണാനൊക്കൂ എന്നും മൈക്ക് പറഞ്ഞു. പക്ഷേ മൈക്ക് എന്റെ രഹസ്യം മറ്റുള്ളവർക്ക് കൈമാറുകയും റെയ്ൻഡിയറിനെ കാണാൻ വേണ്ടി സ്വീഡനിൽ വ

*കാഴ്ചബംഗ്ലാവിൽ റെയ്ൻഡിയറുകളുണ്ടെന്നും ചിലപ്പോൾ മാത്രമേ അല്ലാതെ പുറത്തുകാണാനൊക്കൂ എന്നും മൈക്ക് പറഞ്ഞു. പക്ഷേ മൈക്ക് എന്റെ രഹസ്യം മറ്റുള്ളവർക്ക് കൈമാറുകയും റെയ്ൻഡിയറിനെ കാണാൻ വേണ്ടി സ്വീഡനിൽ വന്നവൾ എന്ന പേരിൽ എല്ലാവരുമെന്നെ കളിയാക്കുകയും ചെയ്തു.*





*ദ്വീപുകൾക്കിടയിലൂടെ വേഗത്തിൽ പായുന്ന ബോട്ടിന്റെ റെയ്ലിംഗിൽ ചാരി ഈർപ്പമുള്ള കാറ്റിനെ മുഖത്തേറ്റു വാങ്ങി ഞാൻ നിന്നു. ആകാശത്തുനിന്ന് ദൈവം നുറുക്കിയെറിഞ്ഞ ജിഗ്സാ പസിലിന്റെ കഷണങ്ങൾ പോലെ പലവലിപ്പത്തിലുള്ള ദ്വീപുകൾ എനിക്കു ചുറ്റും. ഈ സുന്ദരദൃശ്യം കാണാതെ മടങ്ങിയിരുന്നുവെങ്കിൽ നഷ്ടമായേനെ.*

ന്നവൾ എന്ന പേരിൽ എല്ലാവരുമെന്നെ കളിയാക്കുകയും ചെയ്തു. അതുകൊണ്ടാവണം ബാലചന്ദ്രൻ സച്ചിദാനന്ദനോട് 'മാഷേ, ആർക്കിപ്പെലാഗോയിൽ റെയ്ൻഡിയർ ഉണ്ടാകുമോ?" എന്നുചോദിച്ചത്!

ബാലചന്ദ്രനും സച്ചിദാനന്ദനും പ്രതിഭയും ഞാനും കൂടി ടീം പരിപാടിയിൽ നിന്നൊഴിഞ്ഞുമാറി ആർക്കിപ്പെലാഗോ കാണാൻ പോയി. എന്തുകൊണ്ട് ആതിഥേയർ ഈ ബോട്ടുയാത്ര പരിപാടിയിലുൾപ്പെടുത്തിയില്ല എന്നത് ഇന്നും എനിക്കറിയില്ല. ബുദ്ധിജീവികളാണു ഞങ്ങളെന്നും മനോഹരദൃശ്യങ്ങൾ കാണുക ഇഷ്ടമാവില്ല എന്നും അവർ കരുതിക്കാണും! മൂന്നുനാലു മണിക്കൂർ ഞങ്ങൾ ബാൾട്ടിക് സമുദ്രത്തിൽ കാഴ്ചകൾ കണ്ട് ആനന്ദിച്ചു. ഇരുപതിനായിരത്തിൽപ്പരം ദ്വീപുകൾ ചിതറിത്തെറിച്ചുകിടക്കുന്ന സമുദ്രമുഖം. ചില വലിയ ദ്വീപുകൾ പരിഷ്കൃതപട്ടണങ്ങളെങ്കിൽ ചിലതിൽ ജനവാസമേയില്ല. ചിലതാകട്ടെ ഒറ്റക്കുടിലിനുമാത്രം സ്ഥലമുള്ള കുഞ്ഞുതുരുത്തുകൾ. ദ്വീപുകൾക്കിടയിലൂടെ വേഗത്തിൽ പായുന്ന ബോട്ടിന്റെ റെയ്ലിംഗിൽ ചാരി ഈർപ്പമുള്ള കാറ്റിനെ മുഖത്തേറ്റു വാങ്ങി ഞാൻ നിന്നു. ആകാശത്തുനിന്ന് ദൈവം നുറുക്കിയെറിഞ്ഞ ജിഗ്സാ പസിലിന്റെ കഷണങ്ങൾ പോലെ പലവലിപ്പത്തിലുള്ള ദ്വീപുകൾ എനിക്കു ചുറ്റും. ഈ സുന്ദരദൃശ്യം കാണാതെ മടങ്ങിയിരുന്നുവെങ്കിൽ നഷ്ടമായേനെ.

ഹൃദയത്തെ തൃപ്തിപ്പെടുത്താനുള്ള രണ്ടാമത്തെ യാത്ര ഉപ്സാലയിലേക്കായിരുന്നു. അതിനുകാരണക്കാരനായത് സച്ചിദാനന്ദന്റെ ശിഷ്യനായ രാജീവ് എന്ന യുവാവ്. സ്റ്റോക്ക്ഹോമിലെ മലയാളി സംഘടന ഞങ്ങൾ ഇന്ത്യൻ എഴുത്തുകാരെയെല്ലാം ഉച്ചഭക്ഷണത്തിനു ക്ഷണിച്ചിരുന്നു. പക്ഷേ ചെന്നപ്പോൾ ഞങ്ങളെയൊക്കെ നിരത്തിനിറുത്തി ഫോട്ടോ എടുത്തിട്ട് സംഘാടകർ പറഞ്ഞു –"ഞങ്ങൾ ഏർപ്പാടു ചെയ്ത പാചകക്കാരൻ വരാത്തതുകൊണ്ട് ഇന്നു നിങ്ങൾക്ക് ലഞ്ചുതരാൻ നിർവ്വാഹമില്ല. ഈ കേക്കുകഷണവും വൈനും കഴിച്ച് തിരിച്ച് പൊയ്ക്കൊള്ളുക." തിരികെ നടക്കുമ്പോൾ മറ്റു ടീമംഗങ്ങൾ മലയാളികളുടെ ആതിഥ്യത്തെ കളിയാക്കി സംസാരിക്കാൻ തുടങ്ങി. വിശക്കുന്ന വയറിനുമേൽ പരിഹാസവും ഏറ്റുവാങ്ങി ഞങ്ങൾ മൂന്നു മലയാളികൾ തലകുനിച്ചു നടന്നു. പക്ഷേ ആ നാണക്കേടിലും ഉണ്ടായ നേട്ടമായിരുന്നു സച്ചിദാനന്ദനും രാജീവും തമ്മിൽ കണ്ടുമുട്ടിയത്. രാജീവ് ഞങ്ങളെ ഉപ്സാലയിലേക്കു ക്ഷണിച്ചു. ബാലചന്ദ്രന് ഒരു സുഹൃദ്സന്ദർശനമുണ്ടായിരുന്നതുകൊണ്ട് ഒപ്പം വന്നില്ല. രമാകാന്ത് രഥും കാഞ്ചിപട്ടേലും സച്ചിദാനന്ദനും ഞാനുമായി ഒരു ഉപ്സാലയാത്ര.

പട്ടണത്തിന്റെ ഏതുഭാഗത്തു നിന്നു നോക്കിയാലും കാണാവുന്ന ഉപ്സാലാ കത്തീഡ്രലാണ് പ്രധാന ആകർഷണം. സ്കാൻഡിനേവിയയിവെ ഏറ്റവും വലിയ പള്ളിയാണതെന്ന് രാജീവ് പറഞ്ഞു. ബോട്ടണിയുടെ പിതാവായി അംഗീകരിക്കപ്പെടുന്ന ലിന്നയസ്സിന്റെ പൂന്തോപ്പും മ്യൂസിയവും ഞങ്ങൾ ചുറ്റിനടന്നു കണ്ടു. ഏറ്റവുമൊടുവിൽ പഴയ ഉപ്സാലയിലെ വൈക്കിംഗ് മൗണ്ട്സ് എന്നറിയപ്പെടുന്ന മൺകൂന. ശവകുടീരങ്ങളിൽ പ്രാചീനചരിത്രമുറങ്ങിക്കിടക്കുന്ന കാഴ്ച. രാജീവിന്റെ കുടുംബത്തിന്റെ ഹൃദ്യമായ ആതിഥ്യവും ആസ്വദിച്ച് രാത്രിയോടെയാണ് ഞങ്ങൾ ഹോട്ടലിൽ മടങ്ങിയെത്തിയത്

സ്വീഡനിലെ ഇന്ത്യൻ അംബാസഡർ, എഴുത്തുകാരിയായ ലൂയിസ് ബോയ്ജേ എന്നിവർ നൽകിയ വിരുന്നു സൽക്കാരങ്ങളും ഓർമ്മയിൽ തങ്ങി നിൽക്കുന്നു. ഔപചാരികത വെടിഞ്ഞ് ഞങ്ങൾക്കു ഭക്ഷണം എടുത്തുതരുന്നതിൽ വരെ ശ്രദ്ധാലുവായിരുന്നു ഇന്ത്യൻ അംബാസഡർ. കേരളത്തെക്കുറിച്ചു കേൾക്കാനായി അദ്ദേഹം ഞാനിരുന്ന മേശക്കരികിൽ വന്ന് ഏറെ നേരം സം

സാരിച്ചിരുന്നു. വായനാശീലമുണ്ടായിരുന്ന അദ്ദേഹം സാഹിത്യത്തെക്കുറിച്ച് ആധികാരികമായി സംസാരിച്ചത് കൗതുകമുണർത്തി.

ലൂയിസ് ബോയ്ജേ സ്റ്റോക്ക്ഹോമിലെ പ്രശസ്തയും ധനികയുമായ എഴുത്തുകാരിയാണ്. കടൽത്തീരത്ത് കൊട്ടാരം പോലെ പണിത അവരുടെ വീട്ടിൽ ഞങ്ങൾ അത്ഭുതലോകത്തെത്തിയ ആലീസുമാരായി. കടൽത്തീരത്തെ പാറക്കെട്ടുകളിൽ അവർ വിളക്കുകൾ തെളിയിച്ചത് മൺചെരാതിൽ ദീപങ്ങൾ കത്തിനിൽക്കുന്ന തൃക്കാർത്തിക ഉത്സവം പോലെ തോന്നിച്ചു. ആകെ ഒരു അലൗകികത. മുന്തിയ ഭക്ഷണസാധനങ്ങൾ ആർഭാടപൂർവ്വം നിരത്തിവെച്ചിരുന്ന വിരുന്നുമേശ. ലൂയിസിനേക്കാൾ ഉപചാരവും ആതിഥ്യമര്യാദയും പ്രദർശിപ്പിച്ച് അവരുടെ ഭർത്താവ് ഓടി നടന്നു. ഭാര്യയെക്കുറിച്ച് അഭിമാനപൂർവ്വം അദ്ദേഹം സംസാരിച്ചു. ലൂയിസിന്റെ stars without vertigo എന്ന നോവലിന്റെ രണ്ടുലക്ഷത്തോളം കോപ്പികൾ സ്വീഡനിൽത്തന്നെ വിറ്റഴിഞ്ഞുവെന്നദ്ദേഹം പറഞ്ഞു. താൻ സ്വീഡനിലെ ഏറ്റവും വലിയ ഒരെഴുത്തുകാരിയാണ് എന്ന ഭാവം ലൂയിസിന് നല്ലവണ്ണം ഉണ്ടായിരുന്നു.

ഒരു ശരാശരി എഴുത്തുകാരന്റെ കൃതികൾ പതിനായിരം കോപ്പി വരെ നിഷ്പ്രയാസം വിറ്റുപോകും എന്ന് റൈറ്റേഴ്സ് യൂണിയൻ അംഗങ്ങൾ പിന്നീടു പറഞ്ഞു. ലൂയിസ് ബോയ്ജേ അവർക്കും ഒരത്ഭുതമാണ്. പക്ഷേ ആ യാത്രയിൽ പലപ്പോഴും ഞങ്ങളോടൊപ്പമുണ്ടായിരുന്ന കരീനാ റിഡ്ബേർഗ് എന്ന എഴുത്തുകാരിക്ക് ലൂയിസിനോട് അത്ര പ്രിയമുണ്ടായിരുന്നില്ല. കരീന 'ദ് ഹയസ്റ്റ് കാസ്റ്റ്' എന്ന പ്രണയ-പ്രതികാരനോവലിലൂടെ സ്വീഡനിൽ ഒരു വിവാദ എഴുത്തുകാരിയായി മാറിയ സമയമായിരുന്നു അത്. നോവലിൽ യഥാർത്ഥമനുഷ്യരെ അവരുടെ യഥാർത്ഥ പേരിൽ തന്നെ അവതരിപ്പിച്ചതിന് കോടതിക്കേസും ഭീഷണിയുമൊക്കെ നേരിടുന്നുണ്ടെങ്കിലും അതൊന്നും തന്നെ കരീനയെ അലട്ടുന്നതായി തോന്നിയില്ല.



ഞങ്ങൾ താമസിച്ച ഹോട്ടലിലും റൈറ്റേഴ്സ് യൂണിയൻ അംഗങ്ങളായ ചിലരുടെ വീടുകളിലും വിദ്യാർത്ഥികൾക്കിടയിലും നൈറ്റ് ക്ലബ്ബിലുമൊക്കെ കവിതാ-കഥാപാരായണങ്ങളും ചർച്ചകളും നടക്കുന്നുണ്ടായിരുന്നെങ്കിലും ഏറ്റവും വലിയ ചടങ്ങ് എ.ബി.എഫ് ഹാളിൽവെച്ചായിരുന്നു. 'ഇന്ത്യയിൽ നിന്നുള്ള ശബ്ദങ്ങൾ' എന്ന പേരിൽ റൈറ്റേഴ്സ് യൂണിയൻ ഞങ്ങളുടെ രചനകളുടെ വിവർത്തനം പുസ്തകമാക്കിയിരുന്നു. അതിലെ കൃതികളാണ് എ.ബി.എഫ് ഹാളിൽ വായിക്കേണ്ടത്. പക്ഷേ അതിൽ ടൊമാസ് ലോഫ്സ്ട്രോം വിവർത്തനം ചെയ്തുചേർത്ത എന്റെ കഥ 'ജ്യോതിവിശ്വനാഥിന്റെ (പോസ്റ്റ്മോഡേൺ) കഥ' ആണ്. അതിന് ദൈർഘ്യം കൂടുതലായതുകൊണ്ട് വായനക്കായി ഒരു ചെറിയ കഥയുടെ ഇംഗ്ലീഷ് വിവർത്തനം തരാമോ എന്നദ്ദേഹം ചോദിച്ചു. 'കൊള്ള' എന്ന കഥ അപ്പോൾ തന്നെ ഞാൻ വിവർത്തനം ചെയ്തേല്പ്പിക്കുകയും അദ്ദേഹം അത് സ്വീഡിഷ് ഭാഷയിലാക്കുകയും ചെയ്തു.

എഴുത്തുകാരെ പരിചയപ്പെടുത്തുക, പിന്നെ അവർ തങ്ങളുടെ കൃതി സ്വന്തം ഭാഷയിലും ഇംഗ്ലീഷിലും വായിക്കുക, സ്വീഡിഷ് വിവർത്തകർ വിവർത്തനം വായിക്കുക ഇതായിരുന്നു രീതി. ടിക്കറ്റ് വെച്ചു നടത്തിയ ആ പ്രോഗ്രാമിന് ഹാൾ നിറഞ്ഞ് കവിഞ്ഞ് ആൾക്കാർ ഉണ്ടായിരുന്നു. 'കൊള്ള' നല്ലവണ്ണം സ്വീകരിക്കപ്പെട്ടു. കള്ളനു കഞ്ഞിവെച്ചവൾ എന്നതിനു ബദലായി സ്വീഡിഷ് ഭാഷയിലും ഒരു പ്രയോഗമുണ്ടെന്ന് സദസ്യരിൽ ചിലർ പറഞ്ഞു.

പതിനഞ്ചു ദിവസങ്ങൾ വേഗം കഴിഞ്ഞു പോയി. സച്ചിദാനന്ദനും രമാകാന്ത് രഥും ഞാനും വിടപറയുകയാണ്. ഉള്ളിന്റെയുള്ളിലെ വിങ്ങലോടെ ഞാൻ സ്വീഡിഷ് ചോക്ലേറ്റുകളും വാങ്ങിയ പുസ്തകങ്ങളും ക്യൂറിയോസും പാക്കുചെയ്തു. നാട്ടിൽ നിന്ന് കൊണ്ടുവന്ന സമ്മാനങ്ങൾ വിതരണം ചെയ്തു. കാശ്മീരി സിൽക്ക് സ്കാർഫ് ആന്നാലീനക്ക്.... മയിൽപ്പീലി വിശറി ബ്രിജിറ്റക്ക്... കഥകളിവിഗ്രഹം ടൊമാസിന്.

എയർപോർട്ടിൽ ആന്നാലീന എന്നെ കെട്ടിപ്പിടിച്ച് കരഞ്ഞു. "ഇത്തവണ റെയ്ൻഡിയറിനെ കാണിച്ചുതരാൻ കഴിഞ്ഞില്ല." അവൾ പറഞ്ഞു "ഇനിയും വരിക, റെയ്ൻഡിയറും ഞാനും കാത്തിരിക്കുന്നു."


നീണ്ട പറക്കലിനു ശേഷം തിരികെ നാട്ടിലെത്തി സാധനങ്ങൾ പുറത്തെടുക്കുമ്പോൾ ബാഗിന്റെ പുറത്തെ അറയിൽ ഒരു കവർ കണ്ടു. റെയ്ൻഡിയറിന്റെ മനോഹരമായൊരു പടമായിരുന്നു അത്. സ്നേഹപൂർവ്വം ആന്നലീന എന്ന കുറിപ്പും. എപ്പോഴാണവൾ അതു ബാഗിന്റെ അറയിലിട്ടതെന്ന് എനിക്കറിയില്ലായിരുന്നു. ●



കെ.എ.ബീന

**രാത്രിയാത്രകളും ഒറ്റയ്ക്കുള്ള യാത്രകളുമൊക്കെ ജീവന് തന്നെ വെല്ലുവിളിയാവുന്ന സമീപകാലസംഭവങ്ങൾ, യാത്ര ചെയ്യാനുള്ള സ്ത്രീമോഹങ്ങൾക്ക് മേൽ കനൽകോരിയിടുന്നു.**

# യാത്ര എഴുത്തിന്റെ വഴികൾ



**യാത്രയും** സ്ത്രീയും രണ്ടു വൈരുദ്ധ്യങ്ങൾ.. എന്നിട്ടും യാത്ര ചെയ്തു കൊണ്ടേയിരിക്കാൻ കൊതിക്കുന്നു ഒരുപാട് സ്ത്രീകൾ. ഇന്ത്യൻ സ്ത്രീയെ സംബന്ധിച്ചിടത്തോളം യാത്ര ഇന്നും സാഹസികമായൊരു സ്വപ്നം തന്നെയാണ്. സ്വന്തം വീട്ടുമുറ്റത്തിനപ്പുറം പകൽ പോലുമവൾ യാത്ര ചെയ്യേണ്ടത് തരളമായ സ്വന്തം ശരീരത്തെ പരമാവധി സംരക്ഷിച്ചുകൊണ്ടാണ്. രാത്രിയാത്രകളും, ഒറ്റയ്ക്കുള്ള യാത്രകളുമൊക്കെ ജീവന് തന്നെ വെല്ലുവിളിയാവുന്ന സമീപകാലസംഭവങ്ങൾ, യാത്ര ചെയ്യാനുള്ള സ്ത്രീമോഹങ്ങൾക്ക് മേൽ കനൽകോരിയിടുന്നു.

എന്നിട്ടും ധാരാളം സ്ത്രീകൾ വിടർന്ന കണ്ണുകളോടെ, അതിശയം വഴിയുന്ന മനസ്സോടെ ലോകം കാണാനിറങ്ങുന്നു, ഒറ്റയ്ക്കും കൂട്ടമായും. പുരുഷന്മാരുടെ യാത്രകളെക്കാൾ ആയിരമിരട്ടി പ്രയാസകരമാണ് ഓരോ സ്ത്രീ യാത്രയും. വീടും, ഓഫീസും, മറ്റ് അസൗകര്യങ്ങളും ഒക്കെ പിന്നോട്ട് വലിക്കുമ്പോഴും യാത്രയുമായി മുന്നോട്ട് പോകുന്നതിന് കഴിയുന്നവർ അവരിലൊരാളാകുമ്പോൾ കിട്ടുന്നത് അപൂർവ്വമായ ജീവിതോർജ്ജമാണ്, ഏതു പ്രതിസന്ധിയെയും മറികടക്കാനുള്ള അപാരമായ ശക്തിയാണ്.യാത്രകൾ വിശാലമാക്കുന്നത് മനസ്സിനെയും ചിന്തകളെയും മാത്രമല്ല, ജീവിതവീക്ഷണത്തെ കൂടിയാണ്

യാത്ര ജീവശ്വാസമായ പലരും യാത്രാനുഭവങ്ങൾ എഴുതാനും ശ്രമിക്കുന്നു. നിരന്തരമാ

യ യാത്രകളുടെ ലോകത്ത്,യാത്രാവിവരണമെഴുത്തിന്റെ ശ്രമങ്ങളിലേക്ക് എത്തിപ്പെട്ടവരിൽ ഒരാളാണ് ഞാനും. ലോകം ചുറ്റുന്ന അച്ഛന്റെ ജോലിക്കിടയിൽ മുടങ്ങാതെ അയച്ചിരുന്ന കത്തുകൾ ഈ ഭൂലോകത്തിന്റെ ഒരുപാട് കോണുകൾ, അവിടുത്തെ കാഴ്ചകൾ, വിശേഷങ്ങൾ, ആളുകൾ, അറിവുകൾ ഒക്കെ കാണിച്ചു തന്നിരുന്നു. അവയിലൂടെ ഈ ലോകമെന്നത് തിരുവനന്തപുരം എന്നൊരു ദേശം മാത്രമല്ലെന്ന് ഓർമ്മ വച്ചപ്പോഴേ ഞാനറിഞ്ഞു. വിവിധ നാടുകളിലെ മലകളും പുഴകളും പൂക്കളും മരങ്ങളും മറ്റും ഫോട്ടോകളായി അച്ഛന്റെ വർണ്ണനകളായി മനസ്സിൽ പതിഞ്ഞു. അച്ഛന്റെ ഫോട്ടോഗ്രാഫി കമ്പം മനസ്സിൽ പതിപ്പിച്ചു തന്ന ലോകങ്ങൾ കാണണമെന്ന് മനസ്സ് കുട്ടിക്കാലത്ത് ഉറപ്പിച്ചിരുന്നു. ഒരവധിക്കാലത്ത് അച്ഛൻ സമ്മാനിച്ച എസ്.കെ.പൊറ്റക്കാട്ടിന്റെ സഞ്ചാര സാഹിത്യകൃതികൾ മറ്റൊരു സ്വപ്നവും കൂടി നൽകി. നാടുകൾ കണ്ട്, നാട്ടുവിശേഷങ്ങൾ എഴുതുന്ന യാത്രാവിവരണക്കാരിയാകണം. കുട്ടിക്കാലത്ത് ആ സ്വപ്നങ്ങളൊക്കെ പത്തരമാറ്റോടെ യാഥാർത്ഥ്യമായി. അക്കാലത്തൊന്നും സ്ത്രീക്ക് യാത്രകൾ സ്വപ്നം മാത്രമാണെന്ന് ഞാൻ ചിന്തിച്ചിട്ടേയില്ല. പക്ഷേ കൗമാരവും യൗവ്വനവും എന്നെ സ്ത്രീത്വത്തിന്റെ പരിമിതികളെക്കുറിച്ച് പഠിപ്പിച്ചു തുടങ്ങി. പുറത്തിറങ്ങുമ്പോഴുള്ള നോട്ടങ്ങൾ, അശ്ലീലച്ചുവയുള്ള കമന്റടികൾ, പൊതുനിരത്തും, ബസ്സും ട്രെയിനുമൊക്കെ എനിക്കുള്ളതല്ല എന്ന് ഞാൻ വേഗത്തിൽ തന്നെ തിരിച്ചറിഞ്ഞു. എന്നിട്ടും പകലുകൾ സ്വന്തമാക്കി ഇത്തിരിവട്ടങ്ങളിൽ ഞാനെന്നെ യാത്ര ചെയ്യിപ്പിച്ച് കൊണ്ടേയിരുന്നു. പക്ഷേ രാത്രി മൊത്തമായും, ചില്ലറയായും എനിക്കുള്ളതല്ല എന്ന് തീരുമാനിക്കാതെ വയ്യായിരുന്നു. സന്ധ്യയ്ക്ക് ശേഷം പുറത്തിറങ്ങുന്നത് അപകടമെന്ന് വീട്ടുകാരും നാട്ടുകാരും അനുഭവങ്ങളും വ്യക്തമാക്കിക്കൊണ്ടേയിരുന്നു.



ഇന്ത്യൻ ഇൻഫർമേഷൻ സർവ്വീസിൽ ജോലി കിട്ടിയപ്പോൾ ആദ്യ പോസ്റ്റിംഗ് ഡി.എ.വി.പി.യിലായിരുന്നു. കേരളത്തിലെ ഗ്രാമങ്ങളിൽ ഫോട്ടോ പ്രദർശനം സംഘടിപ്പിക്കുകയായിരുന്നു ജോലി. വിരസമായിരുന്നു ജോലിയെങ്കിലും യാത്ര ചെയ്യാമെന്ന ചിന്ത കോശങ്ങളിൽ ആനന്ദത്തിന്റെ ഊർജ്ജസ്രോതസ്സുകളുടെ ഉറവുകളെ ഉണർത്തി. കേരളത്തിലെ ഗ്രാമങ്ങളിൽ അലഞ്ഞു നടന്ന ആ കാലത്താണ് (20 വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു) സ്ത്രീ യാത്രയുടെ പ്രായോഗിക പ്രശ്നങ്ങൾ ഞാൻ തിരിച്ചറിഞ്ഞു തുടങ്ങിയത്.

രാത്രി താമസിക്കാനിടം തേടി പല ഗ്രാമങ്ങളിലും അലഞ്ഞ അനുഭവങ്ങൾ. പലപ്പോഴും മണിക്കൂറുകൾ യാത്ര ചെയ്ത് ബന്ധുക്കളുടെയും കൂട്ടുകാരുടെയും വീടുകളിൽ താമസിക്കേണ്ടി വന്നിട്ടുണ്ട്. നിത്യവും ദീർഘയാത്ര ചെയ്ത് ക്ഷീണിച്ചത് ഓന്നോ രണ്ടോ വട്ടമായിരുന്നില്ല. പല സ്ഥലത്തും പെട്ടെന്ന് ചെല്ലുമ്പോഴും ഒന്നോ രണ്ടോ ദിവസങ്ങൾക്ക് വേണ്ടി ചെല്ലുമ്പോഴും വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെ വാതിലുകൾ തുറക്കുമായിരുന്നില്ല. സുരക്ഷിതമായ രാത്രികേന്ദ്രങ്ങൾ അക്കാലത്ത് അപൂർവ്വം തന്നെയായിരുന്നു. ഹോട്ടലുകൾ ഒറ്റയ്ക്ക് താമസിക്കാനെത്തുന്ന സ്ത്രീയെ പകപ്പോടെ നോക്കി.

പൊതു ഇടങ്ങളിലെ രാത്രികൾ സ്ത്രീകളുടേതല്ല എന്ന് പല അനുഭവങ്ങളിലൂടെ കേരളീയ സമൂഹം എന്നെ പഠിപ്പിച്ചു കൊണ്ടേയിരുന്നു. എന്റെ ഓഫീസർ ഞാൻ ജോലിയിൽ ചേരാൻ ചെല്ലുമ്പോൾ തന്നെ പ്രസ്താവിച്ചതാണ്,

"ഇതു സ്ത്രീകൾക്ക് ചേർന്ന പണിയല്ല, നിങ്ങളെ കൊണ്ടുപോകുന്നത് ഞങ്ങൾക്കും ബുദ്ധിമുട്ടാണ്, പേരുദോഷം ഉണ്ടാവുമെന്നത് ഒരു കാര്യം. നിങ്ങളുടെ സുരക്ഷ ഉണ്ടാക്കുന്ന തലവേദന മറ്റൊന്ന്. ട്രാൻസ്ഫർ വാങ്ങിപ്പോകുന്നതാണ് നിങ്ങൾക്കും ഓഫീസിനും നല്ലത്."

ഞാനെങ്ങും മാറ്റം വാങ്ങിയില്ല. 5 വർഷങ്ങൾ കേരളത്തിലെ ഗ്രാമങ്ങൾ കണ്ട് നടന്നു. ബുദ്ധിമുട്ടുകൾ ഏറെ ഉണ്ടായിരുന്നു. എങ്കിലും അപൂർവ്വമായ ഒരു ലഹരി ആ

നാളുകളിൽ എന്നിൽ നിറഞ്ഞു നിന്നു. യാത്രയുടെ ലഹരി. ട്രെയിനുകളും ബസ്സുകളും എന്റെ സ്വന്തം ഇടങ്ങളാണെന്ന് തോന്നുന്നത് അക്കാലത്ത് മാത്രമായിരുന്നില്ല.

യാത്രകൾ ഇത്രയേറെ ആത്മാവിൽ കുടിയേറിയിട്ടും യാത്രകളെ ശപിച്ചു പോവുന്നത് കേരളത്തിലെ പുരുഷ സമൂഹത്തിലെ ചിലരുടെ മാനസികവൈകല്യങ്ങൾ അനുഭവിക്കുമ്പോഴാണ്. അനാവശ്യമായി പിന്തുടരുന്ന അശ്ലീലക്കണ്ണുകൾ, തോണ്ടലുകൾ, തൊടീലുകൾ, അശ്ലീല സംസാരങ്ങൾ...

അപകടം മണക്കുന്ന യാത്രാവേളകൾ, യാത്രയുടെ ചന്തവും ചാരുതയും പല തവണ തല്ലിക്കൊഴിച്ചു.

ചിലരൊക്കെ ബസ്സിൽ ഞാൻ യാത്ര ചെയ്യുന്ന സ്ഥലം വരെ ടിക്കറ്റെടുത്ത് ഒപ്പം വന്ന് എന്റെ നെഞ്ചിടിപ്പ് കൂട്ടി. മറ്റ് ചിലർ അറപ്പുളവാക്കുന്ന കാഴ്ചകൾ കാട്ടി, വർത്തമാനങ്ങൾ പറഞ്ഞ് വഴിയോരങ്ങളെ അഭിശപ്തമാക്കി സ്ത്രീശരീരമെന്നത് ഏറ്റവും വലിയ ശാപമാണെന്നും, അതിനുള്ളിലിരുന്ന് പിടയ്ക്കുന്ന സ്വാതന്ത്ര്യത്തിന്റെ, യാത്രയുടെ ആഗ്രഹങ്ങൾക്ക് യാതൊരു ന്യായീകരണവുമില്ലെന്നും പലവട്ടം അനുഭവങ്ങൾ ഓർമ്മിപ്പിച്ചു.

എന്നിട്ടും എനിക്ക് യാത്ര ചെയ്യാതിരിക്കാൻ വയ്യായിരുന്നു. അവസരം കിട്ടിയപ്പോഴൊക്കെ ഞാൻ ബാഗു നിറച്ച് പോകാൻ കഴിയുന്ന ഇടങ്ങളിലേക്കൊക്കെ പോയി, കാണാൻ തോന്നിയ കാഴ്ചകളെ തേടി അലഞ്ഞു, ഇന്ത്യയുടെ മിടിപ്പുകൾക്ക് കാതോർത്തു. എഴുതാൻ കഴിഞ്ഞതൊക്കെ എഴുതി. ഒറ്റയ്ക്ക് യാത്ര ചെയ്യുമ്പോൾ പല പുരുഷന്മാർക്കും "അൽപ്പം പിശകാവും, അതാണ് ഇങ്ങനെ യാത്ര ചെയ്യുന്നത്" എന്ന് തോന്നുന്നത് നേരിട്ടറിഞ്ഞിട്ടുണ്ട്. അവരുടെയൊക്കെ സങ്കൽപ്പത്തിലെ സ്ത്രീ വീടിന് പുറത്ത് ഒരു ലോകം കാണേണ്ടവളല്ലല്ലോ.

അപമാനങ്ങൾ, അസ്വസ്ഥതകൾ - ഏറെ അനുഭവിച്ചിട്ടും യാത്ര പ്രലോഭിപ്പിച്ചു കൊണ്ടേയിരിക്കുന്നു.

20 വർഷങ്ങൾക്കു മുമ്പ് ഡി.എ.വി.പി.യിൽ ജോലി ചെയ്യുമ്പോൾ നേരിട്ട പ്രശ്നങ്ങളിൽ പലതും ഇന്നും പരിഹരിക്കപ്പെട്ടിട്ടില്ല. പുരുഷന്മാരുടെ പെരുമാറ്റത്തെക്കുറിച്ച് മാത്രമല്ല, രാത്രി താമസിക്കാനുള്ള പ്രശ്നങ്ങൾ, ഒരിടത്ത് രാത്രി ചെന്നിറങ്ങിയാൽ സുരക്ഷിതമായി താമസസ്ഥലത്തെത്താനുള്ള പ്രശ്നങ്ങൾ, എല്ലാത്തിനുമുപരി പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യങ്ങൾ ഒക്കെ ഇന്നും കീറാമുട്ടികൾ തന്നെ.

യാത്രാവിവരണമെഴുത്ത് അതിലേറെ പ്രതിസന്ധികൾ നൽകുന്നു. ആദ്യമായി യാത്ര ചെയ്യണം, ഓരോ സ്ഥലത്തെയും വിവരങ്ങൾ ശേഖരിക്കണം, വായിക്കണം, മനനം ചെയ്യണം.വായനായോഗ്യമായി എഴുതണം.പ്രസിദ്ധീകരിക്കണം.സ്തീകൾ ക്ക് പ്രയാസകരമായ മേഖലയായി യാത്ര എഴുത്ത് നിലനിൽക്കുന്നതിന്റെ കാരണവും ഇതൊക്കെ തന്നെയാണ്.

ലോകസാഹിത്യചരിത്രത്തിൽ ആദ്യമായി കൊണ്ടാടപ്പെട്ട യാത്രാവിവരണ എഴുത്തുകാരി മേരി കിംഗ്സ്ലി (1862-1900)ആയിരുന്നു.കാഴ്ചപ്പാടിലും ജീവിതരീതികളിലും യാഥാസ്ഥിതികയായി തുടർന്നു കൊണ്ടുതന്നെ മേരി കിംഗ്സ്‌ലി യാത്ര ചെയ്യുകയും യാത്രാവിവരണം എഴുതുകയും ചെയ്തു. ഭർത്താവിനെ അനുധാവനം ചെയ്ത് പല രാജ്യങ്ങളിലേക്ക് നടത്തിയ യാത്രകളെക്കുറിച്ചെഴുതിയ മേരി മൊണ്ടാഗുവിനും ചരിത്രത്തിൽ ഇടമുണ്ട്.

ഇന്ത്യയിൽ സ്ത്രീയാത്രാവിവരണങ്ങളുടെ ചരിത്രം തുടങ്ങുന്നത് പണ്ഡിത രമാബായിയിൽ നിന്നാണ്. ഇംഗ്ലണ്ടിലേക്കും അമേരിക്കയിലേക്കും അവർ നടത്തിയ യാത്രകളുടെ വിവരണങ്ങൾ മറാത്തി ഭാഷയിലാണ് പ്രസിദ്ധീകരിക്കപ്പെട്ടത്.


പണ്ഡിത രമാബായിയുടെ "യുണൈറ്റഡ് സ്റ്റേറ്റ് സാക്കി ലോകസാഹിതിവാ പ്രവാസ വർണ്ണന'' (1889)യും "ഇംഗ്ലണ്ട് കാ പ്രവാസ്'' (1883)ഉമാണ് ആ പുസ്തകങ്ങൾ.

1921-ൽ തരവത്ത് അമ്മാളുഅ

ശേഷം പേജ് 23 ൽ



സ്ത്രീയാത്ര





വിനീത ഗോപി

# പത്രപ്രവർത്തക യാത്രാപഥങ്ങൾ

**ആധിയായിരുന്നു** ഏറെ. ആവേശത്തിലുമേറെ എന്നതായിരുന്നു സത്യം. ഉപരാഷ്ട്രപതിയുടെ ലാറ്റിൻ അമേരിക്കൻ പര്യടന മാധ്യമ സംഘത്തിലേക്ക് എന്റെ പേര് നിർദ്ദേശിക്കട്ടെ എന്ന ചോദ്യം വരുമ്പോൾ, എവിടേക്കൊന്ന് ഓടി രക്ഷപ്പെടും എന്ന മട്ടിലൊരു മാനസികാവസ്ഥയിലായിരുന്നു ഞാൻ. ഏതൊരു ശരാശരി മലയാളി ഉദ്യോഗസ്ഥ വീട്ടമ്മയെയും പോലെ തീർത്താൽ തീരാത്ത ജോലികൾ ചുറ്റും കുമിഞ്ഞു കൂടുമ്പോൾ, സഹായത്തിന് ആരുമില്ലാത്ത അവസ്ഥയിലെ പതിവു തോന്നൽ. എങ്ങോട്ടെങ്കിലും ഇറങ്ങിപ്പോകണം. അതുകൊണ്ട് പെട്ടെന്ന് മറുപടി നൽകി. ഞാൻ പോകാം. ഡോ.എം.ഹാമിദ് അൻസാരി എനിക്കൊരു ബ്രേക്ക് തരികയല്ലേ. അതും ഏതാണ്ട് 12 ദിവസം.

പിന്നീടാണ് ആധികൾ തുടങ്ങിയത്. സ്കൂളിൽ പഠിക്കുന്ന കുട്ടികൾ. ഉറങ്ങാൻ അമ്മ കൂടിയേ തീരൂ കുഞ്ഞുമകൾക്ക്. ഇവരെ ആരെ ഏൽപിച്ചിട്ടു പോകും? സമയാസമയത്ത് ഭക്ഷണമുണ്ടാക്കി, ഊട്ടി, ഉടുപ്പിച്ചൊരുക്കി ആരു സ്കൂളിൽ വിടും? വീട്ടിലെ മറ്റു കാര്യങ്ങൾ എങ്ങനെ നടക്കും? ചാനൽ തിരക്കിൽ സമയമോ, സാവകാശമോ ഇല്ലാതെ ഓടുന്ന ഭർത്താവ്, എല്ലാം താൻ നോക്കിക്കൊള്ളാം എന്നു പറഞ്ഞെങ്കിലും ഒട്ടും സമാധാനം തോന്നിയില്ല.

ഭർത്താവിന്റെ അനുജത്തി കുട്ടികളുടെ കാര്യം ഏറ്റതോടെ ഒരു കടമ്പ കടന്നു. നമ്മൾ വീടു വിട്ടിറങ്ങിയാൽ ഒരു ചുക്കും പറ്റില്ല, എല്ലാം പഴയപോലെ നടക്കും. 'ഞാനില്ലെങ്കിൽ' എന്ന ഈ അഹങ്കാരം ആദ്യം കള. കൂട്ടുകാരികൾ എന്നെ കളിയാക്കി. അങ്ങനെയാണു ഞാനും വീടു വിട്ടൊരു യാത്രക്ക് അകമേ ഒരുങ്ങിയത്. പിന്നീടുള്ള ഒരാഴ്ച വിശ്രമമില്ലാത്തതായിരുന്നു. കുട്ടികൾ മുതൽ വീട്ടിലെ പട്ടിക്കുട്ടികൾ വരെയുള്ളവർ പട്ടിണി കിടക്കാതിരിക്കാനുള്ള സർവസന്നാഹങ്ങളും ഒരുക്കി, ഒപ്പം യാത്രയുടെ ഒരുക്കങ്ങൾ, പതിവുജോലികൾ, ഓഫീസ്. പെണ്ണായതുകൊണ്ടല്ലേ ഈ ബദ്ധപ്പാടത്രയും എന്നു പലവട്ടം പരിതപിച്ചു.

യാത്രയായിരുന്നു അടുത്ത ഘട്ടം. മൂന്നുദിവസം മുമ്പേ ഡൽഹിയിലെത്തി വിസ ഉൾപ്പെടെയുള്ള പല കാര്യങ്ങളും ശരിയാക്കേണ്ടിയിരുന്നു. അതു കഴിഞ്ഞതോടെ അൽപം ആത്മവിശ്വാസമൊക്കെയായി. ഒടുവിൽ യാത്രയുടെ ദിവസമെത്തി. ആധി കൊണ്ടാ

കാം, ഞാനാണ് വിദേശകാര്യ മന്ത്രാലയ ഉദ്യോഗസ്ഥരെക്കാളും വളരെ മുമ്പേ എയർഫോഴ്സിന്റെ വിമാനത്താവളത്തിലെത്തിയത്. അവസാന നിമിഷം ഓടിപ്പാഞ്ഞെത്തി എല്ലാവരുടേയും ആശങ്കകളെ പുഷ്പം പോലെ നേരിട്ട ഡൽഹിയിൽ നിന്നുള്ള യുവ ചാനൽ ലേഖിക നമുക്ക് ഇങ്ങനെ സ്മാർട്ടാകാം എന്ന് എനിക്ക് കാണിച്ചു തന്നു.

അങ്ങനെ ആ യാത്ര തുടങ്ങി. ആകെ 21 ജേർണലിസ്റ്റുകൾ. 18 പേരും പുരുഷന്മാർ. അതിൽ 10 പേരും മുതിർന്ന പത്രപ്രവർത്തകർ. ആദ്യ ദിവസ യാത്ര (ഡൽഹി-ഫ്രാങ്ക്ഫർട്ട്) എന്നെ അൽപം മടുപ്പിച്ചു, കാരണം തനിച്ചൊരു സീറ്റിൽ ആരോടും മിണ്ടാനില്ലാതെ ഞാൻ ഒറ്റപ്പെട്ടുപോയ പോലെ. ഹിന്ദിക്കാരുടെ വലിയൊരു സംഘം- അവരിൽ പലരും ഇത്തരം യാത്രകളിലൂടേയും ഒരുമിച്ചു ചെയ്ത അസൈൻമെന്റുകളിലൂടേയും പരിചിതരും സുഹൃത്തുക്കളുമാണ്- അവരാണ് എനിക്കു ചുറ്റും. പുരുഷന്മാർ എത്ര പെട്ടെന്ന് ഒത്തുചേരുന്നു എന്ന് ഞാൻ അത്ഭുതത്തോടെ ആലോചിച്ചു. അവരെ കൂട്ടിയിണക്കുന്ന ചില പ്രാഥമിക താത്പര്യങ്ങളുണ്ട് - സിഗരറ്റും മദ്യവും. ഇടക്കിടെ അവർ എഴുന്നേറ്റു ഫ്ളൈറ്റിന്റെ പിൻഭാഗത്തേക്കു പോകും. നേരമ്പോക്കുകൾ പറഞ്ഞു തിരിച്ചു വരും. അപ്പോഴെല്ലാം ടിവിയിലും മാഗസിനുകളിലും മുഖം പൂഴ്ത്തിയിരിക്കുകയാകും മറ്റുരണ്ടു സ്ത്രീകളും. പുരുഷന്മാരിങ്ങനെ സംഘമായി ടോയ്ലറ്റിൽ പോകുന്നതെന്താണെന്ന് ഞാൻ ആലോചിച്ചു. പുകവലിക്കാനുള്ള പോക്കാണെന്നു പിന്നീടു മനസ്സിലായി.



ചില ഹലോ വിളികൾ, കൊച്ചു കുശലങ്ങൾ അതൊക്കെക്കൊണ്ടു ഞാൻ തൃപ്തയായി. പതിയെപ്പതിയെ 'ഹിന്ദിക്കാരി' ലെ മലയാളികൾ പരിചയപ്പെടാനെത്തി. അപ്പോഴാണു ഞാൻ ആശ്വാസവതിയായെത്. മൂന്നു മലയാളികളെ അങ്ങനെ കണ്ടുകിട്ടി (സുരേഷ് മമ്പാട്ട് - ദി ഹിന്ദു ചെന്നൈ, മദൻകുമാർ - ആകാശവാണി ഡൽഹി, നിഖിൽ ലക്ഷ്മൺ-റീഡിഫ് ഡോട്ട് കോം, മുംബൈ). ഞങ്ങൾ ഒരു മലയാളി സംഘം തന്നെ രൂപീകരിച്ചു. നിഖിൽ ഏറെ ക്ലേശിച്ചു മലയാളം പറഞ്ഞ് അതിൽ ചേർന്നു. രണ്ടാം ദിവസം പെറുവിലെത്തുമ്പോഴേക്കും അന്തരീക്ഷം കുറച്ചൊക്കെ മാറിയിരുന്നു. പതിയെപ്പതിയെ ആധികൾ മാറി, ഞാനും 21 അംഗ സംഘത്തിലൊരാളായി.

ഉപരാഷ്ട്രതിക്കൊപ്പം യാത്ര ചെയ്തു എന്നത് അഭിമാനാർഹം തന്നെ. പക്ഷേ, കേരളത്തിലെ പുരുഷ പത്രപ്രവർത്തകർക്കു മാത്രം ലഭിച്ചിരുന്ന അവസരങ്ങൾ സ്ത്രീകൾക്കും കൂടുതലായി (മുമ്പും വനിതാ പത്രപ്രവർത്തകർ അത്തരം യാത്രകൾ നടത്തിയിട്ടുണ്ട്.പക്ഷേ മലയാള പത്രങ്ങളിൽ അതത്ര സാധാരണമായിരുന്നില്ല. മാലദ്വീപിൽ സാർക്ക് ഉച്ചകോടി റിപ്പോർട്ട് ചെയ്തതു മലയാളമനോരമയിലെ റോസമ്മ ചാക്കോയാണ്. പ്രാദേശിക പത്രങ്ങളിൽ നിന്നുള്ള ഏക വനിതയായിരുന്നു റോസമ്മ) ലഭിക്കുന്നു എന്നതിലാണ് അതിലേറെ എനിക്ക് അഭിമാനവും ചാരിതാർത്ഥ്യവും. ഞങ്ങളുടെ ടീമിലെ മറ്റു രണ്ടു വനിതകളും ചാനൽ പ്രതിനിധികളായിരുന്നു. പ്രാദേശിക പത്രങ്ങളിൽ നിന്നുള്ള ഏക വനിതാപത്രപ്രവർത്തകയായിരുന്നു ഞാൻ. അങ്ങനെ ഒരു പത്രപ്രവർത്തകക്ക് ഈ യാത്ര ഒട്ടേറെ അനുഭവങ്ങളാണു സമ്മാനിച്ചത്.

എന്റെ സ്ത്രീബോധത്തെ തന്നെ ഈ യാത്ര ഇല്ലാതാക്കി എന്നതാണ് ആദ്യ അനുഭവം. 21 അംഗ മാധ്യമ സംഘത്തിലെ ഒരാൾ മാത്രമാണ് നിങ്ങൾ എവിടേയും. സ്ത്രീ എന്നനിലയിലുള്ള ആനുകൂല്യമോ പരിഗണനകളോ എവിടേയും ഇല്ല. അതുസാരമില്ല. സ്ത്രീ എന്നു വേർതിരിച്ചു നിർത്തുകയോ, അവഗണിക്കുകയോ, മതിക്കാതിരിക്കുകയോ ചെയ്യാത്തിടത്ത് ആനുകൂല്യം ആർക്കു വേണം! മറ്റേതു ജേണലിസ്റ്റ് ഇടപെടുന്നതു പോലെ നിങ്ങളും, അവർ ജോലി ചെയ്യുന്നതു പോലെ നിങ്ങളും. മദ്യപിക്കാതിരിക്കുന്നതോ, പുകവലിക്കാതിരിക്കുന്നതോ നിങ്ങൾ സ്ത്രീ ആയതു കൊണ്ടല്ല, നിങ്ങൾക്കത് ഇഷ്ടമല്ലാത്തതു കൊണ്ടു മാത്രമാണ് (ചില 'നല്ല' ബ്രാൻഡുകൾ പറഞ്ഞു തരികയും അതു ട്രൈ ചെയ്യാവുന്നതാണെന്നു വിദഗ്ദോപദേശം നൽകുകയും ചെയ്ത സുഹൃത്തുക്കളെ സ്മരിക്കുന്നു). ഒരിടത്തും നിങ്ങൾക്കായി പ്രത്യേക സീറ്റ് ആരും ഒഴിച്ചിട്ടില്ല. ആനുകൂല്യങ്ങൾക്കും പരിഗണനകൾക്കും ഒരു ദോഷമുണ്ട് നി



ങ്ങൾ സ്ത്രീയാണ് എന്ന് അത് ഓർമ്മിപ്പിച്ചു കൊണ്ടേയിരിക്കും. അതു കുഴപ്പമില്ല. പക്ഷേ ആ ചിന്ത നിങ്ങളുടെ ചിന്തകളേയും പെരുമാറ്റത്തേയുമെല്ലാം പരിമിതപ്പെടുത്തുമ്പോൾ പ്രശ്നമാണ്.

എന്നെ കുറച്ചുകൂടി സ്വയംപര്യാപ്തയാക്കി എന്നത് ഈ യാത്രയുടെ രണ്ടാമത്തെ അനുഭവം. ഹോട്ടലിൽ വന്നിറങ്ങുന്നതോടെ ഓരോരുത്തരും സ്വന്തം വഴിയേ ആണ്. റൂം കണ്ടുപിടിക്കുക, ലഗേജുകൾ കൈകാര്യം ചെയ്യുക, നമുക്കായി സജ്ജമാക്കിയിട്ടുള്ള മീഡിയ റൂം, റസ്റ്റോറന്റ് എന്നിവ കണ്ടുപിടിച്ച് ഉപയോഗപ്പെടുത്തുക - അപ്പോഴൊക്കെ ആരും കൂട്ടുണ്ടാവണമെന്നില്ല. എല്ലാം സ്വയം കൈകാര്യം ചെയ്യണം. റൂം ബിൽ സെറ്റിൽ ചെയ്യൽ, പ്രാദേശിക കറൻസിയിലേക്കു ഡോളർ എക്സ്ചേഞ്ച് ചെയ്യൽ - കുടുംബയാത്രയായിരുന്നെങ്കിൽ ഗൃഹനാഥനെ ഏൽപിച്ചു കൈയും കെട്ടി ഞാൻ നിൽക്കുമായിരുന്ന എത്രയോ സന്ദർഭങ്ങൾ ഒരു പ്രയാസവുമില്ലാതെ തനിച്ചു കൈകാര്യം ചെയ്തു തുടങ്ങിയപ്പോൾ മനസ്സിലായി ഇതൊന്നും അത്ര വലിയ കാര്യമല്ലെന്ന്, ആത്മവിശ്വാസവും കൂടി.

പ്രവർത്തിക്കാനുള്ള സ്പേസ് കിട്ടുന്നതിന്റെ സന്തോഷവും ഞാനറിഞ്ഞു. ആരും നമ്മളെ അണ്ടർ എസ്റ്റിമേറ്റ് ചെയ്യുന്നില്ല. പരിഹസിക്കലോ, താഴ്ത്തിക്കെട്ടലോ, തരംതാണ കമന്റുകളോ ഇല്ല. അസഹിഷ്ണുത ഇല്ല. പരസ്പരം ബഹുമാനവും സഹകരണവും എല്ലാവരും പ്രകടിപ്പിക്കുന്നു. സീനിയർ പത്രപ്രവർത്തകർ പോലും 'എന്താണു ലീഡ് ചെയ്യാൻ പോകുന്നത്' എന്നെല്ലാം വാർത്തകൾ സംബന്ധിച്ചു നമ്മോടു ചർച്ച ചെയ്യുന്നു. സ്വന്തമായ ഒരു സ്പേസ് നിങ്ങൾക്കും കിട്ടുന്നു. എത്ര വലിയ കാര്യം!

പത്രപ്രവർത്തന മേഖലയിലെ സ്ത്രീ സാന്നിധ്യം-പ്രത്യേകിച്ചു ഡൽഹിയിലും മുംബൈയിലും മറ്റും പുരുഷ പ്രാതിനിധ്യത്തിന് ഒപ്പം നിൽക്കാൻ തക്ക ശക്തമായി വളരുന്നതിന്റെ മാറ്റമാകണം ഇതെന്നു ഞാൻ കരുതുന്നു. ആ മേഖലയിൽ നിന്നുള്ളവരായിരുന്നല്ലോ ഞങ്ങളുടെ സംഘത്തിലെ 19 പേരും.

ഉപരാഷ്ട്രപതിയുടെ സന്ദർശനം പ്രമാണിച്ച് ഒരുക്കുന്ന അത്താഴ വിരുന്നുകളിലാണ് എനിക്ക് അൽപമെങ്കിലും 'അഡ്ജസ്റ്റ് പ്രോബ്ലം' അനുഭവപ്പെട്ടത്. അതുപക്ഷേ എന്റെ തന്നെ ഉൾവലിഞ്ഞ സ്വഭാവം കൊണ്ടാകണം. അവിടേയും പുരുഷന്മാർ വളരെപ്പെട്ടെന്ന് ആൾക്കൂട്ടത്തിന്റെ ഭാഗമാകുന്നതു ഞാൻ കണ്ടു. മദ്യപിക്കുന്നവർക്ക് ഇങ്ങനെ ചില ഗുണങ്ങളുണ്ട്, അവർ പെട്ടെന്ന് സംഘങ്ങളാകും, ആഘോഷങ്ങളാകും. മദ്യപിക്കാത്തവർ (ആണായാലും പെണ്ണായാലും) ഇതൊന്നു കഴിഞ്ഞു കിട്ടിയാൽ മതിയെന്നു ബോറടിച്ചു നിൽക്കും. ഞങ്ങളുടെ സംഘത്തിലെ ഒരു വനിത ഇത്തരം ആഘോഷങ്ങളോടു പൊരുത്തപ്പെട്ടപ്പോൾ, ഞാനും മറ്റേയാളും (സനാ ഖാൻ) ഇതെപ്പോൾ തീരും എന്നു നെടുവീർപ്പിട്ടു. സുപ്രിയ സുലെ എം.പിയായിരുന്നു അപ്പോൾ ഞങ്ങൾക്കു കൂട്ട്. ഞങ്ങളുടെ പല മനോവിചാരങ്ങളും അതേപടി പങ്കുവെച്ചതോടെ സുപ്രിയയോട് എനിക്കു ഭയങ്കര ഇഷ്ടം തോന്നി.

ഇത്തരം യാത്രകൾക്കു പോകുന്ന എല്ലാ വനിതാ പത്രപ്രവർത്തകരോടും ചെറിയൊരു ഉപദേശം (ഭൂരിപക്ഷം പേർക്കും അതിന്റെ ആവശ്യമില്ലെന്ന് എനിക്കറിയാം). സാങ്കേതികമായ അറിവുകൾ പരമാവധി ആർജ്ജിക്കുക. മൊബൈൽ ഫോൺ മുതൽ നോട്ട്പാഡും ടാബ്ലറ്റുമൊക്കെയായി നീളുന്ന നമ്മുടെ പ്രവർത്തനോപകരണങ്ങളുടെ എ ടു സെഡ് അറിഞ്ഞിരിക്കണം. ഏതു പ്രതിസന്ധിഘട്ടവും കൈകാര്യം ചെയ്യാനുള്ള സാങ്കേതിക വിവരം ഉണ്ടെങ്കിൽ വളരെ നല്ലത്. സ്ത്രീകൾക്കു പൊതുവെ ഇത്തരം കാര്യങ്ങളിൽ വലിയ ജ്ഞാനമില്ലെന്നു പുച്ഛിക്കുന്ന ഒട്ടേറെ പുരുഷന്മാരുണ്ട്. എന്റെ യാത്രയിൽ പക്ഷേ രണ്ടുമൂന്നു പുരുഷന്മാരാണു മറ്റുള്ളവരുടെ പരോക്ഷമായെങ്കിലുമുള്ള അത്തരം ആക്ഷേപത്തിന് ഇരയായത്. എല്ലാവരും വാർത്തകൾ ഫയൽ ചെയ്യാൻ തത്രപ്പെടുമ്പോൾ, പലപല സാങ്കേതിക പ്രശ്നങ്ങളിലും പെട്ടു മറ്റുള്ളവരുടെ സഹായവും സമയവും ഇവർക്കു തേടേണ്ടി വന്നു. ടെക്നോസാവിയേ അല്ലെങ്കിലും ലാപ്ടോപ്പ് ചതിക്കാതിരുന്നതിനാൽ ഞാൻ രക്ഷപ്പെട്ടു എന്നുപറയാം. ഇത്തരം കാര്യങ്ങളിലുള്ള സാങ്കേതിക വിവരം അപ് ടു ഡേറ്റ് ആക്കുമെന്ന് ഈ യാത്രയോടെ ഞാൻ ശപഥം ചെയ്തു.

ഏതു യാത്രയിലും സ്ത്രീകൾക്കു ചില സന്തോഷങ്ങളുണ്ട്. വീട്ടുകാരികൾക്കും കൂട്ടുകാരികൾക്കും പെൺമക്കൾക്കുമെല്ലാം സമ്മാനങ്ങൾ വാങ്ങുമ്പോൾ ടീമിലെ പുരുഷന്മാർ സ്ത്രീകളെ തേടിനടക്കും, വിദഗ്ധാഭിപ്രായം

*ശേഷം പേജ് 29 ൽ*





ഗീതാഞ്ജലി കൃഷ്ണൻ

# സ്ത്രീകൾ എഴുതിയ യാത്രാവിവരണങ്ങൾ

**സഞ്ചാരം** പ്രപഞ്ചത്തിന്റെ പ്രാണനാണ്. ഭൂമി സഞ്ചരിക്കുന്നു, സൌരയൂഥം സഞ്ചരിക്കുന്നു, ആകാശഗംഗ ഒന്നാകെ വട്ടത്തിൽ കറങ്ങുന്നു. വെള്ളവും വായുവും ജീവജാതികളും നിരന്തരം ചലനത്തിൽ ഏർപ്പെടുന്നു. ആറ്റങ്ങളും തന്മാത്രകളും അതിനുള്ളിലെ സൂക്ഷ്മകണങ്ങളും ചുറ്റിക്കൊണ്ടിരിക്കുന്നു. പക്ഷികളും മത്സ്യങ്ങളും ചിത്രശലഭങ്ങളും ഋതുക്കളെ അടിസ്ഥാനപ്പെടുത്തി ദേശാടനം നടത്തുന്നു. മാത്രമല്ല, സഞ്ചരിച്ചു തന്നെയാണ് മനുഷ്യനും മറ്റുജീവികളും കടലിലും കരയിലും വ്യാപിച്ചത്. സഞ്ചാരം അടയാളപ്പെടുത്തുന്ന സഞ്ചാരസാഹിത്യം ചരിത്രത്തിനും വിജ്ഞാനനിർമ്മിതിക്കും നൽകുന്ന സംഭാവനകൾ ഖനനപര്യവേഷണങ്ങൾ പോലെതന്നെ അമൂല്യങ്ങളാണുതാനും.

പണ്ടുകാലത്തെ സഞ്ചാരികൾ കൂടുതലും വ്യാപാരികളും മതപ്രചാരകരായ തീർഥാടകരും ആയിരുന്നു. ഫാഹിയാൻ, ഹുയാൻ സാങ് , ഇബൻ ബത്തൂത്ത തുടങ്ങിയ സഞ്ചാരികളുടെ രേഖപ്പെടുത്തലുകളിൽനിന്നാണ് ഇന്ത്യയിലെ പഴയകാലത്തെ ജനങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള അറിവുകൾ കിട്ടുന്നത്. അപ്പോൾ സഞ്ചാരസാഹിത്യം അതിപ്രാചീനമായ ഒരു സാഹിത്യശാഖയാണെന്നു മനസ്സിലാക്കാം. മാത്രമല്ല, കാവ്യങ്ങൾ പ്രചരിച്ചിരുന്ന അക്കാലത്ത് ഇവ ഗദ്യത്തിലാവണം എഴുതപ്പെട്ടത്.

*സഞ്ചാരം പ്രപഞ്ചത്തിന്റെ പ്രാണനാണ്. ഭൂമി സഞ്ചരിക്കുന്നു, സൌരയൂഥം സഞ്ചരിക്കുന്നു, ആകാശഗംഗ ഒന്നാകെ വട്ടത്തിൽ കറങ്ങുന്നു.*



പാറേമ്മാക്കൽ തോമാക്കത്തനാർ 'വർത്തമാനപുസ്തകം അഥവാ റോമ്മായാത്ര' എഴുതിയതോടെയാണ് മലയാളത്തിൽ സഞ്ചാരസാഹിത്യം പിറന്നത്. (1778- 1786). ക്രിസ്തീയ സഭയിൽ അന്നുണ്ടായിരുന്ന തർക്കത്തിനുള്ള സമവായവും പരിഹാരവും തേടിയാണ് കത്തനാർ മലബാറിൽ നിന്ന് റോമിൽ എത്തി മാർപാപ്പയെ കണ്ടത്. അതിനുശേഷം പുറത്തിറങ്ങിയ (1872: കട്ടയാട്ട് ഗോവിന്ദ മേനോൻ) 'കാശിയാത്ര റപ്പോട്ട'യാണ് മലയാളത്തിലെ രണ്ടാമത്തെ യാത്രാവിവരണ ഗ്രന്ഥമെന്ന് സഞ്ചാരസാഹിത്യം മലയാളത്തിൽ എന്ന പഠനത്തിൽ പ്രൊ. വി. രമേഷ് ചന്ദ്രൻ രേഖപ്പെടുത്തിക്കാണുന്നു. സ്വാതന്ത്ര്യലബ്ധിക്കു മുൻപ് മലയാളത്തിൽ പുറത്തിറങ്ങിയ 24 യാത്രാവിവരണ



*യാത്രാവിവരണമെന്നത് അതിന്റെ സാമ്പ്രദായിക രൂപത്തിൽ, ഒരു സമ്പന്നനായ പുരുഷൻ ആനന്ദത്തിനായി നടത്തുന്ന, കണ്ടെത്തലിനും പിടിച്ചടക്കലിനുമായി നടത്തുന്ന ഒരു നീണ്ട, ഒരു പുസ്തകത്തിനോളം നീണ്ട, യാത്രയുടെ വിവരണമാണ്.*

ഗ്രന്ഥങ്ങളിൽ സ്ത്രീകളുടേതായ 3 സംഭാവനകൾ ഉണ്ട്. തരവത്ത് അമ്മാളു അമ്മയുടെ 'ഒരു തീർഥയാത്ര', 'മിസ്സിസ് സി. കുട്ടൻ നായരുടെ 'ഞാൻ കണ്ട യൂറോപ്പ്', എം. ഭാഗീരഥിയമ്മ തമ്പുരാന്റെ 'വനവാസ സ്മരണകൾ' എന്നിവയാണ് അവ.

വിഖ്യാതനായ സഹോദരൻ ഡോ. ടി.എം നായരുടെ ഭൌതികാവശിഷ്ടങ്ങൾ ഗംഗയിൽ നിക്ഷേപിക്കുന്നതിനും ശേഷക്രിയകൾ അനുഷ്ഠിക്കുന്നതിനുമായി തരവത്ത് അമ്മാളു അമ്മ 1921 ൽ നടത്തിയ കാശി യാത്രയുടെ വിവരണമായ 'ഒരു തീർഥയാത്ര' ആണ് ഒരു മലയാളി വനിതയുടെ ആദ്യ യാത്രാ വിവരണം. മദിരാശിയിൽ നിന്ന് ആരംഭിക്കുന്ന യാത്ര, ജഗന്നാഥപുരി, കൽക്കത്ത, ഗയ, കാശി, അലഹബാദ്, അയോധ്യ, രാമേശ്വരം എന്നീ സ്ഥലങ്ങൾ വിവരിക്കുന്നുതത്രേ.

മിസ്സിസ്സ് സി.കുട്ടൻ നായരുടെ 'ഞാൻ കണ്ട യൂറോപ്പ്' മലയാളി വനിതയുടെ ആദ്യ വിദേശയാത്രാ വിവരണമാണ്. യൂറോപ്പിലെ വിവിധ രാജ്യങ്ങളും ഇംഗ്ലണ്ടും അവർ മൂന്നു മാസക്കാലം കൊണ്ടു സന്ദർശിക്കുന്നു. നർമ്മബോധവും പാരായണക്ഷമതയും ഉള്ളതാണ് ഈ കൃതി. എന്നാലും, യൂറോപ്പു കണ്ട ഞാൻ എന്ന് ഹാസ്യസാഹിത്യകാരനായ സഞ്ജയൻ ഇതിനെ പരിഹസിച്ചു എന്ന് പ്രൊ.രമേഷ് ചന്ദ്രൻ രേഖപ്പെടുത്തിക്കാണുന്നു. (റഫറൻസ് 8).

യാത്രാവിവരണമെന്നത് അതിന്റെ സാമ്പ്രദായിക രൂപത്തിൽ, ഒരു സമ്പന്നനായ പുരുഷൻ ആനന്ദത്തിനായി നടത്തുന്ന, കണ്ടെത്തലിനും പിടിച്ചടക്കലിനുമായി നടത്തുന്ന ഒരു നീണ്ട, ഒരു പുസ്തകത്തിനോളം നീണ്ട, യാത്രയുടെ വിവരണമാണ്. അത് സ്വരാജ്യത്തെ ഇന്നോളം അറിയപ്പെട്ടിട്ടില്ലാത്ത ജീവിത സ്ഥലികളാവാം, രവീന്ദ്രൻ ചെയ്തതുപോലെ. ('അകലങ്ങളിലെ മനുഷ്യർ', 'ബുദ്ധപദം') അല്ലെങ്കിൽ വിദേശ യാത്രയുമാവാം. പലപ്പോഴും യാത്ര പ്രസിദ്ധീകരിക്കുവാനുദ്ദേശിക്കുന്ന ആനുകാലികം സാമ്പത്തിക സഹായം നൽകി നടത്തുന്ന യാത്രയുമാവാം. (സക്കറിയ, രവീന്ദ്രൻ, എസ് കെ. പൊറ്റെക്കാട് തുടങ്ങിയവർ ഇത്തരം യാത്രകളാണ് നടത്തിയിരിക്കുന്നത്.) നല്ല ഒരു വായനാസമൂഹം ഇവർക്കുള്ളതുകൊണ്ടാവണമല്ലോ യാത്രാവിവരണം പിറക്കുന്നത്.

*സ്ത്രീകൾ പൊതുവേ മൂന്നു തരം യാത്രകളാണ് അടയാളപ്പെടുത്തിക്കാണുന്നത്.*

1. കുടുംബത്തോടൊപ്പം അനുയാത്ര

2. സംഘം ചേർന്നുള്ള യാത്ര : തീർഥയാത്ര /വിനോദയാത്ര

3. തൊഴിലിന്റെ ഭാഗമായുള്ള യാത്ര

മിക്കവാറും എല്ലാ സ്ത്രീ യാത്രാവിവരണങ്ങളും ഇവയിൽപ്പെടും. അനുയാത്രകൾ കൂടുതലും ചെന്നുചേരുന്ന നാട്ടിലെ പ്രവാസ ജീവിതമാണ് വിവരിക്കുന്നത്. സ്ത്രീ ജീവിതം എന്നും പ്രവാസമാണ്. ജനിച്ചുവളർന്ന വീട്ടിലോ നാട്ടിലോ അല്ലല്ലോ അവൾ തന്റെ ശിഷ്ടജീവിതം കഴിച്ചുകൂട്ടുന്നത്. സംഘം ചേർന്നുള്ള യാത്രകൾ തീർഥയാത്രകളും വിനോദയാത്രകളുമാണ്. അവ ഇക്കാലത്ത് സ്ത്രീകളുടെയിടയിൽ കൂടുതലായി കാണുന്നു. കാരണം സാമ്പത്തികസ്വാതന്ത്ര്യം തന്നെ. സ്ത്രീകൾ പഠിക്കുന്നതും അനുഭവിച്ച് അറിവുനേടുന്നതും പുരുഷസമൂഹം ഇഷ്ടപ്പെട്ടിരുന്നില്ല. പുരുഷന്മാർ പൊതുവേ സ്ത്രീകൾ പറയുന്നത് അവിശ്വസിക്കാനാണ് സാധ്യത കൂടുതൽ.

മലയാളത്തിൽ ഇതുവരെ പുറത്തിറങ്ങിയവയിൽ ഏകദേശം 30നും 40നും ഇടക്ക് എണ്ണം യാത്രാവിവരണങ്ങളേ സ്ത്രീകൾ എഴുതിയതായിട്ടുള്ളൂ. (പട്ടിക നോക്കുക) 2000ാം ആണ്ടിനുശേഷമാണ് കൂടുതൽ യാത്രാവിവരണങ്ങളും എന്നു കാണാം. അവരിൽ സാഹിത്യകാരികളും നിരീക്ഷണ കുതുകികളും ആയവർ എഴുതിയത് വേറിട്ടുനിൽക്കുന്നു. സാറാതോമസ്, പി വത്സല എന്നിവരുടെ യാത്രാവിവരണങ്ങൾ മനോഹരമാവുന്നത് അതുകൊണ്ടാണ്. ശ്രീമതി. വത്സലാ മോഹന്റെ കൈലാസപരിക്രമണം ഒരു തീർഥയാത്രയാണ്. ഭക്തിരസ പ്രധാനമെങ്കിലും സ്വതന്ത്രയായ ഒരു സ്ത്രീയുടെ യാത്രാവിവരണമെന്ന നിലയിൽ ഇത് പ്രധാനപ്പെട്ടതാണ്. പ്രത്യേകിച്ചും കൈലാസവും മറ്റും സ്ത്രീകൾക്ക് അഗമ്യങ്ങളാണെന്ന് ശ്രീ.എം.കെ. രാമചന്ദ്രനെപ്പോലുള്ളവർ (കൈലാസ്മാനസസരസ് യാത്രയുടെ കർത്താവ്) പറഞ്ഞുവച്ചിരിക്കുന്ന സ്ഥിതിക്ക്. ഔദ്യോഗികമായ യാത്രകൾ മിക്കപ്പോഴും നല്ല യാത്രാവിവരണങ്ങൾക്ക് പ്രചോദനമാകാറുണ്ട്. ശ്രീമതി. കെ. ഗൗരിയമ്മയുടെ ലണ്ടൻ ഡയറി ഔദ്യോഗിക യാത്രയാണ് . (1959 ൽ ). ശ്രീമതി. കെ എ ബീന


യുടെ 'ബീന കണ്ട റഷ്യ 'എന്ന കുട്ടിക്കാല റഷ്യൻ യാത്രയേയും, ഔദ്യോഗിക യാത്രയുടെ ഗണത്തിൽ ഉൾപ്പെടുത്താം.

1955 ൽ സ്വിറ്റ്സർലണ്ടിലെ വനിതാസമ്മേളനത്തിൽ പങ്കെടുത്ത ആനി ജോസഫ് അതിനുശേഷം നടത്തിയ രണ്ടാഴ്ച്ചക്കാലത്തെ സോവിയറ്റ് സന്ദർശനത്തിന്റെ വൃത്താന്തങ്ങളാണ് അവരുടെ 'റഷ്യയിൽ' എന്ന പുസ്തകം. കമ്യൂണിസ്റ്റ് അനുഭാവിയല്ലാത്ത ആനി ജോസഫ് റഷ്യയിലെങ്ങും ദൃശ്യമായ സ്നേഹവും വികാരവായ്പ്പും ചിത്രീകരിക്കുന്ന ഈ ഗ്രന്ഥം മനോഹരമായ ഭാഷകൊണ്ട് അനുഗ്രഹീതമത്രേ. ഈ കാലഘട്ടത്തിൽ തന്നെ ശ്രീമതി ആനി മസ്ക്രീനും സോവിയറ്റ് യാത്രയെപ്പറ്റി പുസ്തകരചന നടത്തിയിട്ടുണ്ട്. റഷ്യയെക്കുറിച്ച് നാലോ അഞ്ചോ യാത്രാവിവരണങ്ങൾ സ്ത്രീകളുടേതായിട്ടുണ്ട്. കെ.എ.ബീനയുടെ ബീന കണ്ട റഷ്യ, ബോബി അലോഷ്യസിന്റെ 'സ്വപ്നം നിലച്ച റഷ്യയിൽ' എന്നിവ ഇവയിൽ പ്രത്യേക പരാമർശം നൽകേണ്ടവയാണ്.

അമേരിക്കയാണ് സ്ത്രീകളുടെ യാത്രാവിവരണങ്ങളുടെ മറ്റൊരു ഭൂമിക. മക്കളോ മറ്റു ബന്ധുക്കളോ അവിടെയുള്ളവർ അവിടം സന്ദർശിച്ചാൽ എഴുതാൻ സാധിക്കുന്നത് സ്വാഭാവികം. അതാവാം, മിസ്സസ്സ് എം പി പോൾ, റോസി തോമസ് എന്നീ അമ്മയും മകളും അമേരിക്കയെക്കുറിച്ചെഴുതിയത്. ആഫ്രിക്കയെക്കുറിച്ചും ചൈന, ആസ്ട്രേലിയ മുതലായ രാജ്യങ്ങളെക്കുറിച്ചും ആരും എഴുതിക്കണ്ടില്ല. അവിടേക്ക് പോയവർ എഴുതാൻ മിനക്കെടുന്നില്ല എന്നു മാത്രം.


മലയാളത്തിൽ പിറന്ന എതൊരു യാത്രാവിവരണ ഗ്രന്ഥത്തേക്കാളും വേറിട്ട് ഹൃദയത്തോടു സംസാരിക്കുന്ന രണ്ടു കൃതികളാണ്, സുജാതാദേവിയുടെ 'കാടുകളുടെ താളം തേടിയും', കെ. എ. ബീനയുടെ 'ബ്രഹ്മപുത്രയിലെ വീടും'. സ്ത്രീകൾ അയൽപക്കം, കുടുംബം എന്നിവയിൽ യോജിച്ചു ചേരുന്നതാണ് യാത്രാവിവരണങ്ങളിലെല്ലാം കാണുക. ഏകന്തരായി താമസിച്ചും അലഞ്ഞും പുറം കാഴ്ച്ചകൾ കാണാനും രമിക്കാനും രസിക്കാനും അതു വിവരിക്കാനും സ്ത്രീകൾക്ക് താൽപ്പര്യമില്ല. പകരം, ജീവിതം അനുഭവിക്കാനാണ് അവർ ആഗ്രഹിക്കുന്നത്. ജീവിക്കുന്ന ദേശം കൂടുതൽ പ്രത്യക്ഷമാകുന്നത് ഈ വിവരണങ്ങളിലാവുന്നത് അതുകൊണ്ടാണ്. സ്ത്രീകളുടെ ആത്മകഥകളിൽ ഒരു തുറന്നെഴുത്ത് വരുന്നത് കൂടുതൽ വായനക്കാരെ കിട്ടുന്നതിനും കൂടുതൽ ചർച്ചക്കും കാരണമാവുന്നു എന്നതും ഒരു സത്യമാണ്. യാത്രാവിവരണങ്ങളിലെ മാസ്റ്റർ വർക്ക് തന്നെയാണ് ഇവ . എസ്.കെ, രവീന്ദ്രൻ എന്നിവരോട് കിടപിടിക്കുന്നവ. കാഴ്ച്ചയിലും കാഴ്ച്ചപ്പാടിലും ഒരുപടി മുന്നിൽ നിൽക്കുന്നവ. എന്നാൽ ഇവർ കാണുന്നത് കൂടുതലും വീടുകളും അവയ്ക്കുള്ളിലെ ജീവിതവും ആകയാൽ, പാരായണ കുതുകിയായ വായനക്കാരൻ താനാഗ്രഹിക്കുന്നത് കാണാതെ നിരാശനാവുന്നു.

ഹിമാലയ മേഖലയിലെ സംരക്ഷിതവനങ്ങളിലൂടെ, 1992ൽ നടത്തിയ പഠനയാത്രയുടെ വിവരണമാണ് 'കാടുകളുടെ താളം തേടി' യെന്ന സുജാതാദേവിയുടെ പുസ്തകം (കറന്റ് ബുക്സ് , തൃശ്ശൂർ). 1998 ലാണ് ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ആദ്യവസാനം ഒരു കാവ്യാനുഭവവും സാഹസികകഥയുമായ ഈ യാത്രാവിവരണം അതിന്റെ പരിസ്ഥിതിബന്ധം കൊണ്ട്, വേറിട്ടുനിൽക്കുന്ന ഒന്നാണ്. ലോകത്തിൽ ഹിമാലയത്തേക്കാളേറെ വൈവിധ്യമാർന്ന പ്രകൃതി അപൂർവം. അതുപോലെ അപൂർവം കാടുകളുടെ താളം തേടി എന്ന യാ



ത്രാവിവരണവും. ഒരു നദി തടസ്സങ്ങളെ തരണം ചെയ്ത്, സ്വാഭാവികമായി കുതിച്ചുചാടി, കളിച്ചുചിരിച്ച്, ഒഴുകുമ്പോലെ ഈ വനയാത്രയെ നമുക്കു കാണാം. തരളമായ ശരീരവും പേറി ഒരു സ്ത്രീ ഒറ്റക്ക് എങ്ങനെ യാത്രചെയ്യും എന്നതിന്, കാട് എങ്ങനെ അവരെ സ്വീകരിക്കുമെന്നതിന് , ഈ യാത്രാവിവരണമാണ് തെളിവ്. തന്റെ ലിംഗപദവി (ജെൻഡർ) എന്ന സത്യം ഇവിടെ അപ്രസക്തമാക്കിയാണ്, സുജാതാദേവി സഞ്ചരിക്കുന്നത്. അവരെ പല കാട്ടിലും കൂട്ടിക്കൊണ്ടുപോവുന്ന വനപാലകരുടെ സഹായം, പിന്നെ പത്രപ്രവർത്തക എന്ന പരിവേഷം ഇവമാത്രമാണ് പലയിടത്തും തുണ. ഒറ്റക്ക് യാത്ര ചെയ്യുന്ന എതോ ധനികയായ ടൂറിസ്റ്റെന്നു കരുതിയാവാം, ജനം ബഹുമാനപൂർവം പെരുമാറിയത്! മക്കളുടെ പഴയ പാന്റും ഷർട്ടും വിൻഡ് ചീറ്ററുമൊക്കെ ചാർത്തിയിറങ്ങുമ്പോൾ അമേരിക്കയിൽ നിന്നുവന്ന നീഗ്രോ അല്ലെങ്കിൽ മുളാറ്റോയെങ്കിലുമായിരിക്കുമെന്ന് ആൾക്കാർ വിചാരിച്ചു കാണും! അവർ സ്വയം ആശ്ചര്യപ്പെടുന്നു.

യാത്രക്കു വേണ്ടി മാത്രം ചെയ്ത യാത്രകളല്ല കെ.എ. ബീനയുടേതും. 1977 ൽ ബീന റഷ്യയിലെ ആർത്തേക്കിലേക്ക് പോയത് യങ് പയനിയർ ക്യാമ്പിൽ പങ്കെടുക്കാനായിരുന്നു!. 2002 ൽ ഗുവാഹട്ടിയിലേക്ക് കുടുംബസമേതം സ്ഥലം മാറ്റമായും. കെ.എ. ബീനയുടെ യാത്രാവിവരണങ്ങൾ : 'ബീന കണ്ട റഷ്യയും', ബ്രഹ്മപുത്രയിലെ വീടും' മറക്കാനാവാത്ത വായനാനുഭവമാവുന്നത് അതിലെ സത്യസന്ധത കൊണ്ടാണ്. രണ്ടും സ്ഥലം കാണാനുള്ള സഞ്ചാരമായിരുന്നില്ല. യാത്രാവിവരണത്തിന് ഇവ ഒരു നിമിത്തമായി എന്നു മാത്രം. വായനയുടേയും പരിചയത്തിന്റേയും വിശാലത ബീനയുടെ കാഴ്ച്ചയുടെ വാതിലുകൾ മലർക്കെ തുറക്കുന്നു. തനിക്കു നിശ്ചയിക്കപ്പെട്ട പരിധിയിൽ നിന്നുകൊണ്ടുതന്നെ അവൾ പറയുന്നു, "യാത്രകളോടുള്ള എന്റെ കമ്പം അത്തരം വികാരങ്ങളെയെല്ലാം



കീഴടക്കാൻ കെൽപ്പുള്ളതായിരുന്നു. അവസരമൊത്തുകിട്ടുമ്പോഴൊക്കെ നാടുകാണാനിറങ്ങുന്ന ചില സുഹൃത്തുക്കളോട് അടക്കാനാവാത്ത അസൂയവരെ തോന്നിയിട്ടുണ്ട്. വീട്, ജോലി ഈ കെട്ടുപാടുകൾക്കിടയിൽ മനസ്സുകൊണ്ടാഗ്രഹിച്ച എത്ര യാത്രകളാണ് നടക്കാതെ പോയിട്ടുള്ളത്. അതുകൊണ്ടുതന്നെ ഈ അവസരം തുറന്ന കണ്ണുകളോടെ, കാതുകളോടെ പരമാവധി പ്രയോജനപ്പെടുത്തുക. (ബ്രഹ്മപുത്രയിലെ വീട്, കെ.എ. ബീന.)

ആദ്യകാല യാത്രാവിവരണങ്ങളിലൊന്നായ ലണ്ടൻ ഡയറിയുടെ ഗ്രന്ഥകർത്രി കെ. ഗൗരിയമ്മ, തന്റെ കുടുംബം ദൂരെയാവുന്നതിന്റേയും ചുമതലകളെപറ്റിയും വേവലാതിപ്പെടുന്നുണ്ട്. "നാലുകുട്ടികളുടെ അമ്മയായ എനിക്ക് വീടുവിട്ടുപോകുന്നതിനുള്ള ചുറ്റുപാട് തീരെ ഇല്ലായിരുന്നു. അതുകൊണ്ട് കൈവന്നേക്കാവുന്ന കനകാവസരം എനിക്ക് ഒട്ടും ആകർഷണീയമായി തോന്നിയില്ല."

തിരുവനന്തപുരം വിമാനത്താവളത്തിൽ നേരത്തെ എത്തി. അര മണിക്കൂർ താമസിച്ചാണ് വിമാനം താവളത്തിൽ വന്നുചേർന്നത്. സ്നേഹ സമ്പന്നരായ സഹപ്രവർത്തകരും മറ്റു സുഹൃത്തുക്കളും വൃദ്ധയായ അമ്മ, രോഗവിമോചനം പൂർണമായി ലഭിച്ചിട്ടില്ലാത്ത ഭർത്താവ്, അരികെയുള്ള മൂന്ന് അരുമക്കുഞ്ഞുങ്ങൾ, അങ്ങകലെ ഡെറാഡൂൺ സൈനിക സ്കൂളിൽ പഠിക്കുന്ന ബാലപ്രായം കഴിയാത്ത മൂത്ത മകന്റെ രൂപം ; എല്ലാവരും എന്റെ അരികിൽ ഉണ്ട്. എന്റെ കണ്ണുകൾ നിറഞ്ഞു.

1956 ൽ കെ.ഗൗരിയമ്മ ലണ്ടനിലേക്ക് യാത്ര ചെയ്യുമ്പോൾ കുടുംബത്തേയും കുട്ടികളേയും വിട്ട് ആറുമാസം മാറിനിൽക്കേണ്ടുന്നതിന്റെ വേവലാതി പ്രകടിപ്പിക്കുന്നുണ്ട്. ടെലഫോണും ഇന്റ്റർനെറ്റും മറ്റു സൗകര്യങ്ങളും ഇല്ലാത്ത അക്കാലത്ത് ഔദ്യോഗിക യാത്രയിൽ ഗൃഹാതുരത്വം അനുഭവിച്ചത് സ്വാഭാവികം. മാത്രമല്ല, യാത്രയും, ഉദ്യോഗവും സ്ത്രീകളുടെ ചുമതലയല്ല എന്ന സാമൂഹ്യ പരിസ്ഥിതിയായിരുന്നല്ലോ അക്കാലത്ത്. എന്നാൽ പിൽക്കാല യാത്രാവിവരണങ്ങളിലൊന്നും ഈ ദു:ഖം പ്രകടിപ്പിച്ചു കാണാറില്ല. തന്റെ കുടുംബത്തെ പറ്റി പരാമർശം ഉണ്ടാവാത്ത യാത്രാവിവരണങ്ങളും ഉണ്ട്. വിദേശ യാത്രവനിതകളുടെ യാത്രകളിൽനിന്നും വിഭിന്നമായി, ഈ യാത്രാവിവരണങ്ങളിൽ, യാത്രചെയ്ത, ഒരൊറ്റ മലയാളി സ്ത്രീയും തന്റെ യാത്രയെ ഒരു പുരുഷന്റെ യാത്രയിൽ നിന്നും എന്തെങ്കിലും കുറവുള്ളതായി കണ്ടില്ല എന്നതാണ് എറ്റവും അഭിമാനകരമായ വസ്തുത. തല ഉയർത്തിപ്പിടിച്ചുതന്നെയാണ് അവർ യാത്ര ചെയ്യുന്നത്. തന്റെയോ പരമ്പരാഗത വസ്ത്രങ്ങളുടെയോ പരാധീനത പരാമർശിക്കുന്നില്ല. വത്സലാമോഹൻ ഭർത്താവിന്റെ വിയോഗത്തിനുശേഷമാണ് യാത്രകളിലേക്കും യാത്രാവിവരണങ്ങളിലേക്കും തിരിഞ്ഞത്. വിധവയായ ഒരുവളാണ് യാത്രചെയ്യുന്നത് എന്ന ഒരു സൂചനയും യാത്രക്കിടയിൽ ഇ

ല്ല. തന്റെ പഠിപ്പും വായനയുടെ പരപ്പും ബുദ്ധിപൂർവ്വം വിനിയോഗിക്കുന്നു.

പുസ്തകങ്ങളിൽ നിന്നും അറിവ് ലഭിക്കുമ്പോഴും, സ്ത്രൈണമായ പലതിനെപ്പറ്റിയും പറയുമ്പോഴും സമൂഹം വേവലാതിപ്പെടുന്ന യാതൊന്നും ഈ സ്ത്രീകളാരും ഗൗനിക്കുന്നില്ല എന്നു കാണാം. ഞാൻ സ്ത്രീയാണ്, എനിക്ക് യാത്ര ചെയ്യാമോ? അവിടെപ്പോവാമോ? എന്തു വസ്ത്രം ധരിക്കാം? ഇങ്ങനെ. മൈന ഉമൈബാന്റെ 'കാട്ടുപൊന്തയിലെ സഞ്ചാരം', ഒരു ആനുകാലികത്തിൽ വന്ന ചെറിയ യാത്രാനുഭവമാണ്.

"എപ്പോഴെങ്കിലും വണ്ടിവരും എന്നു പ്രതീക്ഷിച്ചായിരുന്നു നടപ്പ്. പക്ഷേ ഇപ്പോൾ, മഴതോർന്ന ഈ നേരത്ത് കാട്ടിലൂടെ നടക്കുമ്പോൾ പറഞ്ഞറിയിക്കാനാവാത്ത സന്തോഷം തോന്നി. പെട്ടെന്നാണ് കാട്ടരുവിയുടെ, ഒഴുക്കിനെ, ഇലകളിൽ നിന്നു വീഴുന്ന മഴത്തുള്ളികളെ, കാറ്റിനെ, മുറിച്ചുകൊണ്ട് ഒരു വാഹനത്തിന്റെ ശബ്ദം കേൾക്കാനായത്.

ഉരുളന്തണ്ണിയിൽനിന്ന് പകുതിദൂരം പിന്നിട്ടുകഴിഞ്ഞിട്ടുണ്ട്. വനത്തിനു നടുവിൽ ഞാൻ തനിച്ചാണ്. വാഹനം അടുത്തുവരുന്നെന്നറിഞ്ഞപ്പോൾ വിറ. ഒറ്റക്കൊരു പെൺകുട്ടി.. ഏതെങ്കിലും പൊന്തയിലൊളിക്കാമോ? മരത്തിനു മറഞ്ഞു നിൽക്കണോ? ധൈര്യം ചോരുന്നുണ്ടോ? ആലോചിക്കാൻ നേരമില്ല. കാട്ടരുവിയോടു ചേർന്നുനിന്ന വലിയ മരത്തിനുചുവട്ടിൽ പതുങ്ങി."

മൈന തീർച്ചപറയുന്നു. ദൂരത്തൊന്നും പോകണമെന്നില്ല. ചിലപ്പോൾ പറമ്പിലേക്കൊന്നിറങ്ങി നടക്കുമ്പോൾ തന്നെ യാത്രയുടെ ആനന്ദം കിട്ടും. കാട്ടിൽ വച്ചു കൂവിയാൽ എന്തു രസമാണ്! കൂവൽ മലഞ്ചരിവുകളിലെ പാറകളിൽ തട്ടി പ്രതിധ്വനിക്കും. (കാട്ടുപൊന്തയിലെ സഞ്ചാരം).

തീർത്ഥാടനങ്ങളാണ് സഞ്ചാര സാഹിത്യത്തിലെ മുക്കാൽ പങ്കും. സാറാതോമസിന്റെ 'ഇസ്രായേലിന്റെ മാറിലൂടെ' എന്ന യാത്രാവിവ

*പുസ്തകങ്ങളിൽ നിന്നും അറിവ് ലഭിക്കുമ്പോഴും, സ്ത്രൈണമായ പലതിനെപ്പറ്റിയും പറയുമ്പോഴും സമൂഹം വേവലാതിപ്പെടുന്ന യാതൊന്നും ഈ സ്ത്രീകളാരും ഗൗനിക്കുന്നില്ല എന്നു കാണാം. ഞാൻ സ്ത്രീയാണ്, എനിക്ക് യാത്ര ചെയ്യാമോ? അവിടെപ്പോവാമോ? എന്തു വസ്ത്രം ധരിക്കാം? ഇങ്ങനെ.*

രണം തീർത്ഥാടനമാണെങ്കിലും വേറിട്ടുനിൽക്കുന്നത്, നിരീക്ഷണം, ചരിത്രാവലോകനം, കഥനപാടവം എന്നിവ കൊണ്ടാണ്. മുൻകൂട്ടി നിശ്ചയിച്ച കാര്യപരിപാടികളും, യാത്രാ സരണിയുമുള്ള ഒരു യാത്രയാണെന്നിരിക്കിലും, അത്യന്തം ഹൃദ്യമായ വിവരണങ്ങൾ ഒരു പുസ്തകരൂപത്തിൽ നമുക്കു സമ്മാനിക്കാൻ കഴിഞ്ഞത് എഴുത്തുകാരിയുടെ രചനാകൗശലം ഒന്നു കൊണ്ടുമാത്രമാണ്. ചരിത്രമുറങ്ങുന്ന വിശുദ്ധഭൂമി, ക്രിസ്ത്യാനിക്കും ജൂതനും മുസൽമാനും ഒരുപോലെ പുണ്യഭൂമിയായ ഇസ്രായേൽ, ഒരു കൃസ്ത്യാനിയുടെ കണ്ണിലൂടെ കണ്ടതാവാം, ഇത്ര മനോഹരമായത്. ശ്രീയേശുവിന്റെ നാട്, യെരുസലേമും ഗാഗുൽത്താ മലയും, ഗലീലിയാ കടലും എല്ലാം ചിത്രം പോലെ അവർ വർണ്ണിച്ചുതരുന്നത് അവിടെ പോയിവന്നാലെന്നപോലെ നമുക്ക് അനുഭവിക്കാം. നാട്ടുകാരുമായി ഇടപഴകാനോ, ഗ്രാമങ്ങൾ സന്ദർശിക്കാനോ അവർക്ക് അവസരങ്ങൾ കിട്ടുന്നില്ല. എങ്കിലും ഇസ്രായേലിലെ കൃഷിയും വ്യാവസായിക അഭിവൃദ്ധിയും ജൂതന്മാരുടെ ബുദ്ധിയും സ്ഥിരോത്സാഹവും കണ്ട് അവർ അത്ഭുതപ്പെടുന്നു.

സ്ത്രീകളുടെ ഇവിടെ പരാമർശിച്ച യാത്രാവിവരണങ്ങളുടെ പൊതു സ്വഭാവം ഇങ്ങനെ സംഗ്രഹിക്കാം:

1. സ്ഥലം കാണാനും രസിക്കാനും വേണ്ടി മാത്രം ആരും യാത്രകളൊന്നും നടത്തുന്നില്ല.

2. കുടുംബാംഗങ്ങളില്ലാത്ത യാത്രകൾ തീർഥയാത്രയോ പഠനയാത്രയോ ഔദ്യോഗിക യാത്രയോ ആണ്.

3. രസിക്കാനും അനുഭവിക്കാനുമുള്ള അവസരമില്ല. സെക്സ് ഒരു പരാമർശവിഷയമല്ല.

4. തന്റെ പരിമിതികൾ പരാധീനതകളാണെന്ന് വേവലാതിപ്പെടുന്നില്ല.

5. യാത്രയുടെ കർത്തവ്യനിർവഹണത്തിൽ ശ്രദ്ധാലുക്കളാണ്.

സ്ത്രീ എന്നാൽ സ്ഥാവരമായത്, വീട്, അമ്മ, സ്വതന്ത്രമായി സഞ്ചരിക്കാൻ അനുവാദമില്ലാത്തവൾ എന്നെല്ലാമാണ് സമൂഹ മന:സ്ഥിതി. മലയാളഭാഷയിൽ സ്ത്രീകൾ എഴുതിയ യാത്രാവിവരണങ്ങൾ കുറവായത് സ്തീകൾക്ക് സഞ്ചാരസ്വാതന്ത്ര്യമില്ലാത്തതുകൊണ്ടാണല്ലോ. എന്നാൽ, ഇക്കാലത്ത് സ്ഥിതി മാറിയിട്ടുണ്ട്. പ്രശസ്തരായ സ്ത്രീകളെ കൊണ്ട് യാത്രാവിവരണങ്ങൾ എഴുതിക്കുന്നത് പതിവ് യാത്രക്കുപ്രാധാന്യം കൊടുക്കുന്ന മാസികകൾ അല്ലാത്തവയും ചെയ്തുവരുന്നു. അതുപോലെ വിവരസാങ്കേതിക വ്യവസായം പുഷ്ക്കലമായ ഇക്കാലത്ത് ധാരാളം ഇന്ത്യൻ പെൺകുട്ടികൾ വിദേശരാജ്യങ്ങളിൽ പോയി ജോലി ചെയ്യുന്നു. വിദ്യാഭ്യാസവും സാമ്പത്തിക സ്വാതന്ത്ര്യവും ഉള്ളതുകൊണ്ട് ജോലി സംബന്ധമായും അല്ലാതെയും പലയിടത്തും പോവാൻ സ്ത്രീകൾക്ക് അവസരം കൈവരുന്നു. അടുത്തിടെ വിക്രം സാരാഭായ് സ്പേയ്സ് സെന്ററിൽ ജോലിചെയ്യുന്ന ഒരു സംഘം കൂട്ടുകാരികൾ പുരുഷന്മാരെ ആരെയും കൂട്ടാതെ സിംഗപ്പൂരും മലേഷ്യയും സന്ദർശിച്ചുവന്നു എന്നു പറയുകയുണ്ടായി. ആരുടേയും സംരക്ഷണവും അകമ്പടിയുമില്ലാതെ യാത്രചെയ്യാനും ഇന്നത്തെ സ്ത്രീകൾ പഠിച്ചിരിക്കുന്നു. തനിച്ച് ഹോട്ടലിൽ മുറിയെടു

ത്ത് താമസിക്കാനും അവർക്ക് പ്ര യാസമില്ല . യാത്രക്കായി മാത്രം സഞ്ചരിക്കുന്ന സ്ത്രീകളും കുറവ ല്ല. അവർ യാത്രചെയ്ത് യാത്രാവി വരണങ്ങൾ എഴുതാനും ആരംഭിച്ചി ട്ടുണ്ട്.

സ്ത്രീയുടെ പ്രകൃതത്തിൽ ഈ സ്വഭാവദാർഢ്യത്തിന്റെ ആദ ശപരത അഗാധമായി പരിപോഷി ക്കപ്പെട്ടിരിക്കുന്നു. കേവലമായി സം ഭവിച്ചുകൊണ്ടിരിക്കുന്നതിനെയവൾ സ്നേഹിക്കുന്നില്ല. ജിജ്ഞാസയു ടെ അച്ചടക്കമില്ലാത്ത ശരങ്ങൾ ഇ രുട്ടിന്റെ ഹൃദയത്തിലേക്ക് തൊടു ക്കാനും അവൾക്കാവില്ല. കാര്യങ്ങ ളെ ഏതെങ്കിലും രൂപത്തിൽ പൂർ ണതയിലെത്തിക്കാൻ അവളിലെ ഊർജ്ജം മുഴുവനും സഹജവാ സനയോടെ പ്രവർത്തിക്കുന്നു അ താകുന്നു ജീവിതത്തിന്റെ നിയമം. സ്ത്രീയെപ്പറ്റി ഇങ്ങനെ പറഞ്ഞ ത് വിശ്വമഹാകവി രബീന്ദ്രനാഥ ടാ ഗോറാണ്.

സ്ത്രീകൾ നിരന്തരം സഞ്ചരിച്ചു കൊണ്ടിരിക്കുന്നു. അടുക്കളയിൽ നിന്നും മുറ്റത്തേക്ക്. മുറ്റത്തുനിന്ന് തൊടിയിലേക്കും തൊഴുത്തിലേ ക്കും. അവിടുന്ന് ചന്തയിലേക്ക്. അ യൽ പക്കത്തേക്ക്, കുടുംബശ്രീ സ മ്മേളനത്തിന്. ഇതുതന്നെ ധാരാളം. ഇതിലെല്ലാം യാത്രാവിവരണങ്ങളു ടെ കാറ്റുപിടിക്കുന്നുണ്ട്. എഴുതി യാൽ മാത്രം മതി.

*മറ്റുയാത്രാ വിവരണ പുസ്തകങ്ങ ളുടെ ലിസ്റ്റ്.*

1.ഒരു തീർഥ യാത്ര : തരവത്ത് അ മ്മാളു അമ്മ ,1925
2. ഞാൻ കണ്ട യൂറോപ്പ് :മിസ്സിസ്സ് സി കുട്ടൻ നായർ, 1936
3. വനവാസ സ്മരണകൾ :ഭാഗീരഥി അമ്മത്തമ്പുരാൻ, 1942
4..ബദരീനാഥ യാത്ര :തരവ ത്ത് അമ്മിണി അമ്മ,1951
5..സോവിയറ്റ് യൂണിയനിൽ : ആനി മസ്ക്രീൻ, 1953
6.. ഞങ്ങൾ യൂറോപ്പിൽ : അന്നമ്മ ജെ വെള്ളാപ്പള്ളി 1954
7. റഷ്യയിൽ : ആനി ജോസഫ്, 1956
8. ലണ്ടൻ ഡയറി : കെ.ഗൌരിയമ്മ, 1959
9. ഞങ്ങൾ കണ്ട ജപ്പാൻ : മിസ്സിസ്സ് കെ.എം മാത്യു, 1960
10. കേരള മക്കൾ യൂറോപ്പിൽ : സൂസി, 1964
11. ഞാൻ കണ്ട യൂറോപ്പ് : രുഗ്മിണി രാഘവൻ നായർ, 1965
12. അയർലണ്ടിൽ നാലു വർഷം : മിസ്സിസ്സ് ജന്നി ഐസക്,1973
13. ബീന കണ്ട റഷ്യ : കെ. എ. ബീന ,1979 (ഡി.സി. ബുക്ക്സ് കോട്ടയം)
14. അമേരിക്കയിൽ ഒരു മുത്തശ്ശി : മിസ്സിസ്സ് എം പി പോൾ,1982
15. ഞങ്ങളുടെ ലോകപര്യടനം : അ ന്നമ്മ ജെ വെള്ളാപ്പള്ളി 1973, കെ.കെ. പ്രസ്സ് , ഏറ്റുമാനൂർ
16. ഞങ്ങൾ അമേരിക്കയിൽ : മിസ്സിസ്സ് മാമ്മൻ വർഗീസ് 1978 എൻ. ബി എസ്.
17. നാടൻ പെൺകിടാവിന്റെ ലണ്ടൻ യാത്ര ഒരു നാടൻ പെൺകിടാവ്, 1959 ( സ്വന്തം പേരുപോലും ഇല്ല)
18. ഇന്ത്യൻ പെൺകിടാവ് മോസ്ക്കോയിൽ : വി എസ് കമല, 1975, ശിൽപ്പി പബ്ലിക്കേഷൻസ്, മദിരാശി.
19. അമേരിക്കയിൽ ഒരു മലയാളിപ്പെണ്ണ് റോസി തോമസ്, 1992, പൂർണ്ണ പബ്ലിക്കേഷൻസ് , കോഴിക്കോട്
20. തിരുവനന്തപുരംബർളിൻ ഡയറി : വി വി കനകലത,1973
21 .പാരണീ പോമന : മേഴ്സി രവി
22.ലോകമേതറവാട് : മിസ്സിസ്സ് റേയ്ച്ചൽ തോമസ്
23. സ്വപ്നം നിലച്ച റഷ്യയിൽ : ബോബി അലോഷ്യസ് : (2003) (കറണ്ട് ബുക്!സ് , തൃശ്ശൂർ)
24. ബ്രഹ്മപുത്രയിലെ വീട് : കെ. എ. ബീന 2003) ( ഡി.സി. ബുക്ക്സ് കോട്ടയം.
25. വേറിട്ടൊരു അമേരിക്കയിൽ പി. വത്സല : 2004 (ഡി.സി. ബുക്ക്സ് കോട്ടയം , )
26. കൈലാസ യാത്ര : രാജ നന്ദിനി,2011. ( പരിധി പബ്ലിക്കേഷൻസ്
27. കൈലാസ പരിക്രമണം : വത്സലാ മോഹൻ ,2009 (പൂർണ പബ്ലിക്കേഷൻസ് )
28. സ്വിറ്റ്സർലണ്ട് :വിസ്മയങ്ങളുടെ രംഗഭൂമി. പൊന്നറ സരസ്വതി , 2008 ഹരിതം ബുക്സ്.
29. വസുന്ധരക്കായ് : പ്രൊ. എസ് അംബികാദേവി
30. സ്കോട്ട്ലണ്ട് സ്കെച്ചുകൾ : പ്രൊഫ.എസ്.സുലഭ,2007

(പട്ടിക അപൂർണം)

●

---

*പേജ് 14 തുടർച്ച*


മ്മ എഴുതിയ "ഒരു തീർത്ഥയാത്ര" യാണ് മലയാളത്തിലെ ആദ്യ സ്ത്രീയാത്രാവിവരണമായി കണക്കാക്കപ്പെടുന്നത്. സഹോദരന്റെ ചിതാഭസ്മനിർമ്മാർജ്ജനത്തിന് കാശിയിലേക്ക് നടത്തിയ യാത്രയെക്കുറിച്ചാണ് തരവത്ത് അമ്മാളുഅമ്മ എഴുതിയത്.

ഈയടുത്ത കാലംവരെ സ്ത്രീ യാത്രകൾ പോലെ തന്നെ പരിമിതമായിരുന്നു സ്ത്രീ യാത്രാവിവരണങ്ങളും.

പുരുഷയാത്രാവിവരണങ്ങളിൽ നിന്ന് സ്ത്രീയാത്രാവിവരണങ്ങൾ വ്യത്യസ്ഥമാകുന്നത് ഇരുകൂട്ടരുടെയും യാത്രകളെപ്പോലെ തന്നെയാണ്. കാഴ്ചയും കാഴ്ചപ്പാടും തമ്മിലുള്ള വ്യത്യാസം പ്രകടമാണ്. സ്ത്രീരചനകൾ സ്നേഹവും ലാവണ്യവും കരുത്താക്കുമ്പോൾ പുരുഷരചനകൾ അനുഭവവും നിരീക്ഷണവും കൊണ്ട് ശ്രദ്ധേയമാകുന്നു. പ്രകൃതിയും വൈകാരികാനുഭൂതികളുമാണ് സ്ത്രീ യാത്രാവിവരണങ്ങളെ സമ്പുഷ്ടമാക്കാറുള്ളത് എന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്.ആവിഷ്കാരത്തിന്റെ അനന്തസാധ്യതകൾ ഓരോ യാത്രാവിവരണവും തുറന്നിടുന്നു.

സ്ത്രീ ശരീരത്തിലിരുന്ന് ശ്വാസം മുട്ടുന്ന എന്റെ യാത്രമനസ്സ് ഓരോ യാത്രയിലും ഉന്മാദിയാകുന്നു. ഓരോ കാഴ്ചയും ആയിരമിരട്ടി ചാരുതയോടെ ഓർമ്മയുടെ പുസ്തകത്തിൽ ബാക്കിയാവുന്നു. യാത്ര മനസ്സിലാക്കി തരുന്ന പാഠങ്ങൾ ഒരു സർവ്വകലാശാലയിൽ നിന്നും പഠിച്ചെടുക്കാനാവില്ല. യാതനയും ആനന്ദവും തരുന്ന യാത്രകൾ ജീവിതത്തിന്റെ നേരറിവുകൾ പകർന്നു തരുമ്പോൾ അറിയാനും ഉൾക്കൊള്ളാനും കണ്ണും കാതും മനസ്സും തുറന്നു പിടിക്കണം. യാത്ര ആസ്വദിക്കാനുള്ളതല്ലെങ്കിൽ പിന്നെന്തിനുള്ളതാണ്? ആസ്വദിച്ചതൊക്കെ പങ്കുവെക്കാനും പകർന്നുകൊടുക്കാനും കൂടി കഴിയുമ്പോളനുഭവിക്കുന്ന ആനന്ദം, യാത്രാവിവരണമെഴുതുന്ന ഓരോരുത്തരും അനുഭവിക്കുന്നത് അതാണ്.

●




# സ്ത്രീയാത്രകളുടെ പിന്നാമ്പുറങ്ങളിൽ



**ബബിതാ മെറീനാ ജസ്റ്റിൻ**

**യാത്ര** ചെയ്തു തുടങ്ങിയപ്പോഴാണ് ഒരു നിമിത്തം പോലെ യാത്രാവിവരണസാഹിത്യത്തെപ്പറ്റി ഗവേഷണം ചെയ്യുവാൻ അവസരമൊത്തു കിട്ടിയത്. ഒരു നിയോഗം പോലെയായിരുന്നു അത് റെയിൽവേ പ്ലാറ്റ്ഫോമിലും ഫുട്ട്പാത്തിലും ഞാൻ യാത്രാവിവരണ പുസ്തകങ്ങളുടെ ഒരു വൻശേഖരം തന്നെ കണ്ടെത്തി. ഗൈഡ് ബുക്കുകളുടെ രൂപത്തിലും യാത്രാവിശേഷങ്ങളും അനുഭവങ്ങളുമായി. ജപ്പാൻ, ഉഗാണ്ട, ഈജിപ്ത്, ചൈന എന്നീ 'കൗതുക'മാർന്ന അന്യദേശങ്ങൾ എന്റെ യാത്രാതൃഷ്ണയെ തൊട്ടുണർത്തി. വിദ്യാർത്ഥിനിയായ എനിക്ക് പുസ്തകങ്ങളിലൂടെ യാത്രാന്വേഷണങ്ങൾ നടത്താനും പുസ്തകങ്ങളിലൂടെ ഈ ലോകം നോക്കി കാൺകെ തന്നെ, ഇന്ത്യയൊട്ടാകെ യാത്ര ചെയ്യുവാനുമുള്ള പല അവസരങ്ങളും ഒത്തുവന്നു. ഇതോടൊപ്പം മനസ്സിൽ അടിസ്ഥാനപരമായി ചില ചോദ്യങ്ങൾ ഉയർന്നുവന്നു.

1. യാത്രാവിവരണങ്ങൾ എന്തുകൊണ്ട് ചില 'കൗതുകം' ഉണർത്തുന്ന അന്യദേശങ്ങളെ മാത്രം സ്തുതിക്കുകയും ശുപാർശ ചെയ്യുകയും ചെയ്യുന്നു?

2. ബാക്കി രാജ്യങ്ങളിലേക്കുള്ള യാത്രകൾ എന്തുകൊണ്ട് ചിത്രീകരിക്കപ്പെടുന്നില്ല?

3. സ്ത്രീയാത്രികരും അവരുടെ യാത്രാനുഭവങ്ങളും എവിടെ?

4. അവരുടെ അനുഭവസാഹിത്യം എന്തുകൊണ്ട് അദൃശ്യമാകുന്നു?

ഡൽഹിയിലേയും ഗുവഹട്ടിയി

ലേയും ഹൈദരബാദിലേയും നടപ്പാതകൾ എന്നെ ഉത്തരത്തിലേക്ക് നയിക്കും എന്ന വിശ്വാസത്തോടെ, പുസ്തകച്ചന്തകൾ ലക്ഷ്യംവെച്ച് കൊണ്ട് തന്നെ ഞാൻ യാത്ര ചെയ്തു. ഓരോ യാത്രയുടെ അന്ത്യത്തിലും, യാത്രാനുഭവ പുസ്തകങ്ങളുടെ ഒരു വൻശേഖരം തന്നെ എനിക്ക് ഒരുമിച്ചു കൂട്ടുവാൻ കഴിഞ്ഞു. ഡാൽറിംപിൾ, മൈക്കൽ വുഡ്, മാർക്ക് ഷാൻഡ്, പീറ്റർ ജെൻകിൻസ്, ജോർജ്ജ് ഓർവൽ, പീക്കോ അയ്യർ എന്നിവരുടെ പുസ്തകങ്ങളുടെ ഒരു നീണ്ടനിര തന്നെ ഞാൻ കണ്ടെത്തി. എന്നാൽ ഞാൻ അന്വേഷിച്ചത് യാത്രാവിവരണങ്ങളും അനുഭവങ്ങളും എഴുതിയ സ്ത്രീ യാത്രികരെയാണ്. അങ്ങനെയിരിക്കെ, ഒരു ദിവസം ആകസ്മികമായി എനിക്കൊരു പുസ്തകം കിട്ടി. ഡേവലാമർഫിയുടെ 'ഓൺ എ ഷൂസ്ട്രിങ്ങ് ടു കൂർഗ്ഗ്' (on a shoestring to coorg). എത്രത്തോളം ആകസ്മികമായാണോ എനിക്കാ പുസ്തകം ലഭിച്ചത്, അത്രത്തോളം വിസ്മയങ്ങൾ അടങ്ങിയതായിരുന്നു ആ യാത്രാനുഭവ പുസ്തകം. ഭർത്താവിൽ നിന്നുവേർപിരിഞ്ഞ ഒരു നഴ്സ്, അഞ്ചുവയസ്സുകാരി മകളുമായി ഭാരതത്തിലേക്ക് യാത്ര ചെയ്യുന്നു. ആദ്യമായി എത്തിച്ചേർന്നത് ബോംബെ നഗരിയിലാണ്. അതിന്റെ ആഘാതത്തിൽ നിന്നും മുക്തയായി മർഫി കൂർഗ്ഗിന്റെ കുളിർമ്മയിലും കൊളോണിയാലിറ്റിയിലും ചേക്കേറി, ഗൃഹാതുരമായ അനുഭവങ്ങൾ പങ്കുവെക്കുന്നതാണ് പുസ്തകത്തിന്റെ ഉള്ളടക്കം.

**ഗൃഹാതുരത്വം**

എന്തൊക്കെയോ രീതിയിൽ ആ പുസ്തകം എന്നെ സ്പർശിച്ചു. അതിലെ ആത്മനിഷ്ഠമായ അഭിപ്രായങ്ങൾ ചൊടിപ്പിച്ചു. മർഫി കണ്ട ബോംബെയിലെ പലതരം ഗന്ധങ്ങളും കാഴ്ചകളും ശബ്ദങ്ങളും സ്പർശങ്ങളും രുചികളും പ്രകോപനീയമായിരുന്നു.

'ഞാൻ ഇന്ത്യയെ വെറുക്കുന്നു' 'ഞാൻ ഇന്ത്യയെ സ്നേഹിക്കുന്നു' എന്നീ കുമ്പസാരങ്ങളാലും പ്രഖ്യാപനങ്ങളാലും കെട്ടുപിണഞ്ഞു കിടക്കുന്ന പുസ്തകം. ബോംബെയിലെ ഭിക്ഷക്കാരുടേയും വികലാംഗരുടേയും അതിശയോക്തി കലർന്ന ഹാസ്യചിത്രീകരണങ്ങൾ, മലത്തിന്റേയും മൂത്രത്തിന്റേയും രൂക്ഷഗന്ധം, ലൈംഗികത, തുളച്ചുകയറുന്ന മസാലയുടെ രുചി അഥവാ അരുചി, ഇന്ദ്രിയോദ്ദീപകങ്ങളായ അനുഭവങ്ങളാണ് ചുറ്റും. ബോംബെയിൽ നിന്നും കൂർഗ്ഗിലേക്ക് ഒളിച്ചോടുമ്പോൾ മർഫിയെ എതിരേൽക്കുന്നത് സ്വന്തം ജന്മനാട്ടിലെ ഓർമ്മകളാണ്. കാലാവസ്ഥ തൊട്ട് മദ്യപന്മാർ വരെ സ്വന്തം വീട്ടിലെ ഓർമ്മകൾ അവരെ തൊട്ടുണർത്തുന്നു.

*'ഞാൻ ഇന്ത്യയെ വെറുക്കുന്നു' 'ഞാൻ ഇന്ത്യയെ സ്നേഹിക്കുന്നു' എന്നീ കുമ്പസാരങ്ങളാലും പ്രഖ്യാപനങ്ങളാലും കെട്ടുപിണഞ്ഞു കിടക്കുന്ന പുസ്തകം. ബോംബെയിലെ ഭിക്ഷക്കാരുടേയും വികലാംഗരുടേയും അതിശയോക്തി കലർന്ന ഹാസ്യചിത്രീകരണങ്ങൾ, മലത്തിന്റേയും മൂത്രത്തിന്റേയും രൂക്ഷഗന്ധം, ലൈംഗികത, തുളച്ചുകയറുന്ന മസാലയുടെ രുചി അഥവാ അരുചി, ഇന്ദ്രിയോദ്ദീപകങ്ങളായ അനുഭവങ്ങളാണ് ചുറ്റും.*

പിന്നീട് വായിച്ചറിഞ്ഞ പല സ്ത്രീകളുടെ യാത്രാനുഭവങ്ങളിലും ഗൃഹാതുരത്വം എന്ന വികാരം നിറഞ്ഞു നിൽക്കുന്നതായി കാണാം. യാത്രാനുഭവങ്ങളിലൂടെ പല സാഹിത്യകാരികളും സാഹിത്യത്തിന്റെ അതിർവരമ്പുകൾ പുനർനിർവ്വചിക്കുകയും മാറ്റിയെഴുതുകയും ചെയ്യുന്നത് കാണാം. ബോംബെയുടെ പഴമയുടെ ചരിത്രമെഴുതിയ ഗിലിയൻ ടിൻഡൽ (Gillian Tindal)ന് യാത്രയെന്നത് ചരിത്രാന്വേഷണമാണ്. തത്ത്വാധിഷ്ഠിതമായ കൊളോണിയൽ ചരിത്രത്തിലൂടെയുള്ള യാത്രയാണ് അവർ യാത്രാനുഭവങ്ങളിലൂടെ കോറിയിടുന്നത്. സ്വന്തം അനുഭവങ്ങളും ചിന്തകളും ഓർമ്മകളും പ്രതിഫലനങ്ങളും അയവിറക്കുമ്പോൾ, യാത്ര എന്ന അനുഭൂതി, പുതിയ സ്ഥലങ്ങളിലേക്കും പുതിയ മനുഷ്യരിലേക്കുമുള്ള പലായനങ്ങൾ മാത്രമായി ഒതുങ്ങിത്തീരുന്നില്ല. മറിച്ച് ഈ യാത്രകൾ സ്ത്രീയാത്രികർക്ക് തുറന്നു കൊടുക്കുന്നത് ഉൾക്കാഴ്ചയുടെ വാതായനങ്ങളാണ്.

പുറംലോകങ്ങളിലും അപരിചിതമായ സ്ഥലങ്ങളിലുമെല്ലാം ഈ യാത്രികർ തേടുന്നത് പരിചിതമായ അന്തരീക്ഷമാണ്. ജനിച്ചുവളർന്ന പരിതസ്ഥിതിയുമായി സഞ്ചരിക്കുന്ന അന്യദേശങ്ങൾക്ക് സാമ്യതയുണ്ടെങ്കിൽ അത്രയും നന്ന്. അന്തരീക്ഷത്തിലും കാലാവസ്ഥയിലും രുചിയിലും കാഴ്ചയിലും ശബ്ദത്തിലും ഗന്ധത്തിലുമെല്ലാം ഈ യാത്രികർ തേടുന്നത് വിട്ടുപിരിഞ്ഞ അതേ ഗൃഹാന്തരീക്ഷം തന്നെയാണ്. അതുകൊണ്ട് തന്നെയാണ് സ്ത്രീയാത്രികരുടെ അന്വേഷണം ഇന്ദ്രിയപൂരിതമായ ആത്മാന്വേഷണങ്ങളായി മാറുന്നത്.

**എന്തുകൊണ്ട് ഇന്ത്യ?**

യാത്രികരുടേയും സഞ്ചാരികളുടേയും ലക്ഷ്യം ഇന്ത്യയെന്ന മഹാരാജ്യമായത് എങ്ങനെയെന്നുള്ള ചോദ്യത്തിന്റെ ഉത്തരം രസകരമാണ്. ചൈനീസ്, റോമൻസഞ്ചാരികൾ ഇന്ത്യയെ വ്യത്യസ്തമായി വസ്തുതാപരവും കാല്പനികവുമായി, ആത്മീയവും ഭൗതികവുമായുള്ള ഇരിപ്പിടമായി കണ്ടു കൊണ്ടാണ് തുടക്കം. ഇന്ത്യയെന്ന പ്രതിഭാസത്തെപ്പറ്റി അതിനുശേഷം വന്ന പല യാത്രികരും ഘോര

ഘോരം വിസ്തരിച്ചു. വാസ്ഗോഡ ഗാമയുടെ പ്രസിദ്ധമായ വംശീയത സ്ഫുരിക്കുന്ന യാത്രാവിവരണ ങ്ങൾ, ഇന്ത്യയെന്ന മഹാരാജ്യം ഒരു വിദേശിയിലുണർത്തുന്ന ആശ യക്കുഴപ്പത്തിന്റേയും വിഭ്രാന്തിയു ടേയും സാക്ഷിപത്രമാണ്. ഇതോ ടൊപ്പം (കൗതുകമുണർത്തുന്ന) ഒരു 'എക്സോട്ടിക് വാല്യു(exotic value)' ഇന്ത്യയിൽ ഈ സഞ്ചാരി കൾ കണ്ടെത്തി എന്ന വസ്തു തയും നിരവധി ഗവേഷണങ്ങൾക്ക് വഴിയൊരുക്കിയിട്ടുണ്ട്.

ഇന്ത്യയിലേക്ക് സഞ്ചരിച്ച് 'അനുഭവസാക്ഷ്യങ്ങൾ' വസ്തുതാ പരമായ സത്യമായി ചിത്രീകരി ക്കുന്ന സ്ത്രീയാത്രികരും ഈ എക്സോട്ടിക് വലയിൽ കുരുങ്ങി യവരാണ്. ആദ്യമായി ഇന്ത്യയെക്കു റിച്ച് യാത്രാവിവരണങ്ങൾ എഴു തിയ സ്ത്രീകൾ ബ്രിട്ടീഷുകാരായി രുന്നു. ഇന്ത്യയിലെത്തിയ ആദ്യത്തെ ബ്രിട്ടീഷ് വനിതകൾക്ക് യാത്ര ഒരു ഉപജീവനമാർഗ്ഗമോ വ്യവഹാരമോ ആയിരുന്നില്ല. അതി ലുപരി മിക്കവരും പുരുഷസഞ്ചാരി കളുടെ സഹചാരിണികളായി എത്തിച്ചേർന്നവരാകണം. അന്നൊക്കെ യാത്ര അഥവാ സഞ്ചാരം പുരുഷനിയന്ത്രിതമായ ഒരു മേഖലയാണ്. സ്ത്രീസഞ്ചാരി കൾ പുരുഷയാത്രികരുടെ ഭാര്യയോ സഹോദരിയോ ആയാണ് യാത്ര ചെയ്തിരുന്നത്. പ്രേക്ഷിതവേല ക്കെത്തിയ കന്യാസ്ത്രീകളും യാത്രികരുടെ കൂട്ടത്തിൽ പെടുമാ യിരുന്നു. ഇവരുടെ യാത്രാനുഭവ സാഹിത്യം ബ്രിട്ടീഷ്സാമ്രാജ്യത്വഭ രണവ്യവസ്ഥയിലേക്ക് വെളിച്ചം വീശുന്നവയാണ്. മിക്ക യാത്രാനു ഭവങ്ങളും സാമ്രാജ്യത്വ ഭരണത്തെ അനുകൂലിക്കുന്നവയായിരുന്നെ ങ്കിലും പലതിലും വ്യംഗ്യമായ വിമർശനങ്ങളും അടങ്ങിയിരുന്നു. ഇസബെല്ല ബേർഡ്, മറിയം ഗ്രഹാം, ഫാനി പാർക്സ്, എമിലി ഈഡൻ എന്നീ പ്രമുഖരായ യാത്രാനുഭവഎഴുത്തുകാരുടെ കൃതികൾ ചൂണ്ടിക്കാണിക്കുന്നത് കൊളോണിയൽ ചിന്താധാരയിൽ സ്ത്രീഎഴുത്തുകാരുടെ കൃതിക ളിൽ വ്യംഗവും ഗോപ്യവുമായ വിമർശനങ്ങൾ അടങ്ങിയിരുന്നുവെ ന്നാണ്.

സ്വാതന്ത്ര്യത്തിനുശേഷമുള്ള യാത്രാവിവരണങ്ങളിൽ കൊളോ ണിയൽ കാലഘട്ടത്തിലെന്നപോ ലെത്തന്നെ, ബ്രിട്ടീഷ് ആധിപത്യം നമുക്ക് ഗ്രഹിച്ചെടുക്കാം. ഇതേ സമയം ഇന്ത്യയിലേക്ക് സഞ്ചരി ക്കുന്ന സ്ത്രീയാത്രികരുടെ എണ്ണ ത്തിലും വർദ്ധനവുണ്ടായ സമയ വുമാണിത്. രണ്ടാംലോകമഹായു ദ്ധത്തിനുശേഷമുള്ള താരതമ്യേന യുള്ള സമാധാനപരമായ അന്ത രീക്ഷം, യുദ്ധാനന്തരമുണ്ടായ മാന സികാഘാതം, പൗരസ്ത്യസമൂഹ ത്തിൽ സ്ത്രീകൾക്കുണ്ടായ സ്ഥാന ക്കയറ്റം എന്നീ പലകാരണങ്ങൾ മൂലമാകണം സ്ത്രീയാത്രികരുടെ എണ്ണത്തിൽ വർദ്ധനവും സഞ്ചാര സാഹിത്യത്തിൽ അതിന്റെ പ്രതിഫ ലനമുണ്ടാവുകയും ചെയ്തത്. യുദ്ധത്തിന്റെ ക്ഷതങ്ങൾ ഉണക്കാ നെന്നവണ്ണം ബ്രിട്ടീഷ് ജനത ക്കാകെ പഴയ കൊളോണിയൽ രാജ്യങ്ങളോട് ഒരു പ്രത്യേക താത്പര്യവും കൗതുകവുമുണ്ടായ കാലഘട്ടമായിരുന്നു അത്. യുദ്ധാ നന്തര വർഷങ്ങളിൽ ബ്രിട്ടീഷ് ജന തയുടെ കൊളോണിയൽ ഗൃഹാതു രത്വം അതിന്റെ പാരമ്യതയിൽ നിൽക്കുകയായിരുന്നു എന്നതും വാസ്തവമാണ്.

ആഗോളവത്ക്കരണത്തിന്റെ പടിവാതിൽക്കൽ നിൽക്കുന്ന എൺപതുകളിലാണ് സഞ്ചാരസാ ഹിത്യം അഥവാ യാത്രാനുഭവ സാഹിത്യത്തിന് അതിന്റെ തന തായ രൂപത്തിൽ തന്നെ അംഗീകാ രവും ഗണനീയമായ സ്ഥാനക്കയ റ്റവും ലഭിക്കുന്നത്. എഴുപതുക ളിലെ 'സ്റ്റുഡൻസ് റെവല്യൂഷ' (students revolution) നും ഫൂക്കേൾഡിയൻ സിദ്ധാന്തങ്ങളും ഈ മാറ്റത്തിന് വഴിയൊരുക്കിയ ചില ഘടകങ്ങളാണ്. ലോകമെമ്പാ ടുമുള്ള യാത്രാനുഭവ സാഹിത്യത്തി നുണ്ടായ മാറ്റം സ്ത്രീ യാത്രാനുഭ വങ്ങളേയും ബാധിച്ചു. അന്നൊന്നു മില്ലാത്ത ഒരു കമ്പോളം സ്ത്രീ യാത്രാസാഹിത്യത്തിനുണ്ടായി എന്നു മാത്രമല്ല, പല വിൽപ്പനാ പ്രത്യയ ശാസ്ത്രങ്ങളേയും അതി ശയിപ്പിച്ചുകൊണ്ട് തന്നെ ആ കമ്പോളവത്ക്കരണം നടക്കുകയും ചെയ്തു.

ഇന്ന് യാത്രാനുഭവസാഹിത്യം മുൻകാലങ്ങളിലെ സഞ്ചാരസാഹി ത്യത്തിൽ നിന്നും വളരെയധികം മുന്നോട്ട് സഞ്ചരിച്ചു കഴിഞ്ഞിരിക്കു ന്നു. ഓർമ്മക്കുറിപ്പുകൾ, ആത്മക ഥ, നരവിജ്ഞാനശാസ്ത്രം, ഭൂമിശാ സ്ത്രം, ചരിത്രാഖ്യാനം, സാമൂഹി കശാസ്ത്രം എന്നീ ജനുസ്സുകൾ കലർത്തി, സാഹിത്യത്തിന്റെ അതിർവരമ്പുകളും അയിത്തങ്ങളും ലംഘിച്ച്, സ്ത്രീയാത്രികർ അവര വരുടെ യാത്രാനുഭവങ്ങൾ താളുക ളിൽ കോറിയിടുന്നു. പലർക്കും എഴുത്ത് എന്ന ആത്മാന്വേഷണ പ്രക്രിയയും യാത്ര എന്ന ലോകാ ന്വേഷണ പ്രവൃത്തിയും പരസ്പര പൂരകങ്ങളാണ്. ഈ വളർന്നു പന്ത ലിക്കുന്ന സാഹിത്യ തരുവിൽ ഡോക്യുമെന്ററി, ഛായാഗ്രഹണം, ചിത്രമെഴുത്ത് എന്നീ കലകളും ഉൾപ്പെടുത്തി, സാഹിത്യ-ദൃശ്യ കലാ ലോകങ്ങളിലെ എല്ലാ അതിർവരമ്പുകളും ഉന്മൂലനം ചെയ്യുവാൻ പുരുഷസാഹിത്യകാ രെപ്പോലെ സ്ത്രീയാത്രികരും മുൻകയ്യെടുക്കുന്നു. വേൾഡ് വൈഡ് വെബ്ബിന്റെ പ്രസരണ ത്തിൽ അച്ചടിലോകത്തെന്നതു പോലെ ഇന്റർനെറ്റിലൂടെയും താന്താങ്ങളുടെ കാല്പനികതയും ഭാവനാസൃഷ്ടിയും അത്യധികം മനോഹരമായി ആഘോഷിക്കു വാൻ പല സ്ത്രീയാത്രികരും മുൻക യ്യെടുക്കുകയും ആ പ്രവൃത്തിയിൽ വിജയിക്കുകയും ചെയ്യുന്നു എന്നുള്ളത് വേറൊരു വസ്തുത. മുഖം മൂടികളില്ലാത്ത ഇടപെടലു കളും തന്നെ യാത്രാനുഭവസാഹി ത്യത്തിൽ സ്ത്രീകളുടെ സ്ഥാനം പ്രത്യക്ഷവും നിസ്ത്തർക്കമായതും ആക്കുന്നു. ●





ഡോ.മിനിനായർ

# സ്ത്രീസഞ്ചാരങ്ങൾ ഇതിഹാസങ്ങളിൽ

**വേരുകൾ** ഭൂമിയിൽ ആഴ്ത്തി ഉറപ്പിച്ച ഒരു വൃക്ഷം പോലെയാണ് പെണ്ണ്. ചരമെങ്കിലും അചരമായിരിക്കുന്ന ഒരു പ്രപഞ്ചസത്യം. സഞ്ചാരം എന്നും പുരുഷന്റെ മാത്രം കുത്തകയായിരുന്നു. ഒരു ദേശാടനപക്ഷിയെപ്പോലെ സ്വതന്ത്രനായിരുന്നു അവൻ. അവന്റെ ആകാശം അനന്തവും അപാരവുമാണ്. അവന്റെ ചിറകുകളിൽ സ്വാതന്ത്ര്യത്തിന്റെ തൂവലുകളാണ് തുന്നിപ്പിടിപ്പിച്ചിരിക്കുന്നത്.

സ്ത്രീക്ക് മനസ്സുകൊണ്ടു പോലും എത്തിപ്പിടിക്കാനാവാത്ത ദേശാന്തരപ്രയാണങ്ങൾ നടത്തുന്ന പുരുഷനെ എന്നും കൊതിയോടെ, കൗതുകത്തോടെ നോക്കി നിന്നിട്ടേയുള്ളൂ അവൾ. ചിലപ്പോൾ നിനച്ചിരിക്കാത്ത ചില സൗഭാഗ്യങ്ങൾ അവൾക്ക് വീണുകിട്ടാറുണ്ട്. സ്വന്തം പുരുഷന്റെ നിർഭാഗ്യം കൊണ്ടോ ഭാഗ്യം കൊണ്ടോ അവൻ നടത്തുന്ന യാത്രകൾക്ക് കൂട്ടാളിയാകാനുള്ള വിധി ചിലപ്പോൾ അവളെ തേടിയെത്തും. "വീടാം കൂട്ടിൽ കുടുങ്ങുന്ന തത്തമ്മകൾ" എന്ന് കാതറിൻ മേയോ വിശേഷിപ്പിച്ച ഭാരതീയസ്ത്രീത്വം അതിന്റെ സ്ഥായീഭാവത്തെ കുടഞ്ഞെറിയുന്ന അപൂർവ്വ അവസ്ഥയാണത്.

ഭാരതത്തിലങ്ങോളമിങ്ങോളം സ്വാതന്ത്ര്യത്തിന്റെ അലയൊലികൾ മുഴങ്ങിയ 1940 കളിൽ ആണ് സ്ത്രീസ്വാതന്ത്ര്യത്തിന്റെ ആവശ്യകത ഏറ്റവും അധികം ചർച്ച ചെയ്യപ്പെട്ടത്. സ്ത്രീകളുടെ സാമൂഹ്യപദവിയെക്കുറിച്ച് അങ്ങേയറ്റം കരുതപ്പെട്ട ഒരു കാലമായിരുന്നു അത്. പുരുഷാധിപത്യപ്രവണതയുള്ള സാമൂഹ്യപരിഷ്ക്കരണ മേഖലയിൽ സ്ത്രീകൾക്ക് ശക്തമായ ഇടമുണ്ടെന്ന് കണ്ടെത്തിയതും പുരുഷന്മാർ തന്നെയായിരുന്നു. ദേശീയ പ്രാദേശികതലങ്ങളിൽ നിരവധി വനിതാസംഘടനകൾ ഉണ്ടായ കാലം കൂടിയാണ് സ്വാതന്ത്ര്യസമരകാലം. ഉത്തർപ്രദേശിലെ മഹിളാസഭയും പഞ്ചാബിലെ കുമാരിസഭയുമൊക്കെ ഇക്കാലത്തുണ്ടായവയാണ്. സ്വാതന്ത്ര്യസമരസേനാനികൾ വീടെന്ന സങ്കുചിതസങ്കല്പത്തെ അതിജീവിച്ച് രാഷ്ട്രമെന്ന വിശാലലോകത്തേക്ക് ഇറങ്ങിത്തിരിച്ച ആ കാലത്ത് സ്ത്രീയുടെ അവസ്ഥ - സഞ്ചാരത്തിനും വീടുപേക്ഷിക്കലിനും അവൾക്ക് ലഭിച്ച സ്വാതന്ത്ര്യം- എന്തായിരുന്നു എന്ന് പരിശോധിക്കുന്നത് കൗതുകകരമായിരിക്കും.

*സ്ത്രീക്ക് മനസ്സുകൊണ്ടുപോലും എത്തിപ്പിടിക്കാനാവാത്ത ദേശാന്തരപ്രയാണങ്ങൾ നടത്തുന്ന പുരുഷനെ എന്നും കൊതിയോടെ, കൗതുകത്തോടെ നോക്കി നിന്നിട്ടേയുള്ളൂ അവൾ. ചിലപ്പോൾ നിനച്ചിരിക്കാത്ത ചില സൗഭാഗ്യങ്ങൾ അവൾക്ക് വീണുകിട്ടാറുണ്ട്.*

സ്വാതന്ത്ര്യസമരകാലത്ത് ഭാരതീയസ്ത്രീത്വത്തെ/ജനതയെ അതിശക്തമായി സ്വാധീനിച്ച വ്യക്തിത്വം ഗാന്ധിജിയായിരുന്നു. സ്ത്രീകൾ ഗാന്ധിജിയോടൊത്തു പ്രവർത്തിക്കുന്നതിൽ അവരുടെ രക്ഷാകർത്താക്കൾ സന്തുഷ്ടരും അഭിമാനികളുമായിരുന്നു. അന്യാദൃശ്യമായ സ്വാധീനമാണ് ഗാന്ധിജിക്ക് സ്ത്രീകളുടെ മേൽ ഉണ്ടായിരുന്നത്. എന്നാൽ സ്ത്രീയുടേയും പുരുഷന്റേയും സാമൂഹ്യപങ്കാളിത്തവും കർത്തവ്യങ്ങളും അടിസ്ഥാനപരമായി വ്യത്യാസപ്പെട്ടിരിക്കുന്നതായി ഗാന്ധിജി വ്യക്തമാക്കുന്നു. സ്ത്രീകളുടെ സ്ഥാനം വീട്ടിലാണെന്ന് വ്യക്തമായി തന്നെ അദ്ദേഹം പ്രസ്താവിക്കുന്നു. പുറത്തുപോയി ഉപജീവനമാർഗ്ഗം കണ്ടെത്തുക എന്നത് പുരുഷന്റെ മാത്രം കർത്തവ്യമാണെന്ന് അദ്ദേഹം നിരീക്ഷിച്ചു.

സ്വാതന്ത്ര്യസമരകാലത്തെന്നല്ല, ദേശീയനവോത്ഥാനപ്രസ്ഥാനകാലത്തെന്നല്ല, ആധുനികകാലത്തെന്നല്ല ഒരു കാലത്തും സ്ത്രീ സ്വതന്ത്രയായിരുന്നില്ല. തന്റെ മേൽ ഒരപരാധമെന്നവണ്ണം പറ്റിപ്പിടിച്ച ശാരീരിക അവസ്ഥകൾ അവളെ പലതിൽ നിന്നും പിന്നാക്കം പിടിച്ചു. സ്നേഹമയിയായ അമ്മയായും കരുതലുള്ള ഭാര്യയായും ഉത്തരവാദിത്തമുള്ള മകളായും അങ്ങനെ പലതായും ഒരേ സമയം ജീവിക്കേണ്ടി വന്നപ്പോൾ തന്റെ മാത്രമായ കൊതികളേയും കൗതുകങ്ങളേയും നിമിഷങ്ങളേയും അവൾ ബോധപൂർവ്വം വിസ്മരിച്ചു. രാത്രിയും പകലും പുരുഷൻ ഒരുപോലെ കാൽച്ചുവട്ടിൽ ആക്കിയപ്പോൾ പകലിന്റെ ഒരു തരി വെളിച്ചം പോലും സ്ത്രീക്ക് സ്വന്തമായി ലഭിച്ചില്ല.

ഇതിഹാസങ്ങളുടെ കാലം മുതൽ ആരംഭിക്കുന്നു ഈ പരാധീനത. നിത്യനൂതനമായ മനുഷ്യബന്ധങ്ങളുടെ വശ്യതയാണ് ആദികാവ്യമായ രാമായണം ആസ്വാദകർക്കു മുന്നിൽ വെക്കുന്നത്. രാമായണം 'രാമന്റെ അയനം' ആണെന്നാണ് പണ്ഡിതമതം. എന്നാൽ

*സ്വാതന്ത്ര്യസമരകാലത്തെന്നല്ല, ദേശീയനവോത്ഥാനപ്രസ്ഥാനകാലത്തെന്നല്ല, ആധുനികകാലത്തെന്നല്ല ഒരു കാലത്തും സ്ത്രീ സ്വതന്ത്രയായിരുന്നില്ല. തന്റെ മേൽ ഒരപരാധമെന്നവണ്ണം പറ്റിപ്പിടിച്ച ശാരീരിക അവസ്ഥകൾ അവളെ പലതിൽ നിന്നും പിന്നാക്കം പിടിച്ചു.*

അക്ഷരാർത്ഥത്തിൽ അത് സീതായനമാണ്. ഭൂമിയെ ഉഴുതു മറിച്ചപ്പോൾ ഉഴവുചാലിൽ നിന്നും ജനകമഹാരാജാവിന് ലഭിച്ച മൈഥിലി തിരിച്ച് ഭൂമിയുടെ മാറിലേക്ക് മടങ്ങുന്നതുവരെയുള്ള ദീർഘസഞ്ചാരത്തിന്റെ കഥയാണ് രാമായണം പറയുന്നത്. ഇതിനിടയിൽ ചെറുതും വലുതുമായ നിരവധി യാത്രകൾ സീത നടത്തുകയുണ്ടായി. സ്വന്തം ഇച്ഛാനുസരണവും അല്ലാതെയും. സീതയുടെ ആദ്യ യാത്ര മിഥിലയിൽ നിന്ന് അയോദ്ധ്യയിലേക്കായിരുന്നു. ശൈവചാപം മുറിച്ച് വീരശുല്ക്കമായ കന്യകയെ നേടിയ രാമനോടൊപ്പം ധർമ്മപത്നിയായുള്ള ആദ്യയാത്ര.

പിന്നീട് സീതക്ക് യാത്ര ചെയ്യേണ്ടിവന്നത് ദണ്ഡകാരണ്യത്തിലേക്കായിരുന്നു. മാതാവായ കൈകേയിയുടെ ആജ്ഞ പാലിക്കുന്നതിന് വേണ്ടി 14 വർഷം വനവാസത്തിനായി ദണ്ഡകാരണ്യത്തിലേക്ക് പുറപ്പെട്ട രാമന്റെ ധർമ്മപത്നിയായി അദ്ദേഹത്തിന്റെ പാദങ്ങളെ അവൾ പിന്തുടർന്നു.

"നീയിവിടെ അച്ഛനമ്മമാരെ ശുശ്രൂഷിച്ച് ശാന്തമായി കാലംകഴിക്കുക, ഞാൻ വനത്തിലേക്കു പോകട്ടെ' എന്ന രാമന്റെ വാക്കുകൾ സീത ചെവിക്കൊള്ളുന്നില്ല.

"ഭർത്താവിന്റെ ഭാഗ്യനിർഭാഗ്യങ്ങളിൽ പങ്കുകൊള്ളേണ്ടവളാണ് ഭാര്യ എങ്കിൽ എന്റെ വാസവും കാട്ടിൽ തന്നെയാകണം. അവിടുന്നു ദുർഗ്ഗമമായ വനത്തിലേക്കു പോകുന്നു. കാട്ടിലെ മുള്ളും മുരടും ചവിട്ടി മെതിച്ചു മൃദുവാക്കി ഞാൻ മുമ്പിൽ നടക്കും." എന്നിങ്ങനെയാണ് സീത വനത്തിലേക്ക് യാത്രയാകുന്നത്. സീതയുടെ വനയാത്രയിൽ താത്പര്യമില്ലാത്ത രാമൻ അതിനെ എതിർക്കാൻ തുനിയുമ്പോൾ "മിഥിലാധിപനായ എന്റെ പിതാവ് തന്റെ മകളെ പുരുഷരൂപം പൂണ്ട ഒരു പെണ്ണിനാണ് കൊടുക്കുന്നതെന്നറിഞ്ഞില്ലല്ലോ" എന്ന് രാമന്റെ പൗരുഷത്തെ തന്നെ ചോദ്യം ചെയ്യുന്നു. ഒടുവിൽ രാമനോടൊപ്പം ദണ്ഡകാരണ്യത്തിലെത്തുകയും അവിടെ നിന്ന് രാവണന്റെ കാമത്തിന് പാത്രമായി ലങ്കയിലേക്കുള്ള യാത്രയും.

പഞ്ചകന്യകമാരിൽ പ്രഥമയായ സീത എത്തിയ ഒരു യാത്രയും സഞ്ചാരമായിരുന്നില്ല. വെറും യാത്രകൾ മാത്രമായിരുന്നു. മിഥിലയിൽ നിന്ന് അയോദ്ധ്യയിലേക്ക് യാത്ര ചെയ്തപ്പോൾ ഒരു പിടിക്കു സ്വപ്നങ്ങൾ എങ്കിലും സീതക്കുണ്ടായിരുന്നിരിക്കണം. ഭാർഗ്ഗവരാമനോട് ഏറ്റുമുട്ടിയ തന്റെ പതിയെക്കുറിച്ചുള്ള അഭിമാനം കൊണ്ട് അവളുടെ മനസ്സ് നിറഞ്ഞിരിക്കണം. പക്ഷേ, ഭിന്നമായിരുന്നു ലങ്കയിലേക്കുള്ള യാത്രയുടെ അവസ്ഥ. രാവണൻ ഇടതുകൈകൊണ്ട് സീതയുടെ തലമുടിക്കും വലതുകൈകൊണ്ട് തുടകളിലും മുറുകെ പിടിച്ച് അവളെ ഉയർത്തി. ആകാശമാർഗ്ഗേണ ചെയ്ത ആ തട്ടിക്കൊണ്ട് പോകലിൽ സീത അനുഭവിച്ചിട്ടുണ്ടാവാൻ സാധ്യതയുള്ളത് അരക്ഷിതത്വവും ഭീതിയും മാത്രമായിരുന്നിരിക്കണം.

പഞ്ചമവേദം എന്നറിയപ്പെട്ട മഹാഭാരതത്തിലുമുണ്ട് സ്ത്രീ സഞ്ചാരങ്ങൾ. മഹാഭാരതത്തിന്റെ സത്തയായ മൂന്നു സ്ത്രീകൾ കുന്തി, ഗാന്ധാരി, ദ്രൗപതി ഇവർ നടത്തിയ സഞ്ചാരങ്ങൾ അക്കാലത്തെ ഏതൊരു സ്ത്രീയുടേയും

യാത്രകൾക്ക് സമാനമായിരുന്നു. വിവാഹാനന്തരം ഭാര്യാധർമ്മത്തെ അനുസരിക്കുന്നതിനായി നടത്തുന്ന യാത്രകളായിരുന്നു അവയെല്ലാം. സീതയെപ്പോലെ പഞ്ചകന്യകമാരിൽ പ്രമുഖസ്ഥാനം വഹിച്ച ദ്രൗപതിക്ക് ജീവിതത്തിലും സീതയോട് സമാനതയുണ്ടായിരുന്നു. ഭർത്താക്കന്മാരുടെ വനയാത്രക്ക് കൂട്ടുപോകാൻ അവളും നിയോഗിക്കപ്പെട്ടു. കുരുവംശത്തിലെ നീതിഷ്ഠരായ പ്രമുഖർ ഇരുന്ന സദസ്സിലേക്ക് രജസ്വലയായ, ഒറ്റവസ്ത്രധാരിയായ ദ്രൗപതിയെ മുടിയിൽ പിടിച്ച് വലിച്ചുകൊണ്ടുവന്ന് അപമാനിച്ച കൗരവ ദർപ്പത്തിന് ശേഷമായിരുന്നു അവളുടെ വനയാത്ര. പ്രതികാരാഗ്നിയുമായി വനത്തിലേക്ക് യാത്ര ചെയ്ത പാഞ്ചാലിയുടെ ഉള്ള് നിറച്ചത് കാനനഭംഗിയായിരുന്നില്ല. പകരം അപമാനവും പ്രതികാരവുമായിരുന്നു.

രാമായണത്തിൽ സീതയുടേത് എന്നപോലെ പരമ്പരാഗതവും ത്യാഗപൂർണ്ണവുമായ യാത്രയായിരുന്നു ദ്രൗപതിയുടേത്. മനസ്സിൽ അപമാനവും ചിന്തകളിൽ വിജയത്തിന്റെ സ്വപ്നവും അവളിൽ തീപോലെ ജ്വലിച്ചു. യാത്രകൾക്ക് ഇന്ധനമായി നിന്നു. ദ്രൗപതിയിൽ നിന്ന് വ്യത്യസ്തമായി മഹാഭാരതത്തിലെ രണ്ടു കഥാപാത്രങ്ങൾ ഭർത്താവിൽ നിന്ന് വേറിട്ട് ചില യാത്രകൾ നടത്തിയിട്ടുണ്ട്. സാഹചര്യങ്ങളുടെ സമ്മർദ്ദത്തിന് സാമൂഹ്യഅവസ്ഥയുടെ പ്രേരണക്ക് അവരും വശംവദരായിരുന്നു എന്നുള്ളത് വാസ്തവമാണെങ്കിലും സീതയുടേയും ദ്രൗപതിയുടേയും സഞ്ചാരങ്ങളിൽ നിന്ന് വ്യത്യസ്തമായിരുന്നു ശകുന്തളയുടേയും ദമയന്തിയുടേയും സഞ്ചാരങ്ങൾ.

തന്റെ ഉദരത്തിലെ ഗർഭത്തിന് ഹേതുവായ ഭർത്താവിനെ അന്വേഷിച്ച് ആശ്രമത്തിൽ നിന്ന് കൊട്ടാരത്തിലേക്ക് യാത്രചെയ്ത ശകുന്തള നിസ്സഹായയും നിരാലംബയുമായി തിരിച്ചു പോകുന്ന കാഴ്ച പിന്നീട് നാം കാണുന്നുണ്ട്. അവളെ അപകടത്തിൽ നിന്ന് രക്ഷപ്പെടുത്താൻ സ്വന്തം മാതാവായ മേനക തന്നെ എത്തിച്ചേരേണ്ടി വന്നു. പക്ഷേ ശകുന്തളയുടെ യാത്രക്ക് വൈകിയാണെങ്കിലും വ്യക്തമായ ഒരുത്തരം കണ്ടെത്താനായി.

പാഞ്ചാലിയെ മാറ്റി നിർത്തിയാൽ സ്വന്തം ജീവിതം ക്രമീകരിക്കുന്നതിൽ അസാധാരണമായ വൈഭവവും വിവേകവും പ്രകടിപ്പിച്ച ഇതിഹാസ കഥാപാത്രമാണ് ദമയന്തി. ചൂതുകളിയിൽ സമസ്ത പ്രതാപവും നഷ്ടപ്പെട്ട് കലിബാധിതനായി കാട്ടിലേക്ക് തിരിച്ച ഭർത്താവിനെ അനുഗമിക്കുകയായിരുന്നു ദമയന്തി. കാട്ടിൽ ഏകയായിപ്പോകുന്നു അവൾ. പ്രതിസന്ധികളെ ചെറുത്ത് സ്വയം തരണം ചെയ്യുന്ന സ്ത്രീയെ ദമയന്തിയിൽ നമുക്ക് കാണാം. 'എനിക്ക് എന്നെ വെടിയാൻ സാധിച്ചാലും നിന്നെ വെടിയാൻ പ്രയാസമാണ് എന്ന വാഗ്ദാനം നൽകുകയും 'വായുദേവനും സൂര്യദേവനും പോലും യഥേഷ്ടം കണ്ടിട്ടില്ലാത്തവളാണ് എന്റെ കാന്ത' എന്നഭിമാനം കൊള്ളുകയും ചെയ്ത നളൻ അവളുടെ ഏകവസ്ത്രത്തിന്റെ പകുതി സ്വന്തമാക്കി കടന്നു കളഞ്ഞപ്പോൾ ദമയന്തി അനുഭവിച്ച സംഘർഷം മറ്റേത് ഇതിഹാസ കഥാപാത്രത്തിനും ഉപരിയായിരുന്നു. ഋഷവാൻ പർവ്വതവും വിന്ധ്യാശൈലവും പയോഷ്ണിനദിയും അവന്തിയും വിദർഭയും കോസലവും പിന്നിട്ട് വനത്തിലൂടെ സഞ്ചരിച്ച് കാട്ടാളന്റെ പ്രണയാഭ്യർത്ഥനയെ അതിജീവിച്ച ദമയന്തി ദക്ഷിണാപഥത്തിലെത്തിച്ചേരുക തന്നെ ചെയ്തു. അതിജീവനത്തിന്റെ ഉദാത്തമായ യാത്രയായിരുന്നു അത്.

ഇതിഹാസത്തിലെ പ്രമുഖ സ്ത്രീകഥാപാത്രങ്ങളുടെ സഞ്ചാരം നമുക്ക് തരുന്നത് ഒട്ടും പൗരാണികമായ ഒരു പാഠമല്ല. പകരം സമകാലികസമൂഹത്തിലെ ഏതൊരു സ്ത്രീയും അഭിമുഖീകരിക്കുന്ന നിസ്സഹായമായ സഞ്ചാര പാഠങ്ങളാണ്. പുരുഷന്റെ അലസ വിനോദങ്ങൾക്കും ഉന്മാദങ്ങൾക്കും ഇരയായി ധാർമ്മികമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റാൻ വിധിക്കപ്പെട്ടവളായി ഇന്നും സ്ത്രീ യാത്രതുടരുന്നു. തന്റേതായ ഇടങ്ങൾ കണ്ടെത്താതെ തന്നെ. ●

---

*പേജ് 17 തുടർച്ച*

ചോദിക്കാൻ! വില പേശാൻ സ്ത്രീകളെക്കൊണ്ടേ പറ്റൂ എന്നു കരുതുന്നവർക്കും നമ്മുടെ സഹായം വേണം. സ്ത്രീകൾ ഏറ്റവും ഭാവനയോടെ ഫോട്ടോ എടുക്കും എന്നാണ് അതിനായി എന്റെ സഹായം തേടിയ ഒരു സുഹൃത്ത് പറഞ്ഞത്! മറ്റൊരാൾ പറഞ്ഞത്, സ്ത്രീകൾ ഏതൊക്കെ ഭക്ഷണം ട്രൈ ചെയ്യുന്നു എന്നുള്ളതു മാതൃകയാക്കാം എന്നാണ്. കാരണം, അവർ ഭക്ഷണത്തിലും നിതാന്ത ജാഗ്രത പുലർത്തുന്നു. വാരിവലിച്ചു തിന്നില്ല, വയറു കേടാക്കും എന്നു സംശയം തോന്നുന്ന വയുടെ അടുത്തു കൂടിപ്പോലും പോകില്ല!

മടങ്ങിയെത്തിയപ്പോൾ, റിപ്പോർട്ടുകൾ നന്നായിരുന്നെന്നു മേലുദ്യോഗസ്ഥരും സഹപ്രവർത്തകരും സ്വീകരിച്ചു. പോയതു വെറുതെയായില്ലല്ലോ എന്ന് ആശ്വാസമായി.

ആധി പിടിച്ചു തുടങ്ങിയ യാത്ര (വിവരണം) ആണെങ്കിലും കണ്ടില്ലേ, ഞാൻ നിർത്തുന്നതു സന്തോഷത്തോടെയാണ്. യാത്രയെപ്പറ്റി വല്ലാതെ വേവലാതിപ്പെട്ടപ്പോൾ, കൂട്ടുകാരികളെല്ലാം പറഞ്ഞു–ഒരിക്കലും വേണ്ടെന്നുവെക്കരുത്. ഇതു നല്ലൊരവസരമല്ലേ, അംഗീകാരമല്ലേ...

എന്റെ ടെൻഷൻ കൊണ്ട് അതൊന്നും ഞാൻ ശരിക്കു കേട്ടു തന്നെയില്ല. പക്ഷേ ഈ കുറിപ്പ് അവസാനിപ്പിക്കുമ്പോൾ, അതിനപ്പുറമൊന്നും നിങ്ങളോടും എനിക്കു പറയാനില്ല. ഒരു കാര്യം പറയാൻ വിട്ടുപോയി, ആകെ അലങ്കോലമയമായി എന്നെ കാത്തുകിടന്നു എന്റെ വീട് എങ്കിലും അതത്ര വലിയ പ്രശ്നമായി ഇപ്പോൾ എനിക്കു തോന്നുന്നില്ല.

●



# യാത്രയുടെ തത്ത്വശാസ്ത്രം



മീരാ അശോക്

**മനുഷ്യന്റെ** അവിശ്വസനീയമായ ഒരു യാത്രയുടെ ഫലമാണ് ഇന്നീ ഭൂമിയിൽ കാണുന്നതെല്ലാം. അനന്തമായ കാലത്തിന്റെ അടിത്തട്ടിലെവിടെയോ നിന്നും പുറപ്പെട്ട ആ കാലടിപ്പാടുകൾ മെല്ലെമെല്ലെ ഭൂഗോളം മുഴുവൻ വ്യാപിച്ച് ഭൂമിയെ മനുഷ്യസ്പർശമുള്ളതാക്കിത്തീർത്തു.

മൃഗങ്ങളിൽ നിന്നും ഏതോ ചില കാരണങ്ങളാൽ വ്യത്യാസപ്പെട്ടതാണ് ഹോമോസാപ്പിയൻസ് എന്ന മനുഷ്യൻ. ഭൂമിയുടെ ഇരുണ്ട ഭൂഖണ്ഡങ്ങളിലൊന്നിൽ ഉരുവായ ആദ്യ സ്ത്രീയെ 'ഇവ' യെന്ന് ലോകം വിളിച്ചു.പ്രകൃതിശക്തികളോടും ഇരതീനികളായ മൃഗങ്ങളോടും, കൊന്നുതിന്നുന്ന മറ്റു നരഭോജികളോടും പോരാടി, വന്യമായ ചലനങ്ങളോടെ അവൾ കുതിക്കുമ്പോൾ മനുഷ്യവംശത്തിന്റെ ഭാവിഭാഗധേയം അവളുടെ മാർത്തട്ടിൽ അമർന്നു കിടക്കുകയായിരുന്നു.

ഇന്ന് മനുഷ്യൻ ഭൂമി മുഴുവൻ വ്യാപിച്ചിരിക്കുന്നു. ആകൃതിയിലും രൂപത്തിലും വ്യത്യാസമുള്ള അവർ പലഭാഷ സംസാരിക്കുന്നു. തമ്മിൽ തിരിച്ചറിയാൻ കഴിയാത്ത ഒരു വലക്കണ്ണിയിലെ ബിന്ദുക്കളായി മാറിയിരിക്കുന്നു.

ആകാശമെന്ന അതിരുകളെ ഭേദിച്ചും മനുഷ്യൻ മുന്നോട്ട് കുതിക്കുന്നു. നിരന്തരമായ ചലനപഥങ്ങളിലൂടെ ലോകം നിരന്തരം സ്പന്ദിക്കുന്നു.

പാതി ആകാശത്തിനും പാതി ഭൂമിക്കും അവകാശിയായ സ്ത്രീയെ സംബന്ധിച്ചിടത്തോളം യാത്ര തികച്ചും നൈസർഗ്ഗികമായ ഒരു ചോദനയാണ്. നൈരന്തര്യമായ അനുഭവങ്ങളുടെ ആവിഷ്ക്കാരഭൂമികയാണ് അതുവഴി അവൾ സ്വന്തമാക്കുന്നത്. സ്വതസ്സിദ്ധമായ വിപദിധൈര്യവും വിശാലവീക്ഷണവും അവളെ അതിനു പ്രാപ്തയാക്കുന്നു.

ജൈവികമായ ഒരു പൊക്കിൾക്കൊടി ബന്ധമാണ് സ്ത്രീക്ക് യാത്രയുമായുള്ളത്. സമൂഹത്തിന്റെ അടിസ്ഥാനം കുടുംബം എന്ന വ്യവസ്ഥിതിയിൽ അടിയുറച്ചതിനാൽ വിവാഹത്തോടെ ജനിച്ചുവളർന്ന നാടും വീടും മാതാപിതാക്കളേയും ഉപേക്ഷിച്ച് പുതിയ ഒരിടത്ത് ജീവിതം പറിച്ചുനട്ട്

പുഷ്പിക്കുവാൻ സ്ത്രീ നിയോഗിക്കപ്പെട്ടതും ഇതുകൊണ്ടാവാം. ഗംഗ, യമുന, സരസ്വതി, കാവേരി എന്നിങ്ങനെ നിത്യസഞ്ചാരിണികളായ നദികളുടെ പേരുകൾ സ്ത്രീകൾക്ക് നൽകാറുള്ളതും അതുകൊണ്ടാവാം. ഒരു നദിയേപ്പോലെ തടങ്ങളെ ശാദ്വലമാക്കി ഒഴുകി സ്വയം പുതുക്കപ്പെടുക എന്നത് അവളുടെ നിയോഗമായിരിക്കാം.

പഴയകാലങ്ങളിൽ സ്ത്രീയും പുരുഷനും തോളോടുതോൾ ചേന്നു നടത്തിയിരുന്ന മത്സ്യബന്ധനവും കാർഷികവൃത്തിയും കുടുംബം പരിപാലിക്കുന്നതിലെ സഹവർത്തിത്വവും സംരക്ഷണവും പിന്നീട് പുരുഷാധിപത്യത്തിലേക്ക് എത്തിച്ചേരുകയും ചെയ്തുവെന്ന് ചരിത്രം പറയുന്നു.

അനുദിനം വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്ന അറിവിന്റെ ഈ വിസ്ഫോടന കാലത്തും നീതികേടിന്റെ കൈപ്പുനീർ കൂടി കുടിക്കാൻ അവൾ നിർബ്ബന്ധിതയാകുന്നു എന്നത് വിചിത്രമാണ്. സ്ത്രീക്കും പുരുഷനും തുല്യത ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്നു. എന്നാൽ പ്രായോഗിക ജീവിതത്തിൽ ഈ നീതി സ്ത്രീക്കും പുരുഷനും ഒരുപോലെ ഇനിയും കിട്ടുന്നുമില്ല. സാമൂഹ്യജീവിതത്തിലെ ഈ അസന്തുലിതാവസ്ഥ കുടുംബങ്ങളുടെ താളം തെറ്റിക്കുന്നു.

ആഗോളവൽക്കരണത്തിന്റെ ഭാഗമായിട്ടുള്ള നഗരവൽക്കരണം ത്വരിതഗതിയിൽ മുന്നോട്ട് പോകുന്നു. മെട്രോയും മോണോറെയിലും കുതിച്ചെത്താൻ തയ്യാറെടുക്കുന്നു. കണ്ണിൽക്കുത്തുന്ന പ്രകാശവിതാനങ്ങളിൽ കുളിച്ച് നഗരങ്ങളും ഷോപ്പിംഗ് മാളുകളും ആകർഷകമായ കെട്ടിടങ്ങളും നിറയുന്നു. ഈ നിറക്കാഴ്ചകൾക്കു പിന്നിൽ അടിത്തറയുള്ള ഒരു ജനാധിപത്യ സാമൂഹ്യബോധത്തിന്റെ അഭാവം ചിലപ്പോഴെങ്കിലും നമ്മളെ അലോസരപ്പെടുത്തുന്നു. മാറിയ പരിതസ്ഥിതിയിൽ ജീവിതവും സംസ്ക്കാരവും പുനർനിർവചിച്ചെടുക്കാൻ എന്തുകൊണ്ടോ നാമിപ്പോഴും മടിക്കുന്നു.



അനീതിയുടേയും അപചയത്തിന്റേയും ചൂളംവിളികൾ നമ്മുടെ സദാചാരത്തിന്റേയും സ്വാഭിമാനത്തിന്റേയും പാളങ്ങളിൽ മിക്കപ്പോഴും മുഴങ്ങുന്നു.

ലോകത്തെ മനോഹരമായ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ തേടി ഗോഡ്സ് ഓൺ കൺട്രിയിലേക്ക് സഞ്ചാരികളെത്തുന്നു. കൂളിംഗ് ഗ്ലാസ്സും ബാക്ക്പാക്കുമായി നമ്മുടെ നഗരങ്ങളിലൂടെ, നാട്ടിൻപുറങ്ങളിലൂടെ സഞ്ചരിക്കുന്ന വിദേശ വനിതകളെക്കാണുമ്പോൾ യാത്രകൾ ഹരമാക്കിയ എത്രപേർ നമ്മുടെയിടയിലുണ്ടെന്ന് ചിന്തിച്ചുപോകും. നമ്മുടെ ചുറ്റുവട്ടത്തു തന്നെ നമുക്കറിയാത്തതും കാണാത്തതുമായ എന്തെല്ലാം കാഴ്ചകൾ. കാഴ്ചയുടെ വസന്തമൊരുക്കി നമ്മുടെ നാട് ടൂറിസ്റ്റ് ഡെസ്റ്റിനേഷനിൽ ഇടംപിടിക്കുമ്പോഴും ഡോക്യുമെന്ററികളിലൂടേയും ചാനൽ ടൂർ പ്രോഗ്രാമുകളിലൂടേയും നമ്മൾ അത് കണ്ടിരിക്കേണ്ടിവരുന്നത് വിരോധാഭാസമാണ്. യാത്രകൾ ചെയ്തുതന്നെയാവണം യാത്ര ചെയ്യാൻ പഠിക്കേണ്ടത്.

ഗ്രാമവസന്തങ്ങളൊക്കെ വിട്ടൊഴിയാറാകുന്നു. വികസനം ജെ.സി.ബി.യുടെ രൂപത്തിൽ പശ്ചിമഘട്ടങ്ങളെ കാർന്നുതിന്നുന്നു. ഒരുവിളിക്കു മറുവിളി ഉയരുമായിരുന്ന ചുറ്റുവട്ടത്തു നിന്നും മതിലുകളാൽ ചുറ്റപ്പെട്ട്, റോഡുകളാൽ വളയപ്പെട്ട്, ആകാശം അതിരാക്കി നാം വളർന്നിരിക്കുന്നു. തുടക്കം മുതൽ ഒടുക്കംവരെ നീളുന്ന യാത്രകൾ. യാത്രകൾ അകലങ്ങളെ കുറക്കുകയും അപരിചിത ലോകങ്ങളെ അടുപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

ലോകത്ത് കരുതലോടെ ചെയ്യപ്പെടുന്ന വിഷയങ്ങളിലൊന്ന് 'യാത്ര' യാണ്. ഓരോ രാജ്യങ്ങളും തങ്ങളുടെ പൗരന്മാരുടെ ക്ഷേമത്തിനായി നിയമങ്ങളുണ്ടാക്കുന്നു. യാത്രാപദ്ധതികൾ, യാത്രാരേഖകൾ, അന്താരാഷ്ട്രകരാറുകൾ അങ്ങനെയെന്തെല്ലാം. നിങ്ങളൊരു വിശ്വപൗരനാകുവാനുള്ള തയ്യാറെടുപ്പിലാണെങ്കിൽ ഒന്നോർക്കുക, നിങ്ങളുടെ രാജ്യം വിസ അനുവദിക്കാത്ത രാജ്യങ്ങളുടെ പട്ടികയിലും നിങ്ങളുടെ കണ്ണുടക്കിയെന്നിരിക്കും.

രാജ്യങ്ങളുടെ ആഭിജാത്യവും സാമ്പത്തികശക്തിയും ബലാബലങ്ങളും നയതന്ത്രതലങ്ങളും മാറ്റുരയ്ക്കുന്നതാണ് യാന വിതാനമേഖലകൾ. എങ്കിലും വിദ്യാഭ്യാസത്തിനും ഔദ്യോഗികാവശ്യത്തിനും മറ്റുമായി പുറംരാജ്യങ്ങളിലേക്ക് പോകുന്നത് അനേകം പേരാണ്.

പെൺയാത്രകളുടെ സമകാലീന സമസ്യകൾ നിരവധിയാണ്.ഏറ്റവും പ്രധാനം സുരക്ഷിതത്വം തന്നെയാണ്.

കേരളത്തിലെ ഉയർന്ന സാക്ഷരതാനിരക്കും (literacy) സ്ത്രീപുരുഷാനുപാതവും (sex ratio) സ്ത്രീകളുടെ ആയുർദൈർഘ്യവും ഇന്ത്യയിലെ മറ്റുസംസ്ഥാനങ്ങളിലേക്കാൾ മികച്ചതാണെന്ന് പരക്കെ അംഗീകരിക്കപ്പെടുമ്പോഴും ഇതിനെയെല്ലാം പിറകോട്ടടിക്കുംവിധമാണ് കേരളത്തിലെ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളുടേയും ആത്മഹത്യകളുടേയും നിരക്ക് എന്ന് നാഷണൽ ക്രൈം റെക്കാർഡ് ബ്യൂറോയുടെ കണക്കുകൾ സൂചിപ്പിക്കുന്നു. 2011–ലെ NCRB's 'ക്രൈം ഇൻ ഇൻഡ്യ 2011' കണക്കുകൾ പറയുന്നത് സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ കേരളത്തിന് മൂന്നാം സ്ഥാനമാണ് (33.8%) എന്നാണ്.

സ്ത്രീക്കും പുരുഷനും തുല്യനിലയിൽ തൊഴിൽചെയ്യുവാനും കുടുംബം പുലർത്താനും, കുഞ്ഞുങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുവാനും വേണ്ട സാമൂഹ്യപരിരക്ഷ ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്. സ്വൈര്യമായ ജീവിതവും സഞ്ചാരസ്വാതന്ത്ര്യവും സ്ത്രീയുടെ അവകാശമാണ്. ഇതിലേക്ക് ഭരണാധികാരികളുടെ ക്രിയാത്മകമായ ഇച്ഛാശക്തി അനിവാര്യമാണ്. ഈ രംഗത്തെ പുതിയ ചുവടുവെപ്പുകളുടേയും പുതിയ നിയമങ്ങളുടേയും ഫലപ്രാപ്തിക്കായി ഇനിയും കാത്തിരിക്കേണ്ടതുണ്ട്.

സ്ത്രീയുടെ സുഗമമായ യാത്രക്ക് വഴിയൊരുക്കുവാനായി പൊതുജനങ്ങളെ ബോധവൽക്കരിക്കേണ്ടതുണ്ട്. ധാരാളം വനിതകൾ വാഹനം ഓടിക്കുന്ന പശ്ചാത്തലത്തിൽ പൊതുഇടങ്ങൾ സ്ത്രീസൗഹൃദപരമാക്കുക, സുരക്ഷിതത്വം ഉറപ്പാക്കുക, വീഥികൾ വെളിച്ചമുള്ളതാക്കിത്തീർക്കുക, ശുചിത്വമുള്ള ടോയ്‌ലറ്റുകൾ സ്ഥാപിക്കുക, രാത്രി യാത്രക്കും, താമസത്തിനും, സുരക്ഷിതത്വം ഉറപ്പാക്കുക എന്നിവ അത്യാവശ്യമായിരിക്കുന്നു. ട്രെയിനിലും മറ്റുമുള്ള ദീർഘദൂരയാത്രക്ക് ശക്തമായ സുരക്ഷ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യം കേരളത്തിന്റെ മന:സാക്ഷിയെ

*സ്ത്രീക്കും പുരുഷനും തുല്യനിലയിൽ തൊഴിൽചെയ്യുവാനും കുടുംബം പുലർത്താനും, കുഞ്ഞുങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുവാനും വേണ്ട സാമൂഹ്യ പരിരക്ഷ ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്. സ്വൈര്യമായ ജീവിതവും സഞ്ചാരസ്വാതന്ത്ര്യവും സ്ത്രീയുടെ അവകാശമാണ്.*

ഞെട്ടിച്ച സൗമ്യയുടെ മരണവുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുണ്ട്. ട്രെയിനിലെ സ്ത്രീസുരക്ഷക്കുവേണ്ടി ശക്തമായ നിലപാടെടുത്തുകൊണ്ട് വനിതാസംഘടനകളും മുന്നോട്ടുവന്നത് അനുയോജ്യമായ തീരുമാനങ്ങളെടുക്കാൻ അധികാരികളെ നിർബ്ബന്ധിതരാക്കിയിട്ടുണ്ട്.

ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ് ലൈൻ, ട്രാഫിക് ഹെൽപ്പ് ലൈൻ, ക്രൈംസ്റ്റോപ്പർ, ഹൈവേ പോലീസ് അലെർട്ട്, റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് എന്നിവക്ക് ഈ രംഗത്ത് ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിയും. ഈ മേഖലകളിൽ പ്രവർത്തിക്കുന്ന അംഗീകൃത സന്നദ്ധസംഘടനകളായ സഖി, അഭയ ഹെൽപ്പ് ലൈൻ, മഹിള സമഖ്യ, അന്വേഷി, സ്നേഹിത (ഹെൽപ്പ് ഡെസ്ക്) എന്നിവയുടെ സേവനവും മികച്ചതാണ്.

വ്യക്തികളും സ്ത്രീസംഘടനകളും നിരന്തരമായ മുന്നറിയിപ്പുമായി നമ്മുടെ സാമൂഹ്യ രംഗത്തുള്ളപ്പോഴും ചുറ്റുംനടക്കുന്ന സംഭവങ്ങൾ നമ്മെ അസ്വസ്ഥരാക്കുന്നുണ്ട്. ശക്തമായ നിയമങ്ങളും സമയബന്ധിതമായി അതു നടപ്പാക്കാനുള്ള ആർജ്ജവവും അത്യാവശ്യമാണ്. മാത്രമല്ല, സ്ത്രീസുരക്ഷയ്ക്കായി പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുടെയും സന്നദ്ധസംഘടനകളുടേയും ക്രിയാത്മകമായ ഏകോപനവും വളരെ പ്രധാനമാണ്.

നിങ്ങൾ എന്തുകൊണ്ട് യാത്ര ചെയ്യുന്നു എന്ന ചോദ്യത്തിന് എന്തുകൊണ്ട് യാത്രചെയ്യാതിരിക്കണം എന്ന മറുചോദ്യവുമാവാം. കാരണം അത്രയധികം കാരണങ്ങൾ കൊണ്ട് നാം യാത്രചെയ്യാൻ പ്രേരിതരാകുന്നു. ഔദ്യോഗിക യാത്രകൾ, പഠനയാത്രകൾ, വിനോദയാത്രകൾ, ആദ്ധ്യാത്മിക യാത്രകൾ, സ്വദേശ, വിദേശ യാത്രകൾ, അന്വേഷണാത്മകമായ യാത്രകൾ, അങ്ങനെയെന്തെല്ലാം കാരണങ്ങൾ. കുട്ടിക്കാലത്ത് സ്റ്റഡിടൂർ പോയിട്ടുള്ളവരാണ് നമ്മിൽ പലരും. എത്ര നല്ല ഓർമ്മകളാണ് അവയൊക്കെ. ഇന്നിപ്പോൾ വിദ്യാലയങ്ങൾ , ഓഫീസുകൾ, ഫ്ളാറ്റുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവരും ടൂർ സംഘടിപ്പിക്കുന്നു. ബുക്സ്റ്റാളിന്റെ റാക്കിൽ ഏറ്റവും തലയെടുപ്പോടെ ഇരിക്കുന്നവ 'ട്രാവൽ' മാഗസിനുകളാണ്. വെറുതേയെങ്കിലും ഒന്നു മറിച്ചുനോക്കാൻ കൊതിതോന്നാറില്ലേ? അതാണ് യാത്രയുടെ മോഹിപ്പിക്കുന്ന വഴി. ഇനി നെറ്റിലൊന്നു പരതിയാൽ യാത്രകളെപ്പറ്റിയെഴുതുന്ന എത്ര ട്രാവൽ ബ്ലോഗുകൾ. വനിതാ യാത്രികരെ സഹായിക്കാനായി ഔദ്യോഗികവും അനദ്യോഗികവുമായ എത്ര സൈറ്റുകൾ. എന്ത് ഉടുക്കണം, എങ്ങനെ ഒരുങ്ങണം, എവിടേക്കിറങ്ങണം എന്ന വിഷയത്തിന്മേലും ടിപ്പുകളുണ്ട്. കുട്ടികളെ കൂട്ടുമ്പോഴുള്ള മുൻകരുതലുകൾ, പ്രായമുള്ളവരെ കൂട്ടി യാത്രചെയ്യുമ്പോൾ ആവശ്യമുള്ള ശ്രദ്ധ, ആകർഷകമായ ടൂർ പാക്കേജുകൾ, സ്ഥലവിവരണങ്ങൾ എല്ലാം വിരൽത്തുമ്പിൽ ലഭ്യം. കാഴ്ചയുടെ കാണാതീരങ്ങളിലേക്ക് അവ നിങ്ങളെ ക്ഷണിക്കുന്നു. ●



**ലിജി ഷംനാദ്**

# ഞാൻ കണ്ട റഷ്യ

**"മോസ്കോയ്ക്ക്** പോകാൻ 900 രൂപയേ ഉള്ളൂ." പതിവ് പോലെ എന്നെ ചാക്കിലിടാനുള്ള എന്റെ ഭർത്താവിന്റെ നമ്പരിറങ്ങി. എവിടെ ചെലവ് കുറവാണോ അവിടെയേ എന്റെ ശ്രദ്ധ പതിയൂ എന്നദ്ദേഹത്തിനറിയാം. (അല്ലെങ്കിൽ ഞാൻ എ.കെ.ആന്റണിക്ക് പഠിക്കാറാണ് പതിവ്) സ്വാഭാവികമായും "എന്ത്? രൂപയോ?' എന്നൊരന്വേഷണം എന്റെ ഭാഗത്ത് നിന്നുണ്ടായി. "അല്ല ദിർഹംസ്. എയർ അറേബ്യയൊക്കെ എത്ര ചീപ്പായി സർവ്വീസ് നടത്തുന്നു. എന്റെ ലിജി, എനിക്ക് കുറച്ചാഗ്രഹങ്ങളേ ഉള്ളൂ. ആരോഗ്യമുള്ള സമയത്ത് ഇയാൾടെ കൂടെ കുറച്ച് ലോകം കാണണം. ബക്രീദിന്റെ നാലഞ്ച് ദിവസത്തെ അവധി വരുന്നുണ്ട്. പതിവ് പോലെ ഇയാള് മട്ടൺബിരിയാണി ഉണ്ടാക്കി നമുക്ക് ഏമ്പക്കവും വിട്ടിരിക്കാതെ എവിടെയെങ്കിലും പോകാം." സാമ്പത്തികത്തിൽ തുടങ്ങി സെന്റിമെന്റ്സിൽ പിടിച്ച് കയറുകയാണ്. എപ്പോഴത്തേയും മാതിരി ക്വട്ടേഷൻ മാറി ഓർഡർ ആകുമ്പോൾ ചെലവ് നാലിരട്ടിയാകുമെന്നറിയാമെങ്കിലും റഷ്യയെന്ന് കേട്ടപ്പോൾ മനസ്സിലെവിടെയോ ഒരു ലഡുപൊട്ടി.

എന്താണെനിക്ക് റഷ്യ? ബാല്യത്തിൽ വായിച്ച റഷ്യൻ നാടോടിക്കഥകളിലെ റഷ്യയാണോ? എന്നിലെ വായനക്കാരിയെ രൂപപ്പെടുത്താൻ മുഖ്യപങ്കുവഹിച്ച സോവിയറ്റ് നാട്ടിലെ ബാലസാഹിത്യം ഇന്നും ഗൃഹാതുരമായ ഒരോർമ്മയാണ്. വാസ്കയെന്ന കടുവയെ വളർത്തുന്ന, കഴുതപ്പുറത്ത് സവാരി ചെയ്യുന്ന, വിറകൊടിക്കാൻ കാട്ടിൽ പോയി കലത്തിൽ ഉരുളക്കിഴങ്ങ് പുഴുങ്ങിക്കഴിക്കുന്ന ഡോന്യ, യൂലിയ സഹോദരിമാരിൽ ഒരാളായി ഞാനെന്നെ കണ്ടിരുന്നു. റഷ്യയിൽ പോയാൽ ഉരുളക്കിഴങ്ങ് പുഴുങ്ങിത്തിന്നാൻ പറ്റുമെന്നത് കൊതിപ്പിച്ചു. പിന്നെ വളർന്നപ്പോൾ ടോൾസ്റ്റോയിയും ചെഖോവും ഗോർക്കിയും പകർന്ന കഥാസരിത്സാഗരത്തിൽ നീരാടിയ ഓർമ്മ. മൂത്ത സി.പി.ഐക്കാരനായ പിതാവ് വരുത്തിയിരുന്ന സോവിയറ്റ് ലാൻഡ് മാഗസിനുകളിൽ നിന്ന് മുറി റഷ്യൻ വായിക്കാനുള്ള ശ്രമം.

*എന്താണെനിക്ക് റഷ്യ? ബാല്യത്തിൽ വായിച്ച റഷ്യൻ നാടോടിക്കഥകളിലെ റഷ്യയാണോ? എന്നിലെ വായനക്കാരിയെ രൂപപ്പെടുത്താൻ മുഖ്യപങ്കുവഹിച്ച സോവിയറ്റ് നാട്ടിലെ ബാലസാഹിത്യം ഇന്നും ഗൃഹാതുരമായ ഒരോർമ്മയാണ്.*



ലെനിനും സ്റ്റാലിനും ക്രൂഷ്ചേവും ഇ. എം. എസ്സും പി. കെ. വിയും പോലെ സുപരിചിതർ. മുതലാളിത്ത മൂരാച്ചിയായ അമേരിക്കക്കെതിരെ ശാസ്ത്രസാങ്കേതിക മേഖലകളിൽ റഷ്യ നേടുന്ന നേട്ടങ്ങളിൽ ആഹ്ലാദം. റഷ്യയിൽ മഴപെയ്യുമ്പോൾ ഇവിടെ കടുപിടിക്കുന്ന കമ്മ്യൂണിസ്റ്റുകാരുമായുള്ള സഹവർത്തിത്വം. പ്രാവ്ദയും ക്രെംലിനും കെ. ജി. ബിയും ചർച്ചകളിലും സംഭാഷണങ്ങളിലും വിളിക്കാതെ കടന്നുവന്ന ദിനങ്ങൾ. സാർചക്രവർത്തിമാരുടേയും റഷ്യൻ പ്രഭിമാരുടേയും ആഡംബരകൊട്ടാരങ്ങളുടെ ചാരുത പലപ്പോഴും മോഹിപ്പിച്ചു. “ബീന കണ്ട റഷ്യ” ഒരിക്കൽ എനിക്കും കാണാനാവുമെന്ന് ഞാനും സ്വപ്നം കണ്ടു.

അടുത്തിടെ വിവാഹിതയായി മുതലാളിത്ത മൂരാച്ചിഅമേരിക്കയിൽ പോയ മകൾ ഭർത്താവിനൊപ്പം കറങ്ങി നടന്ന് ടോംസോയറിന്റെ നാടും നദിയും വരെ സന്ദർശിച്ചതും നല്ലൊരു ഫോട്ടോഗ്രാഫർ ആയ മരുമകൻ നാച്ചുവെന്ന നവാസ് പകർത്തിയ fallന്റെ (ശരത്കാലം) ചിത്രങ്ങളുടെ മായികഭംഗിയും “ഉമ്മീ, റഷ്യയിലിപ്പോൾ ശരത്കാലമാണെ”ന്ന ഇളയമകൾ വാവച്ചിയുടെ ശുപാർശയുമായപ്പോൾ എന്നാലിനി ‘ലിജി കണ്ട റഷ്യ’ ക്കുള്ള സമയമായി എന്ന് തോന്നി. അങ്ങനെ അവയ്ലബിൾ പോളിറ്റ് ബ്യൂറോ റഷ്യക്കു പോകാനുള്ള തീരുമാനം കയ്യടിച്ചു പാസ്സാക്കി. തുടർന്ന് മീറ്റിംഗിലില്ലാത്ത പോളിറ്റ് ബ്യൂറോ അംഗങ്ങളെ അറിയിക്കാനുള്ള തീരുമാനമായി. എച്ചുവും നാച്ചുവും (അമേരിക്കൻ മൂരാച്ചി മകളും മരുമകനും) തീരുമാനത്തെ സഹർഷം സ്വാഗതം ചെയ്തു. കേരളത്തിൽ പ്ലസ്ടുവിന് പഠിക്കുന്ന മകനാവട്ടെ കൂടെ വരാൻ പറ്റാത്ത സങ്കടം ഒതുക്കി യാത്രാമംഗളങ്ങൾ നേർന്നു.

പഴയ കമ്മ്യൂണിസ്റ്റുകാർക്ക് റഷ്യയിൽ റൂബിളിന്റെ വില മാത്രമേ ഉള്ളൂ എന്നറിയാവുന്നതുകൊണ്ട് ആൾബലം കൂട്ടാൻ തീരുമാനമായി. അങ്ങനെ ഞങ്ങളുടെ



പ്രിയസുഹൃത്തുക്കളായ സെബാസ്റ്റ്യനും ഗീതയും കൂട്ടുപ്രതികളായി റഷ്യക്ക് വരാൻ ഒരുക്കമായി. റഷ്യയെ കുറിച്ചുള്ള വിവരശേഖരണത്തിന് വാവച്ചിയേയും കാണേണ്ട കാഴ്ചകൾക്കും പോകേണ്ട സ്ഥലങ്ങൾക്കും എന്നേയും ഗീതയേയും ഏൽപ്പിച്ചു. അധികദിവസങ്ങൾ ഇല്ലാത്തതുകൊണ്ട് മോസ്കോയും സെന്റ് പീറ്റേഴ്സ് ബർഗും സന്ദർശിക്കാനായിരുന്നു പ്ലാൻ. വാവച്ചിയാകട്ടെ റഷ്യയിലെ തണുപ്പിന് പറ്റിയ വസ്ത്രശേഖരണത്തിനായിരുന്നു താല്പര്യപ്പെട്ടത്. ഒക്ടോബർ പകുതി കഴിഞ്ഞാൽ റഷ്യയിൽ ശരത്കാലമാണ്. ഓരോ ദിവസവും ഓൺലൈനിൽ മോസ്കോയുടെ താപനില ചെക്കു ചെയ്തിട്ട് 10°C, 9°C എന്നിങ്ങനെ കുറഞ്ഞുവരുന്നതുകണ്ട് വാവച്ചി സന്തുഷ്ടയായി. പിന്നെ ബൂട്ട്സ്, ജാക്കറ്റ്, കയ്യുറ, തൊപ്പി എന്നു വേണ്ട എന്റെ കാർഡിലെ നല്ലൊരു തുക അവൾ ചിലവാക്കിത്തന്നു.

ഉരുളക്കിഴങ്ങ് പുഴുങ്ങി തിന്നണമെന്ന് ബാല്യത്തിൽ ആഗ്രഹമുണ്ടായിരുന്നെങ്കിലും ഇപ്പോൾ ഏകദേശം കിഴങ്ങിന്റെ രൂപമായതുകൊണ്ട് ആ ആഗ്രഹം വിഴുങ്ങി. റഷ്യയുടെ ചരിത്രം അറിയാമെങ്കിലും ആഹാരരീതികളെക്കുറിച്ച് പിടിയില്ലാത്തതിനാൽ ഇത്തിരി ചമ്മന്തിപ്പൊടിയും അച്ചാറും കരുതാമെന്ന് കരുതി. ഗീതയാവട്ടെ കെറ്റിലും (റഷ്യൻ സമോവർ കിട്ടിയില്ലെങ്കിലോ). ടീബാഗും പഞ്ചസാരയും കരുതി. അങ്ങനെ കാത്തിരുന്ന ദിവസം സമാഗതമായി. റഷ്യക്കുള്ള Aerofloat വിമാനം (Air Arabia മാറി Aero float ആയി) വെളുപ്പിന് 2 മണിക്കാണ് യു.എ.ഇയും മോസ്കോയും ഒരേ (അക്ഷാംശരേഖ അതോ രേഖാംശരേഖയോ)യിലായതിനാൽ ടൈംസോൺ ഒന്നാണ്. 5 മണിക്കൂർ വിമാനയാത്ര ദുബായിൽ നിന്നു മോസ്കോയിലേക്ക്. അയാസും നൈലയും (സഹോദരനും ഭാര്യയും) പാതിരാത്രിയിൽ എയർപോർട്ടിൽ കൊണ്ടുവിട്ടു. ഇത്താടെ ബിരിയാണിയില്ലാതെ എങ്ങനെ പെരുന്നാളാഘോഷിക്കുമെന്ന് നൈല സങ്കടപ്പെട്ടു. “ഞങ്ങളിതാ റഷ്യക്ക്” എന്ന് ഫോട്ടോയും മെസ്സേജും വാട്സപ്പിൽ അപ്ഡേറ്റ് ചെയ്ത് ഞങ്ങൾ ചെക്ക് ഇൻ ചെയ്തു.

ഗൾഫ് വിമാനക്കമ്പനികളുടെ ‘അതിമനോഹര’ സർവ്വീസ് കണ്ടുശീലിച്ച ഞങ്ങളെ ഏറോഫ്ളോട്ടിലെ റഷ്യൻ സുന്ദരിമാരുടെ സേവനം അതിശയപ്പെടുത്തി. വിളിച്ചാലുടൻ എത്തുകയും പുഞ്ചിരിയോടെ ഞങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യുന്നതു കണ്ടപ്പോൾ ‘തോഴിയിങ്ങനെയെങ്കിൽ തമ്പുരാട്ടി എങ്ങനെയാകും’.. മധുരമനോജ്ഞ റഷ്യയെക്കുറിച്ചുള്ള സ്വപ്നത്തിൽ കണ്ണടഞ്ഞു.

മോസ്കോയിലെ തണുത്ത പ്രഭാതത്തിൽ വിമാനമിറങ്ങിയപ്പോൾ ഇത് കൊച്ചിയിലാണോ എന്ന് സംശയിച്ചു. കൊച്ചിയിൽ വിമാനത്തിന്റെ ശബ്ദം കേട്ടയുടൻ ബെൽറ്റ് വലിച്ചൂരി ധൃതിയിൽ കാബിൻ ലഗേജ് എടുക്കാൻ ചാടിയാരും എണിക്കാഞ്ഞത് കണ്ടപ്പോൾ ‘ഇത് കൊച്ചിയല്ല’ എന്ന് ശ്രീനി ശൈലിയിൽ പറയാൻ തോന്നി. ആരും തിരക്കു കൂട്ടാതെ പുറത്തിറങ്ങി. അങ്ങനെ ഞങ്ങളും റഷ്യൻ മണ്ണിൽ കാലുകുത്തി.

മാർപാപ്പ ചെയ്യുന്ന പോലെ മണ്ണിൽ ചുംബിച്ചാലോ എന്ന് തോന്നിയെങ്കിലും വാവച്ചിയുടെ കളിയാക്കൽ പേടിച്ച് അടങ്ങി. വിമാനത്തിൽ കയറുമ്പോൾ സ്ലീവ്‌ലെസ്സും കുട്ടിനിക്കറുമിട്ട റഷ്യൻ സുന്ദരിമാർ ജാക്കറ്റും ബൂട്ട്സുമിട്ടിറങ്ങുന്ന മായാജാലം കണ്ട് ഗീത അന്തംവിട്ടു.

റഷ്യയിലെ ഷെറമത്യോവ വിമാനത്താവളത്തിലാണ് ഞങ്ങൾ വന്നിറങ്ങിയത്. എയർപോർട്ടിന് വലിയ പ്രൗഢിയെന്നും തോന്നിയില്ല. 4-5 കൗണ്ടറുകൾ തുറന്നിരിക്കുന്നു. ഗ്രൂപ്പായി പാസ്പോർട്ട് കൊടുത്താൽ എമിഗ്രേഷൻ എളുപ്പമാവുമെന്നു കരുതി ഞങ്ങൾ അഞ്ചുപേരും ഒരു ക്യൂവിൽ നിന്നു. അപ്പോഴാണ് ഗീത ആ കാഴ്ച കാണിച്ചത്. കുറേ ഉദ്യോഗസ്ഥർ പട്ടാളച്ചിട്ടയിൽ നിൽക്കുന്നു. മറ്റൊരു ഉദ്യോഗസ്ഥൻ ഏതോ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു. സ്റ്റാലിൻ ഭരണത്തിന്റെ ശേഷിപ്പ് ഇപ്പോഴുമുണ്ടല്ലോ എന്നോർത്തു. മലയാളി മനസ്സല്ലേ ദൃശ്യം മൊബൈലിൽ പകർത്തിയാലോ എന്നു ചിന്തിച്ച് മൊബൈൽ കയ്യിലെടുത്തപ്പോഴേ രൂക്ഷനോട്ടം കണ്ട് പിൻവാങ്ങി. ഞങ്ങളുടെ ഊഴം കൗണ്ടറിലെത്തിയപ്പോൾ ഒരു കമ്മ്യൂണിസ്റ്റ് പുഞ്ചിരി സമ്മാനിച്ചെങ്കിലും കൗണ്ടർ സുന്ദരി വീണില്ല. അഞ്ചു പാസ്പോർട്ടും ഞങ്ങളേയും മാറി മാറി നോക്കി. ഒന്നും പറയുന്നില്ല എന്താണെന്ന് ഒരുപിടിയും കിട്ടുന്നില്ല. അവർ ആ പാസ്പോർട്ടുകൾ എടുത്തുകൊണ്ട് മറ്റൊരു മുറിയിൽ പോയി. എന്താപ്രശ്നമെന്ന് ഇംഗ്ലീഷിൽ ചോദിച്ചെങ്കിലും തീരെ ഗൗനിച്ചില്ല. ഇത്ര ജാഡയോ, നമ്മളെന്തു തെറ്റു ചെയ്തു എന്നൊക്കെ മലയാളത്തിൽ മുറുമുറുത്തുകൊണ്ടുള്ള നിൽപു ഞങ്ങൾ തുടർന്നു. മറ്റുള്ളവരെല്ലാം പോയി. 15 ഉം 20 ഉം മിനിട്ട് കഴിഞ്ഞ് അരമണിക്കൂറായി. ഇടയ്ക്കാ മുറിയിൽ എത്തിനോക്കിയപ്പോൾ മുഖത്തടിച്ചപോലെ വാതിലടച്ചു. കാണുന്നവരോടൊക്കെ ഞങ്ങൾ ചോദിക്കുന്നു, ആരും മറുപടി തരുന്നില്ല. കൗണ്ടറും അടച്ചു. അവസാനം ഒരു സ്ത്രീ വന്നു ഞങ്ങളെ വിളിച്ചു. എമിഗ്രേഷൻ കടമ്പ കഴിഞ്ഞു. എന്താണ് സംഭവിച്ചതെന്നപ്പോൾ മനസ്സിലായില്ല. രക്ഷപ്പെട്ടു എന്നു മാത്രം ഓർത്തു. പിന്നീടാണ് മനസ്സിലായത്, കൗണ്ടറിൽ ഇരിക്കുന്നവളുടെ ഡ്യൂട്ടി സമയം കഴിഞ്ഞിരുന്നു. 5 പേരുടെ കാര്യം നോക്കാൻ മാക്സിമം അഞ്ചുമിനുട്ട് മതി, പക്ഷേ സമയം കഴിഞ്ഞാൽ ജോലി ചെയ്യില്ല (അതോ ചെയ്യാൻ പാടില്ല എന്നാണോ) എന്ന പോളിസിക്കാരായത് കൊണ്ടാണ് ഈ ഗതികേട് ഞങ്ങൾക്ക് വന്നത്. റഷ്യൻ ഭാഷയല്ലാതെ മറ്റൊന്നും എമിഗ്രേഷനിൽ ഇരിക്കുന്നവർക്ക് പോലുമറിയാത്തത് കൊണ്ട് ആർക്കും എന്താകാര്യമെന്ന് പറഞ്ഞു തരാനും പറ്റിയില്ല.




മോസ്കോയിൽ ഞങ്ങൾ താമസിക്കാൻ തിരഞ്ഞെടുത്തത് Best Vega എന്ന 4 സ്റ്റാർ ഹോട്ടലാണ്. എയർപോർട്ടിൽ നിന്ന് ഒരു മണിക്കൂറോളം യാത്ര ചെയ്യണം. മെട്രോയിൽ പോകാം എന്നായിരുന്നു പ്ലാൻ. ആദ്യമായി ലോക്കൽ സിംകാർഡ് വാങ്ങണം. അതിനായി എയർപോർട്ടിലുള്ള ഒരു കടയിൽ കയറി. ഞങ്ങളുടെ ഭാഷാദുരിതം അവിടെ തുടങ്ങുന്നു. "ഈ സൗന്ദര്യമുള്ളവരെ കൊണ്ട് തോറ്റു ഈശ്വരാ" എന്നു പറഞ്ഞപോലെ രണ്ടുസുന്ദരികളും ഒരു സുന്ദരനും ആ കടയിൽ. ആദ്യമേ മനസ്സിലായി റഷ്യനല്ലാത്ത ഒരു ഭാഷയും ഇവിടെ ഏശില്ല. ആംഗ്യത്തിലൂടേയും ഇംഗ്ലീഷ് വാക്കുകളിലൂടേയും ആവശ്യമവർക്ക് പിടികിട്ടി. ഏതായാലും വിലപ്പെട്ട രണ്ടുമണിക്കൂർ അവിടെ പോയി കിട്ടി. പല്ലു തേച്ചില്ല, വിശക്കുന്നു എന്നൊക്കെ പറഞ്ഞു വാവച്ചി ചിണുങ്ങി.

ടൂറിസ്റ്റുകളെ പറ്റിക്കുക എന്നത് സാർവദേശീയമായി അംഗീകരിച്ച കാര്യമാണെന്ന് എയർപോർട്ടിലുള്ള ടാക്സി ഏജന്റുമാരിൽ നിന്ന് മനസ്സിലായി. ഇൻഫർമേഷൻ കൗണ്ടർ തുറന്നുവെച്ചിട്ടുണ്ടെങ്കിലും മുറിഇംഗ്ലീഷ് പോലും ഏശുന്നില്ല. നാലഞ്ചുവാക്കുകളിൽ ടാക്സിയിൽ പോകാൻ അവർ നിർദ്ദേശിച്ചു. 2000 റൂബിളിന് (4000 ഇ. രൂപ) ഞങ്ങളെ ഹോട്ടലിൽ വിടാമെന്ന് സമ്മതിച്ചു. ഡ്രൈവറാകട്ടെ സ്റ്റാലിന്റെ സൈനികനെപ്പോലെ അറ്റൻഷനായി വണ്ടി ഓടിക്കുന്നു. കാറിൽ ഹീറ്റർ ഇട്ടിട്ടുണ്ട്. റോഡുകളിലൊക്കെ പഴഞ്ചൻ വാഹനങ്ങൾ. കാറുകളുടെ പറുദീസയായ ദുബായിൽ നിന്നുവന്ന ഞങ്ങളിത് കണ്ടപ്പോൾ കൊച്ചിയിൽ ഇതിലും നല്ല പുത്തൻ വണ്ടികൾ കാണാമല്ലോ എന്ന് പറഞ്ഞു. പുറത്ത് മഞ്ഞയും ചുവപ്പും ഇലപ്പട്ടുപുതച്ച മരങ്ങൾ ഓടി മറയുന്നു. മോഹിപ്പിച്ച ശരത്കാല കാഴ്ചയിതാമുന്നിൽ. പതുക്കെ തണുത്ത കാറ്റ് മുഖത്ത് അടിപ്പിക്കാനായി വിൻഡോ തുറന്നു. 10 സെക്കന്റിനകം ഡ്രൈവർ ഉയർത്തി ആട്ടോലോക്കും ചെയ്തു. കുഞ്ഞച്ചായൻ (സെബാസ്റ്റ്യൻ- അദ്ദേഹത്തെ ടീംലീഡ

റായി സ്ഥാനക്കയറ്റം നൽകി മുൻസീറ്റിൽ ഇരുത്തിയിട്ടുണ്ട്) കമ്മ്യൂണിസ്റ്റുകാരുടെ ഇപ്പോഴത്തെ അവസ്ഥയെ കുറിച്ചൊക്കെ ഡ്രൈവറോട് ചോദിക്കുന്നു. മറുപടി ഇല്ല. ഇയാളെന്താ പൊട്ടനോയെന്ന് ഗീതക്ക് സംശയം. ഹോട്ടലിലെത്തിയപ്പോൾ ലഗ്ഗേജ് പോലും സാരഥി എടുക്കുന്നില്ല. ഇയാൾക്കെന്തായാലും ടിപ്പ് കൊടുക്കരുതെന്ന് ഞാനും ഗീതയും തീരുമാനിച്ചു.

മോസ്കോയിലെ ഇസ്മായലോപിസ്ക്കി (എത്ര സുന്ദരമായ പേര്) പാർക്കിലാണ് ഞങ്ങളുടെ ബെസ്റ്റ് വേഗ ഹോട്ടൽ. കണ്ടാൽ കുറെ അപ്പാർട്ട്മെന്റ് സമുച്ചയം പോലെയുണ്ട്. ഒരു സിനിമയ്ക്കുള്ള ആളുകൾ അകത്ത് ചെക്ക് ഇൻ ചെയ്യാൻ നിൽക്കുന്നു. തെക്കേ ഇന്ത്യക്കാരനേയും വടക്കേ ഇന്ത്യക്കാരനേയും കണ്ടാൽ തിരിച്ചറിയാം. പക്ഷേ യൂറോപ്യൻ രാജ്യക്കാരെല്ലാം ഞങ്ങൾക്ക് ഒരുപോലെ തോന്നി. ഗീതയും ഞാനും അവരുടെ ജാക്കറ്റുകളിലെയും ബൂട്സുകളിലെയും മുടിയുടെയും നിറങ്ങളിലെ വൈവിധ്യം കണ്ടാസ്വദിച്ചു. മെലിഞ്ഞ അരക്കെട്ട് കണ്ട് അസൂയപ്പെട്ടു.

ചെക്ക് ഇൻ നടപടി ക്രമം പൂർത്തിയാകാൻ സമയമെടുക്കുമെന്ന് തോന്നിയപ്പോൾ ഗീതയും ഞാനും വാവച്ചിയും റസ്റ്റോറന്റ് കയ്യടക്കി. സാൻഡ്വിച്ചുകളുടെ മേളം. എല്ലാം ഇറച്ചിനിറച്ചത്. ഒരു മൂലയിലിരുന്ന ചീസ് സാൻഡ്‌വിച്ച് വാവച്ചി കരസ്ഥമാക്കി. പുഞ്ചിരിയോടെ ഞങ്ങൾക്ക് സർവ് ചെയ്തത് ഉസ്ബക്കിസ്ഥാനിലെ ആംന(അമീന)യെന്ന സുന്ദരിയായിരുന്നു. തെറ്റില്ലാത്ത ഇംഗ്ലീഷ്. ജീവിക്കാനായി മൈലുകൾക്കപ്പുറത്ത് നിന്നുവന്ന അവളുടെ പെരുമാറ്റം മനസ്സിന് ചെറിയ സന്തോഷം പകർന്നു. എല്ലാ റഷ്യക്കാരും സ്റ്റാലിൻമാരല്ല.

ഹോട്ടൽ റൂമിൽ കയറിയ ഉടൻ ബാത്ത്റൂമിൽ പോയ വാവച്ചിയുടെ അലർച്ചകേട്ട് ഞങ്ങൾ ഞെട്ടി. ശുദ്ധിയാക്കാൻ വാഷിംഗ് ഹോസ് ഇല്ലത്രേ. പൈപ്പ് ഷവറിന്റെ കൂടെ മാത്രം. സായിപ്പന്മാർ ടിഷ്യുപേപ്പർ ഉപയോഗിക്കുമെന്നറിയാം. എന്നാലും റഷ്യക്കാർ ഈ ചതി ചെയ്യുമെന്ന് കരുതിയില്ലെന്ന് മുറുമുറുക്കുന്ന അവളുടെ മുഖം കണ്ടപ്പോൾ ചിരി അടക്കേണ്ടി വന്നു. പിന്നീട് ചായക്ക് പുറത്ത് അന്നത്തെ ടൂർ പ്രോഗ്രാം ചാർട്ടു ചെയ്തു. ഹോട്ടലിലെ റിസപ്ഷനിൽ നിന്ന് സിറ്റി ടൂർ ഗൈഡും മാപ്പും എടുത്തിരുന്നു. ഏതു കാണണമെന്ന് കൺഫ്യൂഷൻ. കമ്മ്യൂണിസ്റ്റ് ടൂർ കാണാമെന്ന് എന്റെ ഭർത്താവ്. മിസ്റ്ററി ടൂറിന് പോകാമെന്ന് വാവച്ചി. എന്തായാലും ആദ്യം ക്രെംലിനിൽ തുടങ്ങാമെന്ന് തീരുമാനിച്ചു.

**മെട്രോ എന്ന വിസ്മയം**

ഹോട്ടലിൽ നിന്ന് മൂന്ന് മിനുട്ട് നടന്നാൽ മെട്രോസ്റ്റേഷനായി. മെട്രോ എന്നത് ഒരു വിസ്മയമാണ്. വേഗമേറിയ ലാഭകരമായ എളുപ്പമേറിയ യാത്രാമാർഗ്ഗമാണ് മോസ്കോ മെട്രോ. ഓരോ മിനുട്ടും ഇടവിട്ട് പല റാക്കുകളിലായി മോസ്കോയിലെ വിവിധ ഭാഗങ്ങളിലേക്കുള്ള മെട്രോ കൃത്യനിഷ്ഠയോടെ എത്തുന്നു. ഒരു ദിവസം ഏകദേശം 9 മില്യൻ (90 ലക്ഷം)യാത്രികരാണ് ഈ സർവ്വീസ് ഉപയോഗിക്കുന്നത്. മെട്രോസ്റ്റേഷനുകളുടെ ചാരുത പറഞ്ഞറിയിക്കാനാവില്ല. മാർബിളിലും ലോഹത്തിലും ഉള്ള കമനീയശില്പചാരുത. ഓരോ സ്റ്റേഷനും ഒന്നിനൊന്നു വ്യത്യസ്തം. ഭൂമിക്കടിയിലേക്ക് നൂറ് കണക്കിന് മീറ്റർ താഴോട്ടുള്ള എസ്കലേറ്ററിൽ കയറിയിൽ പേടിയാകും. മോസ്കോവിയന്മാരാകട്ടെ പുസ്തകം വായിച്ചും സ്മാർട്ട് ഫോണിൽ കളിച്ചും (ഐപാഡ് വായനയും ഏറെ കണ്ടു). സ്മാർട്ടായി ഇതിൽ മുകളിലോട്ടും താഴോട്ടും പോകുന്നു. ടിക്കറ്റെടുക്കാൻ നിന്ന കുഞ്ഞച്ചായൻ ബുദ്ധിമുട്ടുന്നതുകണ്ട് ഞങ്ങൾ കാര്യം ചോദിച്ചു. ഭാഷാപ്രശ്നം തന്നെ. ഇവിടുത്തേയും കൗണ്ടറമ്മക്ക് ഇംഗ്ലീഷ് അറിയില്ല. പിന്നെ ഞങ്ങൾ പേപ്പറിൽ വരച്ചും ആംഗ്യംകാണിച്ചും ക്രെംലിനിലെക്കുള്ള ടിക്കറ്റ് വാങ്ങി.

**ക്രെംലിൻ**

ഒരു കാലത്ത് സാർചക്രവർത്തിമാരുടേയും സോവിയറ്റ് ഭരണാധിപന്മാരുടേയും ആസ്ഥാനമായിരുന്നു ക്രെംലിൻ. ഇപ്പോഴും മോസ്കോയുടെ ഹൃദയവും ആത്മാവും ഇതുതന്നെ. തെക്ക് മോസ്കോനദിക്കഭിമുഖമായി സെന്റ് ബസലിക്കാ കത്തീഡ്രൽ, റെഡ് ചത്വരം, അലക്സാണ്ടർ ഗാർഡൻസ് തുടങ്ങിയ ചരിത്രസ്മാരകങ്ങളടങ്ങിയ സമുച്ചയമാണ് ക്രെംലിൻ. ക്രെംലിൻ എന്ന വാക്കിന്റെ അർത്ഥം കോട്ടയെന്നാണെങ്കിലും വൈറ്റ് ഹൗസ് എന്ന് കേട്ടാൽ അമേരിക്കൻ ഭരണകൂടം ഓർമ്മയിലെത്തുന്നപോലെ ക്രെംലിൻ സോവിയറ്റ് ഭരണകൂടത്തെയാണ് ഓർമ്മപ്പെടുത്തുക. ബി.സി 2ാം നൂറ്റാണ്ടുമുതൽ ഉപയോഗത്തിലുണ്ടെങ്കിലും സാർ





ചക്രവർത്തിമാരുടെ ഭരണസിരാകേന്ദ്രമായതോടെയാണ് ഇന്നത്തെ പ്രശസ്തി കൈവന്നത്. നെപ്പോളിയൻ ക്രെംലിനെ തകർത്തുകളയാൻ ഉത്തരവിടുകയും ഭാഗികമായി നശിക്കുകയും ചെയ്തിരുന്നു. മൂന്നു ദിവസത്തോളം നീണ്ടു നിന്നിരുന്നു അന്നത്തെ സ്ഫോടനപരമ്പര. മഴ ക്രെംലിനെ കാത്തുവെന്നുപറയാം. പിന്നീട് പല കാലഘട്ടങ്ങളിലായി സാർ ഭരണകൂടവും സോവിയറ്റ് ഭരണകൂടവും ക്രെംലിനെ പുനരുദ്ധരിച്ചു.

ക്രെംലിനിലെത്തിയ ഞങ്ങൾ കണ്ടത് നൂറു കണക്കിന് ടൂറിസ്റ്റുകളെയാണ്. വലിയ കാർട്ടൂൺ കഥാപാത്രങ്ങളുടേയും റഷ്യൻ ചരിത്രനായകരുടേയും വേഷമിട്ട ആളുകൾ കൂടെ നിർത്തി ഫോട്ടോയെടുക്കണോ എന്നു ചോദിച്ചു നടക്കുന്നു. പെട്ടെന്ന് റഷ്യൻ പ്രസിഡണ്ട് പുടിനെ കണ്ട് ഞെട്ടി. ഇത്ര ജനകീയ പ്രസിഡന്റോയെന്ന് സംശയിച്ചപ്പോഴേക്കും ഡ്യൂപ്പാണെന്ന് മനസ്സിലായി. സ്റ്റാലിന്റെ ട്യൂപ്പിനെ കണ്ടപ്പോൾ പാച്ചുവിന് (എന്റെ നല്ല പാതി) ഒരാഗ്രഹം. ചോദിച്ചപ്പോൾ ആയിരം റൂബിൾ കൊടുക്കണം. ഡ്യൂപ്പിന് ഇത്രയെങ്കിൽ ഒറിജിനലിന് എത്രയായിരിക്കും. എന്ന് പറഞ്ഞ് ഞങ്ങൾ ചിരിച്ചു. പെട്ടെന്നാണ് മൂന്നാലു സ്ത്രീകൾ ഓടിവന്ന് 'യൂ ഇന്ത്യൻ' എന്ന് ചോദിച്ചത്. അതേ എന്ന് പറഞ്ഞപ്പോൾ ഫോട്ടോഫോട്ടോയെന്ന്... ഞങ്ങൾ അതിശയിച്ചു. ഈശ്വരാ, ഞങ്ങളുടെ കൂടെ നിന്ന് ഫോട്ടോയെടുക്കാനും ആൾക്കാരോ? സന്തോഷത്തോടെ ഞങ്ങളവരുടെ ആഗ്രഹം സാധിച്ചു കൊടുത്തു.

നേരെ നടന്ന് സെന്റ് ബസലിക്ക കത്തീഡ്രൽ കാണാൻ പോയി. ക്രെംലിന്റെ മുഖ്യ ആകർഷണമാണ് അതിസുന്ദരൻ താഴികക്കുടങ്ങളുള്ള ഈ കത്തീഡ്രൽ. മോസ്കോയുടെ എല്ലാ ടൂറിസ്റ്റ് ചിത്രങ്ങളിലും ഇതിന്റെ പടം കാണാം. വലിയ സവാളയുടെ ആകൃതിയിലുള്ള നിറപ്പകിട്ടാർന്ന ചിത്രപ്പണികളുള്ള താഴികക്കുടങ്ങളാണ് ഈ പള്ളിയുടെ പ്രത്യേകത. ഐവാൻ ദ ടെറിബിൾ എന്ന സാർ ചക്രവർത്തിയാണ് ഇത് നിർമ്മിച്ചത്. റെഡ് സ്ക്വയറിന്റെ പരേഡുകളുടെ തിളക്കം കുറയുമെന്ന് കരുതി ഇത് നശിപ്പിക്കാൻ സോവിയറ്റ് ഭരണകൂടം തീരുമാനിച്ചതാണ്. പെയ്ടോർ ബരോൺസ്കിയെന്ന ആർക്കിടെക്റ്റിന്റെ പ്രതിഷേധം കൊണ്ട് കത്രീഡൽ രക്ഷപ്പെട്ടെങ്കിലും ശില്പിക്ക് 5 വർഷം തടവ് ലഭിച്ചു. മാറിയും തിരിഞ്ഞും മൊബൈലിലും കാമറയിലും ശില്പഭംഗി പകർത്തിയിട്ടും മതിയായില്ല. നേരം ഇരുട്ടിയതിനാൽ തിരിച്ചു ഹോട്ടലിൽ പോകാൻ തീരുമാനിച്ചു. മെട്രോയിൽ കയറി തിരികെയെത്തി. അത്താഴം പുറത്ത് നിന്നാകാമെന്ന് കരുതി. ഹോട്ടലിന്റെ ചുറ്റുവട്ടത്ത് ഭക്ഷണശാലകൾ കണ്ടു. കഠിനമായ തണുപ്പ്. ബൂട്സ്, ജാക്കറ്റ്, കൈയ്യുറ, തൊപ്പി തുടങ്ങി വാവച്ചി വാങ്ങിപ്പിച്ച സംഭവങ്ങളെല്ലാമിട്ടുകൊണ്ട് ഞങ്ങൾ പുറത്തിറങ്ങി. റഷ്യൻ ഭാഷയിലേയും ഇംഗ്ലീഷ് ഭാഷയിലേയും ചില അക്ഷരങ്ങൾ സമാനമായത് കൊണ്ട് റെസ്റ്റോറന്റ് ഞങ്ങൾ കണ്ടുപിടിച്ചു. അകത്ത് കയറി, നോക്കിയപ്പോൾ മെനു സംഭവം റഷ്യനിൽ. ഒരൊറ്റ ജീവനക്കാർക്കും ഇംഗ്ലീഷ് അറിയില്ല.

സസ്യഭക്ഷണം കിട്ടിയില്ല. പിന്നെ കൂടുതലും ഞങ്ങൾക്ക് നിഷിദ്ധമായ പോർക്ക് ആണ്. 'ചിക്കൻ' കിട്ടുമോ എന്ന് ചോദിച്ചു. മനസ്സിലായില്ല. 'മുട്ട' മനസ്സിലായില്ല. അവസാനം ഞാൻ 'കൊക്കരക്കോ' വച്ചു. അവർ ചിരിച്ചതല്ലാതെ ഒന്നും മനസ്സിലായില്ല. സാധാരണ ഉപയോഗിക്കാറുള്ള ഒരൊറ്റ ഇംഗ്ലീഷ് വാക്കും ആർക്കും അറിയില്ല. അവസാനം ആരോ തപ്പിപ്പിടിച്ച് ഒരു പഴഞ്ചൻ ഇംഗ്ലീഷ് മെനു കൊണ്ടുവന്നു. ഈ മെനുവും റഷ്യൻ മെനുവും താരതമ്യപ്പെടുത്തി അവർ ഓർഡറെടുത്തു. പോർക്കും ചിക്കനും തൊട്ടുകിടക്കുന്നതു കണ്ട് അവർക്ക് തെറ്റിപ്പോയാലോന്ന് കരുതി ഞാൻ പൊട്ടറ്റോയെ കൂട്ടുപിടിച്ചു. ഓർഡർ എത്തിയപ്പോഴേക്കും നല്ല വിശപ്പായി. പാച്ചുവും കുഞ്ഞച്ചായനും മത്സരിച്ചു കഴിച്ചു. ബില്ലു വന്നപ്പോൾ പതിവുപോലെ എന്റെ കണ്ണു നിറഞ്ഞു. അബുദാബിയിലെ ശരാശരി ബില്ലിന്റെ രണ്ടര ഇരട്ടി വരും. സോഷ്യലിസം ഹോട്ടൽ ബിസിനസ്സിലില്ലെന്ന് മനസ്സിലായി.

പിറ്റേന്ന് രാവിലെ ഭാഷാപ്രശ്നം മൂലം ഗൈഡഡ് ടൂറിന് പോകാമെന്ന് തീരുമാനിച്ചു. മോസ്കോവിലെ പ്രസിദ്ധമായ ബസ്ടൂറിന് ഞങ്ങളും ചേർന്നു. ഒരാൾക്ക് അഞ്ഞൂറ് റൂബിൾ. പ്രധാന വിനോദസഞ്ചാരകേന്ദ്രങ്ങളിൽ ബസ് നമ്മളെ കൊണ്ടുപോകും. വിവിധ ഭാഷകളിൽ കമന്ററിയും ഉണ്ട്. ഇടക്ക് ഇറങ്ങാം. പിന്നെ ആസ്ഥലം

കണ്ടിട്ട് വീണ്ടും കയറാം. കൊള്ളാമല്ലോ ഏർപ്പാടെന്നു തോന്നി. ക്രെംലിൻ മുഴുവൻ കാണാത്തതുകൊണ്ട് വീണ്ടും അവിടെ എത്തി. രണ്ടാംദിനത്തെ ടൂർ റെഡ്സ്ക്വയറിൽ നിന്നു തുടങ്ങി. ചെങ്കൊടിയുടെ നിറത്തിലുള്ള ഭിത്തികളാൽ വലയം ചെയ്തതുകൊണ്ടല്ല ആ പേര് ലഭിച്ചത്.

റഷ്യൻ വാക്കായ 'കർസനായ' ക്ക് രണ്ടർത്ഥമാണ്. സുന്ദരമെന്നും ചുവപ്പെന്നും. സുന്ദരം എന്ന പദം ആദ്യം തൊട്ടടുത്ത സെന്റ് ബസലിക്കയെ വിശേഷിപ്പിക്കാൻ തുടങ്ങിയതാണെങ്കിലും അത് പിന്നീട് ഈ കോട്ടക്കും ചാർത്തിക്കിട്ടി. കാലക്രമേണ ഇത് റെഡ് സ്ക്വയർ ആയി മാറി. ഇവിടെയാണ് സാർ ചക്രവർത്തിമാരുടെ കിരീടധാരണങ്ങളും സോവിയറ്റ് വാഴ്ചയിലെ പ്രസിദ്ധമായ പരേഡുകളും നടന്നിട്ടുള്ളത്. ഭീകരൻ പട്ടാളവാഹനങ്ങൾക്ക് പരേഡിനുള്ള പാതക്കായി പ്രസിദ്ധമായ പല കത്തീഡ്രലുകളും നശിപ്പിച്ചിട്ടുണ്ട്. ഇന്നിത് യുനസ്കോയുടെ വേൾഡ് ഹെറിറ്റേജ് പട്ടികയിലാണ്. പിരിസ്ത്രോയിക്കക്ക് ശേഷം വലിയ കൺസർട്ടുകളും സംഗീതഫെസ്റ്റിവെലുകൾക്കുമുള്ള വേദിയായി ഉപയോഗിക്കുന്നു. റെഡ്സ്ക്വയറിന്റെ ആഢ്യത്വം നിങ്ങളെ സ്തംഭരാക്കും. സോവിയറ്റ് വാഴ്ച അവസാനിച്ചെങ്കിലും ഉദ്യോഗസ്ഥരുടെ വേഷത്തിലോ പെരുമാറ്റത്തിലോ മാറ്റമില്ല. സ്റ്റാലിന്റെ മിനി പതിപ്പുകളാണ് ഏവരും. പടിക്കെട്ടിൽ ഇരുന്നതിന് ഞങ്ങളെ രണ്ടുപ്രാവശ്യം അവർ മാറ്റിക്കയുണ്ടായി.

റെഡ്സ്ക്വയറിലാണ് ലെനിൻ ശാന്തഗംഭീരനായി ഉറങ്ങുന്നത്. ലെനിന്റെ ശവകുടീരത്തിലേക്കുള്ള യാത്ര ഒരു തീർത്ഥാടനം പോലെ തോന്നി. സോവിയറ്റ് ചെക്കിങ്ങുകളും ക്യൂവിലെ നീണ്ടകാത്തിരിപ്പും പിന്നെ പിറുപിറുത്താൽ ചുണ്ടത്ത് വിരൽവെച്ച് നിശ്ശബ്ദരാക്കുന്ന ഗാർഡുമാരും. ഏറെ ബഹളം വെക്കുന്ന പാച്ചുവും ലെനിനരികിലെത്തിയപ്പോൾ നിശ്ശബ്ദനായി. ഒരു തീർത്ഥാടകനെ



പ്പോലെ ആദരമർപ്പിച്ചു നിന്നു. രണ്ടു മിനുട്ടിൽ കൂടുതൽ നിൽക്കാൻ അനുവാദമില്ല.

കമ്മ്യൂണിസ്റ്റ് ഭരണകാലത്ത് റെഡ് സ്ക്വയർ സെമിത്തേരികൂടിയായി മാറി. ഒക്ടോബർ വിപ്ലവത്തിലെ 240 രക്തസാക്ഷികളെ ഇവിടെ അടക്കം ചെയ്തിട്ടുണ്ട്. പിന്നീട് സോവിയറ്റ് ഹീറോമാരെ അടക്കം ചെയ്യുന്നത് ഇവിടെയാണ് എന്നത് ഒരു കീഴ്വഴക്കമായിമാറി. മാക്സിംഗോർക്കിയും യൂറിഗഗാറിനുമടക്കമുള്ളവർ ഇവിടെ നിദ്രകൊള്ളുന്നു. കുറേ നാൾ ലെനിനിന്റെ കൂടാരത്തിൽ സ്റ്റാലിന്റെ ശരീരം സൂക്ഷിച്ചിരുന്നുവെങ്കിലും പിന്നീട് ഇങ്ങോട്ട് മാറ്റി.

ക്രെംലിനടുത്തുള്ള മാർക്സിന്റെ പ്രതിമക്കടുത്തുവെച്ചാണ് ഒരു സമ്മേളനം നടക്കുന്നത് കണ്ടത്. അന്വേഷിച്ചപ്പോൾ പഴയകമ്മ്യൂണിസ്റ്റുകാരുടെ പോളിറ്റ്ബ്യൂറോ കൂടുകയാണ്. ഇരുപതുപേരോളം വരുന്ന ഒരു കൂട്ടം. കേരളത്തിൽ ബ്രാഞ്ച് സമ്മേളനത്തിന് ഇതിലും ആളുണ്ടാവും. എത്രപെട്ടെന്നാണ് ഒരു ആദർശത്തെ വേണ്ടാതായി വരുക, വേണ്ടായെന്ന് വെക്കുക. ഞങ്ങളും അവരോടൊപ്പം ഇത്തിരി നേരം നിന്നു.

വീണ്ടും ബസ്സിൽ കയറി അടുത്ത ലക്ഷ്യത്തിലേക്ക് യാത്ര തുടർന്നു.ബസ്സിലെ റെക്കോർഡഡ് കമന്ററി കൃത്യമായി രണ്ടുവശത്തുമുള്ള പൗരാണിക കെട്ടിടങ്ങളെക്കുറിച്ച് വിശദമായി പറയുന്നു. റഷ്യൻ ലൈബ്രറിയും മ്യൂസിയങ്ങളും കടന്നുപോയി. ഇടയ്ക്ക് മോസ്കോ റിവറിൽ കൂടിയുള്ള സവാരിയാകാമെന്ന് കരുതിയിറങ്ങി. പ്രസിദ്ധമായ മോസ്കോ ബ്രിഡ്ജിൽ എത്തി. അവിടെ എത്തിയപ്പോൾ ഏതോ സമൂഹവിവാഹവേദിയിലെത്തിയ പ്രതീതി. കൂറ്റൻ ലിമോസിനുകളുടെ നിര. ആടിപ്പാടി റഷ്യക്കാർ, വെള്ളവസ്ത്രമണിഞ്ഞ റഷ്യൻ വധുക്കൾ, സുന്ദരൻ വരന്മാർ അവർ ഒരു കൂട്ടമായി വരുന്നു. ഇതൊരു ആചാരമാണ്. വിവാഹം രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ വരനും വധുവും ബന്ധുക്കളും മോസ്കോ ബ്രിഡ്ജിൽ വരുന്നു. അവിടെയുള്ള മരം പോലെ പണിത തൂണുകളിൽ ഒരു പൂട്ടുകൊളുത്തുന്നു. എന്നിട്ട് രണ്ടുപേരും ചേർന്ന് നദിക്ക് പിൻതിരിഞ്ഞ് നിൽക്കും. പൂട്ടിൽ വരന്റേയും വധുവിന്റേയും പേരുണ്ടാകും. എന്നിട്ട് വധു താക്കോൽ പിറകിലോട്ട് നദിയിലേക്കെറിയുന്നു. ദാമ്പത്യബന്ധം എന്നു നിലനിൽക്കുമെന്നാണ് (പൂട്ടുതുറക്കുന്നതുവരെ) വിശ്വാസം. ശനിയാഴ്ച വിവാഹങ്ങളുടെ ദിനമാണ്. പത്ത് പതിനഞ്ച് ജോഡികളെ ഞങ്ങൾ അവിടെ കണ്ടു.

മോസ്കോ നദിയിലൂടെയുള്ള യാത്ര അവിസ്മരണീയമായിരുന്നു. റഷ്യൻ വൈറ്റ് ഹൗസ് (പാർലമെന്റ് മന്ദിരം) തുടങ്ങി ചരിത്രപ്രസിദ്ധമായ കെട്ടിടങ്ങളും സ്മാരകങ്ങളും



കണ്ട് ഞങ്ങൾ അടുത്ത ലക്ഷ്യമായ അറബാത് സ്ക്വയറിൽ ഇറങ്ങി. സുവനീർ മോഹികളുടെ മക്കയാണ് അറബാത് സ്ക്വയർ. റഷ്യൻ പ്രത്യേകതയായ മട്രയോഷ്ക പാവകളുടെ വലിയ ശേഖരം തന്നെയുണ്ട്. ഒന്ന് തുറക്കുമ്പോൾ മറ്റൊരു ചെറിയ പാവ എന്ന രീതിയിൽ അഞ്ചുപാവകൾ. വലിയ കണ്ണുകളും ചിത്രപ്പണികളും ഉള്ള സുന്ദരിപ്പാവകൾ. പെയിന്റിംഗുകൾ, ഫ്രിഞ്ച് മാഗ്നറ്റുകൾ, ലെനിനും സ്റ്റാലിനും ചെഗുവേരയും ഉള്ള കപ്പുകൾ തുടങ്ങി ടൂറിസ്റ്റുകളെ പറ്റിക്കാൻ ധാരാളം ഉരുപ്പടികൾ. വില മാത്രം കുറച്ചു തരില്ല. ഇടക്കൊക്കെ മഴപെയ്തപ്പോൾ ടൂറിസ്റ്റുകൾ ചിതറിയോടിയില്ല. അതും ആസ്വദിച്ചു നടന്നു. അപ്പോൾ ഞാൻ നാട്ടിലുള്ള കമ്മ്യൂണിസ്റ്റുകാർ ഇപ്പോൾ കുടപിടിച്ചു കാണുമല്ലോയെന്നോർത്തു.

പിറ്റേന്ന് രാവിലെ ഞങ്ങൾ സെന്റ് പീറ്റേർസ് ബർഗിലേക്ക് യാത്രയായി. സാപ്സാൻ എന്ന അതിവേഗ തീവണ്ടിയിലാണ് യാത്ര. മണിക്കൂറിൽ 200 കി.മി ആണ് സ്പീഡ്. വളരെ ഭംഗിയായി സൂക്ഷിച്ചിരിക്കുന്ന അതിവേഗം പായുന്ന തീവണ്ടിയിലിരിക്കുമ്പോൾ മഞ്ഞ നിറമാർന്ന മരങ്ങളും കെട്ടിടങ്ങളും പിന്നോക്കം പായുന്നു. ഒക്ടോബറിന്റെ ശീതകാല കാഴ്ചകൾ. ഇടക്ക് ഉപേക്ഷിക്കപ്പെട്ട ഫാക്ടറി കെട്ടിടങ്ങൾ. ട്രെയിൻ സെന്റ് പീറ്റേർസ് ബർഗിൽ എത്തിയപ്പോൾ വീണ്ടും ടാക്സിക്കാരുടെ കെണിയിൽ വീണു. 1500 റൂബിളിന് ഞങ്ങളെ ഹോട്ടലിൽ എത്തിക്കാമെന്നേറ്റു. ഈ ഡ്രൈവർ കൊള്ളാമല്ലോ, അത്യാവശ്യം മനുഷ്യപ്പറ്റുണ്ടല്ലോ എന്ന് ചിന്തിച്ചതും ഐ.ബി.ഐ.എസ് ഹോട്ടൽ കണ്ണിൽപെട്ടു. ദൈവമേ, മൂന്നു മിനുട്ട് നടന്നെത്താവുന്ന ഇവിടേക്കാണോ ഞങ്ങൾ 1500 റൂബിൾ ബലിയർപ്പിച്ചത്?

സെന്റ് പീറ്റേർസ്ബർഗ് ഒരു സുന്ദരനഗരമാണ്. കൊട്ടാരങ്ങളുടേയും കനാലുകളുടേയും നഗരം. പീറ്റർ ദ ഗ്രേറ്റ് എന്ന ചക്രവർത്തിയാണ് ഈ നഗരം സ്ഥാപിച്ചത്. ആധുനിക യൂറോപ്യൻ നഗരമായി പാശ്ചാത്യലോകത്തേക്കുള്ള ജനാലയായി മാറി. മോസ്കോവിയൻസ് ജാഡക്കാരായിരുന്നെങ്കിൽ ഇവിടെ കുറച്ച് ഭേദമാണ്. എങ്കിലും എപ്പോഴും എല്ലാ നാട്ടുകാരും നടപ്പ് തന്നെയാണ്. റോഡിൽ വാഹനങ്ങൾ ഉണ്ടെങ്കിലും ട്രാഫിക്ജാം സൃഷ്ടിക്കുന്ന തിരക്കില്ല. അതിലേറെ ആളുകൾ ആബാലവൃദ്ധം നടക്കുന്നു. മെട്രോ ഉപയോഗിക്കുന്നു. സോവിയറ്റ് ഭരണകാലത്ത് ലെനിൻ ഗ്രാഡെന്ന് പേരുമാറ്റിയെങ്കിലും വീണ്ടും സ്വന്തം പേര് ഈ നഗരത്തിന് തിരിച്ചു കിട്ടി.

ഇവിടെ എനിക്ക് കാണേണ്ടത് കാതറിൻ പ്രഭ്വിയുടെ കൊട്ടാരമാണ്. ഗീതക്ക് ഹെർമിറ്റേജ് മ്യൂസിയവും. ആദ്യം ഹെർമിറ്റേജിലേക്ക് പിടിച്ചു. നടന്നാണ് പോയത്. ലോകത്ത് മ്യൂസിയങ്ങളുണ്ട്, ഗ്യാലറികളുണ്ട്, പക്ഷേ ഒറ്റ ഹെർമിറ്റേജ് മാത്രം. വിലമതിക്കാനാവാത്ത കലാശേഖരങ്ങളുടെ അമൂല്യനിധിയാണ് ഈ മ്യൂസിയം. പറയപ്പെടുന്നത് മൂന്ന് മില്യൺ ശേഖരങ്ങളുണ്ടെന്നാണ്. വളരെ കുറച്ച് മാത്രമേ പ്രദർശിപ്പിച്ചിട്ടുള്ളു. പാശ്ചാത്യ യൂറോപ്യൻ ആർട്ട്, ഈജിപ്ഷ്യൻ പൗരാണികത തുടങ്ങി വിവിധ മേഖലകളിലെ കലാശേഖരങ്ങൾ. റൂബൻഡിന്റേയും റാൻബ്രാൻഡിന്റേയും വമ്പൻശേഖരം. അവിടെ നിന്ന് പോരാൻ മനസ്സനുവദിച്ചില്ല.

പിറ്റേന്ന് പുഷ്കിനിലേക്ക് യാത്രയായി. കാതറീൻ പ്രഭ്വിയുടെ മായക്കൊട്ടാരത്തിലേക്കുള്ള യാത്ര. ലോകത്തിലെ വിസ്മയങ്ങളിലൊന്നായി ഇതിനെ കരുതുന്നു. കൊട്ടാരമുറ്റത്തുള്ള പാർക്കിലൂടെയുള്ള നടപ്പ് തന്നെ നിങ്ങളെ രാജാവിന്റെ അതിഥിയായി തോന്നിപ്പിക്കും. റഷ്യൻ ചക്രവർത്തിമാരുടെ വേനൽക്കാല വസതിയാണ് വെള്ളയിലും നീലയിലും സ്വർണ്ണനിറത്തിലുമുള്ള ഈ കൊട്ടാരം. 100 കി.ഗ്രാമിലേറെ സ്വർണ്ണം തൂണുകൾ പൂശാൻ ഉപയോഗിച്ചിട്ടുണ്ടെന്നാണ് പറയപ്പെടുന്നത്. വിവിധ രീതിയിൽ അലങ്കരിച്ച മുറികളിലൂടെ നടന്നപ്പോൾ സ്വപ്നങ്ങളിലൊന്നു കൂടി സഫലമായ സന്തോഷം തോന്നി. വീണ്ടും സിറ്റിടൂറെന്ന ഓട്ടപ്രദിക്ഷണം (ബസിൽ...)

പിറ്റേന്ന് വീണ്ടും മോസ്കോയിലേക്ക്. ഇത്തവണ ക്രെംലിന് തൊട്ടടുത്താണ് താമസിച്ചത്. കണ്ടതാണെങ്കിലും വീണ്ടും ഞങ്ങൾ ക്രെംലിനിൽ പോയി.

സർവശ്രേഷ്ഠതയുടെ നഗരമാണ് മോസ്കോ. ഏറ്റവും കൂടുതൽ ബില്യണയറുകളുള്ള, ഏറ്റവും വിലയേറിയ കാപ്പി ലഭിക്കുന്ന, ഏറ്റവും ചിലവേറിയ നഗരം. ഏറ്റവും unfriendly യായ ആൾക്കാരുടെ നഗരമെന്ന ഖ്യാതി(അപ)യും ഉണ്ട്. കമ്മ്യൂണിസ്റ്റ് ഭരണം ഒഴിഞ്ഞെങ്കിലും ആഢ്യത്വം വിടാത്ത ജനങ്ങൾ. സെൻസർഷിപ്പില്ലാത്ത, കെ.ജി.ബിയുടെ ചാരക്കണ്ണുകളില്ലാത്ത സ്വാതന്ത്ര്യം മോസ്കോവിയൻ

*ശേഷം പേജ് 46 ൽ*



ആർ. പാർവതീദേവി

# നരേന്ദ്രമോഡി : ഒരു സ്ത്രീ പക്ഷ വായന



**ബിജെപിയുടെ** പ്രധാനമന്ത്രി സ്ഥാനാർത്ഥിയായ നരേന്ദ്രമോഡി ഒരു വിഭാഗം മധ്യവർഗത്തിന്റെ സ്ത്രീകൾ ഉൾപ്പെടെ– ആരാധ്യപുരുഷനായി മാറിയിരിക്കുന്നു. മോഡിയെ 'തിളങ്ങുന്ന ഗുജറാത്തി'ന്റെ പ്രതിനിധിയെന്ന പദവിയിൽ നിന്നും 'തിളങ്ങുന്ന ഇന്ത്യയുടെ (ഭാരതത്തിന്റെ)'പ്രതീകമാക്കി മാറ്റുവാൻ തിരക്കുകൂട്ടുന്ന മറ്റൊരു വിഭാഗം ആഗോളകുത്തകകൾ ആണ്. കോർപ്പറേറ്റുകളുടെ ഓമനപ്പുത്രനാണ് നരേന്ദ്രമോഡിയെന്ന് മൂലധനശക്തികൾ പരസ്യമായി സമ്മതിച്ചു കഴിഞ്ഞു. ഈയിടെ ജാപ്പനീസ് ഓഹരിഭീമനായ 'നൊമുറ'യുടെ പ്രതിനിധി അലസ്റ്റർ ന്യൂട്ടണും മോഡി പ്രധാനമന്ത്രി പദത്തിലെത്തുന്നതിനായി കാത്തിരിക്കുകയാണെന്നു പ്രഖ്യാപിച്ചു കഴിഞ്ഞു. ഏതു വർഗത്തിന്റെ താത്പര്യസംരക്ഷകനാണ് മോഡിയെന്നു വ്യക്തമാക്കുന്നതാണ് ഇവരുടെ പ്രസ്താവനകൾ. ഭൂമാഫിയയ്ക്കും ഫോർഡുൾപ്പെടെയുള്ള വൻവാഹനക്കമ്പനികൾക്കും വേണ്ടി ഗുജറാത്തിന്റെ വാതിലുകൾ തുറന്നുകൊടുത്തുകൊണ്ട് ദരിദ്രരേയും അതീവദരിദ്രരേയും തിരശ്ശീലക്കു പിന്നിലേക്ക് മാറ്റി നിർത്തികൊണ്ട് വികസനത്തിന്റേയും വളർച്ചയുടേയും വിചിത്രമായ കണക്കുകൾ പ്രചരിപ്പിക്കുന്നതിന് കോടിക്കണക്കിനു രൂപ നരേന്ദ്രമോഡി ചെലവിടുന്നു. സോഷ്യൽ മീഡിയയിലൂടെ അരാഷ്ട്രീയ മധ്യവർഗത്തിന്റെ കയ്യടി വാങ്ങുന്നതിനുള്ള എല്ലാ കുതന്ത്രങ്ങളും ചെപ്പടി വിദ്യകളും മോഡി പ്രചാരകർ ചെയ്തുകൊണ്ടിരിക്കുന്നു.

എന്നാൽ ആരാണ് യഥാർത്ഥ നരേന്ദ്രമോഡിയെന്ന് ജനാധിപത്യത്തിന്റേയും സാമൂഹ്യനീതിയുടെയും കാഴ്ചപ്പാടിൽ വസ്തുനിഷ്ഠമായി പരിശോധിക്കേണ്ടതായുണ്ട്. സാമൂഹ്യനീതിയുടെ അടിസ്ഥാനമായ 'ലിംഗനീതി' എപ്രകാരമാണ് മോഡിയിസത്തിൽ കാണാനാകുക എന്ന വിലയിരുത്തൽ അനിവാര്യമായിരിക്കുന്നു. പ്രത്യേകിച്ചും ഇന്ത്യ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട വികസന പ്രശ്നമായി സ്ത്രീയവസ്ഥ മാറിയിരിക്കുന്ന ഈ കാലഘട്ടത്തിൽ രാഷ്ട്രീയ മണ്ഡലത്തിലെ ഓരോ ചെറുചലനം പോലും ലിംഗനീതിയുടെ ഭൂതകണ്ണാടിയിലൂടെ നോക്കിക്കാണേണ്ടതായുണ്ട്.

നരേന്ദ്രമോഡിയുടെ ഹിന്ദുത്വഫാസിസ്റ്റ് വീക്ഷണത്തിൽ സ്ത്രീയെ എങ്ങനെയാണ് അടയാളപ്പെടുത്തിയിരിക്കുന്നതെന്ന് മോഡിയുടെ വ്യക്തിജീവിതവും സാമൂഹ്യ രാഷ്ട്രീയജീവിതവും വ്യക്തമാക്കുന്നുണ്ട്. ആർ എസ് എസ് എന്ന പുരുഷമാത്രസംഘടനയുടെ നേതാവാണ് മോഡി. ആർ.എസ്. എസിൽ സ്ത്രീകൾ ഇല്ല. ആർ.എസ്. എസ് രൂപീകരിച്ച് പതിനൊന്നു വർഷങ്ങൾക്കു ശേഷമാണ് രാഷ്ട്രീയ സേവികാസംഘം രൂപീകരിച്ചത്. പുരുഷസംഘടന രാഷ്ട്ര സ്വയം സേവകസംഘം ആകുമ്പോൾ സ്ത്രീകളുടേത് ''സേവികാ'' സംഘം മാത്രമായത് യാദൃച്ഛികമല്ല. സ്ത്രീകളെക്കുറിച്ചുള്ള ആർ.എസ്.എസ്സിന്റെ കാഴ്ചപ്പാട് ആ പേരിൽ നിന്നു തന്നെ വ്യക്തമാണ്. സ്വയംസേവക് എന്നത് സന്നദ്ധ പ്രവർത്തനം ആകുമ്പോൾ സേവിക എന്നത് സേവിക്കൽ മാത്രമാണ്. നമുക്കറിയാം ആർ.എസ്.എസിന്റെ ലക്ഷ്യം ബ്രാഹ്മണ മൂല്യങ്ങളിൽ അധിഷ്ഠിതമായ ഹിന്ദു രാഷ്ട്രം സ്ഥാപിക്കുക എന്നതാണ്. "കലർപ്പില്ലാത്ത പരിശുദ്ധമായ ഹൈന്ദവജനത"യെ ഉല്പാദിപ്പിക്കുക എന്നതാണ് സ്ത്രീയുടെ ജീവിതലക്ഷ്യം. മാതൃത്വത്തെ അമിതമായി ഉദാത്തവൽക്കരിക്കുകയും സ്ത്രീയുടെ കർത്തവ്യം നല്ല കുടുംബിനികൾ ആയിരിക്കുകയും ആണെന്ന് സമ്മതിക്കുവാൻ ആർ.എസ്.എസ്സിനു മടിയില്ല. ആർ.എസ്.എസ്. നേതാവ്, പ്രചാരിക നേഹാ ദീക്ഷിത് ഒരു അഭിമുഖത്തിൽ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. "ആർ എസ് എസ് സ്ത്രീവാദികളല്ല. സ്ത്രീകളുടെ അവകാശങ്ങൾക്കായി ഞങ്ങൾ ശബ്ദം ഉയർത്തുന്നില്ല. ഒരു ഹിന്ദു രാഷ്ട്രസ്ഥാപനത്തിനായി ഞങ്ങൾ പ്രവർത്തിക്കുന്നു. മാതൃത്വം ആണ് ഏറ്റവും പ്രധാനം. കുടുംബം തകരാതിരിക്കുന്നതിന്റെ ഉത്തരവാദിത്തം സ്ത്രീകൾക്കാണ്. വിവാഹമോചനം ശരിയല്ല. പുരുഷന്മാരുടെ ഭാഗത്തു നിന്നുണ്ടാകുന്ന പ്രശ്നങ്ങൾ സഹിച്ചും പൊറുത്തും സ്ത്രീകൾ കുടുംബത്തിനുവേണ്ടി ത്യാഗം സഹിക്കണം. ''ആർ.എസ്.എസ്. മുഖ്യൻ മോഹൻ ഭഗവത് ബലാൽസംഗത്തെ കുറിച്ച് പറഞ്ഞതിങ്ങനെയാണ്– "ബലാൽസംഗം ചെയ്യപ്പെ

ടുന്നത് ഇന്ത്യക്കാരാണ്; ഭാരതീയ രല്ല" അതായത് ഹിന്ദു മൗലികവാദികൾ ഉയർത്തികാട്ടുന്ന ആർഷ ഭാരത സംസ്കാരം ഉള്ള സ്ത്രീകൾ ബലാൽസംഗം ചെയ്യപ്പെടില്ല. വസ്ത്രവും ഭക്ഷണവും സംരക്ഷണവും ലഭിക്കുന്നതിനുള്ള നന്ദിയോടെ സ്ത്രീകൾ കുടുംബത്തിനുള്ളിൽ അടങ്ങിയൊതുങ്ങി കഴിയണം എന്ന് പലപ്പോഴായി ആർ.എസ്.എസ്. നേതാക്കൾ പറയാറുണ്ട്. സ്ത്രീകളെകുറിച്ച് ബ്രാഹ്മണാധിപത്യ പുരുഷാധിപത്യ കാഴ്ചപ്പാടുള്ള ഒരു പ്രസ്ഥാനത്തിന്റെ പ്രതിനിധിയായ നരേന്ദ്രമോഡിക്ക് വ്യത്യസ്തമായി ചിന്തിക്കുവാൻ സാധിക്കുകയില്ലല്ലോ? നിലവിലുള്ള ഇന്ത്യൻ ശിക്ഷാനിയമപ്രകാരം ഗാർഹിക പീഡനത്തിനു മോഡിക്കെതിരെ കേസെടുക്കേണ്ടതാണ്. കാരണം പലരും ധരിച്ചു വച്ചിരിക്കുന്നതുപോലെ മോഡി അവിവാഹിതനല്ലായെന്ന് മാധ്യമപ്രവർത്തകർ അന്വേഷിച്ചു കണ്ടെത്തിയിട്ടുണ്ട്. തട്ടുകടയിൽ ചായ അടിച്ചുകൊണ്ട് ജീവിതം

ആരംഭിച്ച നരേന്ദ്രമോഡി അക്കാലത്ത് ഒരു വിവാഹം കഴിച്ചിരുന്നു. ഒരു ഉൾനാടൻ ഗ്രാമമായ രജോസനയിലെ യശോധാബെൻ ആണ് മോഡിയുടെ ഭാര്യ. എന്നെങ്കിലും ഒരിക്കൽ തന്റെ ഭർത്താവ് തന്നെ അംഗീകരിക്കാതിരിക്കില്ലായെന്ന പ്രതീക്ഷയിലാണ് യശോദ ജീവിക്കുന്നത്. വളരെ കുറച്ചുകാലം മാത്രമാണ് യശോദ മോഡിക്കൊപ്പം ജീവിച്ചത്. എങ്കിലും ഭർത്താവിന്റെ ഉയർച്ചക്കനുസരിച്ച് വിദ്യാഭ്യാസം നേടുവാനും തൊഴിലെടുക്കുവാനും യശോദ ശ്രമിച്ചു. ഒരു യു.പി. സ്കൂളിൽ അധ്യാപികയായി തികച്ചും സാധാരണമായ ജീവിതമാണ് യശോദ നയിക്കുന്നത്. യശോദയെ ആരെങ്കിലും പുറത്തു നിന്നുള്ളവർ കാണുകയോ സംസാരിക്കുകയോ ചെയ്യുന്നുണ്ടോയെന്ന് നിരന്തരം നിരീക്ഷിക്കുവാനുള്ള സംവിധാനം ഉണ്ട്. പക്ഷേ, ഗ്രാമത്തിലെല്ലാവരും യശോദയെ കുറിച്ച് 'നരേന്ദ്രമോഡിയുടെ ഭാര്യ' എന്നു തന്നെയാണ്

> *സ്ത്രീകളെകുറിച്ച് ബ്രാഹ്മണാധിപത്യ പുരുഷാധിപത്യ കാഴ്ചപ്പാടുള്ള ഒരു പ്രസ്ഥാനത്തിന്റെ പ്രതിനിധിയായ നരേന്ദ്രമോഡിയ്ക്ക് വ്യത്യസ്തമായി ചിന്തിക്കുവാൻ സാധിക്കുകയില്ലല്ലോ?*

പരാമർശിക്കുന്നത്. എന്നു മാത്രമല്ല, അവിടെയുള്ള മുസ്ലീം സമുദായവുമായി യശോദയ്ക്ക് വളരെ സൗഹാർദപരമായ ബന്ധവും ആണുള്ളത്. മുസ്ലീം കുട്ടികളുടെ വിദ്യാഭ്യാസത്തിനും അവർ ശ്രദ്ധ ചെലുത്താറുണ്ടത്രേ! തന്റെ രാഷ്ട്രീയ ഭാവിയ്ക്ക് യശോദാബെൻ ഭാര്യയാകാതിരിക്കുന്നതാണെന്ന ചിന്തയാകാം അധികാര മോഹിയായ മോഡിയെ കൊണ്ട് ഭാര്യയെ ഉപേക്ഷിക്കുവാൻ പ്രേരിപ്പിച്ചത്. ഭാര്യയെ ഒഴിവാക്കിയ മോഡിയുടെ മറ്റു ചില സ്ത്രീബന്ധങ്ങളും പുറത്തുവന്നിട്ടുണ്ട്. താനുമായി സൗഹൃദം ഉണ്ടായിരുന്ന ഒരു യുവതിയോട് എങ്ങനെയാണ് മോഡി പെരുമാറിയതെന്നതിന്റെ കഥകൾ ആണല്ലോ ഇപ്പോൾ മാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുന്നത്. 'മാധുരി' എന്ന് മാധ്യമങ്ങൾ പേരു നൽകിയിരിക്കുന്ന ഒരു യുവആർക്കിടെക്റ്റിനെ 24 മണിക്കൂറും നിരീക്ഷിക്കുവാൻ ഗുജറാത്ത് പോലീസ് സംവിധാനത്തെ ദുരുപയോഗിച്ചതിന്റെ തെളിവുകൾ രണ്ട് സ്വകാര്യന്യൂസ് പോർട്ടലുകൾ ആണ് പുറത്തുവിട്ടത്. മാധുരി ബാംഗ്ലൂരിലേക്കു മാറിയതിനുശേഷം അവരുടെ ഓരോ ചലനവും മോഡിയുടെ നിർദേശപ്രകാരം നിരീക്ഷണവിധേയമാക്കി. അതിനായി ആഭ്യന്തരമന്ത്രിയും മോഡിയുടെ ആത്മാവു സൂക്ഷിപ്പുകാരനുമായ അമിത് ഷാ പൊലീസ് മേധാവിക്കു ഫോണിലൂടെ നൽകിയ നിർദേശങ്ങളുടെ ഓഡിയോ ടേപ്പാണിപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇന്ത്യൻ ടെലഗ്രാഫ് നിയമത്തിന്റെ ലംഘനമാണ് ഒരു വ്യക്തിയുടെ സ്വകാര്യതയിൽ കടന്നുകയറുന്നത്. ആ യുവതി തീവ്രവാദിയോ പൊലീസിന്റെ നോട്ടപ്പുള്ളിയോ ഒരു കുറ്റവാളിയോ അല്ല. മോഡിയുമായി അടുത്ത ബന്ധം ഉണ്ടായിരുന്ന യുവതിയുടെ പക്കൽ ഉള്ള ചില രഹസ്യങ്ങൾ അവർ വെളിപ്പെടുത്തുമെന്ന ഭയമാണ് മോഡിയെ ഇതിനു പ്രേരിപ്പിച്ചതെന്നാണ് പറയപ്പെടുന്നത്. മോഡിയുടെ അപ്രീതിക്കു പ്രാപ്തനായ, സസ്പെന്റു ചെയ്യപ്പെട്ട ഐ.എ.എസ്. ഉദ്യോഗസ്ഥൻ പ്രദീപ് ശർമ്മ സുപ്രീംകോടതിയിൽ നൽകിയ പരാതിയിൽ ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നു. വ്യക്തിപരമായി നരേന്ദ്രമോഡി സ്ത്രീകളോടു ചെയ്യുന്ന ഇത്തരം കാര്യങ്ങൾ 'വ്യക്തിപരം' എന്ന തരത്തിൽ അവഗണിക്കുവാൻ കഴിയുന്നതല്ല. ആർ.എസ്.എസിന്റേയും ഹൈന്ദവ ഫാസിസത്തിന്റേയും സ്ത്രീവിരുദ്ധത മോഡിയുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നുവെന്നുമാത്രം.

2002-ലെ ഗുജറാത്ത് കലാപം ആണല്ലോ മോഡിയുടെ യഥാർത്ഥ ഫാസിസ്റ്റ് മുഖത്തിന്റെ ഏറ്റവും വികൃതവും ബീഭത്സവുമായ ഭാവത്തെ പുറത്തേക്കുകൊണ്ടുവന്നത്. അന്ന് ആയിരക്കണക്കിന് മുസ്ലീങ്ങളെ കൊലപ്പെടുത്തുകയും പതിനായിരക്കണക്കിനാളുകളെ ആട്ടിപ്പായിക്കുകയും മാത്രമല്ല ചെയ്തത്. ആർ.എസ്.എസിന്റെ ഹിന്ദുത്വഫാസിസ്റ്റ് അജണ്ട പ്രയോഗിക്കുവാനുള്ള അവസരമാക്കി അതു മാറ്റുകയാണ് ചെയ്തത്. യാദൃച്ഛികമായി പൊട്ടിപ്പുറപ്പെട്ട ഒരു വർഗീയ കലാപം എന്ന തരത്തിൽ ചുരുക്കി കാണാനും ഗുജറാത്ത് സംഭവത്തെ കഴിയില്ല. ബോധപൂർവം ആസൂത്രണം ചെയ്ത 'വംശഹത്യ' തന്നെയായിരുന്നു അന്നുണ്ടായത്. അതിനായി അവർ കണ്ടെത്തിയ ഒരു മാർഗം സ്ത്രീകൾക്കുനേരെ നടന്ന അതിനിഷ്ഠൂരമായ അതിക്രമങ്ങളാണ്. കാരണം മുസ്ലീം കുഞ്ഞുങ്ങളെ പ്രസവിച്ച് വംശവർധനവ് നടത്തുന്ന അപകടകാരികളായാണ് അവർ

*ശേഷം പേജ് 56 ൽ*

കവിത

ഇന്ദു ജോൺ .പി

# പ്രഷർകുക്കർ



**കിടക്കയിൽ** പരതിയ പാണികൾ
അവളെണീറ്റുവെന്നുപറഞ്ഞെങ്കിലും
പുലർക്കാല കുളിർപ്പുതപ്പിൽ
കണ്ണിറുക്കി ഞാൻ കിടന്നു

“ഒന്നെണീറ്റ് സഹായിച്ചാലെന്താ?”
പ്രതിഷേധവും അമർഷവും
പ്രഷർകുക്കറിൽ ആവിയായ്
പുറത്ത് കടക്കാൻ കാത്തിരുന്നു

“ഇന്നും ബസ്സ് കിട്ടില്ല... കണ്ടോ..”
പച്ചവേദനകൾ നീരും നീരാവുയുമായി
ചേർന്ന് വേവിച്ചെടുക്കുന്നതിനിടെ
പ്രഷർകുക്കർ ചിണുങ്ങി

“ഈശ്വരാ... മണി അഞ്ചരയായി”
പ്രഷർകുക്കറിൻ അടക്കിപ്പിടിച്ച
തിളച്ചുമറിയും ക്രോധം
ചുടുആവിയായി പുറത്തുപ്പറത്തി

“ഞാനിവിടത്തെ പണിക്കാരിയല്ല
നിലത്തമർത്തി നടന്നുവന്ന പ്രഷർകുക്കർ
വാതിൽക്കൽ പൊട്ടിത്തെറിച്ചു
മൂക്കിലേക്കി കയറിയ വായു
ഇന്നും കടലയെന്നോതി
കണ്ണുത്തിരുമി ബ്രഷിനായി പാഞ്ഞു

കവിത



സുധർമ്മ. സി.കെ

# ഉടലനക്കം



**അവളുടെ** സുതാര്യതകളിലൂടെ
തിടുക്കത്തിൽ പായുമ്പോൾ
അവന്റെയുള്ളിലെ മൃഗീയത
ഒരു പിടച്ചിലോടെ
ഉയിർത്തെഴുന്നേറ്റു.

തീവ്രനൊമ്പരങ്ങളുടെ
വിരൽപ്പാടുകൾ
ഹൃദയത്തെ മുറിവേൽപ്പിക്കുമ്പോൾ
വേനലിനെ, അത്യുഷ്ണത്തെ
ഇലകരിഞ്ഞ ചില്ലകളെ
ഞെരിഞ്ഞമരുന്ന പച്ചിലകളെ
മനസ്സിന്റെ
അടിത്തട്ടിൽ നിന്നുയരുന്ന
തേങ്ങലായോർത്തു

അസ്ഥിപഞ്ജരങ്ങൾക്കിടയിൽ
നോവ് കാട്ടുതീയായ്പ്പടർന്നു.
കാമം ശാപക്കുരുക്കാക്കിമാറ്റിയ
സ്വപ്നങ്ങളെ
നക്ഷത്രച്ചെപ്പിനകത്താക്കി
ഒരു കണ്ണീർക്കുമിളയിൽ
അവൾ ഞെരിഞ്ഞമർന്നു.

ഒടുവിൽ
ഒരു ഉടലനക്കത്തിന്റെ
അമ്പരപ്പിൽ
കാറ്റിന്റെ നിറവും പൂവിന്റെ ഗുണവും
പുല്ലാങ്കുഴലിന്റെ ഈണവും
വസന്തലഹരിയും
ഓർത്തെടുത്തു.

അപ്പോഴേക്കും
പ്രാണന്റെ കിതപ്പിൽ
മൗനങ്ങളൊതുങ്ങിയിരുന്നു.

കെ.അജിത



# ഇരുപതുവർഷങ്ങൾ പിന്നിട്ട അന്വേഷി

**കേരളത്തിലെ** സ്ത്രീവിമോചന പ്രസ്ഥാനങ്ങളുടെ ചരിത്രത്തിൽ ശ്രദ്ധേയമായ സ്ഥാനമാണ് അന്വേഷിക്കുള്ളത്. സ്ത്രീകൾക്കെതിരായ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും പരമ്പരാഗതമായി വേരൂന്നിക്കിടക്കുന്ന അക്രമമനോഭാവത്തിനും അതിന്റെ സാമൂഹ്യഹേതുവായ പുരുഷാധിപത്യ വ്യവസ്ഥിതിക്കുമെതിരായി തലയുയർത്തിപ്പിടിച്ച് നിലകൊള്ളുന്ന അന്വേഷി വളർച്ചയുടെ ഇരുപത് വർഷങ്ങൾ പിന്നിട്ടിരിക്കുകയാണ്. കേരളത്തിൽ മറ്റെങ്ങുമില്ലാത്തതുപോലെ, അങ്ങേയറ്റം ദുസ്സഹമായ ജീവിതസാഹചര്യങ്ങളിൽ ആത്മഹത്യയുടേയും ജീവിതത്തിന്റേയും ഇടയിൽ വീർപ്പുമുട്ടി കഴിയുന്ന നിസ്സഹായരായ വളരെയേറെ സ്ത്രീകൾക്ക് താങ്ങും തണലുമായി പ്രവർത്തിക്കാൻ അന്വേഷിക്ക് കഴിഞ്ഞിട്ടുണ്ട്.

ആദ്യഘട്ടത്തിൽ വളരെ ചെറുതായ സംഭാവനകളിലൂടെ മാത്രം പ്രവർത്തിച്ചുവന്ന അന്വേഷി 2000 മുതൽ വിവിധ ഗ്രാന്റുകളിലൂടെ ഏറെ മുന്നോട്ടു പോയി. തുടക്കത്തിൽ കൗൺസലിംഗ് മാത്രം ഏറ്റെടുത്ത ഞങ്ങൾ പിന്നീട് നിയമസഹായ സെൽ, അഭയം ആവശ്യപ്പെടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതുവരെ താമസിക്കാൻ ഷോർട്ട് സ്റ്റേ ഹോം, സ്ത്രീകൾക്കും കുട്ടികൾക്കുമായി ഒരു ലൈബ്രറി തുടങ്ങിയവ സ്ഥാപിച്ചു. മാത്രമല്ല, മാസം തോറും നിയമസാക്ഷരതാ ക്ലാസ്സുകൾ, കൗമാരപ്രായത്തിലുള്ള കുട്ടികൾക്കു വേണ്ടി ബോധവത്ക്കരണ ക്ലാസ്സുകൾ, സ്ത്രീശാക്തീകരണ സെമിനാറുകൾ, കൗമാരപ്രശ്നങ്ങളിൽ സെമിനാറുകൾ, ശില്പശാലകൾ തുടങ്ങിയ പ്രവർത്തനങ്ങൾ നിരന്തരം നടത്തിക്കൊണ്ടിരിക്കുന്നു. ഏറ്റവും താഴെ തട്ടിലുള്ള സ്ത്രീകൾക്കിടയിലാണ് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെടുന്നത്. ഇതിനുവേണ്ടി അംഗനവാടി, കുടുംബശ്രീ, ആശാവർക്കർമാർ, മഹിളാസമാജങ്ങൾ എന്നീ വിഭാഗങ്ങളുമായി നിരന്തരം ബന്ധപ്പെടുന്നു. മാത്രമല്ല, സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ ഒരു പൊതുജനാരോഗ്യപ്രശ്നമാണെന്ന നിലപാടിൽ നിന്നുകൊണ്ട് കോഴിക്കോട് മെഡിക്കൽകോളേജിലെ ഡോക്ടർമാർ, നഴ്സുമാർ, നഴ്സിംഗ് അസിസ്റ്റന്റുമാർ എന്നീ ആരോഗ്യപ്രവർത്തകരുടെ ഇടയിലും എൻ.ആർ.എച്ച്.എം വഴി ആശാവർക്കർമാരുടെ ഇടയിലും കഴിഞ്ഞ മൂന്ന് വർഷമായി അന്വേഷി സജീവമായി പ്രവർത്തിക്കുന്നു. പീഡനങ്ങളുടെ പരിക്കുകളുമായി ആശുപത്രിയിൽ എത്തുന്ന സ്ത്രീകൾക്ക് സാമൂഹ്യമായ സേവനങ്ങൾ-നിയമസഹായം, താത്കാലികതാമസം തുടങ്ങിയവ -നൽകാൻ അന്വേഷി സജ്ജമാണ്.

ഇത്തരത്തിൽ കോഴിക്കോട് ജില്ലയിൽ സജീവമായി നിലകൊള്ളുന്ന അന്വേഷിയുടെ പ്രവർത്തനങ്ങളിലെ ഒരു മുഖ്യഭാഗമാണ് കോഴിക്കോട് ഐസ്ക്രീപാർലർ കേസിലെ ഇടപെടൽ. 1997ൽ ആരംഭിച്ച ഈ കേസ് സുപ്രീംകോടതി പോലും തള്ളിയ നിയമപരമായ അവസ്ഥയിൽ നിൽക്കുമ്പോഴും, കേരളത്തിലെ പ്രമുഖരായ ചില രാഷ്ട്രീയ നേതാക്കളേയും, അവരും പോലീസും കോടതികളും ചേർന്നുള്ള അവിഹിതമായ ഇടപാടുകളേയും ജനങ്ങൾക്ക് തിരിച്ചറിയാനും, കുരുന്നു പ്രായത്തിൽ തന്നെ പെൺകുട്ടികളെ സെക്സ് റാക്കറ്റിന്റെ ചതിക്കുഴിയിൽപ്പെടുത്തി നശിപ്പിക്കുന്ന മാഫിയാസംഘത്തെ തുറന്നുകാണിക്കാനും കഴിഞ്ഞുവെന്ന ചാരിതാർത്ഥ്യം അന്വേഷിക്കുണ്ട്. ഇത്തരം കേസുകളിൽ വിട്ടുവീഴ്ചയില്ലാതെ മുന്നോട്ടു പോകാനും, നമ്മുടെ സ്ത്രീസമൂഹത്തേയും പെൺകുഞ്ഞുങ്ങളേയും ഇരുളടഞ്ഞ വഴികളിൽ നിന്ന് പുറത്തു വന്ന് ആത്മവിശ്വാസത്തോടെ ജീവിതത്തെ നേരിടാൻ സഹായിക്കാനും അന്വേഷി എല്ലായ്പ്പോഴും സന്നദ്ധമാണ്.

തുടക്കത്തിൽ എണ്ണത്തിലൊതുങ്ങുന്ന സ്ത്രീകളിൽ നിന്നാരംഭിച്ച അന്വേഷി ഇന്ന് കേരളത്തിലെ സ്ത്രീകളുടെ ഒരു ശക്തികേന്ദ്രവും ആശാകേന്ദ്രവുമായി ഉയർന്നു കഴിഞ്ഞു. ഇനിയും ഇനിയും പുതിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് മുന്നോട്ടു പോകുമെന്ന ദൃഢനിശ്ചയത്തോടെ തലയുയർത്തിനിൽക്കുന്ന അന്വേഷി വരും കാലങ്ങളിൽ ഏറെ വിജയങ്ങൾ കൈവരിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം. ●



ഗീത

# സിനിമക്കകത്തും പുറത്തും

**എന്താണ് ഒരു സ്ത്രീക്ക് സിനിമ? സിനിമക്കുള്ളിലും പുറത്തും പെണ്ണുണ്ട്. സിനിമക്കു പുറത്തിരിക്കുന്ന ഒരുവൾ എങ്ങിനെയാണ് സിനിമക്കുള്ളിലേക്ക് കയറുന്നത്? സിനിമ തുടങ്ങുന്നതോടെ ടാക്കീസ് എന്ന പൊതു ഇടത്തിൽ മറ്റ് ഓരോരുത്തരേയും പോലെ അവളും ഒറ്റക്കാകുന്നു.**

**കേരളം** വീണ്ടും ഒരന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിലേക്കു പോവുകയാണ്. ഇന്ത്യൻസിനിമയുടെ നൂറുവർഷം ആഘോഷിക്കുന്ന സന്ദർഭവുമാണ്. അതിനിടയിൽ വീണ്ടും ചോദിക്കേണ്ടി വരുന്നു– എന്താണ് സിനിമയും സ്ത്രീകളും തമ്മിലുള്ള ബന്ധം?

എന്താണ് ഒരു സ്ത്രീക്ക് സിനിമ? സിനിമക്കുള്ളിലും പുറത്തും പെണ്ണുണ്ട്. സിനിമക്കു പുറത്തിരിക്കുന്ന ഒരുവൾ എങ്ങിനെയാണ് സിനിമക്കുള്ളിലേക്ക് കയറുന്നത്? സിനിമ തുടങ്ങുന്നതോടെ ടാക്കീസ് എന്ന പൊതു ഇടത്തിൽ മറ്റ് ഓരോരുത്തരേയും പോലെ അവളും ഒറ്റക്കാകുന്നു. ഈ രൂപത്തിൽ തന്നെയായിരുന്നുവോ അവളാഗ്രഹിച്ച ടാക്കീസ്? ആർക്കറിയാം! അതുപോകട്ടെ, എങ്ങനെയാണവൾ സിനിമയുമായി താദാത്മ്യപ്പെടുന്നത്? അവളിൽ ഉദ്ദീപിപ്പിക്കപ്പെടുന്ന രസങ്ങളെപ്പറ്റി ആർക്കറിയാം. ഭയകരുണങ്ങൾ അവളിൽ നിന്ന് പുറത്താക്കപ്പെടുന്ന പ്രക്രിയ എങ്ങിനെ ആകാം? നാടകത്തിൽ നിന്ന് ഭിന്നമായ സിനിമയുടെ ആസ്വാദനതലം പ്രകാശിപ്പിക്കാനുതകുന്ന ഭാഷ പെണ്ണ് ഇനിയും രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. നാടകമെന്ന നേർക്കാഴ്ചയിൽ നിന്ന് വ്യത്യസ്തമായ ഈ മായക്കാഴ്ചയിൽ എന്തും ഏതും അവൾക്ക് പ്രശ്നവത്ക്കരിക്കേണ്ടി വരുന്നു. അതായത് സ്വന്തം കാഴ്ചയെ വിശദമാക്കാനുള്ള പദാവലികൾ ഇനിയുമവൾക്ക് സ്വരൂപിക്കേണ്ടതായുണ്ട്.

സിനിമക്കുള്ളിലെ പെണ്ണിനെ തന്റെ അപരം പോലുമല്ലെന്ന് ഒരുവൾക്ക് എപ്പോഴും തിരിച്ചറിയേണ്ടിവരുന്നു. അപ്പോൾ മുതൽ സ്വന്തം കാഴ്ചയോട് അവൾ കലഹമാരംഭിക്കുകയായി. സിനിമക്കുള്ളിലെ പെണ്ണ് തന്നെയല്ല, താൻ ആ പെണ്ണിനെ അനുകരിക്കുന്ന നിർഭാഗ്യകരമായ അനുഭവത്തെ മറികടക്കാനുള്ള അവളുടെ പിടച്ചിൽ എത്ര ദാരുണമാണെന്നോ? ഇതൊന്നും തിരിച്ചറിയാതെ അധികാരിയായ പുരുഷൻ അവളോടു കയർക്കുന്നു, "സ്ത്രീകളേക്കാൾ പുരുഷന്മാരാണു ഫെമിനിസ്റ്റുകൾ. അതുകൊണ്ട് സ്ത്രീവിരുദ്ധത എന്തെന്നു ഞങ്ങൾ പഠിപ്പിച്ചു തരാം." കാലിന്റെ പെരുവിരൽ കൊണ്ട് അമർത്തിപ്പിടിച്ച ഒരു നുള്ള് മണ്ണിൽ നിന്നുപോലും അവളെ നിഷ്കാസനം ചെയ്തുകൊണ്ട് പുതിയ പണ്ഡിതന്മാർ ഓരോ നിമിഷവും രംഗപ്രവേശനം ചെയ്തുകൊണ്ടിരിക്കുകയാണ്.

സിനിമക്ക് പുറത്തു നിന്ന് ഉള്ളിലേക്കവൾ പ്രവേശിക്കുമ്പോൾ എന്തുസംഭവിക്കുന്നു? അവളുടെ ശരീരവും മനസ്സും ആത്മാവും. അവിടെ നിർവചിക്കപ്പെട്ട് കഴിഞ്ഞിരിക്കുന്നു. അവളുടെ തലമുടി, പുരികം, മുല, ചന്തി എല്ലാം എങ്ങിനെ എപ്പോൾ ചലിക്കണം ചലിക്കാതിരിക്കണം എന്ന് ചിട്ടപ്പെടുത്തപ്പെട്ടിരിക്കുന്നു. ഉടലളവുകളോടൊപ്പം കരച്ചിലും ചിരിയും കിതപ്പുമെല്ലാം കിറുകൃത്യം. അമ്മക്കും അമ്മായിഅമ്മക്കും കാമുകിക്കും ഭാര്യക്കും മകൾക്കും സഹോദരിക്കും നാത്തൂനുമുള്ള അച്ചുകൾ അതിനുള്ളിൽ തയ്യാറാണ്. ഇവയൊക്കെ സിനിമക്കു പുറത്തുള്ള പെണ്ണുങ്ങൾക്കുള്ള പാഠവും പരീക്ഷയുമാണുതാനും. ഈ അളവുകളിൽ

നിന്ന് പുറത്തു കടക്കാനാവാതെ ശ്വാസം മുട്ടുന്ന സുന്ദരിമാരെ അവിടെ കാഴ്ചക്ക് വെച്ചിരിക്കുന്നു.

ഇന്ത്യൻ സിനിമയെന്ന പോലെ മലയാള സിനിമയും പുരുഷാധികാരത്തിന്റെ ഈ രാവണകോട്ടക്കു കാവൽ നിൽക്കുന്നു. അവിടെ പെണ്ണെന്നാൽ മാംസമാണ്. പച്ചക്കും തിന്നാം; വേവിച്ചും തിന്നാം. പല നിറങ്ങളിൽ രൂപങ്ങളിൽ ചില്ലുകൂടുകളിൽ പ്രദർശിപ്പിക്കാം. കച്ചവടം കൊഴുക്കും. ഫ്യൂഡൽ മുതലാളിയെ കാണണമെങ്കിലും പരിചയപ്പെടണമെങ്കിലും ഇതാണവസരം. ഇവർ പെണ്ണിനെ ഒരേ സമയം പതിവ്രതയും വേശ്യയുമാക്കും. അങ്ങനെ കാശുണ്ടാക്കും. അവാർഡ് നേടും. ഈ അശ്ലീലത്തിൽ നിന്ന് മുക്തമാകാൻ മലയാളസിനിമ ഇനിയും ഏറെ ദൂരം നടക്കേണ്ടതുണ്ട്. സിനിമനടക്കുകയെന്നാൽ ഇവിടെ അർത്ഥം അതിനകത്തും പുറത്തുമുള്ള പെണ്ണ് നടക്കുക എന്നുതന്നെയാകുന്നു. ●

---

*പേജ് 39 തുടർച്ച*

സ് ആസ്വദിക്കുന്നു. റഷ്യയുടെ തലസ്ഥാനം സാംസ്കാരികവും ക്രിയാത്മകവുമായി ഉണർന്നിരിക്കുന്നു. പഴയ ഫാക്ടറികളും പണിശാലകളും രൂപം മാറി ഗാലറികളും ക്ലബ്ബുകളുമായി തീർന്നിരിക്കുന്നു. ചെക്കോവും തഖോവ്സക്കിയും തിയേറ്ററുകളിൽ വീണ്ടും സ്ഥാനം പിടിച്ചതിനൊപ്പം ലോകപ്രശ്സത നാടകങ്ങളും ബാലെകളും അരങ്ങേറുന്നു. ആഹാരത്തിൽ വരെ വൈവിദ്ധ്യത. കെ.എഫ്.സിക്കും മക്ഡൊണാൾഡിനുമൊപ്പം ജാപ്പനീസ് സുഷിബാറുകളും കാണാം. ഈ പൗരാണികനഗരം ഇന്നും ചരിത്രാന്വേഷികളുടെ ഇഷ്ടനഗരം തന്നെ. പള്ളികളും സ്മാരകങ്ങളും മൺമറഞ്ഞ പോരാളികളേയും ജേതാക്കളേയും ഓർമ്മിപ്പിക്കുന്നു. ഓർമ്മിക്കുന്നു.

ജീവിതത്തിൽ ഒരിക്കലെങ്കിലും കാണേണ്ട രാജ്യം ആണ് റഷ്യ. മുരടൻ ഉദ്യോഗസ്ഥരും ചിരിക്കാത്ത ജനങ്ങളുമാണെങ്കിലും മോസ്കോയിലെ വിവിധഭാഗങ്ങളിൽ വച്ച് 'ഇന്ത്യാഇന്ത്യ" യെന്ന് ആഹ്ലാദത്തോടെ സ്നേഹവായ്പ് കാണിച്ചവരും മോസ്കോബ്രിഡ്ജിൽ വെച്ച് 'I love India' യെന്ന് പറഞ്ഞ് പിന്തുടർന്ന കുടിയനും സെന്റ് പീറ്റേഴ്സ്ബർഗിൽ 'ആവാരാഹും' (സത്യം, രാജ്കപൂറിനെ ഓർമ്മിക്കുന്നവരുണ്ട്. തെളിവായി വീഡിയോ തരാം) പാടിയ കാരിക്കേച്ചർ വരക്കുന്ന വൃദ്ധനും ഓർമ്മയിൽ എന്നുമുണ്ടാവും. പക്ഷേ ഇന്ത്യാക്കാരനായാൽ മാത്രം പോര, അത്യാവശ്യത്തിൽ കൂടുതൽ റൂബിളും പ്രാഥമിക റഷ്യൻ ഭാഷാപരിജ്ഞാനവും കൂടെ കൊണ്ടു പോകണമെന്ന് മാത്രം. ●




എനിക്ക് സംഘടിത മാസികയുടെ വരിക്കാരി/വരിക്കാരൻ താല്പര്യമുണ്ട്.

| **കാലയളവ്** | **അടക്കേണ്ട തുക** | |
|---|---|---|
| ഒരു വർഷം | 150 /-രൂപ | DD No.............................. |

A/c No : 14130100072122 IFSC code : FDRL 0001413

ഇതിനോടൊപ്പം Rs....................................DD/MO അയക്കുന്നു. എന്ന്...............................................

മേൽവിലാസം.......................................................................................................................

.......................................................................................................................പിൻ..............................

മണിഓർഡറുകളും ഡി.ഡി.കളും 'സംഘടിത'യുടെ പേരിൽ താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക:

**അന്വേഷി വിമെൻസ് കൗൺസലിങ്ങ് സെന്റർ,**

പി.ഒ. കുതിരവട്ടം, കോഴിക്കോട്-673016, ടെലി: 0495-2744370



# വാസ്തവം



ഡോ.ജാൻസി ജോസ്

**നടി** ശ്വേതാമേനോൻ ധൈര്യവും ചങ്കൂറ്റവുമുള്ള ഒരു യുവതിയായിട്ടാണ് നമ്മളൊക്കെ കണ്ടിട്ടുള്ളത്. അതുകൊണ്ടാണ് സ്വന്തം ശരീരത്തിന്റെ നിർണ്ണയാവകാശവും പ്രസവമെന്ന രഹസ്യ അടിമത്ത സ്വഭാവത്തിന്റെ മറനീക്കലും നടത്തി കരുത്തുതെളിയിച്ചത്. ശ്വേതാമേനോൻ പരാതി പിൻവലിച്ചാലുമില്ലെങ്കിലും ശ്രീമാൻ പീതാംബരക്കുറുപ്പ് ചെയ്തതെന്താണെന്ന് നമുക്കെല്ലാമറിയാം. മന്ത്രിമാരും രാഷ്ട്രീയനേതാക്കളും അണികളും മൃഗജീവിതം നയിക്കുന്നവരുമെല്ലാം സെക്സിൽ പ്രാഗത്ഭ്യം തെളിയിച്ചുകൊണ്ടിരിക്കുകയാണ്. ഇനിയും 'ഈ സെക്സ്കേരള'ത്തിൽ എന്തെല്ലാം സംഭവിച്ചുകൂടാ? ഇപ്പോൾ മറനീക്കി പുറത്തുവന്ന സ്കൂൾ കുട്ടികളുടെ ആത്മഹത്യ മാതാപിതാക്കളെ ഇളക്കിമറിച്ചിരിക്കുകയാണ്. കഴിഞ്ഞ പതിനഞ്ചുവർഷങ്ങളായി (സൂര്യനെല്ലി പെൺകുട്ടിക്ക് ആപത്ത് സംഭവിച്ചതു മുതൽ) ഞങ്ങൾ ഈ ബോധം പകർന്നു നൽകാൻ ശ്രമിച്ചു വരികയാണ്. കൃത്യമായ ഒരന്വേഷണം നടത്തിയാൽ കേരളത്തിലെ പല സ്കൂളുകളിലും വർഷാവർഷം ആത്മഹത്യചെയ്ത പെൺകുട്ടികളുടെ കണക്കുകിട്ടും. മൂന്നോ നാലോ പെൺകുട്ടികൾ ജീവനൊടുക്കിയാലും അവരെ മാത്രം കുറ്റപ്പെടുത്തി പുരുഷ ധാർഷ്ഠ്യത്തെ ന്യായീകരിച്ച് സ്കൂളിന്റെ അഭിമാനം രക്ഷിക്കാൻ തയ്യാറാവുന്ന അധികാരികളാണ് ഏറേയും. കുട്ടികളെ മനസ്സിലാക്കാൻ കഴിയാത്ത, പെൺകുട്ടികളെ മാത്രം കുറ്റക്കാരായി കാണുന്ന അദ്ധ്യാപകരുണ്ടെങ്കിൽ അക്ഷരലോകത്തു നിന്നുതന്നെ അവരെ പടിയടച്ച് പിണ്ഡം വെക്കണമെന്നാണ് എന്റെ പക്ഷം. കുട്ടികൾക്കും അച്ഛനമ്മമാർക്കും ക്ലാസ്സെടുക്കാൻ ചെല്ലുന്ന എന്നെപ്പോലെയുള്ളവരെ മുൻവിധിയോടെ ആട്ടിപ്പായിച്ച സംഭവമുണ്ടായിട്ടുണ്ട്. എനിക്കിപ്പോൾ മനസ്സിലാവുന്നു അതെന്തിനായിരുന്നു എന്ന്. സ്വന്തം മകളുടെ സെക്സ് വിറ്റു ജീവിക്കുകയും നഗ്നഫോട്ടോ എടുത്ത് യുട്യൂബിലിടുകയും ചെയ്യുന്ന അച്ഛന്മാർക്ക് പെൺകുട്ടികളുടെ സംരക്ഷണത്തെക്കുറിച്ച് സംസാരിക്കുന്നത് ഹീനമായേ തോന്നൂ. എഴുപതുകാരിയാണെങ്കിലും മുക്കും മൂലയും നിതംബവും ആസ്വദിച്ച് കൂട്ടമായി ചേർന്ന് ബലാത്സംഗം ചെയ്യുന്നവർക്ക് സ്ത്രീകളുടെ സംരക്ഷണം അംഗീകരിക്കാൻ കഴിയില്ല. ഒരു പെണ്ണിന് അത്തരത്തിൽ എന്തെങ്കിലും സംഭവിച്ചാൽ അവൾ പിഴയാണെന്ന് വിശ്വസിക്കുന്ന പെൺമനസ്സിനും മാറ്റം വരണം. ഇല്ലെങ്കിൽ സെക്സ് കേരളം ബഹുദൂരം മുന്നോട്ട് വളർന്നുകൊണ്ടേയിരിക്കും. ●



# കേരളസ്ത്രീവേദി

*സ്ത്രീകളുടേയും സ്ത്രീസംഘടനകളുടേയും കൂട്ടായ്മയായ 'കേരളസ്ത്രീവേദി' അതിലെ ഓരോ അംഗത്തിനും ഓരോ അനുഭവമാണ്. അതുകൊണ്ട് സംഘടനയുടെ ഒരു ചരിത്രം എഴുതുക ബുദ്ധിമുട്ടാണ്.*



**ജ്യോതിനാരായണൻ**

**വസ്തുതകളും** സംഭവങ്ങളും എല്ലാം ഒന്നു തന്നെയാണെങ്കിലും അതിന്റെ അനുഭവങ്ങളും അത് നോക്കുന്നതും കാണുന്നതും പുനരാഖ്യാനം ചെയ്യുന്നതുമെല്ലാം ഓരോരുത്തരും വ്യത്യസ്തമായാണ്. സ്ത്രീകളുടേയും സ്ത്രീസംഘടനകളുടേയും കൂട്ടായ്മയായ 'കേരളസ്ത്രീവേദി' അതിലെ ഓരോ അംഗത്തിനും ഓരോ അനുഭവമാണ്. അതുകൊണ്ട് സംഘടനയുടെ ഒരു ചരിത്രം എഴുതുക ബുദ്ധിമുട്ടാണ്. ഒരുപാട് കേസുകൾ, ഇടപെടലുകൾ, പഠനങ്ങൾ,സമരങ്ങൾ, ചർച്ചകൾ, പ്രചരണങ്ങൾ ഇതിന്റെ പ്രതിഫലനങ്ങൾ, സൗഹൃദങ്ങൾ, പിണക്കങ്ങൾ, സംഘടനക്കകത്തും പുറത്തും രഹസ്യവും പരസ്യവുമായ വിമർശനങ്ങൾ... കേരളസ്ത്രീവേദിയുടെ ഭാഗമായി നടന്നിട്ടുണ്ട്. സമയത്തിന്റേയും സാഹചര്യങ്ങളുടേയും പരിമിതികാരണം അതൊന്നും ഞാൻ 'ഡോക്യുമെന്റ്'' ചെയ്തു സൂക്ഷിച്ചിട്ടില്ല. സൂക്ഷിച്ചുവെച്ചിരുന്ന കടലാസ്സുകളും ഫോട്ടോകളും ഫയലുകളും ഒട്ടിപ്പിടിച്ചും വാലൻപുഴു തിന്നും മറ്റ് പ്രവർത്തകർക്ക് കൈമാറിയും എന്റെ കൈവശമില്ല. കഴിഞ്ഞ കാലങ്ങളിൽ നടത്തിയ പ്രവർത്തനങ്ങളെല്ലാം കാലക്രമത്തിൽ ഓർമ്മിച്ചെടുത്ത് എഴുതുന്നതും അസാദ്ധ്യമാണ്. 'കേരളസ്ത്രീവേദി' എനിക്ക് എന്താണ് എന്ന് ചിന്തിക്കുമ്പോൾ പെട്ടെന്ന് ഓർമ്മ വരുന്ന ചില കാര്യങ്ങൾ മാത്രമാണ് പങ്കുവെക്കുന്നത്. എഴുതി തുടങ്ങിയപ്പോഴാണറിയുന്നത് സ്ത്രീവേദി ഓരോ അവസരത്തിലും ഏറ്റെടുത്ത പ്രവർത്തനങ്ങളും അതിന്റെ സാമൂഹ്യപശ്ചാത്തലങ്ങളും അതിന്റെ ഫലങ്ങളും എഴുതി തീർക്കുക ബുദ്ധിമുട്ടാണെന്ന്. അതുകൊണ്ട് പൊതുവായതും മറ്റ് ചിലത് സൂചനകളിലും ഒതുക്കുന്നു.

സ്ത്രീവേദിയിലേക്ക് ഞാൻ എത്തിച്ചേരുന്ന സാഹചര്യം രണ്ട് മൂന്ന് വാചകത്തിൽ പറയാം. വളരെ ചെറുപ്പം മുതൽ ഇടതുപക്ഷചിന്താഗതിയുള്ള, കൃത്യമായി പറഞ്ഞാൽ സി.പി.ഐ(എം) ന്റെ പ്രവർത്തനങ്ങൾ കണ്ടു വളർന്ന ഒരാളാണ് ഞാൻ. 1977ലെ അടിയന്തിരാവസ്ഥക്ക് ശേഷമുള്ള തെരഞ്ഞെടുപ്പു മുതൽ 1990ലെ എറണാകുളം സമ്പൂർണ്ണ സാക്ഷരതാപ്രവർത്തനാനുഭവങ്ങൾ വരെ സി.പി.ഐ.എമ്മിന്റെ നിലപാടുകളോട് വിധേയമായ ഒരു കാഴ്ചപ്പാടായിരുന്നു എന്റേത്. 90നു ശേഷം വിമർശനപരമായിട്ടാണ് സി.പി.ഐ.എമ്മിൽ പ്രവർത്തിച്ചിരുന്നത്. പുരുഷകേന്ദ്രീകൃതമായ പാർട്ടികളും സംഘടനകളും സ്ഥാപനങ്ങളും സ്ത്രീകളേയും അവരുടെ പ്രവർത്തനങ്ങളേയും വീക്ഷിക്കുന്നത് യാഥാർത്ഥ്യബോധത്തോടെയല്ലെന്ന് തിരിച്ചറിയാൻ തുടങ്ങി. ഫെമിനിസമെന്നാൽ വെറും 'ബ്രാ ബേണിംഗ്' മാത്രമല്ലെന്നും സ്ത്രീ രാഷ്ട്രീയമാണെന്നും തോന്നാൻ തുടങ്ങി. ശാസ്ത്രസാഹിത്യപരിഷത് പോലുള്ള സംഘടനയിൽ നിന്നുകൊണ്ട് ആ രീതിയിൽ പ്രതികരിക്കാനും ചെറിയ സ്ത്രീകൂട്ടായ്മകൾക്കൊപ്പം പ്രവർത്തിക്കാനും സ്ത്രീകളുടെ തനതായ കൂട്ടായ്മകൾ ഉണ്ടാക്കാനും ശമ്രം തുടങ്ങി. ഇതൊരു അംഗീകൃത സംഘടനയിൽ പ്രവർത്തിക്കുന്നതിലും ബുദ്ധിമുട്ടായിരുന്നു. പൊതുവായ ഒരു പ്രത്യയശാസ്ത്രമില്ല. പ്രവർത്തകർ തമ്മിലും അവരുടെ വ്യത്യസ്ത വിഷയങ്ങളോടുള്ള നിലപാടിലും വൈരുദ്ധ്യങ്ങൾ കാണാം. നമ്മൾ ശീലിച്ചുവന്ന ശൈലിയിലും ഘടനയിലും സ്ത്രീകൾക്കു മാത്രമായി പ്രവർത്തിക്കാൻ കഴിയുന്നില്ല. ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾക്ക് നിലനിൽക്കുന്ന മിക്കവാറും എല്ലാത്തിനേയും എതിർക്കേണ്ടി വന്നു. അതുകൊണ്ട് സ്വയം, കുടുംബത്തിൽ, സമൂഹത്തിൽ പ്രതിരോധിക്കാൻ ഊർജ്ജം മുഴുവൻ ചെലവഴിക്കേണ്ടിവന്നു. ഞങ്ങൾക്കു മുന്നിലെത്തിയ പ്രശ്നങ്ങൾ ഞങ്ങൾക്ക്

> *ശാസ്ത്രസാഹിത്യപരിഷത് പോലുള്ള സംഘടനയിൽ നിന്നുകൊണ്ട് ആ രീതിയിൽ പ്രതികരിക്കാനും ചെറിയ സ്ത്രീകൂട്ടായ്മകൾക്കൊപ്പം പ്രവർത്തിക്കാനും സ്ത്രീകളുടെ തനതായ കൂട്ടായ്മകൾ ഉണ്ടാക്കാനും തുടങ്ങി. ഇതൊരു അംഗീകൃത സംഘടനയിൽ പ്രവർത്തിക്കുന്നതിലും ബുദ്ധിമുട്ടായിരുന്നു.*

കൈകാര്യം ചെയ്യാവുന്നതിനപ്പുറമായിരുന്നു. ഞാൻ പൊതുവേദി രൂപപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിച്ചത് അപ്പോഴാണ്. എന്നെ സംബന്ധിച്ചിടത്തോളം ഇത് ഞാൻ പഠിച്ച മാർക്സിയൻ ഫിലോസഫിക്ക് എതിരായിരുന്നില്ല. പാർട്ടിയിൽ സ്ത്രീകളുടെ പങ്കിനെപ്പറ്റി ഞാൻ ഇ.എം.എസ്സിനോട് ചിന്തയിൽ ചോദ്യങ്ങൾ ചോദിച്ചിരുന്നു. പാർട്ടിയുടെ ഉയർന്ന നേതാക്കളുമായി ചിലപ്പോഴൊക്കെ സംസാരിച്ചിരുന്നു. പാർട്ടിയിലെ ചില സ്ത്രീ പ്രവർത്തകർക്കും ലോക്കൽ നേതാക്കൾക്കും മാത്രമെ എന്റെ നിലപാടിനോട് അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നുള്ളൂ. അത് അവരുടെ വിവരമില്ലായ്മ മാത്രമായിട്ടാണ് അന്നു കരുതിയത്. സ്ത്രീകളുടെ ഇടയിലുള്ള ഈ പ്രവർത്തനം മൂലം പ്രശ്നങ്ങളും അതിന്റെ സങ്കീർണ്ണതകളും കൂടുതൽ മനസ്സിലാവാൻ തുടങ്ങി. ഞങ്ങൾ ഇടപെടുന്ന പ്രശ്നങ്ങൾ ഞങ്ങളുടെ കഴിവുകൾക്കപ്പുറത്താണെന്ന് ബോധ്യപ്പെട്ടപ്പോൾ കേരളത്തിൽ പൊതുവായ ഒരു ശക്തമായ സംഘടനയുണ്ടാക്കണമെന്ന് തോന്നാൻ തുടങ്ങി. അപ്പോൾ ഏലിയാമ്മാവിജയനാണെന്നു തോന്നുന്നു. 1996 ഫെബ്രുവരിയിൽ കാക്കനാട് ഐ.എം.ജിയിൽ വെച്ച് നടന്ന കേരളസ്ത്രീവേദിയുടെ ആദ്യത്തെ യോഗത്തിലേക്ക് എന്നെ വിളിക്കുന്നത്. ഞാൻ സുഖമില്ലാതെ ആശുപത്രിയിലായിരുന്നതുകൊണ്ട് ആ രൂപീകരണ യോഗത്തിൽ എനിക്ക് പങ്കെടുക്കാൻ കഴിഞ്ഞില്ല.

രാഷ്ട്രീയപാർട്ടിയിലെ അംഗങ്ങൾ സംഘടനയിൽ പ്രത്യേകിച്ച് നേതൃത്വത്തിലേക്ക് വരണ്ട എന്ന ഒരു ധാരണയുണ്ടായിരുന്നു. കാരണമായി പറഞ്ഞത് സംഘടനയുടെ നയങ്ങളേയും പ്രവർത്തനങ്ങളേയും അത് സ്വാധീനിക്കാനും നിയന്ത്രിക്കാനും സംഘടനയെത്തന്നെ 'ഹൈജാക്ക്' ചെയ്യാനും സാധ്യതയുണ്ട് എന്നതായിരുന്നു. എന്നാൽ കേരളസ്ത്രീവേദി ഫണ്ട് വാങ്ങുന്നില്ലെങ്കിലും സ്ത്രീവേദിയുടെ അംഗസംഘടനകൾ വിദേശഫണ്ട് വാങ്ങുന്നുണ്ടെന്നും അവരുടെ അജണ്ടയാണിതെന്നും എന്റെ സുഹൃത്തുക്കൾ വിമർശിച്ചിരുന്നു. ഞാൻ അറിയുന്നിടത്തോളം സംഘടനയിൽ ഞാനല്ലാതെ കെ.അജിതമാത്രമായിരുന്നു രാഷ്ട്രീയപ്രവർത്തക. അജിതയാകട്ടെ പാർട്ടിയുമായുള്ള (സി.പി.ഐ.എം.എൽ) ബന്ധം അന്നേ ഉപേക്ഷിച്ചിരുന്നു. കേരളത്തിൽ ഇത്തരത്തിലുള്ള ഒരു സംഘടന രൂപീകരിക്കുന്നതിനെപ്പറ്റി ബീജിംഗ് സമ്മേളനത്തിനുശേഷം കേരളത്തിലും പുറത്തും ചർച്ചകൾ നടത്തിയിരുന്നെന്ന് ഞാനറിയുന്നത് പിന്നീടാണ്. ഈ സംഘടനയിൽ പ്രവർത്തിക്കാൻ തുടങ്ങിയപ്പോൾ രണ്ടു സംശയങ്ങൾ എനിക്കുണ്ടായിരുന്നു. ഒന്ന് ഞാൻ ആദ്യം പറഞ്ഞ അംഗസംഘടനകളുടെ സ്വദേശവിദേശ ധനസഹായത്തെക്കുറിച്ച്. ഫണ്ട് തരുന്നവർക്ക് കൃത്യമായ അജണ്ട ഉണ്ടാകുമെന്ന് ഞാൻ പഠിച്ച രാഷ്ട്രീയം. രണ്ടാമത്തെ പ്രശ്നം ജാതിമതപ്രചാരകരുടെ സാന്നിദ്ധ്യമായിരുന്നു. നിലവിലുള്ള ഒരു മതത്തിന്റേയും ജാതിയുടേയും ആചാരാനുഷ്ഠാനങ്ങളിൽ നിന്നുകൊണ്ട് സ്വതന്ത്രമായ ഒരു സ്ത്രീ രാഷ്ട്രീയ

പ്രസ്ഥാനം രൂപപ്പെടുത്താനാവി ല്ലെന്നും ഞാൻ വിശ്വസിക്കുന്നു. അതുപോലെ സ്ത്രീവേദിയിലെ പലരും എന്നേയും സംശയത്തോടെയാണ് വീക്ഷിച്ചിരുന്നത് . ഞാൻ ഈ പ്രസ്ഥാനത്തേയും പ്രവർത്തകരേയും സിപിഎമ്മിന്റെ ഭാഗമാക്കിക്കളയുമോ എന്ന്. എന്നാൽ സി.പി.എമ്മിന് സ്ത്രീവേദി പോലെയുള്ള സംഘടനയുടെ പ്രവർത്തനങ്ങളോടോ പ്രവർത്തകരോടോ ഒരു താത്പര്യവും ഉണ്ടായിരുന്നില്ല. അതിന്റെ കാരണങ്ങളിലേക്ക് കടക്കുന്നില്ല.

ആദ്യകാലങ്ങളിൽ എനിക്ക് മനസ്സിലാക്കാൻ കഴിയാതെ പോയ ഒരു കാര്യം സ്ത്രീവേദി പ്രവർത്തകർ മാത്രമല്ല, എല്ലാ ബദൽ പുരോഗമന പ്രസ്ഥാനങ്ങളും ഏറ്റവും കൂടുതൽ വിമർശിച്ചിരുന്നത് സി.പി.എമ്മിനെയായിരുന്നു. ആശയപരമായി ഏറ്റവും എതിർത്തിരുന്ന ബി.ജെ.പി, കോൺഗ്രസ്, മതസംഘടനകൾ തുടങ്ങിയവയേക്കാൾ ഏറെ. ഒരു പ്രസ്ഥാനത്തിന് നിലനിൽക്കാൻ ഒന്നുകിൽ സി.പി.എമ്മുമായി കൈകോർക്കണം അല്ലെങ്കിൽ അതിനെ എതിർക്കേണ്ടിവരും എന്നത് കേരളത്തിന്റെ സാമൂഹ്യസാഹചര്യത്തിന്റെ പ്രത്യേകതയാണ്. പ്രാദേശികപ്രശ്നങ്ങളിൽ ഇടപെടുമ്പോൾ മറ്റ് പാർട്ടികളേക്കാൾ അവർക്ക് നേരിടേണ്ടിവരാറുള്ളത് അധികാരവും സംഘടിതശക്തിയുമുള്ള സി.പി.എമ്മിനെയാണ്. ഞാൻ അതിന്റെ ഭാഗമായിരുന്നതുകൊണ്ട് എനിക്ക് അത് മനസ്സിലായിരുന്നില്ല. മാത്രമല്ല, ഒരു ഇടതുപക്ഷ സംഘടിതശക്തിയെ തകർത്താൽ/ദുർബ്ബലപ്പെടുത്തിയാൽ ജാതി മത വർഗ്ഗീയ സംഘങ്ങളുടെ അഴിഞ്ഞാട്ടവും സാമ്പത്തികകേന്ദ്രീകരണവും നടക്കുമെന്നും അത് സാധാരണക്കാരുടെ സമാധാനപരമായ ജീവിതത്തേയും സ്വാതന്ത്ര്യബോധത്തേയും തകർക്കുമെന്നും ഭയപ്പെട്ടിരുന്നു. (ഇത് ഞാൻ എഴുതുന്ന സാഹചര്യത്തിൽ ഈ വിഷയം ഇതിനേക്കാൾ സങ്കീർണ്ണമായി ഞാൻ ഭയപ്പെടുന്നു. പല മുസ്ലിം

> *പൊള്ളയായ കുടുംബ സങ്കല്പത്തിൽ കുടുംബം നിലനിർത്തേണ്ടി വരുന്നത് എന്തുകൊണ്ടാണെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. കുട്ടികളോ, വിദ്യാർത്ഥികളോ രാഷ്ട്രീയക്കാരോ ഉദ്യോഗസ്ഥരോ കൂലിപ്പണിക്കാരോ ആരായാലും കുടുംബത്തിനകത്തും പുറത്തും ലൈംഗികമായി ചൂഷണം ചെയ്യപ്പെടുന്നു എന്ന് പരസ്യമായും രഹസ്യമായും പലരും വന്ന് തുറന്ന് പറഞ്ഞു.*

സംഘടനകളുടേയും വ്യക്തികളുടേയും ഉൾക്കാഴ്ചയില്ലാത്ത പ്രവർത്തനങ്ങളും നിലപാടുകളും ഹിന്ദുവർഗ്ഗീയവാദികൾക്ക് കേരളത്തിൽ അംഗീകാരവും ജനങ്ങൾക്കിടയിൽ സ്വാധീനവും വർദ്ധിപ്പിക്കുന്നു. എല്ലാ ജനാധിപത്യ വിരുദ്ധശക്തികളും ശക്തരാകുന്നതാണ് നാം കാണുന്നത്. ഇടതുപക്ഷപാർട്ടികളുടെ ഇടതുപക്ഷ സ്വഭാവം നഷ്ടപ്പെടുമ്പോൾ സാധാരണക്കാർ എന്തുചെയ്യണം?) അത്തരം പ്രശ്നങ്ങൾ ഉള്ളിൽ സംഘർഷമുണ്ടാക്കുമ്പോൾ സ്ത്രീകൾ നേരിടുന്ന വെല്ലുവിളികൾ അതിലും കൂടുതലാണല്ലോ. പ്രത്യക്ഷമായ അതിക്രമങ്ങൾക്കും ലൈംഗികകയ്യേറ്റങ്ങൾക്കും അടിച്ചമർത്തലുകൾക്കുമെതിരെ പ്രവർത്തിക്കുമ്പോൾ സാംസ്കാരിക രാഷ്ട്രീയ സാമ്പത്തികരംഗങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് സ്ത്രീവേദിയെ ശക്തിപ്പെടുത്താൻ പരമാവധി ശ്രമിച്ചു. ലൈംഗികതയെക്കുറിച്ചും കുടുംബത്തെക്കുറിച്ചും ഒരു തുറക്കലായിരുന്നു സ്ത്രീവേദിയിലെ അനുഭവങ്ങൾ. ഇന്നത്തെ പല വിവാഹങ്ങളും അടിമക്കച്ചവടത്തിൽ എത്ര വ്യത്യാസമുണ്ട്. നിന്ന് പൊള്ളയായ കുടുംബസങ്കല്പത്തിൽ കുടുംബം നിലനിർത്തേണ്ടി വരുന്നത് എന്തുകൊണ്ടാണെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. കുട്ടികളോ, വിദ്യാർത്ഥികളോ രാഷ്ട്രീയക്കാരോ ഉദ്യോഗസ്ഥരോ കൂലിപ്പണിക്കാരോ ആരായാലും കുടുംബത്തിനകത്തും പുറത്തും ലൈംഗികമായി ചൂഷണം ചെയ്യപ്പെടുന്നു എന്ന് പരസ്യമായും രഹസ്യമായും തുറന്ന് പറഞ്ഞു. സ്ത്രീകൾ തമ്മിലുള്ള ഐക്യവും കൂട്ടായ പ്രവർത്തനവും സ്വാതന്ത്ര്യവും ധൈര്യവും കുറച്ചൊക്കെ സമാധാനവും ആണെന്ന് തിരിച്ചറിഞ്ഞു.

എൻ.എഫ്.എഫിന്റെ ഓഫീസിലെ പി.സി.ഒ സെന്റർ കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന എം.എം.ഗ്രേസിയാണ് എറണാകുളത്ത് നേതൃത്വമേറ്റെടുത്തത്. അഡ്വ.ഭദ്ര, എൻ എഫ് എഫിലെ രമ, സേവയിലെ നിഷ, ചിന്നു തുടങ്ങിയവരും ചെല്ലാനം പഞ്ചായത്തിലെ അഡ്വ. ശുഭലക്ഷ്മി, പിന്നീട് വന്ന കുത്താട്ടുകുളത്തെ മോളി ടീച്ചർ (ടീച്ചർക്ക് ജനാധിപത്യാമഹിളാ അസോസിയേന്റെ എതിർപ്പുമുണ്ടായിരുന്നു.) ഇങ്ങനെ കുറച്ചുപേരും ആണ് നേതൃത്വം കൊടുത്തിരുന്നത്. എല്ലാവരും മറ്റ് ജോലി ചെയ്ത് വരുമാനമുണ്ടാക്കുന്നവരായതുകൊണ്ട് കേരളസ്ത്രീവേദി ഇവിടെ ഒരു ഉപജീവനമാർഗ്ഗമായിരുന്നില്ല. പ്രവർത്തനത്തിനാവശ്യമായ ഫണ്ട് പ്രവർത്തകരുടെ കയ്യിൽ നിന്നെടുത്തും ചെറിയതുക സംഭാവന പിരിച്ചുമാണ് ഉണ്ടാക്കിയിരുന്നത്. എറണാകുളത്ത് അന്ന് കേരളസ്ത്രീവേദിയിൽ പ്രവർത്തിച്ചിരുന്ന ഞങ്ങൾക്ക് ഓരോരുത്തർക്കും പല കാര്യങ്ങളിലും വ്യത്യസ്തമായ നിലപാടു

കളും വിശ്വാസങ്ങളും പ്രവർത്തന ശൈലിയുമായിരുന്നെങ്കിലും ഞങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങളെ അതൊന്നും തടസ്സപ്പെടുത്തിയില്ല. ഞങ്ങളുടെ ഐക്യവും 'കമ്മിറ്റ്മെന്റും' കണക്കും പ്രവർത്തന റിപ്പോർട്ട് സൂക്ഷിക്കുന്ന ഒരു ഫയലുമായിരുന്നു ഞങ്ങളുടെ സ്വത്ത്. നഗരത്തിൽ ഓഫീസും ഫോൺ സൗകര്യവും ഉള്ളതുകൊണ്ട് ഗ്രേസിയാണ് പ്രവർത്തനങ്ങൾക്ക് മുൻകയ്യെടുക്കുക. ഞങ്ങൾ എല്ലാവരും എത്തിച്ചേരും. പ്രശ്നങ്ങൾ കേൾക്കുക, പ്രശ്നങ്ങൾ ഉള്ള സ്ഥലത്തേക്ക് പോകുക, പ്രതിഷേധങ്ങൾ സംഘടിപ്പിക്കുക, സഹായങ്ങൾ നൽകുക, നോട്ടീസ് ഡ്രാഫ്റ്റ് ചെയ്യുക, പ്രിന്റ് ചെയ്യുക, വിതരണം ചെയ്യുക, പോസ്റ്റർ എഴുതുക, കൂട്ടായി ഒട്ടിക്കുക, പരാതിയുമായി വരുന്നവർക്കൊപ്പം പോലീസ് സ്റ്റേഷനിൽ പോകുക, കേസുകൾ നടത്തുക, പഠനങ്ങൾ നടത്തുക (ചിലപ്പോൾ ഇവരുടെ പ്രൊട്ടക്ഷൻ തന്നെ ഏറ്റെടുക്കേണ്ടിവരും) കേസുകൾ നടത്താൻ ഭദ്രയേയും ശുഭലക്ഷ്മിയേയും പോലുള്ള സ്ത്രീ അഭിഭാഷകർ മാത്രമല്ല, മധുസൂദനനെപ്പോലെ പല പുരുഷ അഭിഭാഷകരും സഹായിച്ചിട്ടുണ്ട്. മൊബൈലും എസ്.എം.എസും ഒന്നും ഇല്ലാതിരുന്ന അക്കാലത്ത് കത്തുകൾ കാർഡിലെഴുതി അയക്കുക, കവറിൽ മേൽവിലാസം എഴുതുക തുടങ്ങിയ ധാരാളം ക്ലറിക്കൽ ജോലികൾ എന്റെ വീട്ടുകാരും കുട്ടികളും അവിടെ വരുന്ന സുഹൃത്തുക്കളും സ്ഥിരമായി ചെയ്തുതരാറുണ്ട്. അന്നത്തെ കൊച്ചി സിറ്റി പോലീസ് കമ്മീഷണർ ജേക്കബ് തോമസുമായി സഹകരിച്ച് സ്ത്രീകൾ ജോലി ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളിലും 'ആന്റി സെക്ഷ്വൽ ഹരാസ്മെന്റ് കമ്മിറ്റി' രൂപീകരിക്കാൻ നിർദ്ദേശം നൽകി. അതിനുള്ള സന്നദ്ധപ്രവർത്തകരുടെ ഒരു ലിസ്റ്റും തയ്യാറാക്കി. ഞങ്ങൾക്ക് പ്രവർത്തിക്കാൻ കമ്മീഷണറുടെ ഓഫീസിലെ ഒരു മുറി കിട്ടി. എന്നാൽ പുരുഷപോലീസുകാരുടെ സാന്നിദ്ധ്യം കാരണം.



*പല കന്യാസ്ത്രീമഠങ്ങളിലും ഞങ്ങൾ പോകുകയും അവർ ചെയ്യുന്ന പ്രവർത്തനങ്ങൾ എങ്ങനെ സ്ത്രീ അനുകൂലമാക്കാമെന്നതിന് ഒരുപാട് 'ഇന്ററാക്ഷൻസ്' നടത്തുകയും ചെയ്തിട്ടുണ്ട്.*

അത് വേണ്ടത്ര പ്രയോജനപ്പെടുത്താൻ കഴിഞ്ഞില്ല. പൊതുവിൽ നഗരം കേന്ദ്രീകരിച്ച് ഒരു മദ്ധ്യവർഗ്ഗ സംഘടനാ ശൈലിയായിരുന്നു ഞങ്ങളുടേത്. അതുകൊണ്ട് തീവ്രഗ്രൂപ്പിലെ സ്ത്രീകളൊന്നും സ്ത്രീവേദിയുടെ പ്രവർത്തനത്തിന് വരാറില്ല. സ്ത്രീകളുടെ പ്രശ്നങ്ങൾക്കും പൊതുവായ ജനാധിപത്യ വിരുദ്ധ പ്രശ്നങ്ങൾക്കുമെതിരെ പ്രതികരിക്കുകയും അത്തരം സമരങ്ങളിൽ പങ്കുചേരുകയും ചെയ്തിരുന്നു. ചിലപ്പോൾ അറസ്റ്റ് ചെയ്യപ്പെടുകയും കേസെടുക്കുകയും ചെയ്യാറുണ്ട്. ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഒരു വിധം മാധ്യമശ്രദ്ധ കിട്ടിയിരുന്നു. അതുകൊണ്ടായിരിക്കാം നഗരം കേന്ദ്രീകരിച്ചാണ് ഞങ്ങൾ പ്രവർത്തിച്ചിരുന്നതെങ്കിലും ജില്ലയുടെ പല ഭാഗത്തും അതിന്റെ അനുരണനങ്ങൾ ഉണ്ടായിരുന്നു. പല വിധത്തിലുള്ള ഗ്രൂപ്പുകളും കോളേജുകളും ചില സംഘടനകളുടെ വനിതാ വിഭാഗങ്ങളും ഞങ്ങളെ ക്ലാസ്സെടുക്കാൻ വിളിക്കാറുണ്ട്, ചർച്ചകൾക്ക് വിളിക്കാറുണ്ട്. ഞങ്ങൾ ഒറ്റക്കും സംഘമായിട്ടും പോകാറുണ്ട്. സ്ത്രീവേദി ശക്തിപ്പെട്ടതിന്റെ തെളിവാണ് പാർട്ടികൾ അവരുടെ വനിതാപ്രവർത്തകരോട് സ്ത്രീവേദിയുടെ പ്രവർത്തനത്തിന് പോകരുതെന്ന് വിലക്കിയത്. പല സ്ത്രീകളുടേയും ഭർത്താക്കന്മാരേയും അച്ഛന്മാരേയും മക്കളേയുമൊക്കെ ഉപയോഗിച്ച് സ്ത്രീകൾ കേരളസ്ത്രീവേദിയുടെ പ്രവർത്തനത്തിന് വരുന്നത് തടയാൻ ശ്രമിച്ചു. മറിച്ച് ഞങ്ങൾ പോസ്റ്റർ ഒട്ടിക്കുകയും നോട്ടീസ് വിതരണം ചെയ്യുകയും മറ്റും ചെയ്യുമ്പോൾ ധാരാളം ആളുകൾ ഞങ്ങളോട് ഐക്യദാർഢ്യം കാണിക്കുകയും ഞങ്ങൾ ചോദിക്കാതെ തന്നെ പ്രവർത്തനങ്ങൾക്കായി എന്നുപറഞ്ഞു സംഭാവന നൽകുകയും ചെയ്യാറുണ്ട്. യാന്ത്രികമായ ഒരു സംഘടനാ പ്രവർത്തനത്തിനപ്പുറം സിനിമാ നാടകം, സാഹിത്യം എന്നീ മേഖലകളുമായി ബന്ധിപ്പിക്കാൻ കലാകാരന്മാരും സാഹിത്യകാരന്മാരും ഫിലിം സൊസൈറ്റിയുമൊക്കെയായി സഹകരിക്കാൻ ശ്രമിച്ചിരുന്നു. അസംഘടിതരായിരുന്ന നേഴ്സുമാർ, സെയിൽസ് ഗേൾസ്, വിദ്യാർത്ഥിനികൾ, അഭിഭാഷകർ തുടങ്ങി വിവിധ മേഖലകളിലെ സ്ത്രീകളെ പ്രത്യേകം വിളിച്ചു ചേർക്കുകയും അവരുടെ പ്രശ്നങ്ങൾ പഠിക്കുകയും കൂട്ടായ്മകൾ ഉണ്ടാക്കുകയും ചെയ്യാൻ ശ്രമിച്ചിരുന്നു. പല കന്യാസ്ത്രീമഠങ്ങളിലും ഞങ്ങൾ പോകുകയും അവർ ചെയ്യുന്ന പ്രവർത്തനങ്ങൾ എങ്ങനെ സ്ത്രീഅനുകൂലമാക്കാമെന്നതിന് ഒരുപാട് 'ഇന്ററാക്ഷൻസ്' നടത്തുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ നടപ്പാക്കിയ



*2004 ആയപ്പോഴേക്കും പ്രവർത്തനങ്ങൾ കുറഞ്ഞു തുടങ്ങി. അതിന് പല കാരണങ്ങൾ ഉണ്ടാകാം. കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യ സാഹചര്യത്തിൽ വന്നമാറ്റം. നേതൃത്വം നൽകിയിരുന്ന  പലരുടേയും വ്യക്തിജീവിത സാഹചര്യങ്ങളിൽ വന്നമാറ്റം, കുടുംബ ത്തിന്റേയും തൊഴിലിന്റേയും ഉത്തരവാദിത്വങ്ങൾ.*

ജനകീയാസൂത്രണ പരിപാടിയിൽ വനിതാഘടകപദ്ധതികൾ എങ്ങനെ നടപ്പാക്കാമെന്നതിന് മാതൃകാപദ്ധതികളും ചർച്ചകളും സംഘടിപ്പിച്ചിരുന്നു. ചെല്ലാനത്തും വൈപ്പിനിലും രൂക്ഷമായ കുടിവെള്ളപ്രശ്നത്തെക്കുറിച്ച് പഠനം ആരംഭിച്ചിരുന്നു. ഡോക്ടർമാർ, സ്ത്രീപോലീസ് എന്നിവർക്ക് തൊഴിൽരംഗത്തുള്ള പ്രശ്നങ്ങളും ചർച്ച ചെയ്യാൻ തുടങ്ങിയിരുന്നു. എൻ.എ.പി.എം പോലുള്ള സംഘടനകളിലും ഞാൻ സജീവസാന്നിദ്ധ്യമായിരുന്നു. എന്നാൽ ഇതൊന്നും തുടരാൻ കഴിഞ്ഞില്ല. 2004 ആയപ്പോഴേക്കും പ്രവർത്തനങ്ങൾ കുറഞ്ഞു തുടങ്ങി. അതിന് പല കാരണങ്ങൾ ഉണ്ടാകാം. കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യ സാഹചര്യത്തിൽ വന്നമാറ്റം. നേതൃത്വം നൽകിയിരുന്ന പലരുടേയും വ്യക്തിജീവിത സാഹചര്യങ്ങളിൽ വന്നമാറ്റം, കുടുംബത്തിന്റേയും തൊഴിലിന്റേയും ഉത്തരവാദിത്വങ്ങൾ സംഘടന ശക്തിപ്പെടുമ്പോൾ ആരോപണങ്ങൾ ഉണ്ടാകും. മാത്രമല്ല സ്ത്രീപ്രശ്നങ്ങൾ പൊതുചർച്ചാവിഷയമായി. 2001ലാണെന്ന് തോന്നുന്നു. ഗ്രേസി എറണാകുളത്തു നിന്ന് താമസം മാറി. അതോടെ ഓഫീസ് സൗകര്യം നഷ്ടപ്പെട്ടു. പിന്നെ സേവയുടെ ഓഫീസും എന്റെ വീടും ആസ്ഥാനമാക്കിയാണ് പ്രവർത്തിച്ചത്. ഗ്രേസി പോയപ്പോൾ നിഷ ആയി. പിന്നെ ടി.ജി. അജിതയുടെ പേര് വച്ച് അജിത പി.എച്ച്.ഡി ചെയ്യുന്ന തിരക്കിലായതുകൊണ്ട് പ്രവർത്തനം ഞങ്ങൾ തന്നെ നടത്തി. പിന്നീട് പ്രത്യേകപരിഗണനയിൽ സി.പി.എം അംഗമായിരുന്ന എന്നെ കൺവീനറായി തെരഞ്ഞെടുത്തു. അങ്ങനെ 2004–2005 വരെ ഞാൻ കഴിയുന്നതെല്ലാം ചെയ്തു. അപ്പോഴേക്കും എന്റെ ഓഫീസ് –കുടുംബസാഹചര്യങ്ങളും മാറി. പുതിയ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാനൊന്നും കഴിയാതായി. പലരേയും ഉത്തരവാദിത്വം ഏൽപ്പിക്കാൻ ശ്രമിച്ചു. സ്റ്റേറ്റ് കമ്മിറ്റി എടുക്കുന്ന അത്യാവശ്യകാര്യങ്ങൾ ചെയ്യുക എന്നതുമാത്രമായി പ്രവർത്തനം. 2009ൽ എറണാകുളത്ത് ഒരു ഓഫീസ് വാടകക്കെടുത്ത് വീണ്ടും പ്രവർത്തനങ്ങൾ സജീവമാക്കാൻ ശ്രമിച്ചെങ്കിലും വേണ്ടത്ര വിജയിച്ചില്ല. സ്ത്രീവേദിയുടെ യോഗങ്ങൾ ചേരുമ്പോൾ അന്തർദ്ദേശീയ-ദേശീയ-പ്രാദേശിക വിഷയങ്ങൾ ചർച്ച ചെയ്തിരുന്നു. ഇത്തരം ചർച്ചകളിൽ നേതൃത്വത്തിലിരിക്കുന്ന ചിലർ മാത്രമാണ് സംസാരിച്ചിരുന്നത്. ഇത് മാറ്റാനായി എന്തു സംസാരിക്കുമ്പോഴും ഏറ്റവും ലളിതമായി ആർക്കും മനസ്സിലാകുന്ന ഭാഷയിൽ സംസാരിക്കുക എന്നത് നിർബന്ധമാക്കി. ഇത് സ്ത്രീകളെ സംഘടനയിലേക്ക് കൊണ്ട് വരുന്നതിന് പകരം സ്വയം വരുന്നതിന് കാരണമാക്കി. സ്ത്രീവേദിയുടെ പ്രവർത്തകർ അംഗത്വമെടുത്ത് സ്ഥിരമായി വരുന്ന ഒരു സംഘടിതഗ്രൂപ്പായിരുന്നില്ല. ഇങ്ങനെ എറണാകുളം കേന്ദ്രീകരിച്ച് നടത്തിയ പ്രവർത്തനങ്ങൾ കൂടാതെ സൂര്യനെല്ലി, ഐസ്ക്രീപാർലർ, തോപ്പുംപടി, വിതുര, കോതമംഗലം തുടങ്ങി നിരവധി കേസുകൾ, കുഞ്ഞാലിക്കുട്ടിയേയും പി.ജെ.കുര്യനേയും തോല്പിക്കാനും നീലലോഹിതദാസ നാടാരെ മത്സരവേദിയിൽ നിന്നൊഴിവാക്കാനും നടത്തിയ സമ്മർദ്ദം, തെരഞ്ഞെടുപ്പ് വേളയിൽ ഉന്നയിക്കുന്ന മാനിഫെസ്റ്റോ, എല്ലാ പ്രസ്ഥാനങ്ങളും പാർട്ടി വനിതാഘടകങ്ങളുമായി സഹകരിച്ച് ഐക്യം ഉണ്ടാക്കിയതിന്റെ അനുഭവങ്ങൾ, ആദിവാസി-ദളിത് സ്ത്രീകളെ സജീവമാക്കാൻ നടത്തിയ ശ്രമങ്ങൾ, സ്ത്രീവേദിക്കെതിരെ ഉയർന്ന ആരോപണങ്ങൾ, സംഘടനയുടെ സാമ്പത്തികപ്രശ്നങ്ങൾ, സംഘടനാ നേതൃത്വത്തിലിരിക്കുന്നവർ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ, സ്ത്രീപ്രസ്ഥാനം ശക്തിപ്രാപിക്കേണ്ടതിന്റെ ആവശ്യകത, സ്ത്രീസംഘടനകളെക്കുറിച്ചുള്ള ആശങ്ക, ലൈംഗികത വില്പനയുമായി ബന്ധപ്പെട്ട നിലപാടുകൾ ....

അടുത്തലക്കം തുടരും....

●

കഥ

**പ്ലാറ്റ്ഫോമിൽ** തിരക്കൊഴിഞ്ഞ കോണിൽ തറയിൽ ഇരിക്കുകയാണ് അയാൾ. താടിയും മുടിയുമെല്ലാം ജടപിടിച്ചിട്ടുണ്ട്. ഉടുത്തിരുന്ന കള്ളിമുണ്ട് സ്പ്രിങ്ങ് പോലെ ചുരുണ്ടിട്ടുണ്ട്. നിരതെറ്റി ബട്ടൺ ചെയ്ത ഷർട്ട് പിഞ്ഞിക്കീറിയ മട്ടാണ്. പഴകിയ സഞ്ചിയും കൈയ്യിൽ പിടിച്ച്, തിക്കിത്തിരക്കുന്ന യാത്രക്കാരെ അയാൾ ദയനീയമായി നോക്കി. കാലിലെ നീരുവന്നു വീർത്ത മുറിവിൽ ഈച്ചകളുടെ ഒരു മത്സരം തന്നെ നടക്കുന്നു. കഠിനമായ വിശപ്പ് ഉണ്ട്. ആരെങ്കിലും ഒരു ദയ കാണിച്ചെങ്കിലെന്ന് അയാളാശിച്ചു. പക്ഷേ ആരിലും ഒരു കനിവിന്റെ ഉറവ പൊടിഞ്ഞില്ല. ഒന്നുമില്ലെന്നറിഞ്ഞിട്ടും ശൂന്യമായ തന്റെ കീശയിൽ അയാൾ പരതി. പ്രതീക്ഷകൾ അസ്തമിച്ച അയാൾ അവിടെ നിന്നും എഴുന്നേറ്റു. നടക്കാൻ തന്നെ വളരെ പ്രയാസപ്പെടുന്നുണ്ട്. ഓരോ കടകൾക്കുമുമ്പിലും ദൈന്യതയുള്ള മുഖവുമായി അയാൾ നിന്നു. തിരക്കിനിടയിൽ ആരും അയാളുടെ വേദനിക്കുന്ന മനസ്സിനെ കണ്ടില്ല. ഓരോ നിമിഷം കഴിയുന്തോറും അയാളുടെ ക്ഷീണം വർദ്ധിച്ചു. വേച്ച് വേച്ച് എങ്ങോട്ടെന്നില്ലാതെ അയാൾ നടന്നു. ചീറിപ്പാഞ്ഞുകൊണ്ടിരിക്കുന്ന വാഹനങ്ങളും നഗരങ്ങളും . പിന്നീട് അയാൾ ആ ഗ്രാമത്തിലെത്തിച്ചേർന്നു. അയാളിൽ സന്തോഷവും സങ്കടവും ഒന്നിച്ചുണ്ടായി. അതെ.........ഒരിക്കലും മടങ്ങിവരരുതെന്നാശിച്ച സ്ഥലത്ത് തന്നെ താൻ എത്തിച്ചേർന്നിരിക്കുന്നു. അയാളുടെ മനസ്സ് മന്ത്രിച്ചു.

# മോചനം





ജുമൈല ഷാഫി

തന്റെ കഴിഞ്ഞ കാലജീവിതം അയാളുടെ സ്മൃതിപഥത്തിൽ തെളിഞ്ഞു. ഉല്ലാസയാത്രയിൽ കൂട്ടുകാരുടെ നിർബന്ധത്തിനു വഴങ്ങിയാണ് അല്പം മദ്യം രുചിച്ചത്. അത് ഒഴിച്ചുകൂടാനാവാത്ത ഒന്നാകുമെന്ന് കരുതിയില്ല. പക്ഷേ, അത് കൊണ്ട് തനിക്ക് നഷ്ടപ്പെട്ടത് വാത്സല്യനിധിയായ ഉമ്മയെയായിരുന്നു. എങ്ങനെയെങ്കിലും പണം കണ്ടെത്തി അത് കൊണ്ട് കുടിക്കുക ഒരുശീലമായി. പതിവിലും വൈകിയാണ് അന്ന് വീട്ടിലേക്ക് ചെന്നത്. ഉറക്കമിളച്ച് കാത്തിരിക്കുകയായിരുന്നു ഉമ്മ. അനിയനും അനിയത്തിയുമെല്ലാം ഉറങ്ങി. തന്റെ വരവിൽ സംശയം തോന്നിയ ഉമ്മ പിടിച്ചുനിർത്തി.

"ഇത്രേം നേരം എവിടെയായിരുന്നു."

"അത് ....പിന്നെ..." .വാക്കുകൾ കിട്ടാതെ പരുങ്ങി. വൃത്തികെട്ടവരുടെ കൂടെ നീയും കൂടി അല്ലേ. അത് കൊണ്ട് ഒരു ഗുണവും ലഭിക്കാൻ പോവുന്നില്ല. തിൻമകളുടെ തീച്ചൂളയിൽ കിടന്ന് വെന്തെരിയും. അത് കൊണ്ട് എന്റെ മോൻ ഈ വൃത്തികേടിൽ ചേരരുത്. നീ നശിക്കുന്നത് കാണാൻ ഈ ഉമ്മാക്കാവൂല. ഉമ്മയെ നീ അനുസരിക്കണം. ഉമ്മയെ......വാക്കുകൾ മുഴുമിപ്പിക്കാതെ അവർ പൊട്ടിക്കരഞ്ഞു. ആ കരച്ചിലന്ന് ഹൃദയത്തിൽ തട്ടിയതേയില്ല. തന്റെ ഹൃദയം കല്ലായിപ്പോയോ. എന്ത്കൊണ്ട് ആ വാക്കുകളെ തനിക്ക് സ്വീകരിക്കാൻ കഴിഞ്ഞില്ല. പാതിരാത്രി കഴിഞ്ഞെത്തുന്ന മകന്റെ വിവരങ്ങൾ പിന്നീടൊരിക്കലും ചോദിച്ചറിഞ്ഞില്ല. എന്തിന് ചോദിക്കണം, സ്വബോധമില്ലല്ലോ. പൊതുവെ ഉമ്മ മൗനിയായി. സദാസമയവും

കരഞ്ഞു. വീട്ടിൽ അടുപ്പ് പുകയാതെയായി. പണത്തിനായി ഉമ്മയോട് തട്ടിക്കയറാനും മടിച്ചില്ല. അവസാനമായി ഒന്നു തീരുമാനിച്ചു. ഉമ്മക്ക് ആകെയുള്ള സമ്പാദ്യം കഴുത്തിൽ കിടക്കുന്ന ഒരു പവനോളം വരുന്ന ചെയിൻ.

ആ രാത്രി പതിവിലേറെയും മദ്യപിച്ചാണ് വീട്ടിലെത്തിയത്. വാതിൽ തുറന്ന് അകത്ത് കടന്നു. ഉമ്മ ഉറങ്ങിയെന്ന് ബോധ്യമായി. ക്രൂരത നിറഞ്ഞ പുഞ്ചിരി അവനിൽ വിടർന്നു. പതുക്കെ ആ ചെയിൻ വെട്ടിയെടുത്തു. അപ്പോഴേക്കും ഉമ്മ ഉണർന്നുകഴിഞ്ഞിരുന്നു. ഇരുളിലേക്ക് അവൻ ഓടിമറഞ്ഞു. നിലവിളിക്കാൻ പോലുമാവാതെ അവർ തരിച്ചുനിന്നു. അതൊരു കറുത്ത രാത്രി തന്നെയായിരുന്നു. വാഹനത്തിന്റെ നിർത്താതെയുള്ള ഹോൺ അയാളെ ചിന്തയിൽ നിന്നുണർത്തി. വാഹനത്തിന് മുന്നിലാണ് നിൽക്കുന്നതെന്ന് അയാൾക്കു മനസ്സിലായി. ഡ്രൈവർദേഷ്യപ്പെട്ട് എന്തൊക്കെയോ പറയുന്നുണ്ട്. അയാൾ അടുത്തുകണ്ട ആൽമരച്ചുവട്ടിലേക്ക് നീങ്ങി. പരിഭ്രാന്തിയോടെ അയാളിരുന്നു. കിതപ്പടക്കാൻ പാടുപെട്ടു. തനിക്കുനേരെ പലകണ്ണുകളും നീളുന്നുണ്ട്. പല ആക്ഷേപങ്ങളും ഉയരുന്നുണ്ട്. ഒന്നും ചെവിക്കൊണ്ടില്ല. ഒരിറ്റുവെള്ളത്തിനായി അയാൾ ചുറ്റും നോക്കി. ആരോ ഇട്ടേച്ചുപോയ ഒരു വെള്ളക്കുപ്പിയിൽ അല്പം വെള്ളം കണ്ടപ്പോൾ ആ കണ്ണുകൾ വിടർന്നു. ദാഹമകറ്റാനില്ലെങ്കിലും തൊണ്ട നനക്കാനെങ്കിലും, അയാളാശ്വസിച്ചു. വായിലേക്ക് തുള്ളികളിറ്റുമ്പോൾ തന്നിൽ കരുണ ചൊരിഞ്ഞ റബ്ബിനെ അയാൾ സ്തുതിച്ചു. അയാളിൽ നിന്നും കണ്ണീർ ധാരയായി ഒഴുകി. തന്റെ ഉമ്മ അവരെ കാണണം. ആ കാലിൽ വീണ് മാപ്പ് പറയണം. പക്ഷേ ഉമ്മ എവിടെ? ആരോട് ചോദിക്കും? ആരെങ്കിലും പറയുമോ ഈ ക്രൂരനായ മകനോട്.

പന്ത്രണ്ട് വർഷം ജയിലിൽ കിടന്ന് താൻ നരകയാതന അനുഭവിച്ചു. സ്വന്തം സുഹൃത്തുക്കൾ തന്നെ ഒറ്റുകൊടുക്കുകയായിരുന്നു. മറ്റാരോ ചെയ്ത കൊലക്കുറ്റം തന്നിലാരോപിച്ചു. അന്നാദ്യമായി തന്റെ ഉമ്മയുടെ വാക്കുകളെക്കുറിച്ചോർത്തു. ഇപ്പോൾ ഇരുപത് വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ആൽമരച്ചുവട്ടിൽ നിന്നും എഴുന്നേറ്റു. റോഡിനിരുവശത്തുമായി തല ഉയർത്തിനിൽക്കുന്ന പുതിയ മണിമന്ദിരങ്ങൾ. പ്രതീക്ഷയോടെ അയാൾ ആദ്യം കണ്ട വീട്ടിലേക്ക് വേച്ചുവേച്ചുനടന്നു. ഗേറ്റുകടന്നു മുറ്റത്തെത്തിയതേയുള്ളൂ. പൊടുന്നനെ ഒരു പട്ടി കുടഞ്ഞെഴുന്നേറ്റു കുരച്ചു. സപ്തനാഡികളും തളർന്നുപോയി. വേഗത്തിൽ ഗേറ്റിനു വെളിയിലെത്തിയപ്പോഴേക്കും അയാൾ വീണു. കല്ലിൽ തട്ടി നെറ്റിപൊട്ടി ചോര ഒഴുകി. എന്നിട്ടും ദു:ഖം തോന്നിയില്ല. ഇതെല്ലാം താൻ അനുഭവിക്കേണ്ടവനാണെന്ന് അന്തഃരംഗം മന്ത്രിച്ചു. അവിടെ നിന്നും എഴുന്നേൽക്കാൻകഴിഞ്ഞില്ല. ഉമ്മയെ കാണാനുള്ള അതിയായ മോഹം അയാളെ എഴുന്നേൽപ്പിച്ചു. എങ്ങോട്ടുപോകണമെന്നു ഒരു നിശ്ചയവുമില്ല. പൂട്ടിയിട്ട ഇരുമ്പുഗേറ്റുകൾ തന്നെ നോക്കി പല്ലിളിക്കുന്നതായി തോന്നി. അൽപം അകലെയായി ഒരു കൊച്ചുവീട്. ഹാവൂ, ഇത്തിരി വെള്ളമെങ്കിലും കിട്ടിയിരുന്നെങ്കിൽ. വളരെ പ്രതീക്ഷയോടെ ആ കൊച്ചുവീട് ലക്ഷ്യമാക്കി നീങ്ങി. ആ മുറ്റത്തെത്തിയപ്പോഴേക്കും വല്ലാതെ തളർന്നുപോയിരുന്നു. കഴിയാവുന്ന ശബ്ദത്തിൽ അയാൾ വിളിച്ചുപറഞ്ഞു, കുറച്ച് വെള്ളം തരണേ, അപ്പോഴേക്കും കണ്ണിൽ ഇരുട്ട് കയറുന്നതുപോലെ തൊണ്ട വരണ്ടു, വെട്ടിയിട്ട വാഴപോലെ ആ മുറ്റത്ത് വീണു. ബോധം വന്നപ്പോൾ തനിക്കരികിൽ ആരൊക്കെയോ ഉണ്ട്. കാഴ്ച വ്യക്തമല്ല. നാവ് ചലിക്കുന്നില്ല. ഓർമ്മകൾ ഒന്നായി തെളിഞ്ഞു നിൽപുണ്ടായിരുന്നു. ഒരത്ഭുത ജീവിയെപോലെ എല്ലാരും നോക്കുന്നു. അവരിൽ നിന്നൊരു ചെറുപ്പക്കാരൻ കൈയ്യിലുള്ള ഗ്ലാസ് ചുണ്ടുകളിൽ വെച്ചു പതുക്കെ വായ തുറന്ന് ഉള്ളിലേക്കൊഴിച്ചു. ശരീരമാസകലം ഒരു ഉണർവ് വന്നപോലെ ഹൃദയം ഒന്നു തുടിച്ചു. അവനോട് ആദരവ് തോന്നി. ഒന്നും പറയാൻ കഴിയുന്നുണ്ടായിരുന്നില്ല.

എഴുന്നേറ്റിരിക്കാൻ ശ്രമിച്ചെങ്കിലും അയാൾക്ക് കഴിഞ്ഞില്ല. ചുമര് ചാരി ഇരിക്കാൻ ആ ചെറുപ്പക്കാരൻ സഹായിച്ചു. എങ്ങനെയാണ് നന്ദി പറയേണ്ടതെന്നറിയാതെ അയാൾ കുഴങ്ങി. ഇത്രയും ദിവസത്തിനിടക്ക് ഒരാൾക്കും തോന്നാത്ത കരുണയാണ് ഇവർക്കുണ്ടായത്. എന്റെ സത്യം ഇവരറിഞ്ഞാൽ എന്തായിരിക്കും അവസ്ഥ. ഒരു പക്ഷെ ഇവർക്കറിയാമോ എന്റെ ഉമ്മയെ, ചോദിച്ചാലോ. ഹൃദയത്തിൽ തുടിക്കുന്ന ഓരോ ചിന്തയും അയാളെ വീർപ്പുമുട്ടിച്ചു. ഇതാ ഈ കഞ്ഞി കുടിച്ചോളു, ചെറുപ്പക്കാരന്റെ സ്നേഹപൂർണ്ണമായ വാക്കുകൾ അയാളെ ചിന്തയിൽ നിന്നുണർത്തി. നോക്കുമ്പോൾ മുന്നിൽ കഞ്ഞിയും ചമ്മന്തിയും കൊണ്ടു വെച്ചിരിക്കുന്നു. കുറച്ചപ്പുറത്ത് അവന്റെ ഉമ്മയും നിൽപുണ്ട്. എങ്ങനെയാണ് ഇവരോട് നന്ദി പറയുക. കൃതജ്ഞതയോടെ അതിലേറെ ബഹുമാനത്തോടെ അവരിരുവരെയും മാറി മാറി നോക്കി. ആ ഉമ്മയെ കണ്ട് അയാൾ ഞെട്ടി. തന്റെ ഹൃദയത്തിൽ കുറച്ച് നാളുകളായി കൊണ്ട് നടക്കുന്നത് ഈ മുഖമല്ലേ. അതേ, ഇത് തന്റെ ഉമ്മ തന്നെ. അയാളുടെ മനസ്സ് മന്ത്രിച്ചു. ഉമ്മാ.... എന്റെ ഉമ്മാ.... അതൊലർച്ചയായിരുന്നു. കണ്ണുകൾ മങ്ങി, ശരീരമാസകലം വിറച്ചു. വിറകൊണ്ട ശരീരം ആ ഉമ്മായുടെ കാലിൽ വീണ് പിടഞ്ഞു. പിന്നീട് അയാൾക്ക് ശബ്ദിക്കാൻ കഴിഞ്ഞില്ല. തുറിച്ച കണ്ണിൽ നിന്നും രണ്ട് കണ്ണീർ തുള്ളികൾ പൊടിഞ്ഞിരുന്നു. ഒരു പിടച്ചിൽ അപ്പോഴേക്കും അയാളിലെ അവസാനത്തെ ജീവന്റെ കണിക വേർപെട്ടിരുന്നു. അപ്പോൾ അയാളുടെ ചുണ്ടിൽ ഒരിക്കലും വിരിഞ്ഞിട്ടില്ലാത്ത ഒരു പുഞ്ചിരി തങ്ങിനിന്നു. ●







സീമ ശ്രീലയം

# ചൊവ്വയിലേക്കൊരു മംഗളയാനം

*ചുവന്ന ഗ്രഹമായ ചൊവ്വയുടെ ഉപരിതലം, അന്തരീക്ഷം എന്നിവയെക്കുറിച്ചു വിശദമായി പഠിക്കൽ, മീഥെയ്ൻ വാതകത്തിന്റെ സാന്നിധ്യം തിരയൽ, അവിടെ ഏതെങ്കിലും തരത്തിലുള്ള ജീവസാന്നിധ്യമുണ്ടോ എന്നന്വേഷിക്കൽ എന്നിവയൊക്കെയാണ് മാർസ് ഓർബിറ്റർ മിഷൻ എന്ന മംഗൾ യാനിന്റെ പര്യവേക്ഷണ ലക്ഷ്യങ്ങൾ.*

**2013** നവംബർ 5. ചൊവ്വ. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്റർ. സമയം ഉച്ചയ്ക്ക് 2.30. ബഹിരാകാശ ഗവേഷണ രംഗത്ത് ഇന്ത്യയുടെ യശസ്സ് വാനോളമുയർന്ന നിമിഷം. ഒരു രാജ്യത്തിന്റെ മുഴുവൻ പ്രതീക്ഷകളുമായി ചൊവ്വാ രഹസ്യങ്ങൾ തേടി മംഗൾ യാൻ കുതിച്ചുയർന്നത് അന്നാണ്. PSLV C25 റോക്കറ്റ് ഉപയോഗിച്ചായിരുന്നു വിക്ഷേപണം. ചുവന്ന ഗ്രഹമായ ചൊവ്വയുടെ ഉപരിതലം, അന്തരീക്ഷം എന്നിവയെക്കുറിച്ചു വിശദമായി പഠിക്കൽ, മീഥെയ്ൻ വാതകത്തിന്റെ സാന്നിധ്യം തിരയൽ, അവിടെ ഏതെങ്കിലും തരത്തിലുള്ള ജീവസാന്നിധ്യമുണ്ടോ എന്നന്വേഷിക്കൽ എന്നിവയൊക്കെയാണ് മാർസ് ഓർബിറ്റർ മിഷൻ എന്ന മംഗൾ യാനിന്റെ പര്യവേക്ഷണലക്ഷ്യങ്ങൾ. 300 ദിവസം കൊണ്ട് 400 ദശലക്ഷം കിലോമീറ്റർ താണ്ടി 2014 സെപ്റ്റംബർ 24 നാണ് പേടകം ചൊവ്വാ ഭ്രമണപഥത്തിലെത്തുക. ചാന്ദ്രയാന്റെ വിജയത്തിൽ നിന്നും ആവേശമുൾക്കൊണ്ടു കുതിക്കുന്ന ഇന്ത്യൻ ബഹിരാകാശ ഗവേഷണം പുതിയ വഴിത്തിരിവിൽ എത്തി നിൽക്കുകയാണിപ്പോൾ.

1938 ഒക്റ്റോബറിൽ അമേരിക്കയിൽ വാർത്താരൂപത്തിലുള്ള ഒരു റേഡിയോനാടകം ശ്രവിച്ചവർ പരിഭ്രാന്തരായി പുറത്തേക്കോടി! അതിബുദ്ധിയുള്ള ചൊവ്വാനിവാസികൾ ഭൂമിയെ ആക്രമിച്ചു കീഴടക്കാൻ പോവുന്നുവെന്ന ധാരണയിലാണ് ആളുകൾ പരിഭ്രാന്തരായത്. എച്ച്.ജി.വെൽസിന്റെ ദ് വാർ ഓഫ് ദ് വേൾഡ്സ് എന്ന പ്രശസ്ത സയൻസ് ഫിക്ഷൻ അടിസ്ഥാനമാക്കി ഓർസൺ വെൽസ് തയ്യാറാക്കിയ നാടകമായിരുന്നു അത്. അന്യഗ്രഹജീവികളും പറക്കും തളികകളുമൊക്കെ ശാസ്ത്രകല്പിത കഥകളിൽ നിറഞ്ഞുനില്പുണ്ടെങ്കിലും ഇതേ

വരെ ഏതെങ്കിലും തരത്തിലുള്ള ജീവസാന്നിധ്യം മറ്റെവിടെയെങ്കിലും ഉള്ളതായി തെളിഞ്ഞിട്ടില്ല അനന്തവും അജ്ഞാതവും അവർണ്ണനീയവുമായ ഈ പ്രപഞ്ചത്തിൽ നാം തനിച്ചാണോ? ഈ കുഞ്ഞു ഭൂമിയിലല്ലാതെ മറ്റെവിടെയും ജീവസാന്നിധ്യമില്ലേ? ഏറെ നാളായി ശാസ്ത്രലോകത്തെ അലട്ടിക്കൊണ്ടിരിക്കുന്ന ചോദ്യമാണിത്. ചൊവ്വയിൽ ഏതെങ്കിലും തരത്തിലുള്ള ജീവൻ ഉണ്ടോ അല്ലെങ്കിൽ ഉണ്ടായിരുന്നോ എന്ന ചോദ്യത്തിനുള്ള ഉത്തരം തരാൻ മംഗൾ യാനിലെ മീഥേൻ സെൻസർ ഓഫ് മാർസ് എന്ന ഉപകരണത്തിനു കഴിഞ്ഞേക്കും.ജൈവപരമായോ അല്ലാതെയോ ഉല്പാദിപ്പിക്കപ്പെടുന്ന മീഥേൻ എന്ന ജൈവസംയുക്തത്തിന്റെ സാന്നിധ്യം സ്ഥിരീകരിച്ചാൽ അന്യഗ്രഹജീവൻ തേടുന്ന പരീക്ഷണങ്ങളിലെ നിർണ്ണായക ചുവടുവെയ്പായിരിക്കും അത്.

ചൊവ്വാ അന്തരീക്ഷത്തിൽ ഹൈഡ്രജന്റേയും അതിന്റെ ഐസോടോപ്പ് ആയ ഡ്യൂട്ടീരിയത്തിന്റേയും തോത് നിർണ്ണയിക്കുന്ന ലൈമാൻ ആൽഫ ഫോട്ടോമീറ്റർ ചൊവ്വയിലെ മനുഷ്യവാസത്തെ സഹായിക്കുന്ന വിവരങ്ങൾ നൽകിയേക്കും. ജലസാന്നിധ്യം, ഭാവി ഇന്ധനമായി ഡ്യൂട്ടീരിയം ഉപയോഗിക്കാവുന്ന ന്യൂക്ലിയർ ഫ്യൂഷൻ റിയാക്റ്ററുകളുടെ സാധ്യത എന്നിവയിലേക്കാണ് ഈ ഉപകരണത്തിന്റെ അന്വേഷണം നീളുന്നത്.ചൊവ്വയുടെ അന്തരീക്ഷത്തിലുള്ള മറ്റു കണങ്ങളുടെ രഹസ്യങ്ങൾ ചുരുൾ നിവർക്കാനായി പേടകത്തിലുള്ള ഉപകരണമാണ് മെൻക എന്ന മാർസ് എക്സോസ്ഫെറിക് ന്യൂട്രൽ കോമ്പസിഷൻ അനലൈസർ. ഉപരിതലചിത്രങ്ങൾ ചൊവ്വയുടെ ഉപഗ്രഹങ്ങളായ ഡെയ്മോസിന്റേയും ഫോബോസിന്റേയും ചിത്രങ്ങൾ എന്നിവ പകർത്താൻ പേടകത്തിൽ മാർസ് കളർ ക്യാമറ ഘടിപ്പിച്ചിട്ടുണ്ട്. ചൊവ്വാമണ്ണിന്റെ രാസഘടന, ധാതുസാന്നിധ്യം, താപവികിരണ സ്വഭാവം എന്നിവയെക്കുറിച്ചു വിവിവരങ്ങൾ ശേഖരിക്കാൻ തെർമൽ ഇൻഫ്രാറെഡ് ഇമേജിങ് സ്പെക്ട്രോമീറ്റർ സഹായിക്കും.

റോമൻ ഇതിഹാസങ്ങളിലെ യുദ്ധദേവനായ മാർസിന്റെ പേരിൽ അറിയപ്പെടുന്ന ചൊവ്വ അതിന്റെ അസാധാരണമായ ചുവപ്പു നിറം കാരണം പണ്ടുകാലത്തേ മനുഷ്യരിൽ ഭീതി ജനിപ്പിച്ചിരുന്നു.ചൊവ്വാ ഉപരിതലത്തിലുള്ള അയേൺ ഓക്സൈഡിന്റെ അതിസാന്നിധ്യമാണ് ചുവപ്പു നിറത്തിനു പിന്നിൽ. ബഹിരാകാശ വിനോദസഞ്ചാരം യാഥാർഥ്യമാവുകയും മനുഷ്യൻ ചന്ദ്രനിലും ചൊവ്വയിലും കോളനികൾ സ്ഥാപിക്കാനൊരുങ്ങുകയും ചെയ്യുന്ന ഇക്കാലത്തുപോലും ചൊവ്വാദോഷം പോലുള്ള അന്ധവിശ്വാസങ്ങൾ സമൂഹത്തിൽ നിലനിൽക്കുന്നു എന്നതാണ് ലജ്ജാവഹമായ കാര്യം.

അമേരിക്കൻ ബഹിരാകാശ ഏജൻസിയായ നാസ, റഷ്യൻ ബഹിരാകാശ ഏജൻസിയായ റോസ്കോമോസ്, യൂറോപ്യൻ സ്പേസ് ഏജൻസി എന്നിവയാണ് ഇതുവരെ ചൊവ്വാപര്യവേക്ഷണത്തിൽ വിജയം കണ്ടിട്ടുള്ളത്. മംഗൾയാൻ ദൗത്യം വിജയിച്ചാൽ ഇക്കൂട്ടത്തിൽ ഇന്ത്യയുടെ ഐ.എസ്.ആർ.ഒ യും ഇടം നേടും. 1964 ലാണ് നാസ വിക്ഷേപിച്ച മാരിനർ ചൊവ്വയുടെ സമീപത്തുകൂടി കടന്നുപോയി ചിത്രങ്ങൾ അയച്ചത്. തുടർന്ന് 1971 ൽ സോവിയറ്റ് യൂണിയന്റെ മാർസ് 3 ചൊവ്വയിൽ ഇറങ്ങുകയും ദൃശ്യങ്ങൾ അയക്കുകയും ചെയ്തു.ആദ്യ പര്യവേക്ഷണ പേടകം ചൊവ്വയിൽ ഇറങ്ങിയിട്ട് നാലുദശകങ്ങൾ പിന്നിട്ടിട്ടും നാസയുടെ ക്യൂരിയോസിറ്റി പോലുള്ള ദൗത്യങ്ങൾ വിലപ്പെട്ട വിവരങ്ങൾ നൽകിയിട്ടും നാമിതു വരെ ചൊവ്വയെക്കുറിച്ചറിഞ്ഞത് ഇത്തിരി മാത്രം. ഇതേവരെ വിവിധരാജ്യങ്ങൾ പ്ലാൻ ചെയ്ത 51 ചൊവ്വാപര്യവേക്ഷണ ദൗത്യങ്ങളിൽ വെറും 21 എണ്ണം മാത്രമാണ് വിജയിച്ചത് എന്നതിൽ നിന്നു തന്നെ ചൊവ്വാപര്യവേക്ഷണ ദൗത്യത്തിന്റെ സങ്കീർണ്ണതകൾ ഊഹിക്കാം. അതുകൊണ്ടുതന്നെചൊവ്വാ രഹസ്യങ്ങൾക്കൊപ്പം സൗരയൂഥത്തിന്റെ ഉല്പത്തി രഹസ്യങ്ങൾ കൂടി ചുരുൾ നിവർക്കാൻ ശ്രമിക്കുന്ന മംഗൾയാൻ ദൗത്യത്തെ ഉറ്റു നോക്കിക്കൊണ്ടിരിക്കുകയാണ് ശാസ്ത്രലോകം. ●






# പന്തിരിക്കര സംഭവിച്ചതും സംഭവിച്ചു കൊണ്ടിരിക്കുന്നതും

## ഒരു അന്വേഷി റിപ്പോർട്ട്



പ്രമീള

**ഒരു** പ്ലസ്‌വൺ വിദ്യാർത്ഥിനി ആത്മഹത്യക്ക് ശ്രമിച്ചതിനെ തുടർന്നാണ് പെരുവണ്ണാമൂഴി പന്തിരിക്കര എന്ന പ്രദേശത്തെ സെക്സ് റാക്കറ്റിനെക്കുറിച്ചുള്ള വിവരം സമൂഹം അറിയുന്നത്. ആത്മഹത്യക്കു ശ്രമിച്ച കുട്ടി എഴുതിയ കുറിപ്പ് ബന്ധുവിന് കിട്ടിയതിന്റെ അടിസ്ഥാനത്തിൽ കുട്ടിയുടെ ബന്ധുക്കൾ നടത്തിയ അന്വേഷണത്തിലാണ് സ്കൂളുകൾ, പാരലൽ കോളേജുകൾ എന്നിവയുമായി ബന്ധപ്പെട്ടു നടക്കുന്ന പെൺവാണിഭസംഘത്തിന്റെ പ്രവർത്തനങ്ങൾ വെളിച്ചത്തായത്. ഈ ആത്മഹത്യക്കുറിപ്പിൽ നിന്നു തന്നെയാണ് ഒരു മാസം മുമ്പ് പഠനത്തിൽ മിടുക്കിയും ശാന്തസ്വഭാവക്കാരിയുമായ ഒൻപതാം ക്ലാസുകാരി പീഡനത്തിന് ഇരയായതിനെ തുടർന്നാണ് ആത്മഹത്യ ചെയ്തത് എന്ന വിവരം ജനം അറിയുന്നത്.

പ്രദേശവാസികളായ ചെറുപ്പക്കാർ പ്രണയം നടിച്ച് ജാനകിക്കാട്, കോഴിക്കോട്ടെ ഒരു ലോഡ്ജ് എന്നിവിടങ്ങളിലും ഇടനിലക്കാരികളായ സ്ത്രീകളുടെ വീടുകളിലും വെച്ച് പീഡിപ്പിച്ചതിനു ശേഷം ചിത്രങ്ങൾ മോർഫ് ചെയ്ത് കുട്ടികളെ ഭീഷണിപ്പെടുത്തി പലർക്കും കാഴ്ചവെക്കുകയായിരുന്നു. നേരത്തെ ആത്മഹത്യ ചെയ്ത പെൺകുട്ടി വളരെ ദരിദ്രമായ ഒരു കുടുംബസാഹചര്യത്തിൽ നിന്ന് വന്നതായിരുന്നു. കുടുംബത്തിന്റെ സാമ്പത്തിക പരാധീനതയാണ് ആത്മഹത്യക്ക് കാരണം എന്നു പ്രതികൾ തന്നെ വരുത്തിത്തീർത്ത് കുടുംബത്തിന് പല സഹായങ്ങളും ചെയ്തു ഒപ്പം നിന്നു. സാമ്പത്തിക പ്രശ്നമാണ് എന്നു കരുതി പ്രദേശത്തെ മഹല്ല് കമ്മിറ്റി പള്ളിയുടെ കീഴിൽ ഒരു കമ്മിറ്റി ഉണ്ടാക്കി കുട്ടിയുടെ കുടുംബത്തിന് വീടു വെച്ചു നൽകാൻ തീരുമാനിച്ചു. അതിനിടയിലാണ് കെ.എം.സി.സി എന്ന സംഘടന സ്ഥലം വാങ്ങി വീടു വെച്ചു കൊടുക്കാമെന്ന് പറഞ്ഞതായി ഗൾഫിലെ വ്യവസായി അറിയിക്കുന്നത്. കിണറു കുഴിക്കാനും കല്ലുകൾ കൊണ്ടെത്തിക്കാനും പ്രതികളും മുൻനിരയിൽ ഉണ്ടായിരുന്നു. പാവം വീട്ടുകാർ ഇതിലൊന്നും ഒരു ചതിയും കണ്ടില്ല.

ആത്മഹത്യക്ക് ശ്രമിച്ച പെൺകുട്ടിയുടെ ബന്ധുക്കൾ പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തിരുന്നു. പക്ഷേ പോലീസ് നടപടികളിൽ കാലതാമസമുണ്ടായതു കാരണം, പ്രധാന പ്രതികൾ ഗൾഫിലേക്ക് കടന്നിരുന്നു. ഇതിൽ പോലീസിന് പങ്കുണ്ട് എന്ന് നാട്ടുകാർ സംശയിക്കുന്നു. പ്രതികൾക്ക് തത്ക്കാൽ പാസ്പോർട്ട് എടുത്തു കൊടുത്ത് ഗൾഫിലെത്തിച്ചത് നേരത്തെ ആത്മഹത്യ ചെയ്ത പെൺകുട്ടിക്ക് വീട് വെച്ചു നൽകാമെന്നേറ്റ ഗൾഫ് വ്യവസായിയായിരുന്നു എന്നും നാട്ടുകാർ പറയുന്നു.

ഇതിനിടയിൽ പ്രതികളെ രക്ഷിക്കാൻ ഉന്നതതല ഇടപെടലുകൾ ഉണ്ടായതായി ന്യായമായും സംശയിക്കാവുന്ന വിധത്തിലാണ് പോലീസിന്റെ നടപടികളുണ്ടായത്. പന്തിരിക്കരയിൽ നിന്നും ടൂറിസ്റ്റ് വിസയിൽ ദോഹയിൽ എത്തിയ പ്രധാനപ്രതികളെ 'വ്യവസായിയുടെ കാറുമായി ചുറ്റുന്നതിനിടയിലാണ് ഗൾഫ് മലയാളികൾ പിടികൂടിയത്. പിടിക്കപ്പെട്ട പ്രതികളിൽ ആത്മഹത്യ ചെയ്ത പെൺകുട്ടിയെ ചതിക്കുഴിയിൽ അകപ്പെടുത്തിയ സാജിദ് എന്ന മുഖ്യപ്രതിക്കെതിരെ നിസ്സാരകുറ്റങ്ങൾ മാത്രം ചുമത്തി അയാളെ ജാമ്യത്തിൽ വിട്ടു. സാജിദാണ് മുഖ്യപ്രതിയെന്നും അയാളേയും മറ്റു പ്രധാനപ്രതികളെയും ഭരണത്തിലുള്ള ഒരു പ്രമുഖ കക്ഷി കേസിൽ നിന്നൊഴിവാക്കാൻ വളരെ ശക്തമായ സ്വാധീനം പോലീസിനു മേൽ ചുമത്തുന്നുണ്ടെന്നും നാട്ടുകാർ വിശ്വസിക്കുന്നു. മുഴുവൻ പ്രതികളേയും അറസ്റ്റു ചെയ്യണമെന്നും കേസന്വേഷണം ഊർജ്ജിതമാക്കണമെന്നും ആവശ്യപ്പെടാൻ വേണ്ടി നാട്ടുകാർ സർവ്വകക്ഷി യോഗം കൂടാൻ തീരുമാനിച്ചു. ആദ്യം സഹകരിക്കാമെന്നേറ്റ ഭരണകക്ഷിയിലെ രണ്ടുപ്രധാന പാർട്ടികൾ ഇതിൽ നിന്നു പിൻമാറി. പ്രദേശവാസികളായ പ്രതികൾ അല്ലാതെ ഉന്നതൻമാരായ പല ആളുകൾക്കും ഇതിൽ പങ്കുണ്ട് എന്നതിനുള്ള നിരവധി തെളിവുകളാണ് ഇതെല്ലാം. കേരളത്തിൽ ഉണ്ടായിട്ടുള്ള ഒരു സെക്സ് റാക്കറ്റ് കേസിനു പോലും നീതി ലഭിക്കാത്തതും രാഷ്ട്രീയക്കാരും പോലീസും ജുഡീഷറിയും അഴിമതി വിമുക്തമല്ല എന്നതും ഇത്തരം കേസുകൾ വർദ്ധിക്കാൻ ഇടയാക്കുന്നു●

*പേജ് 41 തുടർച്ച*

സ്ത്രീകളെ കണ്ടത്. അഭയാർത്ഥി ക്യാമ്പുകളെ കുറിച്ച് നരേന്ദ്ര മോഡി പറഞ്ഞതായി 2002 സെപ്തംബർ 10ന്റെ 'ഹിന്ദു' ഇങ്ങനെയാണ് റിപ്പോർട്ടു ചെയ്തിരിക്കുന്നത്. "അഭയാർഥി ക്യാമ്പുകൾ യഥാർത്ഥത്തിൽ ശിശു ഉൽപ്പാദന ഫാക്ടറികളാണ്. ജനസംഖ്യയെ ഇങ്ങനെ പെരുപ്പിച്ചുകൊണ്ടിരിക്കുന്നവർ ഒരു പാഠം പഠിക്കട്ടെ!" ഇത് നമ്മെ ഓർമ്മപ്പെടുത്തുന്നത് തികച്ചും ആസൂത്രിതമായി, സംഘടിതമായാണ് സ്ത്രീകളെ ലൈംഗികാക്രമണത്തിനിരയാക്കിയതെന്നാണ്. "ഹരഹര മഹാദേവ" എന്ന് ആക്രോശിച്ചുകൊണ്ടാണ് അക്രമികൾ ഗർഭിണികൾ ഉൾപ്പെടെ ആക്രമിച്ചത്. ഭ്രൂണത്തെ ശൂലത്തിൽ കുത്തിയെടുത്ത് അവർ ആക്രോശിക്കുന്നത് മുസ്ലീം കുഞ്ഞുങ്ങൾ ജനിക്കരുതെന്നാണ്. ഉഷാ സഖറിയാസ് (അടുത്തയിടെ അന്തരിച്ച മലയാളി മാധ്യമപ്രവർത്തക) നടത്തിയ ഒരു പഠനത്തിൽ സ്ത്രീകളുടെ അനുഭവസാക്ഷ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. നിർബന്ധമായി ഗർഭം ധരിപ്പിക്കുവാനും ഗർഭം അലസിപ്പിക്കുവാനും വേണ്ടി തന്നെയാണ് ഞങ്ങൾ ബലാൽസംഗം ചെയ്യുന്നതെന്നവർ വിളിച്ചു പറഞ്ഞിരുന്നുവെന്ന് സ്ത്രീകൾ സാക്ഷ്യപ്പെടുത്തുന്നു. ലൈംഗികാതിക്രമത്തിലൂടെ വംശഹത്യ എന്ന തന്ത്രം തന്നെയാണവർ പ്രയോഗിച്ചത്. 'സക്കാത്തു ചെയ്യാത്ത തങ്ങളുടെ പൂർണ പുരുഷത്വത്തെ' പ്രദർശിപ്പിച്ചവരിൽ ഹിന്ദുക്കളായ പൊലീസുകാരും ഉണ്ടായിരുന്നു. മുസ്ലീം പുരുഷന്മാരെ ആണത്തം ഇല്ലാത്തവരെന്നു വിളിച്ച് ആക്ഷേപിച്ചുകൊണ്ട് ഉദ്ധരിക്കപ്പെട്ട ലിംഗവും ഉയർത്തി കാട്ടി നടന്ന ആക്രമണകാരികളെ കുറിച്ച് പലരും റിപ്പോർട്ടു ചെയ്തിട്ടുണ്ട്. വംശശുദ്ധീകരണത്തിനായി ബലാൽസംഗത്തെ ഫാസിസ്റ്റുകൾ ന്യായീകരിക്കുന്നു - എന്നും ചരിത്രത്തിൽ! മോഡിയും അനുയായികളും ഇതേ പാത പിന്തുടരുന്നു. ഹൈന്ദവ പുരുഷത്വത്തിന്റെ ആഘോഷത്തിനും ആധിപത്യത്തിനും സ്ത്രീകളെ ഉപയോഗിക്കുന്നു. കലാപകാലത്തും പിന്നീടും മുസ്ലീം പുരുഷന്മാർ ശാരീരികാക്രമണങ്ങളെയും സ്ത്രീകൾ ലൈംഗികാക്രമണങ്ങളെയും ഭയന്ന് ജീവിക്കുവാൻ നിർബന്ധിക്കപ്പെടുന്നു. അതുകൊണ്ടാണ് ഗോദ്രയിൽ 150ലേറെ പെൺകുട്ടികളെ വിവാഹം കഴിപ്പിച്ചത്. ബലാൽസംഗം ചെയ്യപ്പെട്ടാൽ അതിന്റെ കുറ്റം സ്ത്രീയുടേതാക്കി മാറ്റുന്ന നമ്മുടെ സംസ്കാരം സ്ത്രീകളെ നിസ്സഹായരാക്കുന്നു. വിദ്യാഭ്യാസം പാതിവഴിക്കവസാനിപ്പിച്ച് പെൺകുട്ടികളെ കുടുംബിനികളാക്കുവാൻ അമ്മമാർ തിടുക്കം കൂട്ടുവാൻ ഈ സാഹചര്യം നിർബന്ധിക്കുന്നു.

ഗുജറാത്ത് കലാപത്തെ തുടർന്നും സ്ത്രീകൾക്ക് ആശ്വാസമേകുന്ന യാതൊരുവിധ നടപടികളും ഗുജറാത്ത് സർക്കാർ കൈക്കൊണ്ടില്ല. 2002നുശേഷം മനസമാധാനത്തോടെ ഉറങ്ങാറില്ലാത്ത സ്ത്രീകളെ മോഡിയിസത്തിന്റെ പ്രചാരകരായ മുഖ്യധാരാ മാധ്യമങ്ങൾ അവഗണിക്കുന്നു. ഗുജറാത്തിൽ നേരത്തെയുണ്ടായിരുന്ന വനിതാസെല്ലുകൾക്കുപകരം ഇപ്പോൾ ഉള്ളത് മിശ്രവിവാഹങ്ങൾ നിരീക്ഷിക്കുന്നതിനുള്ള സംവിധാനമാണത്രേ! മുസ്ലീം പുരുഷന്മാരെ ഹിന്ദു സ്ത്രീകൾ പ്രണയിക്കുന്നത് ആണ് ഏറ്റവും വലിയ കുറ്റം. അടുത്തയിടെ മുസ്ലീം യുവാവിനെ പ്രേമിച്ചതിന് ഒരു ഹിന്ദുയുവതിയെ കൂട്ടബലാൽസംഗത്തിനിരയാക്കിയ വാർത്ത മാധ്യമങ്ങളിൽ കാണാനിടയായി.

ഹിന്ദുരാഷ്ട്രനിർമിതിക്കുവേണ്ടിയുള്ള പരക്കം പാച്ചിലിൽ ഇന്ത്യൻ സ്ത്രീയെ മണ്ണിനടിയിലേക്കു ചവിട്ടി താഴ്ത്തേണ്ടത് ശ്രീരാമഭക്തർക്ക് ആവശ്യമാണ്. സ്ത്രീയുടെ അവകാശബോധം സ്വാഭാവികമായും ഫാസിസ്റ്റുകളെ അസ്വസ്ഥരും കോപാകുലരും ആക്കുന്നു. താലിബാൻ അഫ്ഗാനിസ്ഥാനിൽ ആദ്യം ചെയ്തത് സ്ത്രീകൾക്കുമേൽ നിയന്ത്രണം ഏർപ്പെടുത്തുകയാണ്. മോഡിയെ പ്രധാനമന്ത്രി സ്ഥാനാർത്ഥിയായി ഉയർത്തിയതോടെ വർഗീയ ധ്രുവീകരണം കൂടുതൽ രൂക്ഷമായിരിക്കുന്നു. ന്യൂനപക്ഷ വർഗീയത പല്ലും നഖവും രാകി മൂർച്ച കൂട്ടി തുടങ്ങി. ഏതുവർഗീയതയും നിലനിൽക്കുന്നത് സ്ത്രീയുടെ കീഴാളാവസ്ഥയിലായതിനാൽ മുസ്ലീം തീവ്രവാദവും സ്ത്രീ ജീവിതം ദുരിതപൂർണമാക്കുന്നു. ഭൂരിപക്ഷ വർഗീയത അധികാര രാഷ്ട്രീയത്തിലേക്ക് കടന്നുകയറുന്നത് സൃഷ്ടിക്കുന്ന അരക്ഷിതബോധം ന്യൂനപക്ഷ തീവ്രവാദശക്തികൾ മുതലെടുക്കുന്നു. പെൺകുട്ടികളെ 16 വയസ്സിൽ വിവാഹം കഴിപ്പിക്കുവാൻ കേരളത്തിൽ നടക്കുന്ന ശ്രമം ഈ സാഹചര്യത്തിൽ വേണം മനസ്സിലാക്കുവാൻ. ജമാഅത്തി ഇസ്ലാമിയുൾപ്പടെ ആർ.എസ്.എസിനെപ്പോലെ സ്ത്രീകളെ സംഘടനയിൽ അംഗങ്ങൾ ആക്കുകയും ഒപ്പം സ്ത്രീയുടെ അവകാശബോധത്തെ പരിമിതപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. സ്ത്രീകളുടെ പ്രത്യുല്പാദന അവകാശങ്ങൾ പൂർണമായി പുരുഷനിയന്ത്രിതമാക്കുന്നത് ന്യൂനപക്ഷ വർഗീയ സംഘടനകൾ തങ്ങളുടെ അജണ്ടയിലെ മുഖ്യഇനമായി തന്നെ കണക്കാക്കുന്നു. ചില കൃസ്ത്യൻ പള്ളികളിൽ കുടുംബാസൂത്രണത്തിനെതിരെ ആഹ്വാനങ്ങൾ നടക്കുന്നതായി അറിയാൻ കഴിയുന്നുണ്ട്.

പൗര എന്ന നിലയിൽ സ്ത്രീയുടെ അവകാശങ്ങൾക്കുവേണ്ടി ജനാധിപത്യ പ്രസ്ഥാനങ്ങൾ ഉയർത്തുന്ന ശബ്ദം വർഗീയകോലാഹലങ്ങൾക്കിടയിൽ മുങ്ങിപ്പോകുന്ന സ്ഥിതിയാണിന്ന്. ഉപഭോഗ സംസ്കാരത്തിന്റെ സ്ത്രീശരീര കേന്ദ്രീകൃത മൂല്യങ്ങൾക്കെതിരായ പോരാട്ടം ഭാരതനാരീ സങ്കൽപ്പത്തിലേക്കും പർദ്ദവൽക്കരണത്തിലേക്കും കൊണ്ടു ചെന്നെത്തിക്കുവാൻ വളരെ എളുപ്പമാണ്. ഇതിന്നിടയിൽ കൃത്യമായ രാഷ്ട്രീയബോധ്യത്തോടെ സ്ത്രീ വാദത്തെ വികസന, രാഷ്ട്രീയ സംവാദങ്ങളിൽ പ്രധാനസ്ഥാനത്ത് നിലനിർത്തുക എന്നതാണ് വനിതാപ്രസ്ഥാനങ്ങളുടെ മുന്നിലെ വെല്ലുവിളി.

റിപ്പോർട്ട്



സ്മിത

# സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ - ആരോഗ്യമേഖലയുടെ പങ്ക്

## ദേശീയ ശില്പശാല CEHAT

**അന്വേഷി** സ്റ്റാഫ് ട്രെയിനിങ്ങിന്റെ ഭാഗമായി സ്മിത, അൽഫോൺസ എന്നിവർ 'CEHAT' എന്ന സംഘടന ബോംബെയിൽ വെച്ച് നടത്തിയ ദേശീയ ശില്പശാലയിൽ പങ്കെടുത്തു. ഒക്ടോബർ 18 മുതൽ 20 വരെ നടന്ന ശില്പശാലയുടെ പ്രധാനലക്ഷ്യം സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിൽ ആരോഗ്യമേഖലയുടെ പങ്ക് വർദ്ധിപ്പിച്ചുകൊണ്ടുവരിക എന്നതായിരുന്നു. ശില്പശാലയിൽ ഇന്ത്യയുടെ പല ഭാഗത്തുനിന്നും വന്ന ഡോക്ടർമാർ, നേഴ്സുമാർ, കൗൺസെലർമാർ, സോഷ്യൽവർക്കർമാർ എന്നിവരായിരുന്നു പങ്കെടുത്തത്. ബോംബെ ആസ്ഥാനമാക്കി ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന സംഘടനയാണ് CEHAT റിസേർച്ച്, ട്രെയിനിംഗ്, ആശുപത്രി കേന്ദ്രീകരിച്ചുള്ള കൗൺസെലിംഗ് ഇവയാണ് പ്രധാന പ്രവർത്തനങ്ങൾ.



'ദിലാസ' (Dilaasa) പ്രൊജക്ട് ഡയറക്ടർ ഡോ.സീമാ മാലിക് ശില്പശാല ഉദ്ഘാടനം ചെയ്തു. 'സേഹത്തി'ന്റെ കോ-ഓർഡിനേറ്റർ പത്മ ദിയോസ്തലി സ്വാഗതം പറഞ്ഞു. അന്നജ ഗുലാത്തി, ഡോ.നിഖിൽ ദത്തർ (ഗൈനക്കോളജിസ്റ്റ്) എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. NMEWവിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ രശ്മി സിങ്ങ് മുഖ്യപ്രഭാഷണം നടത്തി. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് എല്ലാ മേഖലകളേയും കൂട്ടിയോജിപ്പിച്ചുകൊണ്ട് പ്രവർത്തിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് അവർ പറഞ്ഞു. ഉദാഹരണമായി പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ, പോലീസ്, കുടുംബശ്രീ തുടങ്ങിയ മേഖലകളെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ' 'One stop crisis Centre' നെക്കുറിച്ച് വിശദീകരിച്ചു. കേരളത്തിൽ അന്വേഷിയുടെ പ്രവർത്തനത്തനങ്ങളെക്കുറിച്ച് വളരെ മതിപ്പോടെ സംസാരിച്ചു.

ആദ്യ ദിവസം മിസ്. അരുണ ബർത്ത ക്ലാസ്സെടുത്തു. 40 വർഷത്തെ ഫെമിനിസ്റ്റ് പ്രവർത്തനങ്ങളെക്കുറിച്ചും നേരിട്ട അനുഭവങ്ങളെക്കുറിച്ചും വിശദമായി പറഞ്ഞു. കൂട്ടായ പ്രവർത്തനങ്ങളുടെ ഫലമായി വളരെയധികം മാറ്റങ്ങൾ സമൂഹത്തിൽ വന്നു. ഉദാഹരണമായി കുടുംബകോടതി, സൗജന്യനിയമസഹായകേന്ദ്രങ്ങൾ, ഫാമിലി കൗൺസെലിംഗ് സെന്റർ, സംസ്ഥാനതലത്തിലും ദേശീയതലത്തിലും വനിതാകമ്മീഷൻ ഇവ നിലവിൽ വന്നു. നിയമത്തിന്റെ കാര്യത്തിലും മാറ്റങ്ങൾ വന്നു. 1983ൽ 498 എ, സ്ത്രീധന നിരോധന നിയമം, തൊഴിലിടങ്ങളിലുള്ള ലൈംഗിക പീഡനം തടഞ്ഞുകൊണ്ടുള്ള നിയമം, ലിംഗ നിർണ്ണയ നിരോധന നിയമം. 2005 ലെ ഗാർഹിക പീഡന നിരോധന നിയമം ഇവ കഴിഞ്ഞ മുപ്പതു വർഷത്തെ കഠിന പ്രവർത്തനത്തിന്റെ ഫലമായി ഉണ്ടായ മാറ്റങ്ങളാണ്. സ്ത്രീപ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടേയിരിക്കുന്നു. അടുത്തകാലത്തായി 2013 മാർച്ച് 22ന് പുതിയ ക്രിമിനൽ ലോ അമന്റ്മെന്റ് ആക്ട് പാസ്സായി. വിവാഹബന്ധങ്ങളിലെ ലൈംഗികപീഡനങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശം.

സ്ത്രീപ്രസ്ഥാനങ്ങൾ അവരുടെ പ്രവർത്തനങ്ങൾ ആരോഗ്യമേഖല

യിലേക്കും വ്യാപിപ്പിച്ചു. ഇന്ത്യയിൽ 80% പേരും സ്വകാര്യആശുപത്രികളെയാണ് ആശ്രയിക്കുന്നത്. ബാക്കി 20%പേർ മാത്രമേ സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നുള്ളൂ. ലിംഗാനുപാതം പ്രത്യക്ഷത്തിൽ പുരുഷാധിപത്യമൂല്യങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു. അതിനെതിരെ ഉണർന്നു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അവർ പറഞ്ഞു.

അടുത്തതായി ക്ലാസ്സെടുത്തത് മനീഷ ഗുപ്തയാണ്. 1970കളിൽ ഇന്ത്യൻ സ്ത്രീവിമോചനപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രവർത്തിച്ച വ്യക്തിയാണ് മനീഷ ഗുപ്ത. ഇപ്പോൾ 'മാസൂം' എന്ന പേരിൽ ഗ്രാമീണ സ്ത്രീകളുടെ ഒരു സംഘടന ഉണ്ടാക്കി പ്രവർത്തിച്ച് വരുന്നു.



സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ പ്രധാനമായും അധികാരവുമായി ബന്ധപ്പെട്ടുകിടക്കുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും അധികാരവും ശക്തിയും ഉള്ളവർ അതില്ലാത്തവരെ ചൂഷണം ചെയ്യുന്നത് കാണാം. അതിക്രമങ്ങൾ പല തരത്തിലുണ്ട്. ശാരീരികവും മാനസികവും സാമ്പത്തികവും ലൈംഗികവും. അതിനെക്കുറിച്ച് അവബോധം ഉണ്ടാവുകയും അതിനെതിരെ പ്രവർത്തിക്കുകയും വേണം. സ്ത്രീകളെ പൊതുവെ ഉപഭോഗ വസ്തുവായി ചിത്രീകരിക്കുന്ന തരത്തിലുള്ള പരസ്യങ്ങളും മറ്റുമാണ് ഇന്ന് മാധ്യമങ്ങൾ പ്രചരിപ്പിക്കുന്നത്. അതിൽ വശീകരിക്കപ്പെട്ടുപോവാതെ ശരിയായ ഭക്ഷണവും വ്യായമവുമാണ് യഥാർത്ഥ സൗന്ദര്യമെന്ന് തിരിച്ചറിയുക.

'സേഹത്തി'ന്റെ കോ-ഓർഡിനേറ്റർ പത്മദിയോസ്തലി സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിൽ ആരോഗ്യ പ്രവർത്തകർക്കുള്ള പങ്കിനെക്കുറിച്ചും ഏതൊക്കെ തരത്തിലുള്ള അതിക്രമങ്ങളാണ് സ്ത്രീകൾ അനുഭവിക്കേണ്ടിവരുന്നതെന്നും അതിന്റെ പരിണിതഫലങ്ങളെകുറിച്ചും സംസാരിച്ചു. പകർച്ചവ്യാധി മൂലം ആളുകൾ ആശുപത്രിയിൽ അഡ്മിറ്റാകുന്നതുപോലെ ഇന്ന് അതിക്രമങ്ങൾക്കിരയാകുന്നതുകൊണ്ടാണ് സ്ത്രീകൾ ആരോഗ്യമേഖലയെ സമീപിക്കുന്നത്. അതിക്രമങ്ങളുടെ ഫലമായി മിക്ക കുടുംബങ്ങളിലും സ്ത്രീകൾ മാനസികമായി ബുദ്ധിമുട്ടുന്നു. സമൂഹത്തിന്റെ പല മേഖലകളിലും സ്ത്രീയെ ചട്ടം പഠിപ്പിച്ചുകൊണ്ട് അടക്കിനിർത്താനുള്ള ശ്രമമാണ് നടക്കുന്നത്.

മതം പറയുന്നു- നിന്റെ നിശ്ശബ്ദതയാണ് കുടുംബത്തിന്റെ സമാധാനം.

ആചാരങ്ങൾ പറയുന്നു - ചീത്ത സ്ത്രീകൾ മാത്രമേ ഇങ്ങനെ സംസാരിക്കൂ.

നിയമം ചോദിക്കുന്നു - എന്തു തെളിവാണ് നിന്റെ കൈയ്യിൽ?

പോലീസ് പറയുന്നു - ഇത് കുടുംബകാര്യമാണ്. അതുകൊണ്ട് കോടതിയിൽ പോകൂ.

കോടതിയിൽ ജഡ്ജി വിധി പ്രസ്താവിക്കുന്നു - ഇത് ക്രൂരതയല്ല. കാരണം മതിയായ തെളിവില്ല.

വിദ്യാഭ്യാസം താഴ്ന്ന വരുമാനക്കാർക്കും സാമൂഹ്യപരമായി താഴേക്കിടയിലുള്ള സ്ത്രീകൾക്കും നിഷേധിക്കപ്പെടുന്നു. ഇവർ പൊതു ആരോഗ്യമേഖലയെ ആശ്രയിക്കുന്നതും ബുദ്ധിമുട്ടാണ്. ഇങ്ങനെ അതിക്രമങ്ങളുടെ ശൃംഖല തുടർന്നുകൊണ്ടേയിരിക്കുന്നു. ഇതു മനസ്സിലാക്കി പ്രവർത്തിക്കുകയാണ് സ്ത്രീപ്രസ്ഥാനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്.

അടുത്തതായി ഡോ.ജഗദീഷ് റെഡ്ഡിയാണ് ക്ലാസ്സെടുത്തത്. അദ്ദേഹം ഫോറൻസിക് മെഡിസിൻ വിഭാഗത്തിൽ പ്രൊഫസറാണ്. അദ്ദേഹത്തിന്റെ വാക്കുകളിൽ, "അതിക്രമങ്ങൾക്കിരയായി വരുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സമഗ്രമായ ഒരു സേവനമാണ് കൊടുക്കേണ്ടത്. അതിൽ ഉൾപ്പെടുന്നത് ഇവയാണ്. അതിക്രമം തിരിച്ചറിയുക, വൈദ്യസഹായം നൽകുക, കൗൺസെലിംഗ്, കാര്യങ്ങൾ കൃത്യമായി രേഖപ്പെടുത്തുക, മെഡിക്കോ ലീഗൽ കേസ് ആയി പരിഗണിച്ച് നിയമ സഹായം നൽകുക. മറ്റു സംഘടനകളിലേക്ക് റഫർ ചെയ്യുക.'' പിന്നീട് അദ്ദേഹം പി.ഡബ്ല്യു.ഡി.വി ആക്ട് 2005, The protection of children from sexual offenses act 2012 , The criminal law amendment act 2013 എന്നീ നിയമങ്ങളിൽ ആരോഗ്യപ്രവർത്തകരുടെ പങ്കിനെക്കുറിച്ച് സംസാരിച്ചു. അതിക്രമങ്ങളെ അതിജീവിക്കുന്നവർക്ക് മാനസികമായും സാമൂഹികമായും നൽകുന്ന പിന്തുണയെകുറിച്ചും അദ്ദേഹം ഊന്നിപ്പറഞ്ഞു. അതാണ് മുഖ്യധാരയിലേക്ക് അവർക്ക് എത്താനുള്ള മാർഗ്ഗമായി കാണുന്നതെന്നതാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

മൂന്നു ദിവസത്തെ ശില്പശാലയുടെ സമാപനചടങ്ങിൽ ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ലോയേർസ് കളക്ടീവിലെ അഡ്വ. ആനന്ദ് സംസാരിച്ചു. പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റ് വിതരണവും ഉണ്ടായിരുന്നു.

●